വടകരപ്പതി ഗ്രാമ പഞ്ചായത്ത്

സമഗ്ര വികസന രേഖ

അധികാരം ജനങ്ങളിലേക്ക്
ഒൻപതാം പദ്ധതി ജനകീയ പദ്ധതി



106-6



പഞ്ചായത്ത് രാജ്
ജനങ്ങളാൽ
ജനങ്ങൾക്ക്
വേണ്ടി

അധികാരം ജനങ്ങളിലേക്ക്:-

- ഒൻപതാം പദ്ധതിയുടെ 40% വരെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക്
- ആസൂത്രണം താഴേതട്ടിൽനിന്നും തുടങ്ങുന്നു
- ആസൂത്രണത്തിലും നിർവ്വഹണത്തിലും ജനപങ്കാളിത്തം
- ജനലക്ഷങ്ങൾ കർമ്മരംഗത്തേക്ക്
- ജനപ്രതിനിധികളും വിദഗ്ദരും ഉദ്യോഗസ്ഥരും അണിചേരുന്നു.
- വികസനാവശ്യങ്ങൾ പദ്ധതികളാവുന്നു.
- കർമ്മസമിതികൾ കർമ്മരംഗത്തേക്ക്

സമഗ്രവികസനം
നമ്മുടെ ലക്ഷ്യം

അധികാരം ജനങ്ങളിലേക്ക്

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

വടകരപ്പതി ഗ്രാമപഞ്ചായത്ത്
വികസന സെമിനാർ

സമഗ്ര വികസന റിപ്പോർട്ട്

എഡിറ്റോറിയൽ ബോർഡ്

എം. ആരോഗ്യസ്വാമി

വി. പത്മ ടീച്ചർ

എ. കണ്ണദാസ്

പി. പാർത്ഥസാരഥി

ടി. ടി വാസു

ടി.എഫ്.ജെ. വിൻസെന്റ് മാസ്റ്റർ

ടി.കെ. രാജാമണി മാസ്റ്റർ

ഡിസ്ട്രിക്ട് റിസോഴ്സ് പേഴ്സൺസ് (ഡിആർപി)

പി. പാർത്ഥ സാരഥി

(കൺവീനർ ജനകീയാസൂത്രണ കമ്മറ്റി)

ടി.ടി. വാസു

ടി.എഫ്.ജെ. വിൻസന്റ് മാസ്റ്റർ

കെ. സുകുമാരൻ

ടി.കെ. രാജാമണി മാസ്റ്റർ

കെ. ഗോപി

കെ. കൃഷ്ണൻ മാസ്റ്റർ

ടി. മയിൽസ്വാമി മാസ്റ്റർ

ജി. അന്തോണി സ്വാമി, (രാജ)


ഭരണ സമിതി അംഗങ്ങൾ



എം. ആരോഗ്യസ്വാമി
പ്രസിഡണ്ട്



വി. പത്മാ ടീച്ചർ
വൈസ് പ്രസിഡണ്ട്



എ. കണ്ണദാസ്
സ്റ്റാൻഡിങ്ങ് കമ്മിറ്റി
ചെയർമാൻ



എസ്. തണികാചലം
ബ്ലോക്ക് മെമ്പർ



ആർ. കനകരാജ്
ബ്ലോക്ക് മെമ്പർ



ഐ. അലി
സെക്രട്ടറി

വികസന രേഖ തയ്യാറാക്കിയ കോർ ഗ്രൂപ്പ്

1. കൃഷി ജലസേചനം
ടി.എഫ്.ജെ.വിൻസെന്റ് മാസ്റ്റർ
കെ.സുകുമാരൻ
ജി.അന്തോണി സ്വാമി(രാജാ)
കെ.ബാബു
ആർ.ശിവരാമൻ
നടരാജൻ. വില്ലേജ് ഓഫീസർ
സഹദേവൻ വില്ലേജ് ഓഫീസർ
ചെല്ലപ്പൻ - കൃഷി അസിസ്റ്റന്റ്

2. മൃഗ സംരക്ഷണം - ക്ഷീര വികസനം
കെ.സുകുമാരൻ
വിശ്വനാഥൻ ആചാരി
ജി.അന്തോണി സ്വാമി(രാജാ)
ജി.അന്തോണി സ്വാമി
ചിന്നതമ്പി കൗണ്ടർ
എസ്.ദേവ സഹായം

3. വ്യവസായം
ടി.ടി.വാസു
യേശുരത്തിനം
**
മൈക്കിൾ ദന രാജ്
ഗോവിന്ദ രാജ്.

4. വിദ്യാഭ്യാസം
ടി.കെ.രാജാമണി മാസ്റ്റർ
ടി.മയിൽ സ്വാമി മാസ്റ്റർ
എ.ജോസഫ് മാസ്റ്റർ
ദേവകി
ആറുച്ചാമി മാസ്റ്റർ

5. കുടിവെള്ളം പൊതുജനാരോഗ്യം
കെ.ഗോപി
കെ.കൃഷ്ണൻ മാസ്റ്റർ
കെ.എൻ.ശിവരാജൻ
എം.കെ. തങ്കപ്പൻ മാസ്റ്റർ
ജയകൃഷ്ണൻ
പോൾരാജ്
ജാഫറലി

6. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
ടി.ടി.വാസു
വിശ്വംഭരൻ
സേനാധിപതി
ആർ.പി.മുത്തുസ്വാമി
മണികണ്ഠൻ
വേലായുധൻ

7. പാർപ്പിടം,സാമൂഹ്യക്ഷേമം
ടി.എഫ്.ജെ.വിൻസന്റ് മാസ്റ്റർ
പി.പാർത്ഥ സാരഥി
പി.സ്വാമിയപ്പൻ
എസ്.ഡേവിഡ്
എം.കെ.തങ്കപ്പൻ
എൻ.ഹരിചന്ദ്രൻ

8. സംസ്കാരം
ടി.മയിൽ സ്വാമി മാസ്റ്റർ
അന്തോണി സ്വാമി
ലത
സെന്തിൽ കുമാർ
എലിസബത്ത് റാണി
എ.വിൻസെന്റ്
ഡി.ജോസഫ് സെൽവരാജ്

9. വനിതാ
കെ.കൃഷ്ണൻ മാസ്റ്റർ
കെ.കൃഷ്ണവേണി
കമലം
മദല മേതി
മാണിക്കം
എ.അൽഫോൺസ് മേരി
അരുൾമേരി

10. സഹകരണം
പി.സ്വാമിയപ്പൻ
പി.പാർത്ഥ സാരഥി
എ.രമേഷ്
ടി.മോഹന കൃഷ്ണൻ
എം.തങ്കപ്പൻ
കെ.വിജയൻ
എസ്സ്.പി.നേതാജി

11 പട്ടികജാതി/പട്ടിക വർഗ്ഗം
എസ്. ഡേവിഡ്
ടി.കെ.രാജാമണി മാസ്റ്റർ
ടി.മയിൽ സ്വാമി മാസ്റ്റർ
ടി. മയിൽ സ്വാമി
എ.ശിവ പ്രകാശ്


12. വിഭവ സമാഹരണം
കെ.ഗോപി
എസ്.ഡേവിഡ്
വി.രാമചന്ദ്രൻ മാസ്റ്റർ
എ.റോബർട്ട് സേവ്യർ
എ.മറിയ ആരോഗ്യ സ്വാമി
ഡി.ഹിനേഷ്



എം. സിൽവസ്റ്റർ ചാർലസ്



വി. രമാദേവി



കെ. കൃഷ്ണമൂർത്തി



ആർ. ജ്ഞാനവേൽ



എസ്. ശെൽവ കുമാര സ്വാമി



കെ.ജി. തമുൽമൊഴി



എസ്.ജെ.ബി. അമലദാസ്



എം. ഷാജാദി

മുൻ ഭരണസമിതികൾ

30.9.50 - 14.7.53

1. ആബ്രഹാം - പ്രസിഡണ്ട്
2. തങ്കപ്രകാശം പിള്ള - വൈസ് പ്രസിഡണ്ട്
3. മാരിയപ്പ പിള്ള
4. മുത്തുസ്വാമി ചെട്ടിയാർ
5. കൃഷ്ണൻ
6. ഗൗരിയാർ മണിയക്കാൻ

1957 - 18.12.1963

1. എൻ. എ . സന്ത്യാഗു - പ്രസിഡണ്ട്.
2. എ . രാമനാഥൻ നായർ - വൈസ് പ്രസിഡണ്ട്
3. കെ. വിശ്വനാഥൻ
4. എം. ധനരാജ്
5. എസ്. സുന്ദരം
6. പി. ശാന്തലിംഗ ഗൗണ്ടർ
7. പി. ഗോപാലസ്വാമി ഗൗണ്ടർ

29.9.79 - 20.1.88

1. എസ്. ശെൽവ കുമാരസ്വാമി - പ്രസിഡണ്ട്
2. എ. ജോൺ ജോസഫ് - വൈസ് പ്രസിഡണ്ട്
3. എ. തോമസ്
4. സി. കന്തസ്വാമി
5. പി. മണി
6. സി. സുബ്രമണ്യൻ
7. ജി. ജെയശീലൻ ശിലുവൈരായർ
8. കെ. ചന്ദ്രശേഖരൻ
9. എ. ശെൽവകുമാര സ്വാമി

15.7.53 - 31.3.55

1. എൻ. എ സന്ത്യാഗു - പ്രസിഡണ്ട്
2. എ. രാമനാഥൻ നായർ - വൈസ് പ്രസിഡണ്ട്
3. എ. മരിയദാസ്
4. പി. രാജേന്ദ്രൻ
5. എം. ധനരാജ്
6. ഗോപാലസ്വാമി ഗൗണ്ടർ
7. പി. ശാന്തലിംഗ ഗൗണ്ടർ

19.12.1963 - 28.9.1979

1. ഐ.എക്സ്.എം. ലൂയിസ് - പ്രസിഡണ്ട്
2. നാട്ടരായസ്വാമി ഗൗണ്ടർ - വൈസ് പ്രസിഡണ്ട്
3. പി. ശാന്തലിംഗ ഗൗണ്ടർ
4. പി. ചടയൻ
5. രാമസ്വാമി ചെട്ടിയാർ
6. അന്തോണിമുത്തു
7. ഐ. മൈക്കിൾ അന്തോണിസ്വാമി
8. എസ്. ദുരൈസ്വാമി

21.1.88 - 3.10.1995

1. ശെൽവ കുമാര സ്വാമി - പ്രസിഡണ്ട്
2. എ. അൽ സോൻസ് മേരി - വൈസ് പ്രസിഡണ്ട്
3. എ. ശെൽകുമാര സ്വാമി
4. എസ്. ശിലുവൈ മേരി
5. വി. സുദേവൻ
6. കെ. കനകരാജ്
7. ചന്ദ്രൻ
8. മണി
9. എം. ആരോഗ്യസ്വാമി
10. മുനിയപ്പൻ

നിലവിലുള്ള പഞ്ചായത്ത് ഭരണസമിതി 4.10.1995 മുതൽ

1.എം. ആരോഗ്യസ്വാമി - പ്രസിഡണ്ട്	Ward - 3
2. വി. പത്മാ ടീച്ചർ - വൈസ് പ്രസിഡണ്ട്	Ward - 4
3. എ. കണ്ണദാസ് - സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാൻ	Ward - 7
4. എം. സിൽവസ്റ്റർ ചാർലസ്	Ward - 1
5. വി. രമാദേവി	Ward - 2
6. കെ. കൃഷ്ണമൂർത്തി	Ward - 5
7. ആർ. ജ്ഞാനവേൽ	Ward - 6
8. എസ്. ശെൽവ കുമാര സ്വാമി	Ward - 8
9. കെ.ജി. അരുൾമൊഴി	Ward - 9
10. എസ്.ജെ.ബി. അമലദാസ്	Ward - 10
11. എം. ഷാജാഹീ	Ward - 11


ബ്ലോക്ക് മെമ്പർ


1. ആർ. കനകരാജ്
2. എസ്. തണികാചലം

വടകരപ്പതി ഗ്രാമ പഞ്ചായത്ത് സ്ഥാനം

ഉത്തര അക്ഷാംശം: 10°46' 9" - 10°52'3"

പൂർവ്വ രേഖാംശം: 76°47'52" - 76°52'55"




N
W
E
S
VADAKARAPATHY PANCHAYAT
VELANTHAVALAM
KAZHIPPARA
ELIPPARA
KALLIPPADAVU
RIVER

ഉള്ളടക്കം

1. പഞ്ചായത്ത് പൊതു വിവരണം.....10
2. ആമുഖം.....11
3. സാമൂഹിക സാംസ്കാരിക ചരിത്രം.....13
4. ഭൂപ്രകൃതിയും വിഭവങ്ങളും.....15
5.1 കൃഷിയും ജലസേചനവും.....19
5.2 മൃഗ സംരക്ഷണം, മത്സ്യബന്ധനം.....26
5.3 വ്യവസായം.....31
5.4 വിദ്യാഭ്യാസം.....37
5.5 കുടിവെള്ളം, പൊതുജനാരോഗ്യം.....45
5.6 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്.....58
5.7 പാർപ്പിടം, സാമൂഹ്യക്ഷേമം.....71
5.8 സംസ്കാരം.....78
5.9 വനിത.....80
5.10 പട്ടിക ജാതി പട്ടിക വർഗ്ഗം.....83
5.11 വിഭവ സമാഹരണം.....92
5.12 സഹകരണം.....96
6 ഉപസംഹാരം

1 പഞ്ചായത്ത് പൊതു വിവരണം

ഗ്രാമ പഞ്ചായത്ത്	വടകരപ്പതി
ഉൾപ്പെടുന്ന വില്ലേജുകൾ	എരവട്ടപ്പാറപ്പതി , വടകരപ്പതി (വടകരപ്പതി വില്ലേജ്.)
	തേനമ്പതി , ഒഴലപ്പതി, ആട്ടയമ്പതി (ഒഴലപ്പതി വില്ലേജ്.)
ബ്ലോക്ക് പഞ്ചായത്ത്	ചിറ്റൂർ
ബ്ലോക്ക് ഡിവിഷൻ	വടകരപ്പതി കൊഴിഞ്ഞാമ്പാറ (5,7,8,9 വാർഡുകൾ)
ജില്ലാ പഞ്ചായത്തു ഡിവിഷൻ	കൊഴിഞ്ഞാമ്പാറ
താലൂക്ക്	ചിറ്റൂർ
അസംബ്ലി മണ്ഡലം	ചിറ്റൂർ
പാർലിമെന്റ് മണ്ഡലം	പാലക്കാട്
വിസ്തീർണ്ണം	49.51 ച.കി.മീ.

അതിരുകൾ		
	വടക്ക്	പുതുശ്ശേരി പഞ്ചായത്ത് ; തമിഴ്നാട്
	തെക്ക്	കൊഴിഞ്ഞാമ്പാറ എരുത്തേൻ പതി പഞ്ചായത്ത്
	കിഴക്ക്	തമിഴ്നാട്
	പടിഞ്ഞാറ്	എലപ്പുള്ളി, പുതുശ്ശേരി പഞ്ചായത്തുകൾ
ജനസംഖ്യ (91 - സെൻസസ് റിപ്പോർട്ട്)		
	പുരുഷൻ	12014
	സ്ത്രീകൾ	11820
	ആകെ	23834
	ജന സാന്ദ്രത	481/ ച.കി.മീ.
	സാക്ഷരത	58.44
	പുരുഷൻ	66.24
	സ്ത്രീ	50.51
വാർഡുകളുടെ എണ്ണം		11
വീടുകളുടെ എണ്ണം		6467
ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട്		എം.ആരോഗ്യ സ്വാമി
ഗ്രാമ പഞ്ചായത്ത് വൈസ്പ്രസിഡണ്ട്		വി.പത്മ ടീച്ചർ
ഗ്രാമ പഞ്ചായത്ത് സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാൻ		എ.കണ്ണദാസ്

2 ആമുഖം

ഇന്ത്യയുടെ ആസൂത്രണ ചരിത്രത്തിൽ ഒരു നൂതന അദ്ധ്യായം രചിക്കുന്ന മഹത് സംരംഭമാണ് കേരള സർക്കാരും കേരള സംസ്ഥാന ആസൂത്രണ ബോർഡും ചേർന്ന് രൂപം നൽകി നടപ്പിലാക്കി വരുന്ന ജനകീയാസൂത്രണ പ്രസ്ഥാനം . അധികാര വികേന്ദ്രീകരണത്തിലൂടെ ഗ്രാമതലം തൊട്ടുള്ള സമഗ്ര വികസനം സാക്ഷാത്കരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള ഈ ജനകീയ പദ്ധതിയിൽ കക്ഷി രാഷ്ട്രീയ ഭേദമന്യേ എല്ലാ വിഭാഗം ജനങ്ങളുടേയും പങ്കാളിത്തം ഉറപ്പാക്കാം.

അധികാരം ജനങ്ങളിലേക്ക് എന്ന ആശയത്തോടു കൂടി ഒമ്പതാം പഞ്ച വത്സര പദ്ധതി ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനുള്ള ജില്ലാതല ഒന്നാം ഘട്ട പരിശീലനത്തിൽ വടകരപ്പതി ഗ്രാമ പഞ്ചായത്തിനെ പ്രതിനിധീകരിച്ച് 5 പേർ പങ്കെടുത്തു. പഞ്ചായത്തുതല പരിശീലനത്തിന്റെയും ഗ്രാമസഭകളുടേയും വിജയത്തിനുവേണ്ടി രാഷ്ട്രീയ പാർട്ടികൾ സന്നദ്ധ സംഘടനകൾ മതാദ്ധ്യക്ഷന്മാർ എന്നിവരുടെ പഞ്ചായത്ത് തല യോഗം വിളിച്ചു ചേർത്ത് സംഘാടക സമിതി രൂപീകരിച്ചു. 19-9-96ന് നടത്തിയ പഞ്ചായത്തുതല ഒന്നാം ഘട്ട പരിശീലനത്തിൽ 113 പേർ പങ്കെടുത്തു. പുരുഷന്മാർ - 83 , വനിതകൾ - 30, ജീവനക്കാർ - 28. വാർഡ് തിരിച്ചുള്ള ചർച്ചക്ക് ശേഷം 12 ഗ്രൂപ്പുകളെ 6 ഗ്രൂപ്പുകളാക്കി , ഗ്രാമസഭകളിലേക്കുള്ള ഗ്രൂപ്പ് കൺവീനർമാരെ തീരുമാനിച്ചു. ഇതിനു ശേഷം കൂടിയ പഞ്ചായത്ത് ഭരണ സമിതി , ഡി.ആർ.പി. സംയുക്തയോഗം അതുവരെയുള്ള പ്രവർത്തനം വിലയിരുത്തുകയും ദ്വിതീയ വിവര ശേഖരണം, പഠനപര്യടനം, വികസന റിപ്പോർട്ട എന്നിവക്കുള്ള ഗ്രൂപ്പുകൾ രൂപീകരിക്കുകയും ചെയ്തു. 6 ദിവസങ്ങളിലായി ചേർന്ന 11 ഗ്രാമ സഭകളിൽ 1902 പേർ പങ്കെടുത്തു. പുരുഷന്മാർ 1224, വനിതകൾ - 678. വാർഡ് തലത്തിൽ സ്വാഗത സംഘം രൂപീകരിച്ച് ഗ്രാമസഭയിലെ പങ്കാളിത്തം ഉറപ്പുവരുത്തുവാൻ നടത്തിയ പ്രവർത്തനം ഫല പ്രദമായിരുന്നു. എന്നാൽ 6 ഗ്രാമ സഭകളിൽ മാത്രമേ മൂന്നിലൊന്ന് വനിതാ പങ്കാളിത്തം ഉറപ്പ് വരുത്താൻ കഴിഞ്ഞുള്ളൂ. ഒരു ഗ്രാമസഭയിൽ പകുതിയിലേറെ വനിതകൾ പങ്കെടുത്തത് എടുത്തു പറയേണ്ടതാണ്. ഗ്രാമ സഭകളിൽ എല്ലാ സർക്കാർ വകുപ്പുകളുടേയും പ്രാതിനിധ്യം ഉണ്ടായില്ല

ജില്ലാതല രണ്ടാം ഘട്ട പരിശീലനത്തിൽ 9 പേർ പങ്കെടുത്തു. രണ്ട് ഘട്ടത്തിലും വനിതാ പ്രാതിനിധ്യം ഇല്ലാത്തത് വലിയ പോരായ്മയാണ്. 4-11-96ൽ നടന്ന പഞ്ചായത്ത് തല രണ്ടാം ഘട്ട പരിശീലനത്തിൽ 113 പേർ പങ്കെടുത്തു. പുരുഷന്മാർ 90, വനിതകൾ - 23, ജീവനക്കാർ - 41. രണ്ടാം ഘട്ട.പരിശീലനത്തിൽ വനിതാ പങ്കാളിത്തം കുറഞ്ഞതും ജീവനക്കാരുടെ എണ്ണം കൂടിയതും ശ്രദ്ധേയമായി.

പഠന പര്യടനത്തിന് വേണ്ടി തലങ്ങനെ ഒന്നും വിലങ്ങനെ മൂന്നും യാത്രകൾ നടത്തിയെങ്കിലും രണ്ടാം ഘട്ട പരിശീലനത്തിനു ശേഷം തലങ്ങനെ ഒരു യാത്രകൂടി നടത്തേണ്ടി വന്നു. ഡി.ആർ.പി. , എൽ.ആർ.പി. സംയുക്ത യോഗം ചേർന്ന് ദ്വീതീയ വിവര ശേഖരണത്തിനും കേട്ടറിവ് ശേഖരണത്തിനും പ്രത്യേക ഗ്രൂപ്പുകളെചുമതലപ്പെടുത്തി. വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് ഗ്രാമസഭാ റിപ്പോർട്ടുകളുടെ ക്രോഡീകരണം നടത്തി. വികസന റിപ്പോർട്ടുണ്ടാക്കാൻ ഡി.ആർ.പി. മാരെ

ചുമതലപ്പെടുത്തുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. വികസന സെമിനാറിനുവേണ്ടി 51 പേരുടെ സ്വാഗത സംഘവും ഫൈനാൻസ്, ഫുഡ് , പബ്ളിസിറ്റി എന്നീ കമ്മിറ്റികളും രൂപികരിച്ച് പ്രവർത്തനമാരംഭിച്ചു.

പഞ്ചായത്തിന്റെ സമഗ്രവികസനത്തിൽ പങ്കാളികളാവാൻ ലഭിച്ച സൗഭാഗ്യത്തിൽ ആവേശം ഉൾക്കൊണ്ട ഒട്ടേറെ പേരുടെ പ്രത്യക്ഷവും പരോക്ഷവുമായ നിസ്വാർത്ഥപങ്കാളിത്തവും സഹകരണവും ഇന്നേവരെ ലഭ്യമായിട്ടുണ്ട്. ഇത് ഈ നവസംരംഭത്തിന്റെ വിജയപാത സുഗമമാക്കുന്നു.

3 സാമൂഹ്യ സാംസ്കാരിക ചരിത്രം

പശ്ചിമ ഘട്ടത്തിന്റെ വഴിത്താരയിൽ നമ്മുടെ സംസ്ഥാനത്തിന്റെ കിഴക്കൻ അതിർത്തിയൽ കുറെ 'പതികളും' 'പാറകളും' 'ചള്ള'കളുമായി അറിയപ്പെടുന്ന, 'വടകരപ്പതി' എന്ന പേരിൽ സ്ഥലമില്ലാത്ത വടകരപ്പതി പഞ്ചായത്ത്.

17ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ കൊച്ചിരാജാവിന്റെ പടയെ പരാജയപ്പെടുത്തിയതിന് പാലക്കാട് രാജാവിൽ നിന്നും കൊച്ചി രാജാവിന് പാരിതോഷികമായി കിട്ടിയ ചിറ്റൂരിന്റെ തമിഴ്നാട് അതിർത്തി പ്രദേശങ്ങളിൽ കൊങ്ങൻ പടയെ ചെറുക്കാൻ കുറേ ഭാഗങ്ങൾ പതിച്ചു നൽകി. ഇതിൽ വടക്കേകരയിൽ പതിച്ചു നൽകിയത് വടകരപ്പതി എന്നറിയപ്പെടുന്നു. (Ref: ചരിത്ര പണ്ഡിതൻ ഡോ : ഗോവിന്ദൻ) 'പതി' എന്നാൽ 'ഊര്' എന്ന അർത്ഥത്തിൽ വടക്കേ കരയിലുള്ള പതികൾ വടകരപ്പതികൾ എന്നും പറയപ്പെടുന്നു.(Ref: കേരളത്തിലെ സ്ഥല ചരിത്രങ്ങൾ വി.വി.കെ വാലത്ത് പേജ് 19)

വനപ്രദേശമായിരുന്ന ഇവിടത്തെ പൂർവികർ മലയന്മാരായിരുന്നു. കേരളത്തിന്റെ മറ്റു ഭാഗങ്ങളിൽ നിന്നും തമിഴ് നാട്ടിലെ ദിണ്ടിക്കൽ പുതുക്കോട്ട, തൃച്ചി എന്നിവിടങ്ങളിൽ നിന്നും കുടിയേറി പാർത്തവരാണ് ഇവിടത്തെ ഹിന്ദുക്കളും ക്രിസ്ത്യാനികളും മുസ്ലീങ്ങളും.

20ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ സാമൂഹിക രാഷ്ട്രീയ രംഗങ്ങളിൽ എടുത്തു പറയത്തക്ക ചലനങ്ങളൊന്നും വടകരപ്പതി പഞ്ചായത്തിലുണ്ടായതായിട്ടറിവില്ല. സ്വാതന്ത്ര്യ സമരത്തിന്റെ അവസാന ഘട്ടത്തോടുകൂടിയാണ് ഇവിടെ സാമൂഹിക തലങ്ങളിൽ ചെറിയ പ്രതികരണങ്ങൾ ഉണ്ടായി തുടങ്ങിയത്. സ്വാതന്ത്ര്യ സമര പോരാളികളായിരുന്ന ആർ.എം.മനക്കലാത്ത്, മത്തായ മാഞ്ഞൂരാൻ എന്നിവർ ഇവിടത്തെ ഉൾപ്രദേശങ്ങളിൽ ഒളിവിലിരുന്നിട്ടുണ്ട്. സ്വാതന്ത്ര്യാനന്തര ഘട്ടത്തിൽ അയിത്ത അനാചാരങ്ങൾക്കെതിരെ പോരാടിയ ശ്രീ. സി.എസ്.മണി, ധന വൈദ്യർ, സന്ധ്യാ മണികാരർ, കുപ്പാണ്ടി മാസ്റ്റർ എന്നിവർ പട്ടിക വർഗ്ഗത്തിൽപ്പെട്ട ഒരാളെ പ്രവേശനം നിഷേധിച്ചിരുന്ന ചായ ക്കടയിൽ കയറ്റിയത് സാമൂഹ്യ രംഗങ്ങളിൽ വലിയ പ്രതികരണമുണ്ടാക്കിയിട്ടുണ്ട്. ജന്മിത്വത്തിനെതിരെയോ കൂലിക്കും വേലക്കും വേണ്ടിയോ നടത്തിയ സമരങ്ങളുടെ മികവുകൾ അവകാശപ്പെടാനില്ലാത്ത വടകരപ്പതി പഞ്ചായത്തിൽ 1962-63 ൽ കൊച്ചിൻ കെമിക്കൽസിൽ ഉണ്ടായ പണിമുടക്ക് ആദ്യത്തെ പോരട്ടമായി അറിയപ്പെടുന്നു. കുരിയാർ കുറ്റി കാരപ്പാറ പദ്ധതിക്കു വേണ്ടി വടകരപ്പതി പഞ്ചായത്തിലെ ചുണ്ണാമ്പുക്കൽ തോട് എന്ന സ്ഥലത്ത് 1978 ൽ നടന്ന വഴി തടയൽ സമരം തിളക്കമാർന്ന സ്മരണകളാണ്.

അനധികൃത റേഷൻ വിലക്കെതിരെ 1983ൽ നമ്മുടെ പഞ്ചായത്തിൽ കോഴിപ്പാറ ചന്തപ്പേട്ടയിൽ നടന്ന സമരത്തിൽ അന്നത്തെ എം.എൽ.എ ശ്രീ.കെ.കൃഷ്ണൻ കുട്ടി നിരാഹാരമനുഷ്ടിച്ചത് ശ്രദ്ധേയമാണ്.

ചുണ്ണാമ്പുക്കൽ തോടു മുതൽ കരുവപ്പാറ വരെ 40 അടി വീതിയിലും 9 കി.മീറ്റർ നിളത്തിലും ജനകീയ പങ്കാളിത്തത്തോടെ ഫാദർ മദലമുത്തു അവർകളുടെ നേതൃത്വത്തിൽ കോയമ്പത്തൂർ ഭദ്രാസനത്തിന്റെ സഹായത്തോടെ പണിത റോഡ് പഞ്ചായത്തിന്റെ വികസനത്തിന് ഒരു നാഴികകല്ലാണ്.

വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ ഇവിടത്തെ സാമൂഹിക, സാംസ്കാരിക,ജീവിത നിലവാരത്തിന്റെ ഇരുൾ പുറങ്ങളിലേക്ക് വിരൽ ചൂണ്ടുന്നു. തമിഴും മലയാളവും കലർന്ന സങ്കര സംസ്കാരം ഇവിടത്തെ ഭാഷ,വേഷം , വിദ്യാഭ്യാസം ആചാരം, ഭവനം, ജീവിത രീതി എന്നിവകളിലെല്ലാം പ്രതിഫലിക്കുന്നു.

പ്രബുദ്ധ കേരളത്തിന് കളങ്കമേൽപ്പിച്ചു കൊണ്ട് ഉച്ചനീചത്വങ്ങൾ പഞ്ചായത്തിന്റെ ചില പ്രദേശങ്ങളിൽ നില നിൽക്കുന്നു. ചരിത്ര താളുകളിലെ ഇന്നലെകളെ സ്മരിച്ചതോടൊപ്പം. സങ്കീർണ്ണമായ നാളെകളുടെ ജീവിതപാതയിലെ പ്രതിബന്ധങ്ങളെ തരണം ചെയ്യാൻ, ജനകീയാസൂത്രണമെന്ന മഹത്തായ ആശയം പ്രാവർത്തികമാക്കാൻ, എല്ലാ വിഭാഗം ജനങ്ങളുടേയും പങ്കാളിത്തം ഉറപ്പാക്കി കൊണ്ട് പഞ്ചായത്തിന്റെ സർവ്വതോന്മുഖമായ വികസനം ലക്ഷ്യം വെച്ചു കൊണ്ട് നമുക്ക് മുന്നേറാം.

4 ഭൂപ്രകൃതിയും വിഭവങ്ങളും

എരവട്ടപ്പാറപ്പതി, വടകരപ്പതി,തേനംപതി, ഒഴലപതി ആട്ടയംപതി എന്നീ അഞ്ച് റവന്യൂ വില്ലേജുകൾ ചേർന്നതാണ് വടകരപ്പതി പഞ്ചായത്ത്. പാലക്കാട് ചുരത്തിന്റെ വടക്കു കിഴക്ക് അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന പ്രദേശമാണിത്. കിഴക്കും നിന്നും പടിഞ്ഞാറോട്ട് ചരിവുള്ള ഭൂമി, വിസ്തീർണം 49.51ച.കി.മീ പശ്ചിമഘട്ടത്തിൽ വടക്ക് വാളയാർ മലക്കും തെക്ക് പറമ്പിക്കുളം നെല്ലിയാമ്പതി മലകൾക്കും ഇടയ്ക്കുള്ള ചുരത്തിന്റെ തുടക്ക ഭാഗത്തുള്ള ഭൂമിയായതു കാരണം നിർവാർച്ച കൂടുതലാണ്. ഭൂവിഭാഗങ്ങൾ താഴെ പറയും പ്രകാരമാണ്.

എരവട്ട പാറപതി വില്ലേജ്		530 ഹെക്ടർ
വടകരപതി	,,	2096 ,,
തേനാംപതി	,,	672 ,,
ഒഴലപ്പതി	,,	1165 ,,
ആട്ടയംപതി	,,	488 ,,

ഈ പഞ്ചായത്തിൽ ഉയർന്ന മലമ്പ്രദേശമോ താഴ്വരകളോ ഇല്ല. മുഴുവൻ പ്രദേശങ്ങളും ഇട നിലമാണ്. (Midland s-75 MSL-Land Resources of Kerala state page 101)തെക്കെ അതിർത്തിയിൽ കൂടി ഭാരതപ്പുഴയുടെ കൈവഴിയായ വരട്ടയാർ പുഴയും വടക്കേ അതിർത്തിയിൽ കുറച്ചുഭാഗം ഭാരതപ്പുഴയുടെ മറ്റൊരു കൈവഴിയായ വാളയാർ പുഴയും ഒഴുകുന്നു.

കേരളത്തിന്റെ പത്താം അഗ്രോ ക്ലൈമാറ്റിക് സോണിൽ പെട്ടതാണ് ചിറ്റൂർ ബ്ലോക്ക്. ചിറ്റൂർ ബ്ലോക്കിന്റെ വടക്കു കിഴക്കു ഭാഗത്താണ് പഞ്ചായത്തിന്റെ ഭൂവിഭാഗം കിടക്കുന്നത്. പൊതുവേ 'കറുത്ത മണ്ണ്' വിഭാഗത്തിലാണ് പെടുന്നത്. (Land resources of kerala state p.73) നീർമറി പ്രദേശങ്ങളിൽ കരി മണ്ണും ചുണ്ണാമ്പു കലർന്ന മണ്ണും കരിമണ്ണും മണലും ചുണ്ണാമ്പും ചേർന്ന മണ്ണും കാണപ്പെടുന്നു. ഉയർന്ന ചരിവുകളിലും ചരിവു സമതലങ്ങളിലും ചെമ്മണ്ണും ചരലും കലർന്ന മണ്ണും,പാറക്കെട്ടുകളും,മണൽ കൂടുതലും ചെമ്മൺ ചരൽ കുറവുള്ള മണ്ണും കാണപ്പെടുന്നു.

മണ്ണു സംരക്ഷണം 1,2,3,6,7,10 എന്നീ വാർഡുകളിൽ കൂടുതൽ പാറക്കൂട്ടങ്ങൾ ഉണ്ട്. സ്വകാര്യ വ്യക്തികളുടേതാണ് പാറക്കൂട്ടങ്ങളിൽ ഭൂരിഭാഗവും. ഇവിടെ നീർവാർച്ച കൂടുതലാണ്. മണ്ണു സംരക്ഷണം അത്യാവശ്യം വേണ്ട ഖേലയിൽ പ്പെട്ടതു കൊണ്ട്, ഗവൺമെന്റ് പ്രത്യേക പദ്ധതിയിൽ പെടുത്തി മണ്ണു സംരക്ഷണ പരിപാടി നടത്തിയിട്ടുണ്ട്.

മണ്ണു സംരക്ഷണ രീതിയെപ്പറ്റി കൃഷിക്കാർക്ക് വേണ്ടത്ര ബോധവൽക്കരണം നടത്താത്തതും, പ്രദർശന ക്ലാസുകൾ ഇല്ലാത്തതും കൃഷിക്കാരുടെ പരിജ്ഞാനക്കുറവും ആണ് ചെലവഴിച്ചതുകയ്ക്കനുസൃതമായ മണ്ണു സംരക്ഷണം നടക്കാത്തതിനു കാരണം.

മണ്ണു സംരക്ഷണം നടത്തപ്പെട്ട നീർമറി പ്രദേശം	ഗുണഭോക്താക്കൾ (എണ്ണം)	സംരക്ഷണം നടത്തപ്പെട്ട ഭൂമിയുടെ അളവ്
1.കുപ്പാണ്ട കൗണ്ടനൂർ	64	171 ഏക്കർ
2.മഞ്ചക്കുന്നം പതി	44	110 ,,
3.പൊളിപ്പാറ	140	160 ,,
4.ലാലാപുതൂർ	140	447 ,,
5.കെരാംപാറ, കളളിയംപാറ	100	179 ,,
6.തേനംപതി	188	538 ,,
7.നല്ലൂർ	421	293 ,,
8.പാലിയമ്മൻ തുറ	75	124 ,,
9.എലിപ്പാറ	95	404 ,,
10.സത്രം	123	183 ,,
11.വളയക്കാരൻചളള	209	421 ,,
	1599	3030 ,,

ജലലഭ്യത വാളയാർ പുഴയിൽ കുറുകെ നിർമ്മിച്ചിട്ടുളള നാട്ടയ്യർ(നട്ടുവയ്യർ)വിയറിൽ നിന്നും ലഭിക്കുന്ന വെളളം ഉപയോഗപ്പെടുത്തുന്ന 85 ഹെക്ടർ ആയക്കെട്ട് പ്രദേശമുണ്ട്. മിക്ക വർഷങ്ങളിലും ഒരു വിളയ്ക്ക് മാത്രമേ വെളളം കിട്ടുകയുളളൂ.

തെക്കേ അതിർത്തിയിൽ മുത്തു കവുണ്ടർ സിസ്റ്റത്തിൽ കൂടി 50 ഹെക്ടർ കൃഷിക്ക് ഒരു വിളയ്ക്ക് വെളളം കിട്ടിക്കൊണ്ടിരുന്നത് ചാലുകൾ ഉപയോഗ ശൂന്യമായതു കാരണം വെളളം കിട്ടുന്നില്ല. ബാക്കി വരുന്ന 4800 ഹെക്ടർ ഭൂമിക്കും മഴയെ ആശ്രയിച്ചുളള ജലലഭ്യതയേ ഉളളൂ. മഴവെളളം സംഭരിക്കാനായി വിവിധ വാർഡുകളിലായി 50ലേറെ കുളങ്ങൾ ഉണ്ടെങ്കിലും അവ വേണ്ട രീതിയിൽ സംരക്ഷിക്കപ്പെടാത്തതുകൊണ്ടും, നികത്തി കൃഷിയിറക്കുന്നതുകൊണ്ടും ജലസംഭരണശേഷി വളരെ കുറഞ്ഞിട്ടുണ്ട്. യഥാസമയം അറ്റകുറ്റ പ്പണികൾ നടത്താത്തതു കൊണ്ട് കൈവഴിത്തോടുകൾ പ്രയോജന രഹിതമായി കിടക്കുന്നു.മഴവെളളം വാർന്നു പോകുന്ന വഴിയായി മാത്രമേ പല തോടുകളും പ്രയോജനപ്പെടുന്നുളളൂ. ഭൂഗർഭ ജല സ്രോതസുകൾ കൂടുതലുളള പ്രദേശങ്ങളാണ് ഇവിടെ കൂടുതലും. ജലലഭ്യതയ്ക്കായി 148 കുഴൽ കിണറുകൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. നിയന്ത്രണ വിധേയമല്ലാതെ വെളളം ലഭിക്കാനുളള സാധ്യത ഇവിടെയുണ്ട്.(L.R.of K.S. page 158a,156,159)കുഴൽ കിണറുകൾ ഇല്ലാത്ത സ്ഥലങ്ങളിലും നീർമറി പ്രദേശങ്ങളിലും കവല കിണറുകൾ എന്ന വലിയ ചതുര കിണറുകൾ വഴി ജലം സംഭരിച്ച് കൃഷി ചെയ്തു വരുന്നു. പക്ഷേ രണ്ടാം വിളയ്ക്ക് ഈ വക കിണറുകൾ അപര്യാപ്തമാണ്.

കാലാവസ്ഥ വേനൽക്കാലം,മഴക്കാലം,മഞ്ഞുകാലം എന്നീ മൂന്നു കാലാവസ്ഥാ മാറ്റങ്ങൾ ഇവിടെ അനുഭവപ്പെടുന്നു. മഴക്കാലം രണ്ടു തരത്തിലാണ്. തെക്കു പടിഞ്ഞാറൻ കാറ്റു മൂലമുളള മഴക്കാലം, വടക്കു കിഴക്കൻ കാറ്റുമൂലമുളള മഴക്കാലം . മെയ്-ജൂൺ മാസങ്ങളിൽ ശക്തിയായ തെക്കു പടിഞ്ഞാറൻ കാറ്റ് വീശുന്നുണ്ട്. ഒക്ടോബർ-നവംബർ മാസങ്ങളിൽ ഒറ്റപ്പെട്ട ശക്തിയായ വടക്കു കിഴക്കൻ കാറ്റു വീശുന്നുണ്ട്. നവംബർ 15 ന് ശേഷം ജനവരി 15 വരെ മഞ്ഞുകാലമാണ്. പാലക്കാട് ജില്ലയിൽ ലഭിക്കുന്ന മഴയേക്കാൾ കുറവാണ് ഈ പ്രദേശത്ത് ലഭിക്കുന്ന മഴ.

ജൈവ സമ്പത്ത് വർഷങ്ങൾക്കുമുമ്പ് ഈ പ്രദേശമെല്ലാം വനമായിരുന്നു. ഇന്നും കിണറുകൾ കുഴിക്കുമ്പോൾ ജൈവാവശിഷ്ടങ്ങൾ ലഭിക്കാറുണ്ട്. തേക്ക്,വേങ്ങ,കരുമരുത്,വേപ്പ്,വാക,മാവ്,പുളി തുടങ്ങിയവ ഇവിടെ ധാരാളമായി വളരുന്നുണ്ട്. ഇവിടെ വളരുന്ന തേക്കിന് കാതൽ കൂടുതലാണ്. കരിമ്പനകളുടെ നാടായ ഇവിടെ ഇപ്പോൾ കരിമ്പനകൾ വളരെ കുറവായി മാത്രമേ കാണുന്നുളളൂ. പുളിമരങ്ങൾ ഇവിടെ ധാരാളമുണ്ട്. വർഷംതോറും അതിൽനിന്ന് നല്ലൊരു വരുമാനം ലഭിക്കുന്നു. ഇവിടെ ധാരാളമായി വളരുന്ന ചെറിയ ഇനം മരമാണ് മഞ്ഞപ്പാവട്ട. ഇതിന്റെ വേരുകൾ വളരെ ആഴത്തിൽ പോകുന്നതുകൊണ്ട് മണ്ണൊലിപ്പ് തടയുന്നു. ഔഷധ ഗുണമുളളതുകൊണ്ടും മണ്ണു സംരക്ഷണത്തിൽ വലിയൊരു പങ്കു വഹിക്കുന്നതു കൊണ്ടും ഈ മരത്തെ സംരക്ഷിക്കേണ്ടതാണ്

മഴ കുറവായതു കാരണം ഭൂമിയുടെ ഏറിയ ഭാഗവും പറമ്പ് ചേർന്ന പുരയിടങ്ങളാണ്.

താഴെ കാണുന്ന പ്രകാരം ഭൂമിയെ തരം തിരിക്കാം.					
വില്ലേജ്	പുരയിടം (ഹെക്ടറിൽ)	നിലം (ഹെക്ടർ)	പുറമ്പോക്ക് (ഹെക്ടറിൽ)	തരിശ് (ഹെക്ടറിൽ)	ആകെ (ഹെക്ടറിൽ)
1.ഒഴലപ്പതി	1812	323	158	32	2325
2.വടകരപതി	1828	456	210	132	2626
ആകെ	3640	779	368	164	4951

ഭൂമി ഉടമസ്ഥതയെപ്പറ്റിയുള്ള സ്ഥിതിവിവരം താഴെ കൊടുക്കുന്നു.

ഭൂ വിസ്തീർണം	ഉടമസ്ഥർ	
1 - 10 സെന്റ്	2412	വീട്, പുരയിടം മാത്രം ഉള്ളവർ
10 - 25 സെന്റ്	907	
25 - 50 ''	498	നാമ മാത്ര കർഷകർ
50 - 100 ''	630	
1 - 2 ഏക്കർ	754	
2 - 5 ഏക്കർ	897	ചെറുകിട കർഷകർ
5 ഏക്കറിൽ കൂടുതൽ	533	വൻകിട കൃഷിക്കാർ
	6631	

ഈ പഞ്ചായത്തിലുള്ള ജനസംഖ്യ താഴെ കാണുന്ന പ്രകാരമാണ്
1991 Census

വില്ലേജ്	വീടുകൾ	ആൺ	പെൺ	ആകെ	വിദ്യാസമ്പന്നർ		
					ആൺ	പെൺ	ആകെ
വടകരപതി	2042	5115	5254	10369	3476	2780	6256
എരവട്ടപാറപതി	993	2487	2206	4693	1679	1175	2854
തേനംപതി	713	1668	1688	3356	1178	953	2131
ഒഴലപ്പതി	885	2057	2021	4078	1203	769	1972
ആട്ടയാംപ്പതി	296	687	651	1338	422	293	715
പഞ്ചായത്ത്	4929	12014	11820	23834	7958	5970	13928

	ജില്ല	പഞ്ചായത്ത്
ശരാശരി ജനസാന്ദ്രത	532 sq.km	481 ച.കി.മി.
സാക്ഷരത	81.27%	58.44%
പുരുഷൻ	87.24%	66.24%
സ്ത്രീ	75.72%	50.51%

ജന വിഭാഗത്തിൽ ബഹുഭൂരിപക്ഷവും മറ്റു പിന്നോക്ക സമുദായത്തിൽ പ്പെട്ടവരും ദാരിദ്ര്യ രേഖക്ക് താഴെയുള്ളവരുമാണ്. തൊട്ടടുത്ത വ്യവസായ മേഖലയായ കഞ്ചിക്കൊട്ടേക്കും , തമിഴ് നാട്ടിലെ കൃഷിപ്പണിക്കും ഇവിടെ നിന്നും ധാരാളം തൊഴിലാളികൾ തൊഴിലിനു വേണ്ടി പോകുന്നുണ്ട്. ഗൾഫ് നാട്ടിലേക്ക് തൊഴിലന്വേഷിച്ചു പോകുന്നവർ വളരെ കുറവാണ്.

ഇവിടെയുള്ള മനുഷ്യ സമ്പത്തിനെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നതിൽ ശ്രദ്ധിക്കുകയാണെങ്കിൽ നല്ല മാറ്റങ്ങൾ പ്രതീക്ഷിക്കാം.

5 സാമൂഹ്യ സാമ്പത്തിക മേഖലകൾ

5.1 കൃഷിയും ജലസേചനവും

കൃഷി ആദായകരമല്ലാത്തതുകൊണ്ടും , മഴയെ ആശ്രയിക്കുന്നതു കൊണ്ടും കൂലി കുറവായതു കാരണവും തൊഴിലാളികൾ മറ്റു തൊഴിലന്വേഷിച്ചു പോകുന്നു. വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാക്കാവുന്ന തൊഴിൽരഹിതർ ധാരാളമുണ്ട്.

ഇവിടത്തെ ഭൂമിയിൽ വലിയ ഭാഗവും അങ്കരാത്ത്,ചോണ്ടത്തു വക ഭൂമിയായിരുന്നു. അതല്ലാതെ കൊച്ചി മഹാരാജാവിൽ നിന്നും നേരിട്ട് പട്ടയം കിട്ടിയ പണ്ഡിത കാരർ കുടുംബങ്ങളുടേയും, ചുണ്ടയ്ക്കാമുത്തൂർ ചെട്ടിയാർ, മെയ്തൻ വക കുടംബങ്ങളുടേയും പട്ടയ ഭൂമികളും ഉണ്ടായിരുന്നു. ചെരപ്പാറ പളളി വക ഭൂമിയും മേട്ടുപ്പട്ടി വക ഭൂമികളും ഉണ്ടായിരുന്നു. 1970 ൽ ഭൂ നിയമ പ്രകാരം കുടിയാന്മാർക്ക് ഭൂമി പതിച്ചു കിട്ടി. മേൽഫലം ജന്മികൾക്ക് അവകാശപ്പെട്ടതാണ് എന്നതു കൊണ്ട് തെങ്ങ്, മാവ ', വൃക്ഷങ്ങൾ മുതലായവ വെച്ചു പിടിപ്പിക്കുന്നതിൽ കുടിയാന്മാർ താൽപര്യം കാണിച്ചില്ല. 1970 ന് ശേഷമാണ് ഇവിടെ വ്യാപകമായി തെങ്ങ് വെച്ച് പിടിപ്പിക്കുന്ന രീതി തന്നെ തുടങ്ങിയത്. അതിനു മുമ്പ് പട്ടയ ഭൂമിയിൽ മാത്രമേ ഈ വക വൃക്ഷങ്ങളെ കാണുവാൻ സാധിക്കുകയുള്ളൂ. കേരളത്തിൽ മറ്റു ചില ഭാഗങ്ങളിൽ കാണുന്നതു പോലെ അതിർത്തിക്കുള്ളിൽ ' ഒരു കൊട്ട ' (3 അടി) സ്ഥലം പൊതുവായി വിടുന്ന സമ്പ്രദായം ഇവിടെ ഇല്ല. നാമമാത്ര കർഷകർ കൂടുതൽ ഉള്ളതുകൊണ്ട് അതിർത്തി തർക്കങ്ങളും ധാരാളമാണ്. കർഷകരുടെ കൂട്ടായ്മയിൽകൂടി ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാവുന്നതാണ്.

നീർമറി പ്രദേശങ്ങളിലുളള താഴ്ന്ന തല ങ്ങളിൽ നെൽകൃഷി ചെയ്യുന്നു. കിണർ സൗകര്യമുള്ള കൃഷിക്കാർ രണ്ടാം വിളയായും നെൽ കൃഷി ചെയ്യുന്നു. നാട്ടയ്യർ സിസ്റ്റത്തിൽ ഉള്ള ആയക്കെട്ടു പ്രദേശങ്ങളിലും (I,X വാർഡുകൾ) മുത്തു കൗണ്ടൻ അണയിൽ നിന്നുംഉള്ള ആയകെട്ട് പ്രദേശങ്ങളിലും(വാർഡ് IV)ആണ് പ്രധാനമായും നെൽകൃഷി ചെയ്യുന്നത്. ഇവയല്ലാതെ കോഴി പ്പാറ,ചമ്പാക്കുളം,വെള്ളച്ചിക്കുളം,അയ്യാകവുണ്ടൻ ചളള, നെടുങ്ങാട്ടു ഏരി, നല്ലൂർ, കോഴിപ്പാറ വലിയ ഏരി,മണിയകാരൻ ചളള,നല്ലുവീട്ടു ചളള, ഭഗവതി പാറ, എരുമൻ കുളം,വളയ്ക്കാരൻ ചളള, കള്ളിയ മ്പാറ,ചെറിയ കളളിയമ്പാറ,ആട്ടയാമ്പതി , മുൻസീഫ് ചളള, ചുണ്ണാമ്പുകൽ തോട്,കിണർ പളളം, ചെട്ടിയാർ കളം, ഇളയാട്ടു കളം, കിരാംപാറ, കിരിയം പളളം, ചിന്നാ കൗണ്ടനൂർ, ഭദ്ര കാളിയമ്മൻ തോട്, പൊളിപ്പാറ എന്നീ സ്ഥലങ്ങളിൽ ഉള്ള നീർമറി പ്രദേശങ്ങളിലും അങ്ങിങ്ങായി നെൽകൃഷി ചെയ്യുന്നുണ്ട്.പ്രധാനമായും ചതുര ക്കിണറുകളിൽ വെള്ളം സംഭരിച്ചും കുഴൽ കിണറുകളിൽ കൂടിയും മോട്ടാർ പമ്പു സെറ്റുകൾ സ്ഥാപിച്ചും ആണ് കൃഷി ചെയ്യുന്നത്. വെള്ളം ഉപയോഗിച്ച് ഈ പ്രദേശങ്ങ ളിൽ തന്നെ കരിമ്പ്, വാഴ, തെങ്ങ് എന്നീ കൃഷികളും ധാരാളം ചെയ്യുന്നു. ചെമ്മണ്ണും ചരൽ കലർന്ന മണ്ണുള്ള പ്രദേശങ്ങളും ഒന്നാം വിളയ്ക്കും രണ്ടാം വിളയ്ക്കും തക്കാളി , വെണ്ട, കത്തിരി, പച്ചമുളക്, കപ്പക്ക, കുമ്പളം മുതലായ പച്ചക്കറികൾ കൃഷി ചെയ്യുന്നു. ചരിവു പ്രദേശങ്ങളിലും വെള്ളം കുറവായ സ്ഥലങ്ങളിലും സോയാ ബീൻസ്, നിലക്കടല, റാഗി(കോറ),മുതിര,തുവര, ചോളം,ഉഴുന്ന് മുതലായ ധാന്യങ്ങളും പയർ വർഗ്ഗങ്ങളും കൃഷി ചെയ്യുന്നു.

കരിമണ്ണ് പ്രദേശങ്ങളിൽ (VII,VIII,IX വാർഡുകൾ) ധാരാളം പരുത്തി കൃഷി ചെയ്യുന്നു. അങ്ങിങ്ങായി മരച്ചീനി കൃഷിയും ചെയ്യുന്നുണ്ട്. 1,27,8,9,10 എന്നീ വാർഡുകളിൽ ചെറിയ ചെറിയ മാവിൻ തോട്ടങ്ങളും ഉണ്ട്. എല്ലാ വാർഡുകളിലും തെങ്ങ് കൃഷി ചെയ്യുന്നുണ്ട്.

ഇവിടെ കൃഷി ചെയ്യുന്ന വിളകൾ

നെല്ല്	(ഒന്നാം വിള)	212 Ha
	(രണ്ടാം വിള)	96 Ha

പച്ചക്കറികൾ

പയർ,തക്കാളി,വെണ്ട കുമ്പളം,കത്തിരി,കയ്പക്ക	460 Ha
മരച്ചീനി	15 Ha
വാഴ	80 Ha
കരിമ്പ്	285 Ha
സോയാബീൻസ്,നിലക്കടല ഉഴുന്ന്,തുവര,റാഗി മുതിര,ചോളം	600 Ha
പരുത്തി	150 Ha
തെങ്ങ്	550 Ha

വിളചക്രം മാർച്ച് മാസത്തിന് ശേഷം കൃഷിക്കാർ വിളവെടുപ്പിന് തയ്യാറെടുപ്പ് തുടങ്ങുന്നു. മകരത്തിൽ കിട്ടുന്ന ഒന്നു രണ്ടു മഴയ്ക്ക് ഭൂമി ഉഴുത് മറിച്ചിടുന്നു. മീന മാസത്തിൽ (മാർച്ച് 15 മുതൽ ഏപ്രിൽ 15) കമ്പോസ്റ്റ്, കുപ്പ് മണ്ണ്, കാലിവളം എന്നിവ കൃഷി സ്ഥലങ്ങളിലേക്ക് കടത്തിയിടുന്നു. വിഷുവിന് മുമ്പു തന്നെ കിട്ടുന്ന മഴയ്ക്ക് വളം പരത്തുന്നു. വിഷുവിന് മുമ്പോ പിമ്പോ കിട്ടുന്ന മഴയനുസരിച്ച് വിളവിറക്കുന്നു. നിലക്കടലയ്ക്ക് പറ്റിയതാണ്. (നെല്ലാണെങ്കിൽ പൊടി വിത) ഏപ്രിൽ അവസാനമാകുമ്പോൾ എല്ലാം മുളച്ച് പച്ച പിടിക്കുന്നു. മെയ് മാസത്തിൽ കുറേ ഉണക്കം കിട്ടുന്നു. അതു കഴിഞ്ഞ് കാലവർഷം ആരംഭിക്കുന്നു. ജൂൺ,ജൂലൈ മാസങ്ങളിൽ കളയെടുക്കലും വളം ചേർക്കലും നടക്കുന്നു. ആഗസ്റ്റ് സെപ്തംബർ മാസങ്ങളിൽ കിട്ടുന്ന ചാറ്റൽ മഴയ്ക്ക് രണ്ടാം വിള ആരംഭിക്കുന്നു. ഒക്ടോബർ, നവംബർ മാസങ്ങളിൽ കിട്ടുന്ന തുലാ വർഷ മഴയിൽ രണ്ടാം വിളയ്ക്ക് കിളയ്ക്കൽ, വളം ചേർക്കൽ പണികളും നടത്തുന്നു. ഡിസംബർ,ജനുവരി മാസത്തോട് കൂടി രണ്ടാം വിളവെടുപ്പ് നടത്തുന്നു.

റവന്യൂ വില്ലേജ് റിക്കാർഡ് പ്രകാരം വാളയാർ പുഴയിൽ നിന്നുള്ള നാട്ടയ്യർ സിസ്റ്റത്തിൽ കൂടിയും കിരിയം പള്ളം ക്രോസ് ബാർ, മുത്തുക്കവുണ്ടർ അണ എന്നിവയിൽ കൂടിയും 135 ഹെക്ടൽ ആയക്കെട്ട് പ്രദേശം മാത്രമാണ് ഈ പഞ്ചായത്തിലുള്ളത്. ജന്മിത്തം അവസാനിച്ചതോട് കൂടി ഭൂമികൾ തുണ്ടം തുണ്ടങ്ങളായി. തലക്കുളങ്ങളുടെ പരിപാലനം അത് സ്ഥിതി ചെയ്യുന്ന കർഷകന്റേതായി. ആ കർഷകന് വളരെ കുറച്ച് കൃഷി മാത്രമേ ഉണ്ടാവുകയുള്ളൂ. ആ കർഷകന് കുളത്തിന്റെ ആവശ്യം ഇല്ലാതായതോടെ പരിചരണവും ഇല്ലാതായി.

പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ കൂടി പോകുന്ന തോടുകൾ -

1. നട്ടുവയ്യർ സിസ്റ്റം തോട് - 5കി.മീ.
2. ബിഷപ്പ് കനാൽ - 3.കിമീ.
3. കിരിയം പള്ളം ക്രോസ്സ് ബാർ - 5.കി.മീ.
4. പൊളിപ്പാറ-
   മേനോൻ പാറ തോട് -5.കി.മീ.
5. ചായത്തുറ
   -മേനോൻ പാറ തോട് - 3.കി.മീ
6. മുത്തു കവുണ്ടൻ തോട് - 3 കി.മീ.
7. അയ്യാ കവുണ്ടൻ ചള്ള-
   എരുമക്കാരൻ തോട് - 3.കി.മീ.

മഴ വെള്ളം ഒഴുകി പോവാനായി ഉപയോഗിക്കുന്ന ഈ തോടുകളെ സംരക്ഷിച്ച് കുളങ്ങളുമായി ബന്ധിപ്പിച്ച്, മണ്ണു സംരക്ഷണ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയാണെങ്കിൽ ഇന്നുള്ളതിന്റെ ഇരട്ടി വിളവെടുപ്പിന് സാദ്ധ്യതയുണ്ട്.

പറമ്പിക്കുളം-ആളിയാർ പദ്ധതിയുടെ RB കനാൽ കിരിയം പള്ളം ക്രോസ് ബാറിന് മുകളിൽ കൂടി വന്ന് , അനുപ്പൂർ, ഒഴലപ്പതി വഴി നാട്ടയ്യർ സിസ്റ്റത്തിലുള്ള കനാലിൽ വന്നു ചേരുന്നു. ഈ പദ്ധതി വന്നാൽ മാത്രമേ ഈ പഞ്ചായത്തിലുള്ള ജല ദൗർലഭ്യത്തിന് ശാശ്വത പരിഹാരം ലഭിക്കുകയുള്ളൂ. ജൂൺ,ജൂലൈ മാസങ്ങളിൽ പുഴയിൽ കൂടി ഒഴുകി പോകുന്ന വെള്ളം RBCയിൽ കൂടി ഈ പഞ്ചായത്തിൽ കൊണ്ടുവന്ന് കുളങ്ങൾ മുഴുവൻ നിറയ്ക്കുകയാണെങ്കിൽ ഒന്നാം വിളയ്ക്ക് മാത്രമല്ല, രണ്ടാം വിളയ്ക്കു കൂടി അത് പ്രയോജനപ്പെടുത്താവുന്നതാണ്.

ജൈവ വളപ്രയോഗം വളരെ കുറവാണ് ഈ പ്രദേശങ്ങളിൽ. പുറമേ നിന്നുള്ള വ്യാപാരികൾ കൂടുതൽ തുക കൊടുക്കുന്നതു കാരണം കാലിവളം, ആട്ടുവളം, ചാരം , മുതലായ ജൈവവളങ്ങൾ ഇവിടത്തെ ആളുകൾ വിറ്റു കാശാക്കുന്നു. കൃഷിക്കാർ ജൈവവള പ്രയോഗത്തിന് വിമുഖത കാണിക്കുന്നു.

വീട്ടിൽ നിന്നും കൃഷി സ്ഥലത്തേക്ക് വളം കടത്തുന്നതിന് പ്രയാസം കണക്കിലെടുത്താണ് അത് ഒഴിവാക്കുന്നത്. ജൈവവളത്തിന് ഉപയോഗിക്കുന്ന സസ്യങ്ങൾ വളർത്തുന്നുമില്ല. ശാസ്ത്രീയമായ രാസ വളപ്രയോഗം നടത്തുന്നില്ല. ആവശ്യത്തിൽ കൂടുതൽ യൂറിയ ഉപയോഗിക്കുന്നതുകൊണ്ട് മണ്ണിന്റെ വളക്കൂറ് വളരെ കുറഞ്ഞുപോകുന്നു.

ഇവിടെ ഉപയോഗിക്കുന്ന രാസവളങ്ങളുടെ കണക്ക്

വർഷം	93-94	94-95	95-96
സഹകരണ മേഖല	336 MT	342 MT	491 MT
സ്വകാര്യ മേഖല	14.1 MT	148 MT	206 MT

രാസവള പ്രയോഗം പോലെ തന്നെ വിള സംരക്ഷണത്തിനായി ഉപയോഗിക്കുന്ന രാസ പദാർഥങ്ങളുടെ ഉപയോഗവും വർദ്ധിച്ചു വരുന്നു. ശാസ്ത്രീയ ബോധമില്ലാതെ കൂടുതല വിഷാംശമുള്ള മരുന്നുകളാണ് ഉപയോഗിക്കുന്നത്. പച്ചക്കറി കൃഷിക്ക് ആവിശ്യമായ ഡോസു കുറഞ്ഞ മലാത്തിയാൻ തളിക്കുന്നത് അപൂർവ്വമാണ്. കുറേ കർഷകരെങ്കിലും ജൈവവള പ്രയോഗം തുടങ്ങിയിട്ടുണ്ടെന്നുള്ളത് സ്വാഗതാർഹമാണ്. കൃഷി വിളകളുടെ വിപണന സൗകര്യം തീരെ അപര്യാപ്തമാണ്. പഞ്ചായത്തിൽ സഹകരണ മേഖലയിലോ സ്വകാര്യ മേഖലയിലോ വിപണന കേന്ദ്രമില്ല. സ്വകാര്യ വ്യാപാരികളാണ് വിപണനം നടത്തുന്നത്. വിളയിക്കുന്ന പച്ചക്കറികൾ വേലന്താവളം(തമിഴ്നാട് അതിർത്തി) പച്ചക്കറി ചന്തയിൽ (പച്ചക്കറി മണ്ടി) കൃഷിക്കാർ കൊണ്ട് ചെന്ന് വിൽക്കുന്നു. കിട്ടുന്ന വിലയിൽ 10% കമ്മിഷൻ ആയി കൊടുക്കേണ്ടി വരുന്നു.

വാഴ കൃഷി ചെയ്യുന്ന കർഷകരിൽ നിന്നും മൊത്തമായി വില പറഞ്ഞ് വ്യാപാരികൾ വൻ ലാഭം നേടുന്നു. പച്ചക്കറി സംസ്ക്കരണ ശാലകൾ ഇല്ലാത്തതു കാരണം കൂടുതൽ വിളവെടുപ്പ് കിട്ടുമ്പോൾ വ്യാപാരികൾ വില കുത്തനേ കുറച്ചു കൊണ്ടു വരുന്നു. കരിമ്പ് കൃഷി ചെയ്യുന്ന കർഷകരിൽ നിന്നും കരിമ്പ് മേനോൻ പാറ ഷുഗർ ഫാക്ടറി വാങ്ങുന്നു. കരിമ്പ് കടത്തുന്നതിന് ഫാം റോഡുകൾ കുറവാണ്. അതുകാരണം കരിമ്പ് വെട്ടു കൂലിയും കടത്തു കൂലിയും വർദ്ധിക്കുന്നു. 550 ഹെക്ടർ തെങ്ങു കൃഷി നടത്തുന്നുവെങ്കിലും കൊപ്ര വിപണിയില്ല. കൂടുതൽ തെങ്ങുകളും കളളു ചെത്തിനും ഇളനീർ ഇറക്കുവാനും ആയി ഉപയോഗിക്കുന്നു. അതിൽ കൂടി കൂടുതൽ വരുമാനം കിട്ടുന്നതു കൊണ്ടും വിപണനം കൃഷി സ്ഥലത്തു തന്നെ വച്ചു നടക്കുന്നതു കൊണ്ടും കർഷകർ കൂടുതൽ ഉത്സാഹം കാണിക്കുന്നു. സോയാബീൻ വിപണനത്തിന് പ്രാദേശിക സെന്ററുകളിൽ വെച്ച് കമ്പനി നേരിട്ട് വാങ്ങിക്കുന്നു. പണം ഉടൻ നൽകുകയും ചെയ്യുന്നു. നിലക്കടല കൃഷി ചെയ്തവരെല്ലാം സോയാബീൻസ് കൃഷിക്ക് തുനിഞ്ഞിരിക്കുകയാണ്.

<u>കൃഷിക്കാർക്ക്ആവശ്യമായ വായ്പാസൗകര്യങ്ങൾ</u>

കോഴിപ്പാറ സർവ്വീസ് സഹകരണ ബാങ്ക്, വേലന്താവളം സർവ്വിസ് സഹകരണ ബാങ്ക്, കോഴിപ്പാറയിലുളള ഇന്ത്യൻ ബാങ്ക്, വേലന്താവളത്തുള്ള കനറാ ബാങ്ക് ഇവ കർഷകർക്ക് ഹ്രസ്വകാല മദ്ധ്യ കാല വയ്പ്പകൾ നൽകുന്നു. ചിറ്റൂർ കാർഷിക വികസന ബാങ്ക് ദീർഘ കാല വായ്പ്പകൾ നൽകുന്നുണ്ട്. ഇവയെല്ലാം കൂടി വർഷത്തിൽ ഒന്നരകോടിയോളം രൂപ വായ്പയായി നൽകുന്നു. കൃഷിക്കാരുടെ യഥാർത്ഥാവശ്യം നാലര ക്കോടിയൊളം രൂപയാണ്. വായ്പ നൽകുന്നതിനുണ്ടാകുന്ന അനാവശ്യമായ നിബന്ധനകളും കാലതാമസവും കാരണം വേണ്ട സമയത്ത് പണം ലഭിക്കുന്നില്ല. ഒരു നിശ്ചിത ശതമാനം നിരക്കിൽ രാസവളം നിർബന്ധമായും വാങ്ങിയിരിക്കണമെന്ന നിബന്ധന ഒന്നു പുന: പരിശോധിക്കേണ്ടതാണ്. അമിതമായ രാസവള ഉപയോഗത്തിന് ബാങ്കുകൾ നിർബന്ധിക്കുന്നത് ഒഴിവാക്കണം. ആവശ്യമായ സമയത്ത് വായ്പാ സൗകര്യം ലഭിക്കാത്തതു കാരണം സ്വകാര്യ വ്യക്തികളിൽ നിന്നും അമിത പലിശയ്ക്ക് കൃഷിക്കാർ കടം വാങ്ങുന്നു.

1995-96 ൽ ഉപയോഗിച്ച രാസവള-കീടനാശിനി കളുടെ വിവരം :

<u>രാസവളം</u>

യൂറിയ	272 MT
അമോണിയം സൾഫേറ്റ്	22 MT
ഫാക്ടം ഫോസ്	113 MT
പൊട്ടാഷ്	117 MT
17-17-17കോംപ്ലക്സ്	65 MT
DAP	21 MT
സൂപ്പർ ഫോസ്പേറ്റ്	23 MT
10:26:26 കോംപ്ലക്സ്	38 MT
12:6:6 മിക്സർ	9 MT
വേപ്പ് പിണ്ണാക്ക്	17 MT
	697 MT

കീടനാശിനി	
എക്കാലക്സ്	167 ലി.
ഫൻറോ സൾഫർ	289 ലി.
റോഗർ	269 ലി.
നുവാക്രോൺ	154 ലി.
സുമിസുഡിൻ	72 ലി.
മെറ്റാസിറ്റക്സ്	100 ലി.
മെറ്റാസിസ്50	115 ലി.
ബവാസ്റ്റിൻ	36 ലി.
മലാത്തിയാൻ	15 ലി
മറ്റുള്ളവ	50 ലി
	1327 ലി.

തെങ്ങ് വികസനത്തിനും നെല്ല് ഉൽപ്പാദനത്തിനും നിലക്കടല ഉൽപ്പാദനത്തിനും സബ്സിഡികൾ നൽകി ഗവൺമെന്റ് പ്രോത്സാഹനം കൊടുക്കുന്നു. അതുപോലെ തന്നെ പലതരം പച്ചക്കറി വിത്തുകൾ സബ്സിഡി നിരക്കിൽ ലഭിക്കുന്നുണ്ട്.പക്ഷേ വേണ്ട സമയത്ത് വിത്തു നൽകാത്തതു മൂലം കൃഷിക്കാർക്ക് ഗുണം ലഭിക്കുന്നില്ല. ഉദാഹരണത്തിന് മുൻവർഷം കടല വിത്ത് വിതരണം ചെയ്തത് ജൂലൈ മാസത്തിലാണ്. ഒന്നാം വിളയ്ക്ക് കടല വിത്ത് ഇറയ്ക്കിയശേഷം രണ്ടു മാസം കഴിഞ്ഞാണ് വിത്ത് വന്നത്. അസമയത്ത് വന്നതു കാരണം കൃഷിക്കാർ വിത്ത് വാങ്ങി വ്യാപാരികൾക്ക് വിൽക്കുകയാണ് ചെയ്തത്. നെല്ലു വിത്ത് വിതരണവും സമയത്ത് നടന്നില്ല എന്ന പരാതിയുണ്ട്.

പ്രശ്നങ്ങൾ : മണ്ണ് ഫലപുഷ്ടിയില്ല. ജൈവവളം ചേർക്കുന്നില്ല. അശാസ്ത്രീയമായ രീതിയിൽ രാസവള പ്രയോഗം നടത്തുന്നു.

വൃക്ഷങ്ങൾ മുറിച്ചുമാറ്റുന്നതും പുതിയ വൃക്ഷതൈകൾ വച്ചു പിടിപ്പിക്കാത്തതും മണ്ണൊലിപ്പിന് കാരണമാകുന്നു. മണ്ണൊലിപ്പ് കാരണം മഴവെള്ളം പെട്ടെന്ന് വാർന്നു പോകുന്നു. കൃഷി നശിക്കുന്നു.

കൃഷി ആവശ്യത്തിന് ജലം തികയുന്നില്ല. കനാൽ സിസ്റ്റം തീരെയില്ല. മഴ വളരെ കുറവാണ്. മഴ വെള്ളം സംഭരിക്കുവാൻ സംവിധാനം ഇല്ല. ഉള്ള കുളങ്ങൾ സംരക്ഷിക്കപ്പെടുന്നില്ല. സംരക്ഷണമില്ലാത്ത തോടുകൾ വഴി മഴവെള്ളം ഒഴുകി നഷ്ടമാകുന്നു. തുടരെത്തുടരെയുള്ള കൃഷി നാശം കാരണം പലരും കൃഷിനിലം തരിശിടുന്നു. മഴയെ ആശ്രയിച്ച് കൃഷി ചെയ്യുന്നതു കൊണ്ട് രണ്ടാം വിള ഉണങ്ങി പോകുന്നു. കീട ബാധ കാരണം വിള നാശം സംഭവിക്കുന്നു. കൂട്ടായ്മ ഇല്ലാതെ കിടനാശിനി തളി കാരണം കീടങ്ങൾ പെരുകുന്നു.

സ്വകാര്യ വ്യക്തികളിൽ നിന്നും സ്വകാര്യ വ്യാപാരികളിൽ നിന്നും വിത്ത് നടീൽ വസ്തുക്കൾ എന്നിവ ശേഖരിക്കുന്നു. നടിൽ വസ്തുക്കളുടെ ഗുണമേന്മ കുറയുന്നു.വിത്ത്,നടീൽ വസ്തുക്കൾ ശാസ്ത്രീയമായി തയ്യാറാക്കുന്നില്ല. കൃഷി ഭവനുകളിൽ കിട്ടുന്ന വിത്ത്, നടീൽ വസ്തുക്കൾ വേണ്ട സമയത്തു ലഭിക്കുന്നില്ല. ജൈവവള പ്രയോഗം കുറഞ്ഞു വരുന്നു. രാസവളങ്ങൾ കൂടുതൽ ഉപയോഗിക്കുന്നു. കീടബാധ നിയന്ത്രിക്കാൻ അമിത മായ മരുന്നു തളി നടത്തുന്നു. മുടക്കു മുതലിന് അനുസരണമായ വിള വർദ്ധന ലഭിക്കുന്നില്ല..താഴെ കാണുന്ന രണ്ട് ഉദാഹരണങ്ങൾ അത് തെളിയിക്കുന്നു.

ഒരു ഹെക്ടർ കരിമ്പു കൃഷിക്ക് വേണ്ടി വരുന്ന ശരാശരി ചെലവ് :

വിത്ത്(കരണ)	7500രൂ
നിലം ഉഴുത് പാകമാക്കാൻ	3750രൂ
ജൈവവളം	2500രൂ
രാസവളം	6250രൂ
കളവെട്ട്,പട്ടം കെട്ടൽ, വെള്ളം,മരുന്നു തെളി	7500രൂ
വിളവെടുപ്പ്	7500രൂ
ആകെ ചെലവ്	35000രൂ
ശരാശരി ഉൽപ്പാദനം	65 ടൺ
വില ടണ്ണിന്	550രൂ
കിട്ടുന്ന വില	35750രൂ

നെൽ കൃഷി

ഒരു ഹെക്ടർ നെൽകൃഷിക്ക് വേണ്ട ശരാശരി ചിലവ്		വരവ്
വിത്ത്	750രൂ	നെല്ല്
ഉഴവ്	2500രൂ	ഉൽപ്പാദനം :2250 Kg
കാലിവളം	2500രൂ	
നടീൽ ചെലവ്	1850രൂ	വില : 5/50 Kg
കള വലി	1500രൂ	
രാസവളം	2500രൂ	മൊത്തം
കീടനാശിനി	1250രൂ	വില : 12375രൂ
വെള്ളം സംരക്ഷണം	625രൂ	
		വൈക്കോൽ 2000രൂ
മൊത്തം	13475രൂ	14375രൂ

സാദ്ധ്യതകൾ :

മണ്ണു സംരക്ഷണം : നീർമറി പ്രദേശങ്ങളിൽ മണ്ണു സംരക്ഷണ പദ്ധതി ആവിഷ്കരിക്കാവുന്നതാണ്.

വാർഡ്	നീർമറി പ്രദേശങ്ങൾ
1-ാം വാർഡ്	പാലിയംതുറ, ശങ്കൂതി പള്ളം , ചോഴിയൻ കളം, ചുണ്ണാമ്പുകൽ തോട്, നീലിപ്പാറ
2-ാം വാർഡ്	വെള്ളച്ചി കുളം , അയ്യാ കവുണ്ടൻ ചള്ള,കോപ്പു മേനോൻചള്ള , നെടുങ്ങാട്ടു ചള്ള , നല്ലൂർ , കോഴിപ്പാറ
3-ാം വാർഡ്	മണിയകാരൻ ചള്ള മുതൽ മേനോൻ പാറ വരെ, എരുമങ്കുളം, ഭഗവതി പാറ.
4-ാം വാർഡ്	വളയക്കാരൻ ചള്ള , മുത്തു കൗണ്ടർ സിസ്റ്റം ,കൂരാങ്കാട് , കാട്ടു പളത്താൻ ചള്ള,കൊളമട ചള്ള
5-ാം വാർഡ്	കളളിയമ്പാറ , ചെറിയ കളളിയമ്പാറ, രാമാണ്ടി ചള്ള , പുങ്കുന്തറ
6-ാം വാർഡ്	മുൻസിഫ് ചള്ള,വേലന്താവളം
7-ാം വാർഡ്	കിണർ പള്ളം , ചെട്ടിയാർ കുളം , ഇളയാട്ടു കളം ,കെരാം പാറ ,
8-ാം വാർഡ്	കിരിയം പള്ളം
9-ാം വാർഡ്	ചിന്നാക്കവുണ്ടനൂർ,ഒഴലപ്പതി
10-ാം വാർഡ്	ചമ്പാക്കുളം, കോഴിപ്പാറ,കുഞ്ചുമേനോൻ ചള്ള
11-ാം വാർഡ്	മുൻസീഫ് ചള്ള , കിണർ പള്ളം, പൊളിപ്പാറ

മണ്ണൊലിപ്പ് തടയുന്നതിന് പച്ചില വളമായി ചേർക്കാവുന്നതും വളരെ പെട്ടെന്ന് വളരുന്നതും ആയ പലതരം വൃക്ഷങ്ങളും കുറ്റിച്ചെടികളും സംയോജിതമായി നട്ടു വളർത്തൽ പദ്ധതി തയ്യാറാക്കാവുന്നതാണ്.

ജലലഭ്യത : പഞ്ചായത്തിൽ ആകെയുള്ള നാലായിരത്തോളം ഹെക്ടർ കൃഷി സ്ഥലങ്ങളിൽ 135 ഹെക്ടർ കൃഷി സ്ഥലത്ത് ജലസേചന സൗകര്യം ഉണ്ട്. ഇത് തീരെ അപര്യാപ്തമാണ്.

കൂരിയാർ കുറ്റി-കാരപ്പാറ പദ്ധതി : വടകരപ്പതി കർഷകരുടെ 50 വർഷത്തെ സ്വപ്നമായ ഈ പദ്ധതി വന്നാൽ ജല സമ്പത്തിൽ സ്വയംപര്യാപ്തത സാധ്യമാകും. സംസ്ഥാനതലത്തിൽ ഏറ്റവും മുൻഗണന കൊടുത്ത് ഏറ്റെടുക്കേണ്ട ഒരു പദ്ധതിയാണിത്.

പറമ്പിക്കുളം-ആളിയാർ R.B.C.കനാൽ : പറമ്പിക്കുളം -ആളിയാർ പദ്ധതി നടപ്പിലാക്കുമ്പോൾ തന്നെ R.B.C കനാൽ ഈ പഞ്ചായത്തിൽ കൂടി പോകുന്നതിന് വേണ്ടി സർവ്വേ നടത്തി കനാൽ അതിർ കല്ലുകൾ സ്ഥാപിച്ചിരുന്നു. എന്തുകൊണ്ടോ R.B.C കനാൽ ഇങ്ങോട്ട് എത്തിയില്ല. ഇപ്പോൾ ജൂൺ-ജൂലായ് മാസങ്ങളിൽ 3 1/2 TM.C യിൽ കൂടുതൽ മഴ വെള്ളം പുഴയിൽ കൂടി ഒഴുകി പാഴാവുന്നു. R.B.C കനാൽ നിർമ്മിച്ച് പാഴാകുന്ന ഈ വെള്ളം വടകരപ്പതി , എരുത്തേൻപതി , കൊഴിഞ്ഞാമ്പാറ പഞ്ചായത്തുകളിലുള്ള കുളങ്ങളിൽ നിറയ്ക്കുവാൻ തുടങ്ങിയ പദ്ധതി പകുതി വെച്ച് നിൽക്കുന്നു. 2 വർഷം കൊണ്ട് പൂർത്തീകരിക്കാവുന്ന ഒരു പദ്ധതിയാണിത്. ഈ പദ്ധതി പൂർത്തിയായാൽ വടകരപ്പതിയിലുള്ള മൂവായിരത്തോളം ഹെക്ടർ സ്ഥലത്ത് ഒരു വിള കൃഷി ചെയ്യാൻ കഴിയും. ജില്ലാതലത്തിൽ തിരുമാനമെടുത്ത് പെട്ടെന്ന് നടപ്പാക്കാവുന്ന ഒരു പദ്ധതിയാണിത്.

കുളങ്ങൾ-തോടുകൾ : പഞ്ചായത്തിൽ എല്ലാ വാർഡുകളിലും ചെറുതും വലുതുമായ കുളങ്ങളും തോടുകളും ഉണ്ട്. ജന്മിത്വം അവസാനിച്ചിട്ടും ജന്മിമാരുടെ കൈവശത്തിലാണ് ഈ കുളങ്ങളിൽ മിക്കവയും. കൃഷിയില്ലാത്തതിനാൽ ഇവർ കുളങ്ങൾ സംരക്ഷിക്കുന്നില്ല. സ്വകാര്യ വ്യക്തികൾ വിള സ്ഥലങ്ങൾ കുറഞ്ഞു പോയതിനാൽ കുളങ്ങൾ നികത്തി കൃഷി ചെയ്യുന്നു. തന്മൂലം നീർമറി പ്രദേശങ്ങളിൽ മഴവെള്ളം സംഭരിക്കാൻ കഴിയുന്നില്ല. കുളങ്ങളും പാറക്കെട്ടുകളും മാത്രമേ ജന്മിമാരുടെ പേരിൽ ഉള്ളൂ. അതു കാരണം അവർക്കും പ്രയോജനം ലഭിക്കുന്നില്ല. പഞ്ചായത്ത് ഈ കുളങ്ങളെ ഏറ്റെടുത്ത് നന്നാക്കി വെള്ളം സംഭരിച്ച് കൃഷിക്ക് വെള്ളം എത്തിക്കുവാൻ കഴിയും. ഇങ്ങനെ ചെയ്യുകയാണെങ്കിൽ 500 ഹെക്ടറിൽ കൂടുതൽ സ്ഥലത്ത് ഒരു വിള നെൽ കൃഷി പുതിയതായി ചെയ്യുവാൻ കഴിയും.

വാർഡ്	കുളങ്ങളും തോടുകളും
ഒന്ന്	സ്വാമിയാൻ കുളം, വെള്ളയപ്പൻ ഏരി, ചോളിയംകുളം ചമ്പ് ഏരി, സർക്കാർ ഏരി, ചമ്പ് ഏരി , സിലുവേസ്തിരി ഏരി , പാപ്പൻ ഏരി
രണ്ട്	പൊന്നുചമ്പ് കുളം , ചെട്ടിയാർ കുളം , വലിയ ഏരി , ചെറിയ ഏരി, അയ്യർ ഏരി , അയ്യാകൗണ്ടൻ ചള്ള കുളം , വെള്ളച്ചി കുളം , കുണ്ടൻ കുള ചുടുകാട് ഏരി , നെടുങ്കുട് ചള്ള ഏരി , പൊട്ട കുളം.
മൂന്ന്	അമ്പാട്ടു കളം കുളം , അമ്പാട്ട് ഏരി , ഭഗവതി പാറ ചന്ത ഏരി , ചക്കര വീട്ട് ഏരി , കല്ലേരി , കണക്കൻ കളം കുളം , എരുമൻ കുളം , ചെട്ടിയാർ കുളം , തരകൻ കുളം , ദേവരായൻ കോട്ട കുളം , നല്ലു വീട്ടു കുളം, ലൂയിസ് മണിയകാരൻ കുളം , സായത്തു ഏരി ,സത്താർ കുളം.
നാല്	കൂരാങ്കാട് കുളം , വാണിവീട്ടു കുളം , വളയകാരൻ ചള്ള അയ്യർ കുളം , കാശി കുളം, ചെട്ടിയാർ കുളം , കട്ടിയക്കാരൻ കുളം , സത്രം കുളം
അഞ്ച്	സുരേഷ് കുളം,വലിയ ഏരി,പൊട്ടേരി, അന്തോണി ഏരി,പാറക്കുളം , തോമസ് ഏരി , പുങ്കൻതറ ഏരി , ചോണത്ത് ഏരി , സുബ്ബയൻ ഏരി , സത്രം ഏരി , രാമാണ്ടി ചള്ള ഏരി
ആറ്	ആട്ടയാം പതി കുളങ്ങൾ രണ്ട് ചിന്നദുരൈ കൗണ്ടർ കുളം
ഏഴ്	ചെട്ടിയാർ കുളം (2) , സുദേവൻ കുളം , ഇളയാട്ടു കുളം
എട്ട്	ഊർ കൗണ്ടർ കുളം, നിത്യാനന്ദ കൗണ്ടർ കുളം , നായ്ക്കർ കുളം
ഒമ്പത്	പൊട്ടക്കുളം , ചമ്പക്കുളം , ഒഴലപ്പത് കുളം, ഭാനുമതിയമ്മ കുളം , തേനമ്പത് കുളം , ചെന്താമര കുളം , ചന്തപേട്ട കുളം, ചിന്നകൗണ്ടനൂർ കുളം
പത്ത്	കുഞ്ചുമേനോൻ ചള്ള ഏരി,രാഘവൻ ഏരി

വാർഡ്	കുളങ്ങളും തോടുകളും
പതി-നൊന്ന്	കിണർ പള്ളം കുളം , ചിന്നദുരൈ കൗണ്ടർ കുളം , മുൻസീഫ് ചള്ള കുളങ്ങൾ മൂന്ന് , പൊള്ളിപ്പാറ കുളം.

കൃഷിക്കാരുടെ കൂട്ടായ്മ : ഒരു വാർഡിലുള്ള എല്ലാ കൃഷിക്കാരെയും ചേർത്ത് വാർഡ് തല കർഷക സമിതി രൂപികരിക്കുക. എല്ലാ വാർഡു തല സമിതികളിൽ നിന്നും പ്രസിഡണ്ട്,സെക്രട്ടറി എന്നിവരെ ചേർത്ത് പഞ്ചായത്ത് തല കേന്ദ്ര കർഷക സമിതി രൂപീകരിക്കുക.

നെല്ല്,കരിമ്പ്, നിലക്കടല, വാഴ, പരുത്തി, പച്ചക്കറി, സോയാബീൻസ് , പുഷ്പ കൃഷി, തെങ്ങ്, ഔഷധ ച്ചെടി കൃഷി എന്നിവക്ക് പഞ്ചായത്ത് തലത്തിൽ പ്രത്യേകം പ്രത്യേകം കർഷക ഉപ സമിതികൾ രൂപികരിക്കുക. ഈ സമിതികളുടെ കൺവീനർമാരെ പഞ്ചായത്തു തല കേന്ദ്ര കർഷക സമിതി അംഗങ്ങളാക്കുക.

പഞ്ചായത്തു സമിതിയുടെ ഉപദേശക സമിതിയായി ഈ കേന്ദ്ര കർഷക സമിതിയെ പ്രയോജനപ്പെടുത്തുക. ഈ സമിതിയിൽ കർഷക തൊഴിലാളികൾക്കും പ്രാതിനിധ്യം നൽകുക. കൃഷിക്കാർക്ക് വേണ്ട യന്ത്രോപകരണങ്ങൾ സർക്കാർ സഹായത്തോടെ വില കുറച്ച് ലഭ്യമാക്കേണ്ടതാണ്.

ട്രാക്ടർ,കുമ്പോട്ട,യന്ത്രകലപ്പകൾ മരുന്നു തളി സ്പ്രേയറുകൾ,നടീൽ യന്ത്രം,തെങ്ങു കയറ്റ യന്ത്രം,നെല്ലു മെതി യന്ത്രം,സോയാബീൻ മെതി യന്ത്രം , നെല്ലു കൊയ്ത്തു യന്ത്രം , സബ്സിഡയറി നിരക്കിൽ കർഷകർക്ക് ലഭ്യമാക്കാവുന്നതാണ്.

ഗ്രൂപ്പ് ഫാമിങ്ങ് രീതി പ്രോത്സാഹിപ്പിക്കുക, പച്ചക്കറി,തെങ്ങ്,നെല്ല്,പുഷ്പകൃഷി എന്നിവയ്ക്ക് നേഴ്സറികൾ ആരംഭിച്ച് കൃഷിക്കാർക്ക് നല്ല വിത്തുകളും നടീൽ വസ്തുകളും ലഭ്യമാക്കാവുന്നതാണ്. ഇതിന്റെ ചുമതല കർഷക സമിതികളെ ഏൽപ്പിക്കാവുന്നതാണ്.

കർഷകർക്കും കർഷക തൊഴിലാളികൾക്കും ശാസ്ത്രിയമായ വളം ചേർക്കൽ , കീടനാശിനികളുടെ പ്രയോഗം, വിവിധ കൃഷിപ്പണികൾ എന്നിവയ്ക്ക് വിദഗ്ധ പരിശീലനം നൽകാവുന്നതാണ്.

പുതിയ യന്ത്രോപകരണങ്ങളുടെ പ്രയോഗത്തിന് പരിശീലന പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്. ജൈവവള കൃഷിക്ക് കൂട്ടായ പദ്ധതി നടപ്പിലാക്കാവുന്നതാണ്. ഓരോ വാർഡിലും ഉള്ള വീട്ടു വളപ്പിൽ കൃഷി ചെയ്യാത്ത തോട്ടു വരമ്പുകൾ, കുളങ്ങൾ ഇവയെ ചേർന്ന് ജൈവ വള വൃക്ഷങ്ങളും സസ്യങ്ങളും വെച്ചു പിടിപ്പിക്കുവാൻ പദ്ധതി ആവിഷ്കരിക്കാവുന്നതാണ്.

ഒരു നീർമറി പ്രദേശം മുഴുവൻ ഒരേ തരത്തിലുള്ള കൃഷി ഒരേ സമയത്ത് കൃഷി ചെയ്ത് കൂട്ടായ വളം ചേർക്കലും മരുന്നു തളിയും നടത്താവുന്നതാണ്. കൂട്ടായ വിളവെടുപ്പും നടത്താവുന്നതാണ്.

പഞ്ചായത്തു റോഡുകളിലും പാറക്കെട്ട് പുറംപോക്കു പ്രദേശങ്ങളിലും ജൈവ വളങ്ങൾ നിർമ്മിക്കാൻ സഹായിക്കുന്ന സസ്യങ്ങൾ വെച്ചു പിടിപ്പിക്കാവുന്നതാണ്. അടുക്കള തോട്ടങ്ങൾക്ക് പ്രോത്സാഹനം നൽകാവുന്നതാണ്.

കൃഷിക്കാവിശ്യമായ കിണറുകൾ കുഴിക്കുക, ആഴപ്പെടുത്തുക,കെട്ടി സ്ഥിരപ്പെടുത്തുക, ISI മുദ്രയുള്ള പമ്പു സെറ്റുകൾ നൽകുക, പമ്പു ഷെഡുകൾ നിർമ്മിക്കുക മുതലായവയ്ക്ക് ആനുപാതികമായ വായ്പാ സൗകര്യങ്ങൾ നൽകണം. കൃഷിക്ക് സൗജന്യ വൈദ്യുതി,രാസവളങ്ങൾ,കീടനാശിനികൾ സൗജന്യ നിരക്കിൽ വിതരണം, പരുത്തി അടക്കമുള്ള വിളകൾക്കുള്ള ഇൻഷൂറൻസ് തുടങ്ങിയവ നടപ്പിലാക്കാൻ പദ്ധതി വേണം. മൂന്നാം വിളയ്ക്ക് പച്ചക്കറി കൃഷി പ്രേത്സാഹിപ്പിക്കാവുന്നതാണ്.

കർഷകരുടെ സംരംഭമായി വിപണന കേന്ദ്രങ്ങൾ ആരംഭിക്കാവുന്നതാണ്. ഇതിൽ വിള സാധനങ്ങൾ തരം തിരിക്കുക, ഉണക്കുക, സൂക്ഷിക്കുക എന്നിവക്ക് സംവിധാനങ്ങൾ ഉണ്ടായിരിക്കണം. ഇടത്തട്ടുകാരേയും കമ്മീഷൻ ഏജന്റിനേയും ഒഴിവാക്കി വിളകൾ വിൽക്കുവാൻ സംവിധാനം ഉണ്ടാക്കേണ്ടതാണ്. വാർഡ് തലത്തിലുള്ള വിള സാധനങ്ങൾ കേന്ദ്ര വിപണന കേന്ദ്രത്തിൽ എത്തിക്കുവാൻ സംവിധാനം ഏർപ്പെടുത്താവുന്നതാണ്. കേന്ദ്ര വിപണന കേന്ദ്രത്തിൽ വിത്ത്, വളം, കാർഷികോപകരണങ്ങൾ കർഷകർക്ക് ലഭ്യമാക്കുകയും വിപണന കേന്ദ്രങ്ങളും തുടങ്ങാവുന്നതാണ്.ഇവിടെ കാർഷികോപകരണങ്ങളുടെ വർക്ക് ഷോപ്പ് തുടങ്ങാവുന്നതാണ്.

പഞ്ചായത്തിലെ സ്കൂളുകളിൽ മാതൃകാ തോട്ടങ്ങൾ തുടങ്ങാവുന്നതാണ്. നിലവിലുള്ള കൃഷികൾക്കു പുറമേ കൂൺ കൃഷി, ഔഷധച്ചെടി കൃഷി പുഷ്പ കൃഷി ഇവയ്ക്ക് പ്രത്യേകം പദ്ധതികൾ ആവിഷ്കരിച്ച് സമ്മാന പദ്ധതികൾ ഏർപ്പെടുത്തി കർഷകരെയും കർഷക തൊഴിലാളികളെയും ആദരിക്കാവുന്നതാണ്. കർഷക- കർഷക തൊഴിലാളി ബന്ധങ്ങൾ മെച്ചപ്പെടുത്തുക. അഗ്രോ ക്ലീനിക്കുകൾ,കാർഷിക പരിശീലന കേന്ദ്രങ്ങൾ, മണ്ണു പരിശോധന കേന്ദ്രം എന്നിവ കൃഷി ഭവന്റെ കീഴിൽ തുടങ്ങാവുന്നതാണ്. അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ ഒരു ഉപ കേന്ദ്രവും ഇവിടെ സ്ഥാപിക്കണം.

ഒന്ന്,രണ്ട്,മൂന്ന് വിളകളിൽ പച്ചക്കറി കൃഷി കൂടുതൽ സാദ്ധ്യതയുള്ള കൃഷി സ്ഥലങ്ങൾ ഉള്ളതിനാൽ പച്ചക്കറി കൃഷി വികസനത്തിന് പ്രോത്സാഹനം നൽകുക.

ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കുകയാണെങ്കിൽ വടകര പതിയുടെ കാർഷിക പുരോഗതി മാത്രമല്ല കേരള സംസ്ഥാനത്തിന്റെ തന്നെ പച്ചക്കറികളുടെ ആവശ്യങ്ങൾ വലിയ സംഭാവന ചെയ്യാൻ നമ്മുടെ പഞ്ചായത്തിന് കഴിയും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

5.2 മൃഗ സംരക്ഷണം

കൃഷിയും കൃഷിക്കാരും , കർഷക തൊഴിലാളികളും കൂടുതലായി കാണപ്പെടുന്ന വടകരപ്പതി പഞ്ചായത്തിൽ കൃഷിയോടനുബന്ധിച്ചു തന്നെ കന്നുകാലികൾക്കും പണ്ടുതൊട്ടേ പ്രാധാന്യം നൽകിയിരുന്നു. കന്നുകാലികൾ വളർത്തുന്നതു തന്നെ ഒരു പ്രധാന തൊഴിലായി സ്വീകരിച്ചിട്ടുള്ള കുടുംബങ്ങൾ ഇവിടെ ധാരാളമുണ്ട്. പ്രധാനമായി ആട്,മാട്,എരുമ,കോഴി ഇവ വളർത്തലും ഇതിൽ നിന്നുമുള്ള വരുമാനവും ഈ ജനതയുടെ സമ്പദ് വ്യവസ്ഥയ്ക്കു മാറ്റങ്ങൾ വരുത്തി. യന്ത്രവൽക്കരണത്തിനു മുമ്പും അതിനുശേഷവും ഇവിടത്തെ കൃഷിക്കാർ കൃഷി ഭൂമി ഉഴുക,നിരത്തുക തുടങ്ങിയ ജോലികൾക്ക്കന്നുകാലികളെ മാത്രമാണ് ആശ്രയിച്ചിരുന്നത്. കാളവണ്ടി ഉപയോഗിച്ച് നിത്യവൃത്തി കഴിക്കുന്ന കുടുംബങ്ങൾ തന്നെ ഇവിടെയുണ്ട്. മേച്ചിൽ പ്പുറങ്ങൾ ധാരാളമുള്ളതിനാൽ ആടുവളർത്തൽ ഇവിടുത്തെ ഒരു പ്രധാന തൊഴിലാണ്. കോഴി വളർത്തൽ ഒരു തൊഴിൽ അല്ലായിരുന്നുവെങ്കിലും മിക്ക വീടുകളിലും ഇവ കാണപ്പെടുന്നു. കോഴി,ആട് എന്നിവയുടെ വളർത്തൽ വാണിജ്യാടിസ്ഥാനത്തിൽ തുടങ്ങിയത് അടുത്ത കാലത്താണ്.

നമ്മുടെ പഞ്ചായത്തിലെ മൃഗ സമ്പത്ത് പട്ടിക 1 ൽ കൊടുക്കുന്നു.

പട്ടിക - 1

1.കാളകൾ	
നാടൻ - വംശ വർദ്ധനവിന്	16
സങ്കരയിനം	19
നാടൻ മറ്റുള്ളവ	1262
സങ്കരയിനം മറ്റുള്ളവ	488
2.കറവപ്പശുക്കൾ	
നാടൻ	450
സങ്കരയിനം	810
3.കറവ വറ്റിയ പശുക്കൾ	
നാടൻ	238
സങ്കരയിനം	538
4.എരുമകൾ	806
5.പോത്തുകൾ	
വംശവർദ്ധനവിന്	10
മറ്റുള്ളവ	146
6.ആടുകൾ	
ആൺ	1641
പെൺ	2856
7.നായകൾ	2598
8.പന്നികൾ	27
9.കോഴികൾ	
മുട്ട കോഴികൾ	8701
ഇറച്ചി കോഴികൾ	1904

മൃഗസംരക്ഷണം : 1947 ൽ ആണ് നമ്മുടെ പഞ്ചായത്തിൽ സർക്കാർ വക ഒരു മൃഗാശുപത്രി ആരംഭിച്ചത്. മൃഗങ്ങളെ വളർത്തുക എന്നതിലുപരി അവയുടെ സംരക്ഷണത്തെക്കുറിച്ച് ഇന്നും നമ്മുടെ ജനതക്ക് വ്യക്തമായ അറിവില്ല. നാടൻ വൈദ്യന്മാർ നൽകുന്ന പച്ചില മരുന്നുകളാണ് ഈ മൃഗങ്ങളുടെ ചികിത്സക്കായി ഇവർ ഉപയോഗിച്ചു വന്നിരുന്നത്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി പല വിദഗ്ധരായ നാടൻ വൈദ്യന്മാർ ഉണ്ടായിരുന്നു. വെറ്റിനറി ആശുപത്രി തുടങ്ങിയതിനു ശേഷമാണ് ആധുനികരീതിയിലുള്ള മൃഗ സംരക്ഷണം ലഭിച്ചു തുടങ്ങിയത്.

ഇപ്പോൾ സ്ഥല പരിമിതി മൂലം വാടക ക്കെട്ടിടത്തിൽ നടന്നു വരുന്ന കോഴിപ്പാറയിലെ മൃഗാശുപത്രിയാണ് നമ്മുടെ പഞ്ചായത്തിലെ മൃഗ സംരക്ഷണത്തിന്റെ കേന്ദ്ര ബിന്ദു. എന്നാൽ മൃഗാശുപത്രിയുടെ പ്രവർത്തനം കാര്യ ക്ഷമമല്ലായെന്ന് ഗ്രാമസഭാ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. കാലത്ത് 8 മണി മുതൽ ഉച്ച തിരിഞ്ഞ് രണ്ടു മണി വരെ മാത്രമേ മൃഗാശുപത്രി പ്രവർത്തിക്കുന്നുള്ളൂ. ഇതിനാൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും മൃഗങ്ങളെ എത്തിക്കാൻ കഴിയുന്നില്ല. സമയത്തിന് ചികിത്സ ലഭിക്കാത്തതു മൂലം കാലികൾക്ക് മരണം വരെ സംഭവിക്കാറുണ്ട്.

കാലികളിൽ പൊതുവെ കണ്ടു വരുന്ന രോഗങ്ങൾ അകിടു വീക്കം,കുളമ്പു രോഗം, ഉദര വീക്കം എന്നിവയാണ്. രോഗങ്ങളുടെ പ്രധാന കാരണം കന്നുകാലി സംരക്ഷണം ശാസ്ത്രീയമായി ചെയ്യാത്തതുകൊണ്ടാണ്. കന്നുകാലികൾ അധിക മുണ്ടെങ്കിലും കാലിത്തൊഴുത്തുകളുള്ള വീടുകൾ വിരളമാണ്. വെയിലും മഴയും മഞ്ഞും കൊള്ളുന്നത് കന്നുകാലികൾക്ക് രോഗങ്ങൾ ഉണ്ടാകാൻ കാരണമാകുന്നു. കന്നുകാലി സംരക്ഷണത്തെ ക്കുറിച്ച് കർഷകർക്കുള്ള അറിവില്ലായ്മയും രോഗങ്ങൾ വരാൻ ഇടയാകുന്നു. മൃഗാശുപത്രിയിൽ ഈ രോഗങ്ങൾക്കായുള്ള മരുന്നുകൾ പൊതുവേ ലഭ്യമല്ല. പുറമേ നിന്നും മരുന്നു വാങ്ങേണ്ട സ്ഥിതിയാണ് നിലവിലുള്ളത്.

ക്ഷീര വികസനം : നമ്മുടെ പഞ്ചായത്തിൽ ഈ അടുത്തകാലത്താണ് ക്ഷീര വികസനം കാര്യ ക്ഷമമായത്. പശു,എരുമ ഇവയിൽനിന്ന് ലഭിക്കുന്ന പാൽ വളരെ തുച്ഛമായതുകൊണ്ട് ഇതിനെ ഒരു വൻ വ്യവസായ മാക്കിതീർക്കാനുള്ള സംരംഭങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നില്ല. എന്നാൽ അടുത്ത കാലത്ത് നല്ലയിനം പശു ക്കൾ,എരുമകൾ എന്നിവയിൽ നിന്നും ശാസ്ത്രീയ മായി കൂടുതൽ പാൽ ലഭിക്കാൻ തുടങ്ങിയത് ഈ പ്രദേശത്ത് ഈവ്യവസായത്തിന് വൻ സാധ്യത ഒരുക്കുന്നു.

ലഭ്യമായ കണക്കുകൾ അനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ 8000 ലിറ്റർ പാൽ ഉത്പാദിപ്പിക്കപ്പെടുന്നു. 50% പാൽ മൂന്നു സഹകരണസംഘങ്ങൾവഴി പാലക്കാട്ടുള്ള മിൽമയിലേക്ക് എത്തിക്കുന്നു. ബാക്കിയുള്ള പാൽ ഗാർഹികാവശ്യങ്ങൾക്കുപയോഗിക്കുകയും, അന്യ സംസ്ഥാനത്തിലേക്കു കയറ്റി അയക്കുകയും മചയ്യുന്നു. പാൽ ഉത്പാദന രംഗത്തെ നിയന്ത്രിക്കുന്ന മുഖ്യമായ ഘടകങ്ങളിൽ ഒന്നാണ് കടിഞ്ഞൂൽ പ്രസവത്തിനുള്ള പ്രായം. പ്രസവങ്ങൾ തമ്മിലുള്ള കാലദൈർഘ്യവും ഗണ്യമായ ശ്രദ്ധ അർഹിക്കുന്നു. സമഗ്ര കൃത്രിമ ബീജദാന പദ്ധതി നടപ്പിലാക്കുക വഴി നമ്മുടെ പഞ്ചായത്തിലെ 65% പശുക്കളെ സ ങ്കരയിനമാക്കി ഉയർത്തുവാൻ കഴിഞ്ഞിട്ടുണ്ട്. സങ്കരയിനം പശുക്കളുടെ ശതമാനം വർദ്ധിപ്പിക്കുക വഴി മൊത്തം പാലുൽപാദനത്തിന്റെ അളവ് ഉയർത്തുവാൻ കഴിയും. ശാസ്ത്രീയ പരിചരണമുറകൾ അവലംബിക്കുക വഴി മാത്രമേ ഉത്പാദനക്ഷമത പൂർണ്ണമായും കൈവരിക്കാൻ സാധിക്കുകയുള്ളൂ.

നമ്മുടെ പാഞ്ചായത്തിൽ സഹകരണാടിസ്ഥാത്തിൽ പ്രവർത്തിച്ചു വരുന്ന 3 ക്ഷീരോത്പാദന സഹകരണസംഘങ്ങൾ ഉണ്ട്. അവയുടെ വിവരങ്ങൾ പട്ടികയിൽ കൊടുന്നു.

8-ാം പദ്ധതിക്കാലത്ത് ക്ഷീര വികസന വകുപ്പ് നടത്തിയ പ്രവർത്തനങ്ങളുടെ റിപ്പോർട്ട്

	സ്കീമുകൾ	8-ാം പദ്ധതിക്കാലത്ത് പൂർത്തികരിച്ചത്		നടപ്പുസ്കീമുകൾ	
		സ്ഥലം	സാമ്പത്തികം	സ്ഥലം	സാമ്പത്തികം
1.	**ഗ്രാമീണ ക്ഷീരവികസനവും വിജ്ഞാനവ്യാപനവും**				
ക.	കർഷക സമ്പർക്ക പരിപാടി	12	2400	5	1000
ഖ.	ക്ഷീരോൽപ്പന്നനിർമ്മാണ പ്രദർശനം	12	1200	5	500
ഗ.	ചർച്ചാ ക്ലാസ്സുകൾ	12	-	5	-
ഘ.	ബ്ലോക്കുതല കന്നുകാലി പ്രദർശനം	1	900	-	-
ങ.	മോഡൽ ഡയറിഫാം യൂണിറ്റ്	-	-	1	7000
ച.	ധാതു ലവണ മിശ്രിത വിതരണം	160	-	80	-
ഛ.	വിറ്റാമിൻ സപ്ലിമെന്റ്	100	-	20	-
ജ.	മാതൃകാ കാലിതൊഴുത്ത് നിർമ്മാണം	22	26500	3	3750
ഝ	ശുദ്ധമായ പാൽ ഉൽപ്പാദന കിറ്റ് വിതരണം	20	-	30	-
2.	**പുൽകൃഷി വികസനം**				
ക.	ഒരു ഹെക്ടർ സ്ഥലത്ത് പുൽകൃഷി	-	-	-	-
ഖ.	വ്യാവസായികാടിസ്ഥനത്തിൽ പച്ചപ്പുല്ല് സംഭരണ വിപണന പരിപാടി	-	-	-	-
ഗ.	പുൽപയർ മിശ്രിത കൃഷി	4 ഹെ.	2000	0.76ഹെ	380

പ്രശ്നങ്ങൾ

1. മൃഗാശുപത്രിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. പ്രവർത്തനസമയം കുറവാണെന്ന് ഗ്രാമ സഭകളിൽ നിന്നും പരാതി ഉയർന്നിട്ടുണ്ട്.

2. കന്നുകാലികൾക്ക് ആവശ്യമായ മരുന്നുകൾ ഇവിടെ നിന്നും ലഭിക്കാറില്ല.

3. മൃഗങ്ങളെ ചികിത്സിക്കാനുള്ള സൗകര്യം ആശുപത്രിയിലില്ല.

4. അത്യുൽപാദന ശേഷിയുള്ള കൃത്രിമ ബീജസങ്കലനത്തെക്കുറിച്ച് ബോധവൽക്കരണം നടത്താറില്ല.

5. സങ്കരയിനം പശുക്കൾ ആവശ്യത്തിനു കിട്ടുന്നില്ല, വില കൂടുതലുമാണ്.

6. ശാസ്ത്രീയമായ തൊഴുത്തുകളില്ല.

7. കാലികൾ വാങ്ങി വളർത്തുവാനുള്ള വായ്പ ലഭിക്കാറില്ല.

8. കാലിത്തീറ്റയുടെ വിലക്കൂടുതൽ വേണ്ടത്ര തീറ്റപ്പുല്ലു ലഭിക്കുന്നില്ല.

9. മിൽമാ സഹകരണസംഘങ്ങൾ കുറവ്.

10. പേപ്പട്ടിശല്യം കൂടുതൽ.

പരിഹാരങ്ങൾ.

1. മൃഗാശുപത്രിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

2. മൃഗാശുപത്രിയുടെ കെട്ടിടം പതുക്കിപ്പണിത് ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തി മേനോൻപാറ, ഒഴലപ്പതി എന്നീ സ്ഥലങ്ങളിൽ Subcentre തുങ്ങുകയും പരിശക്കല്ലിലെ Subcentre ന്റെ പ്രവർത്തനം നന്നാക്കുകയും ചെയ്യുക..

3. പഞ്ചായത്തിൽ ഒരു മൃഗഡോക്ടറെക്കൂടി നിയമിക്കുക.

4. സബ് സെന്ററുകളിൽ ആഴ്ചയിലൊരിക്കൽ ഡോക്ടർ സന്ദർശിക്കുക.

5. എല്ലാ വാർഡുകളിലും ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ തുടങ്ങുക.

6. മിൽമയുടെ പാൽ സംസ്ക്കരണപ്രാദേശിക ശാല തുടങ്ങണം.

7. കാലിത്തീറ്റയുൽപാദനത്തിന് സഹകരണമേഖലയിൽ ഒരു തൊഴിൽശാല തുടങ്ങുക.

8. സംപുഷ്ടീകരിച്ച തീറ്റപുല്ല് ലഭ്യമാക്കുക

9. ശാസ്ത്രീയമായ തൊഴുത്ത് നിർമ്മാണത്തിന് സാമ്പത്തിക സഹായം ചെയ്യുക

10. സമഗ്ര കന്നുകാലി ഇൻഷുറൻസ് നടപ്പിലാക്കുക

11. അംഗീകൃത അറവുശാലകളിൽ നിന്നു മാത്രമാണ് ഉൽപ്പന്നങ്ങൾ എത്തുന്നതെന്ന് ഉറപ്പുവരുത്തുക.

12. ആടുവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി പഞ്ചായത്തുതലത്തിൽ വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുക. അറവുശാലകൾക്കുള്ള മൃഗങ്ങളെ ഈ കേന്ദ്രം വഴി വിതരണം ചെയ്യുക.

13. ഇറച്ചിക്കോഴി, മുട്ടക്കോഴി, മുയൽ, പന്നി എന്നിവ വളർത്തുന്നതിന് വായ്പകളും, സബ്സിഡികളും നൽകി യുവജനങ്ങൾക്ക്, വിദഗ്ധരെക്കൊണ്ട് പരിശീലനം നൽകി പഞ്ചായത്തിൽ തൊഴിലവസരം സൃഷ്ടിക്കുക.

14. ഉടമസ്ഥനില്ലാത്ത നായ്കളെ നശിപ്പിക്കുക. വീട്ടുനായ്ക്കൾക്ക് ലൈസൻസ് നിർബന്ധമാക്കുക.

15. പശുക്കൾക്ക് വന്ധ്യതാ നിവാരണത്തിനുള്ള സൗകര്യം ഏർപ്പെടുത്തുക.

16. കർഷകർക്ക് സഹകരണാടിസ്ഥാനത്തിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുക.

17. പഞ്ചായത്തിലെ പുറമ്പോക്കുസ്ഥലങ്ങൾ മേച്ചിൽ സ്ഥലമാക്കി മാറ്റുക.


മത്സ്യകൃഷി.

നമ്മുടെ പഞ്ചായത്തിൽ വാണിജ്യാടിസ്ഥാനത്തിലുള്ള മത്സ്യകൃഷിയുള്ളതായറിവില്ല. പക്ഷെ പുഴകളിലും, കുളങ്ങളലും വെള്ളമുള്ള സമയങ്ങളിൽ മത്സ്യം പിടിച്ച് വിൽക്കുന്ന ധാരാളമാളുകളുണ്ട്.

ജലസംഭരണികളിൽ വെള്ളം കുറവുള്ളതു കൊണ്ടാണ് ഇവിടെ മത്സ്യകൃഷിക്കു പ്രാധാന്യം നൽകാതിരിക്കുന്നത്. ജനസേചനത്തിന്റെ പുതിയ സ്കീമുകളുണ്ടെ ങ്കിൽ ഇവിടെ മത്സ്യകൃഷിക്കു നല്ല സാധ്യത കാണുന്നു.

ചുരുങ്ങിയ കാലം കൊണ്ട് വളർച്ച പൂർത്തിയാകുന്ന നല്ലയിനം മീൻകുഞ്ഞുങ്ങളെ ജലം നിറച്ച കുളങ്ങളിൽ പഞ്ചായത്തു തലത്തിൽ മത്സ്യകൃഷി നടത്താവുന്നതാണ്.

ചെറുകിട കൃഷിക്കാർക്ക് ടാങ്കുകളിൽ മത്സ്യം വളർത്താനുള്ള പദ്ധതി പരീക്ഷിക്കാവുന്നതാണ്.



5.3 വ്യവസായം

വ്യാവസായികമായി വടകരപ്പതി പഞ്ചായത്തിന്റെ നില വളരെ പുറകിലാണ്. വരൾച്ചക്കെടുതിക്കൊപ്പം വ്യാവസായിക വരൾച്ചയും പഞ്ചായത്തിനെ ദരിദ്രമാക്കുന്നു. 1956ൽ നല്ലൂരിൽ പ്രവർത്തനം ആരംഭിച്ച കൊച്ചിൻ കെമിക്കൽസ് ആണ് പഞ്ചായത്തിലെ ആദ്യത്തെ വ്യവസായ സ്ഥാപനം. നിലക്കടലയിൽ നിന്നുള്ള വനസ്പതിയായിരുന്നു ഉൽപ്പന്നം. 24 മണിക്കൂറും പ്രവർത്തിച്ചിരുന്ന ഈ സ്ഥാപനത്തിൽ 45 തൊഴിലാളികൾ പണിയെടുത്തിരുന്നു.കടല ഉണക്കുന്നതിനും മറ്റുമായി താൽക്കാലിക വ്യവസ്ഥയിൽ സ്ത്രീകൾ ഉൾപ്പെടെ 10 പേർക്ക് തൊഴിൽ ലഭിച്ചിരുന്നു. വ്യാവസായികമായി ഇരുളടഞ്ഞു കിടന്ന ചിറ്റൂർ താലൂക്കിനു തന്നെ ആശാവഹമായ വൻ തുടക്കമായിരുന്നു കൊച്ചിൻ കെമിക്കൽസ്. കർഷകരുടേയും തൊഴിലാളികളുടേയും പ്രതീക്ഷക്ക് ഒന്നു കൂടി പിൻബലമേകിക്കൊണ്ട് വടകരപ്പതി - എലപ്പുള്ളി പഞ്ചായത്തുകളുടെ അതിർത്തിയിൽ 1965ൽ ചിറ്റൂർ സഹകരണ പഞ്ചസാര ഫാക്ടറി പ്രവർത്തനമാരംഭിച്ചു. ഉൽപ്പാദനം തുടങ്ങി 4 വർഷത്തിന് ശേഷം കൊച്ചിൻ കെമിക്കൽസ് അടച്ചു പൂട്ടി. ചരിത്ര താളുകളിലെ ഒരു കൈപ്പിഴയായി വടകരപ്പതി ഗ്രാമപഞ്ചായത്ത് ഓഫീസിനു സമീപം ഈ സ്ഥാപനം ഇന്ന് നിശ്ചലം നിലകൊള്ളുന്നു. വ്യാവസായിക മേഖലയിൽ മറ്റ് പൈതൃകങ്ങളൊന്നും വടകരപ്പതി പഞ്ചായത്തിനില്ല.

വ്യാവസായികാഭിവൃദ്ധിക്ക് പൊതുമേഖലയും സഹകരണ മേഖലയും വൻസംഭാവന നൽകുമ്പോൾ ഈ മേഖലയിൽ ഒരു വ്യവസായ സംരംഭവും ഇല്ല. സ്വകാര്യമേഖലയിൽ പോലും വൻകിട വ്യവസായ സ്ഥാപനങ്ങളില്ല. ആകെ ജനസംഖ്യയിൽ പകുതിയോളം വരുന്ന സ്ത്രീകൾക്ക് തൊഴിൽ ലഭ്യമാക്കാനുളള വ്യവസായ സ്ഥാപനങ്ങളില്ല. ആകെയുള്ള 12942 തൊഴിലാളികളിൽ 7856 പേർ സ്ത്രീ തൊഴിലാളികളാണ്.

ഖാദിബോർഡിനു കീഴിൽ ഒരു നൂൽ നൂൽപ്പു കേന്ദ്രം 1982ൽ എലിപ്പാറയിൽ പ്രവർത്തനമാരംഭിച്ചു. 30 സ്ത്രീകൾക്ക് തൊഴിൽ ലഭിച്ചിരുന്ന ഈ സ്ഥാപനം കഷ്ടിച്ച് ഒരു വർഷം മാത്രമാണ് പ്രവർത്തിച്ചത്. തൊഴിൽ ഭാരവും കുറഞ്ഞ കൂലിയും കാരണം തൊഴിലാളികൾ വരാതായതോടുകൂടി സ്ഥാപനം അടച്ചുപൂട്ടുകയാണുണ്ടായത്.

കാർഷീക പ്രാധാന്യമുളള പ്രദേശമായതിനാൽ വൻതോതിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന നാണ്യവിളകളേയും ഭക്ഷ്യവിളകളേയും അടിസ്ഥാനമാക്കി സ്വകാര്യമേഖലയിൽ ഏതാനും ചെറു സ്ഥാപനങ്ങൾ മാത്രമാണുള്ളത്. ഇതിനൊരപവാദമായിട്ടുള്ളത് അടുത്ത കാലത്തായി സ്വകാര്യമേഖലയിൽ സ്ഥാപിച്ച 4 ചന്ദനഫാക്ടറികളാണ്.

പട്ടിക - 1

വ്യവസായതൊഴിലാളികളെസംബന്ധിച്ച വിവരങ്ങൾ

ക്രമ നമ്പർ	വ്യവസായ തരം	തൊഴി-ലാളികൾ	%
1.	ചന്ദന ഫാക്ടറി	51	35.7
2.	മരം അറുപ്പ് മില്ല്	15	10.5
3.	റൈസ്സ് മിൽ	24	16.8
	റൈസ്സ് & ഫ്ളവർ മില്ല്	9	6.3
	റൈസ്സ്, ഫ്ളവർ & ഓയിൽ മില്ല്	13	9.0
4.	പ്ലാസ്റ്റിക്	10	7.0
5.	സോഡ	6	4.2
6.	മറ്റു വ്യവസായങ്ങൾ	15	10.5
		143	100

അവലംബം : പഞ്ചായത്ത് റജിസ്റ്റർ.

വ്യവസായ സ്ഥാപനങ്ങളുടെ എണ്ണത്തിനനുസരിച്ച് ആ മേഖലയിലെ തോഴിൽ ലഭ്യത വളരെ കുറവാണ്.

പഞ്ചായത്തിലെ ആകെ ജനസംഖ്യ - 23834
പുരുഷൻ- 11934
സ്ത്രീ- 11900
ആകെ തൊഴിലാളികൾ - 12942
ഇതിൽ പുരുഷൻ - 5086
സ്ത്രീ - 7856.
വ്യവസായത്തൊഴിലാളികൾ - 625.

പഞ്ചായത്തിലെ സ്ഥാപനങ്ങളിൽ തൊഴിലെടുക്കുന്നവർ 133. പുരുഷൻ - 96, സ്ത്രീകൾ - 37. പഞ്ചായത്തിന് പുറത്തു നിന്നും വന്ന് 10 പേർ (പുരുഷൻ) തൊഴിലെടുക്കുന്നു. പഞ്ചായത്തിന് പുറത്തുള്ള വ്യവസായ സ്ഥാപനങ്ങളിൽ പണിയെടുക്കുന്നവർ - 523. ചിറ്റൂർ സഹകരണ പഞ്ചസാര ഫാക്ടറി,മലബാർ സിമന്റ്സ്, കഞ്ചിക്കോട് വ്യവസായമേഖല, കോയമ്പത്തൂർ വ്യവസായ മേഖല എന്നിവിടങ്ങളിലാണ് അധികം പേരും തൊഴിലെടുക്കുന്നത്. തൊഴിലാളികളുടെ എണ്ണവും സ്ഥാപനവും(പട്ടിക 1)

പരമ്പരാഗത കുടിൽ വ്യവസായങ്ങളിൽ മുള ഉപയോഗിച്ചുള്ള കൂടനെയ്ത്ത്, മൺപാത്ര നിർമ്മാണം, കൈത്തറി, പുൽപ്പായനെയ്ത്ത്, പനംപായനെയ്ത്ത് എന്നിവയാണ്. ഇതിൽ പുൽപ്പായനെയ്ത്ത് പൂർണ്ണമായും ഇല്ലാതായി ആവശ്യാനുസരണം പുല്ല് ലഭിക്കാത്തതുകൊണ്ടാണ് ഈ തൊഴിൽമേഖല സ്തംഭിച്ചത്. പനയോലയും തെങ്ങോലയും ചേർത്തുള്ള പായനെയ്ത്ത് വ്യാപകമായുണ്ടായിരുന്നത് ഇന്ന് കുറഞ്ഞു വന്നിട്ടുണ്ട്. ആധുനിക രീതിയിലുള്ള പായകളുടെ വരവ് ഈ തൊഴിലിനെ പുറകിലാക്കാൻ കാരണമായി. പച്ചക്കറി ധാരാളം കൃഷിചെയ്യുന്നതുകൊണ്ട് കൂടനെയ്ത്ത് ഭാഗീകമായി നിലനിൽക്കുന്നു. ഈറ്റ ഉപയോഗിച്ചുള്ള കൂടകൾ വ്യാപകമായതോടെ ഇവിടത്തെ കൂട നിർമ്മാണരംഗവും തകർച്ചയിലാണ്. ഈറ്റ സംഭരിക്കുന്നതിനുള്ള സാധ്യതയില്ലാത്തതാണ് കാരണം. സ്റ്റീൽ, അലുമിനിയം, പാത്രങ്ങൾ വ്യപകമായതോടെ മൺപാത്ര നിർമ്മാണം കുറഞ്ഞുവന്നു. സ്വാദിഷ്ടമായ ആഹാരം പാകം മചയ്യാൻ മൺപാത്രം ഉത്തമമാണെന്ന് വിശ്വാസം വളർന്നുവരുന്നതും ആധുനീകരണവും ഈ തൊഴിലിന്റെ വളർച്ചക്ക് പ്രതീക്ഷ നൽകുന്നു.

പരമ്പരാഗത വ്യവസായ മേഖലയിൽ പ്രധാനമായും റൈസ്സ്മില്ലുകളാണ്. നെല്ല് പുഴുങ്ങി ഉണക്കി അരിയാക്കി വ്യാവസായീകാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന 3 മില്ലുകളുണ്ട്. ഇതിൽ ഒരെണ്ണം ആധുനീകവൽക്കരിക്കപ്പെട്ടതാണ്. സീസണലായി പ്രവർത്തിക്കുന്ന ഈ സ്ഥാപനങ്ങളിൽ ആകെ 24 പേർ പണിയെടുക്കുന്നു. പുരുഷൻ - 15, സ്ത്രീ - 9. സ്ഥാപനത്തിന്റെ എണ്ണം, തൊഴിലാളികളുടെ എണ്ണം, കൂലി, എന്നിവ പട്ടിക 2ൽ നെല്ല് അരിയാക്കൽ, ധാന്യം പൊടിക്കൽ, എന്നിവ കൂലിനിരക്കിൽ ചെയ്തുകൊടുക്കുന്ന 9 മില്ലുകളിലായി 9 പേർ പണിയെക്കുന്നു. സ്ത്രീ തൊഴിലാളികളില്ല. പ്രവർത്തിസമയം കൂടുതലാണങ്കിലും കൂലി കുറവാണ്. പട്ടിക - 2.

നെല്ല് അരിയാക്കൽ, ധാന്യം പൊടിക്കൽ നിലക്കടല സംസ്കരണം - ആട്ടൽ എന്നീ പ്രവർത്തികൾ ചെയ്യുന്ന 11 മില്ലുകളുണ്ട്. ഇതിൽ 9 പേർ പണിയെടുക്കുന്നു. സ്ത്രീകളില്ല. നിലക്കടല സംസ്കരണവും ആട്ടലും സീസൺ പ്രവർത്തികളായതിനാൽ ഒരു സ്ഥാപനത്തിൽ ഒരാൾക്ക് മാത്രം തൊഴിൽ ലഭ്യമാകുന്നുള്ളു. കൂലികുറവ്. പട്ടിക -2.

മരം അറപ്പുമില്ലുകൾ 5 എണ്ണം പ്രവർത്തിക്കുന്നു. പന, വേപ്പ്, മഞ്ഞപ്പാവട്ട തുടങ്ങിയ മരങ്ങൾ ധാരാളം ലഭിക്കുന്നതിനാൽ ഈ സ്ഥാപനങ്ങൾ നല്ലരീതിയിൽ പ്രവർത്തിക്കുന്നു.പന,

പട്ടിക -2

വ്യവസായിക യൂണിറ്റുകൾ സംബന്ധിച്ച വിവരങ്ങൾ

വ്യവസായ തരം	യൂണിറ്റുകളുടെ എണ്ണം	തൊഴിലാളികൾ			കൂലി	
		പുരുഷൻ	സ്ത്രീ	ആകെ	പുരുഷൻ	സ്ത്രീ
ചന്ദന ഫാക്ടറി	4	31	20	51	60	40
മരം അറപ്പ് മില്ല്	5	15	---	15	75	---
റൈസ് മില്ല്	3	15	9	24	60	40
റൈസ് ആന്റ് ഫ്ളവർ	9	9	---	9	60	---
റൈസ്,ഫ്ളവർ,ഓയിൽ, കടല സംസ്കരണം	11	13	---	13	60	---
പ്ലാസ്റ്റിക്	2	4	6	10	60	40
സോഡ	6	6	---	6	50	---
ലേത്ത് വർക്ക് ഷോപ്പ്	5	5	---	5	50	---
കാപ്പി	1	1	---	1	50	
ഫർണിച്ചർ	2	6	---	6	50	
ഹോളോ ബ്രിക്സ്	1	1	2	3	60	40
ആകെ	49	76	37	143		

അവലംബം : പഞ്ചായത്ത് റജിസ്റ്റർ

മേൽപ്പുരക്ക് വ്യാപകമായി ഉപയോഗിക്കുന്നു. മറ്റ് മേഖലകളെ അപേക്ഷിച്ച് കൂലിതരക്കേടില്ല. പട്ടിക -2.

ചന്ദനതൈലം വാറ്റിയെടുക്കുന്ന 4 ഫാക്ടറികൾ ഇവിടെ പ്രവർത്തിക്കുന്നു. അസംസ്കൃത പദാർത്ഥമായ ചന്ദനം പൂണ്ണമായും പുറം പ്രദേശങ്ങളിൽനിന്നും കൊണ്ടുവരുന്നു. തൊഴിലാളികളിൽ ഒരു വിഭാഗം പഞ്ചായത്തിന് പുറത്തുള്ളവരാണ് തൊഴിലാളികൾ. പട്ടിക - 2.

വരൾച്ചാ പ്രദേശമാണെങ്കിലും സോഡ നിർമ്മാണ യൂണിറ്റുകളുടെ എണ്ണത്തിൽ കുറവില്ല. സ്വയം തൊഴിൽ സംരംഭങ്ങളായി 6 യൂണിറ്റുകൾ പ്രവർത്തിക്കുന്നു. സീസണൽ സ്വഭാവ മാണെങ്കിലും നീണ്ട വരൾച്ച ഈ വ്യവസായത്തിന് തണലേകുന്നു. പട്ടിക - 2.

കാപ്പി, ഹോളോബ്രിക്സ് എന്നിവയുടെ ഓരോയൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഹോളോ ബ്രിക്സ് നിർമ്മാണത്തിന് വികസനസാധ്യത ഏറെയുണ്ട്.

ശാസ്ത്ര സാങ്കേതീക രംഗത്തെ വളർച്ചയിലൂടെ ആധുനിക വ്യവസായ മേഖല അതി വേഗത്തിൽ രാജ്യമാസകലം വികാസം പ്രാപിച്ച പ്പോൾ വടകരപ്പതി പഞ്ചായത്തിൽ ഇത്തരത്തിൽ പ്പെട്ട ഒരു വ്യവസായവും ഇന്നേവരെ ഉണ്ടായിട്ടില്ല. കോയമ്പത്തൂരും അടുത്തകാലത്തായി കഞ്ചിക്കോടും ആധുനീക വ്യവസായരംഗത്ത് വൻ കുതിച്ചു ചാട്ടം നടത്തിയപ്പോൾ അവിടത്തെ തൊഴിലാളികളായി ഇവിടേനിന്നുള്ളവർ ഒഴുകി പ്പോകുന്നതല്ലാതെ ഇവിടെ പുതിയ വ്യവസായ സംരംഭത്തിനുള്ള ഒരു പ്രചോദനവും ഉണ്ടായിട്ടില്ല.

ചെറിയ രണ്ട് പ്ളാസ്റ്റിക് യൂണിറ്റുകൾ സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്നു. ഒരു സ്ഥാപനത്തിൽ പ്ളാസ്റ്റിക് കവറും മറ്റേതിൽ വാഹനത്തിന്റെ ഹോണിനുള്ള ഭാഗവും ഉണ്ടാക്കുന്നു.

പ്രശ്നങ്ങൾ

കാർഷിക പ്രാധാന്യമുള്ള പഞ്ചായത്താണെങ്കിലും നല്ലൊരു വിഭാഗം തൊഴിലാളികൾ പഞ്ചായത്തിന് പുറത്തുള്ള വ്യവസായ ശാലകളിൽ പണിയെടുക്കുന്നു. വ്യവസായത്തിനാവശ്യമായ പരുത്തി, നിലക്കടല, തക്കാളി, മുളക്, മഞ്ഞൾ, നാളികേരം, സോയാ ബീൻസ്, പച്ചക്കറികൾ, വേപ്പ്, തുടങ്ങിയ അസംസ്കൃതപദാർത്ഥം ധാരാളം ലഭ്യമാണെങ്കിലും ഇവയെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങളില്ല.

വിസ്തൃതമായ ഭൂപ്രദേശം , ആവശ്യാനു സരണം അസംസ്കൃത പദാർത്ഥം അദ്ധ്വാന ശീലരായ ജനങ്ങൾ ഇവയൊക്കെ ഉണ്ടായിട്ടും വടകരപ്പതി പഞ്ചായത്തിലെ വ്യവസായ രംഗം നിരാശാജനകമായി തുടരുന്നു. ആകെ 12942 തൊഴിലാളികളിൽ പഞ്ചായത്തിലെ വ്യവസായ സ്ഥാപനങ്ങളിൽ പണിയെടുക്കുന്നവർ 133 പേർ മാത്രമാണ്. എല്ലാം കൊണ്ടും പിന്നോക്കം നിൽക്കുന്ന ഈ പഞ്ചായത്തിന്റെ വ്യവസായിക വളർച്ചക്ക് തടസ്സമായി നിൽക്കുന്ന വിവിധ ഘടകങ്ങൾ ഉണ്ട്.

1. കടുത്ത വരൾച്ച

2. വിപുലമായ കാർഷികോൽപ്പന്നം, ഉപയോഗപ്പെടുത്തി പൊതു മേഖലയിലോ സഹകരണ മേഖലയിലോ വ്യവസായങ്ങളില്ല.

3. പരമ്പരാഗത കുടിൽ വ്യവസായങ്ങളുടെ കറവ്.

4. ആധുനിക വ്യവസായത്തിന്റെ അഭാവം

5. വ്യവസായീക മേഖലയെ കുറിച്ചുള്ള അജ്ഞത വ്യവസായങ്ങൾ തുടങ്ങുന്നതിന് ലഭ്യമാക്കുന്ന നിരവധിപദ്ധതികൾ ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല.

6. സാങ്കേതിക പരിജ്ഞാന കുറവ് , നിരക്ഷരത

7. വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള വിമുഖത

8. വനിതാ വ്യവസായ സ്ഥാപനങ്ങളുടെ അഭാവം

നിർദ്ദേശങ്ങൾ : കാർഷിക ഉൽപ്പന്നങ്ങൾ ഉപയോഗിച്ച് താഴെ കാണുന്ന വ്യവസായങ്ങൾ നടത്തുന്നതിനുള്ള അസംസ്കൃത പദാർത്ഥങ്ങൾ ഇവിടെ ലഭ്യമാണ്.

1. പരുത്തി - ജിന്നിംഗ്, സ്പിന്നിംഗ്, വീവിംഗ് - ഫാക്ടറികൾ

2.കൈത്തറി - എലിപ്പാറയിലെ ഖാദി വ്യവസായ കേന്ദ്രം പുനരുജ്ജീവിപ്പിക്കുക

3.തക്കാളി ഉപയോഗിച്ച് ജ്യൂസ്, ജാം, പൗഡർ(ശാസ്ത്ര സാങ്കേതിക വിദ്യയുടെ സഹായത്തോടെ)

4.മാങ്ങ - (ശാസ്ത്ര സാങ്കേതിക വിദ്യയുടെ സഹായത്തോടെ)

5.മുളക്,മഞ്ഞൾ - സംഭരിച്ച് പൊടിച്ച് പാക്കറ്റാക്കിയുള്ള വിപണനം. മസാലപ്പൊടി നിർമ്മാണം

6.നാളികേരം - പൗഡർ,എണ്ണ,കൂൾഡ്രിംഗ്സ് കളള് മണാ കളഞ്ഞുള്ള ഡ്രിംഗ്സ് ഇവയുടെ ഭക്ഷ്യപദാർത്ഥ നിർമ്മാണ ശാല.

7.ചിരട്ട ഉപയോഗിച്ച് കരകൗശല വസ്തു നിർമ്മാണം

8.തേങ്ങാ ചകിരി ഉപയോഗിച്ച് കയർ നിർമ്മാണ ഫാക്ടറി , ചവിട്ടി നിർമ്മാണം

9.ബ്രഷ് നിർമ്മാണം-പനയുടെ ചകിരി ഉപയോഗിച്ച്

10 പായ നെയ്ത്ത് - പനം പട്ട

11.മേൽപ്പുര നിർമ്മാണത്തിന് പന സംസ്കരണം
12 പുല്ലി സംസ്കരണം

13.പപ്പായിയിൽ നിന്നും പാൽ ശേഖരിക്കൽ വിവിധ ഭക്ഷ്യ പദാർത്ഥങ്ങൾ

14.പാൽപ്പൊടി നിർമ്മാണം,വിവിധ ഭക്ഷ്യ പദാർത്ഥങ്ങൾ,ഡ്രിക്സ്

15.ഭസായബീൻസ് സംസ്കരണ ഫാക്ടറി

16.നിലക്കടല,വെല്ലം,നാളികേരം എന്നിവ ഉപയോഗിച്ച് വിവിധതരം മിഠായികൾ

17.കാലിതീറ്റ നിർമ്മാണം - മൊളാസസ്സ്, പുളിങ്കുരു തവിട്,ധാന്യങ്ങളുടെ തൊലി,ചോളം എന്നിവ ഉപയോഗിച്ച്.

18.കീടനാശിനി - വേപ്പിൻ കുരു,ഇല എന്നിവയിൽ നിന്ന് ആവശ്യമായ ടെക്നോളജിയുടെ സഹായത്തോടെ കീടനാശിനി നിർമ്മാണം

19.ജൈവവളം -പ്രസ്സ്മഡ്,പാഴ്ച്ചെടികൾ,പച്ചക്കറി വെയ്സ്റ്റ്,ചാണകം എന്നിവ ഉപയോഗിച്ച് ശാസ്ത്ര സാങ്കേതിക സഹായത്തോടെജൈവവളം നിർമ്മിക്കൽ.

20.ഗാർമെന്റസ് - ബ്രേസിയർ, അണ്ടർസ്കർട്ട്, ബനിയൻ

21.തീപ്പെട്ടി നിർമ്മാണം,ചന്ദനത്തിരി, മെഴുകുതിരി,പ്ലാസ്റ്റിക് കൂട നെയ്ത്ത്

22.പപ്പട നിർമ്മാണം

23.മുള,ഈറ്റ എന്നിവ കൊണ്ടുള്ള കൂട,വീട്ടു പകരണങ്ങൾ നിർമ്മാണം

24.മൺപാത്ര നിർമ്മാണം-പാത്രങ്ങൾ,പൂച്ചെട്ടികൾ,പൂപാത്രങ്ങൾ

25.എൻജിനീയറിംഗ്,ടെക്സ്റ്റയിൽ മില്ലുകളിലേക്കുള്ള സെപയർ പാർട്ട്സ് നിർമ്മാണം

26.പ്ലാസ്റ്റിക് പാത്ര നിർമ്മാണം

27.അലുമിനിയ പാത്ര നിർമ്മാണം

28.ഫ്ളവർ പെർഫ്യൂം നിർമ്മാണം

29.കൊണ്ടാട്ടം യൂണിറ്റ്(പയറ്,വെണ്ട,പാവക്ക,മുളക്,കൊത്തവര)

30.ഉപയോഗിച്ച് വരുന്ന കാർഷികോപകരണങ്ങളുടെ കാര്യക്ഷമതയെ കുറിച്ച് പഠനം.

സാധ്യത: വ്യവസായിക വിജ്ഞാനം ഉണ്ടാക്കിയെടുക്കാനും വകുപ്പുകളിൽ നിന്നുള്ള സാമ്പത്തിക സഹായം ഉപയോഗപ്പെടുത്താനും പഞ്ചായത്ത് തലത്തിൽ വർഷത്തിൽ ഒരിക്കൽ സെമിനാർ നടത്തുക.

31.മിനി വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുക.

കാർഷികോല്പന്നങ്ങൾക്ക് പ്രാമുഖ്യം നൽകി കൊണ്ടുള്ള സമഗ്ര വ്യവസായികാസൂത്രണം വടകരപ്പതി പഞ്ചായത്തിലെ തൊഴിലില്ലായ്മക്ക് പരിഹാരം കാണാനും പിന്നോക്കാവസ്ഥ മാറ്റിയെടുക്കാനും ഇടയാക്കും.

32.പച്ചമരുന്നുകൾ ധാരാളം ലഭിക്കുന്നതിനാൽ ആയുർവേദ ഔഷധ നിർമ്മാണ ശാല സ്ഥാപിക്കുക.

കാർഷികോൽപ്പന്നങ്ങൾ പട്ടിക - 3

ഇനം	കൃഷിസ്ഥലം ഹെക്ടർ	വിളവ് / ഹെക്ടർ	ആകെ വിളവ്
നിലക്കടല (2 ഘട്ടം)	825	1250 Kg	1031.25 ടൺ
പരുത്തി	150	130 Kg	243.75 ടൺ
തെങ്ങ്	294	125 എണ്ണം	36750 എണ്ണം
സോയാബീൻസ് (2 ഘട്ടം)	850	875 Kg	743.75 ടൺ
മഞ്ഞൾ	30	3.75 ടൺ	112.5 ടൺ
മരച്ചീനി	15	20 ടൺ	300 ടൺ

അവലംബം : കൃഷി ഭവൻ റജിസ്റ്റാർ

5.4 വിദ്യാഭ്യാസം

കേരളത്തിന്റെ നെല്ലറയായ പാലക്കാട് ജില്ലയുടെ കിഴക്കു ഭാഗത്ത് തമിഴ്നാടിന്റെ അതിർത്തിയിൽ മഴ വളരെ കുറച്ചുമാത്രം ലഭിക്കുന്ന പ്രദേശമാണ് വടകരപ്പതി പഞ്ചായത്ത്. കടുത്ത വരൾച്ച വിദ്യാഭ്യാസ രംഗത്തും നിഴലിക്കുന്നു. ഈ പ്രദേശം വിദ്യാഭ്യാസ രംഗത്ത് വളരെ പിന്നിലാണ്.

വിദ്യാഭ്യാസ രംഗത്ത് ചില പ്രചോദനങ്ങൾ ഉണ്ടായിട്ടുണ്ട്. ഇന്നത്തെ കോഴിപ്പാറ ഹൈസ്കൂൾ 1913 ൽ ഒരു പ്രാഥമിക വിദ്യാലയമായി തുടങ്ങി. സൊരപ്പാറ പള്ളിയിലെ ഫാദർ ആയിരുന്ന റവ: ഫാദർ ശൗരീനാഥൻ അവർകളുടെ ശ്രമ ഫലമായി ഈ വിദ്യാലയം രൂപമെടുത്തു. ഈ വിദ്യാലയത്തിൽ ഒന്നാം തരത്തിൽ ഉള്ള യോഗ്യതാ ക്ലാസ്സ് എന്ന നിലയ്ക്ക് 1/2 ക്ലാസ്സും പ്രവർത്തിച്ചുവന്നു. പിന്നീട് ഈ വിദ്യാലയം ഗവൺമെന്റ് ഏറ്റെടുക്കുകയും 1942ൽ യു.പി. യായും 1957 ൽ എച്ച്.എസ്സ്.ആയും ഉയർത്തുകയും ചെയ്തു.

ഇന്ന് ഈ പഞ്ചായത്തിൽ എട്ട് വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നു. 4 എണ്ണം സർക്കാർ മേഖലയിലും 4 എണ്ണം പ്രൈവറ്റ് എയ്ഡഡ് മേഖലയിലും.

<u>വിദ്യാലയങ്ങളിലൂടെ ഒരെത്തിനോട്ടം</u> :

1913ൽ ആരംഭിച്ച ജി.എച്ച്.എസ്. കോഴിപ്പാറയും, 1951ൽ എൽ. പി ആയി തുടങ്ങി, യു.പി ആക്കിയ ജി.യു.പി.എസ്. മേനോൻപാറയും, 1951ൽ തുടങ്ങിയ ജി.എൽ.പി.എസ്. കളളിയമ്പാറയും, 1960ൽ കോഴിപ്പാറ ജി.എച്ച്.എസ്. ൽ നിന്നും വേർപ്പെടുത്തി റോഡിന് കിഴക്ക് ഭാഗത്തേക്ക് മാറ്റിയ ജി.എൽ.പി.എസ്. കോഴിപ്പാറയുമാണ് സർക്കാർ മേഖലയിലുള്ളവ.

ഏതാണ്ട് 80 വർഷത്തോളം പഴക്കമുള്ള സി.എൽ.വി.എ.എൽ.പി.എസ്സ് ഒഴലപ്പതിയും, 1942ൽ എൽ.പി. യായി തുടങ്ങി 1957ൽ യു.പി.യായും 1985ൽ എച്ച്.എസ്സ്. ആയും ഉയർത്തിയ സെന്റ് ഫ്രാൻസിസ് സേവിയേഴ്സ് ഹൈസ്ക്കൂൾ പരിശക്കല്ലും, 1962ൽ തുടങ്ങിയ എ.എൽ.പി.എസ്സ്. ആയാട്ടമ്പതിയും, 1967ൽ തുടങ്ങിയ സി.കെ.എ.എൽ.പി.എസ്സ് ചുണ്ണാമ്പുക്കൽത്തോടുമാണ് എയ്ഡഡ് മേഖലയിലെ വിദ്യാലയങ്ങൾ.

എയ്ഡഡ് മേഖലയിലെ വിദ്യാലയങ്ങളിലൊന്നിലും മലയാളം മീഡിയം ഇല്ലാത്തത് എടുത്തു പറയേണ്ടതാണ്.

ജി. എച്ച്.എസ്സ് കോഴിപ്പാറക്ക് സ്ഥലം നൽകിയ മേട്ടുപ്പെട്ടി ശ്രീ. അർബുദസ്വാമി അവർകളേയും, ജി.എൽ.പി.എസ്സ് കോഴിപ്പാറക്ക് സ്ഥലം നൽകിയ പാറൈക്കാരൻ വീട്ടിൽ ദ്വാരസ്വാമി അവർകളേയും, ജി.യു.പി.എസ്സ് മേനോൻപാറക്ക് സ്ഥലം നൽകിയ മാരിയപ്പപിള്ള അവർകളേയും, ജി.എൽ.പി.എസ്സ്. കള്ളിയമ്പാറക്ക് സ്ഥലം നൽകിയ കൃഷ്ണൻ അവർകളേയും അനുസ്മരിക്കുന്നു.

ഈ പഞ്ചായത്തിൽ 23834 ജനസംഖ്യയിൽ 4223 ഓളം വരുന്ന വിദ്യാർത്ഥികൾ മേൽപറഞ്ഞ 8 വിദ്യാലയങ്ങളിലായി പഠനം നടത്തുന്നു. അധ്യാപകരുടെ എണ്ണം 132.

പട്ടിക 1

ക്രമ നമ്പർ	വിദ്യാലയത്തിന്റെ പേര്	മാനേജ്മെന്റ്	വിദ്യാർത്ഥികൾ					അധ്യാപകർ					
			തമിഴ്	മലയാളം	ആൺ	പെൺ	ആകെ	തമിഴ്	മലയാളം	മറ്റുള്ളവർ	പു	സ്ത്രീ	ആകെ
1	CLV ALPS ഒഴലപ്പതി LP	Aided	194	-	102	92	194	6	-	-	4	2	6
2	ALPS ആട്ടയാമ്പതി LP	Aided	72	-	40	32	72	4	-	-	2	2	4
3	CK ALPS ചുണ്ണാമ്പുക്കൽ തോട് LP	Aided	218	-	122	96	218	5	-	-	0	5	5
4	GLPS കോഴിപ്പാറ LP	Govt.	248	112	181	179	360	7	4	-	4	7	11
5	GLPS കള്ളിയമ്പാറ LP	Govt.	70	75	79	66	145	4	4	-	3	5	8
6	GUPS മേനോൻപാറ UP	Govt	184	359	270	273	543	7	8	1	7	9	16
7	GHS കോഴിപ്പാറ HS	Govt	1019	492	795	716	1511	28	14	7	14	35	49
8	STF.X.H.S പരിശുക്കൽ HS	Aided	1180	-	636	544	1180	33	-	-	2	31	33
			3185	1038	2225	1998	4223	94	30	8	36	96	132

പട്ടിക - 2 എൽ.പി., യു.പി., എച്ച്.എസ്സ്. പെൺകുട്ടികളുടെ വിവരം

ആകെ വിദ്യാർത്ഥികൾ	എൽ.പി.			യു.പി.			എച്ച്. എസ്സ്.		
	ആൺ	പെൺ	%	ആൺ	പെൺ	%	ആൺ	പെൺ	%
4223	914	797	46.5	808	1162	58.9	490	481	49.8
					ആകെ			51.7%	

പട്ടിക - 3 പട്ടിക ജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്

ആകെ വിദ്യാർത്ഥികൾ	എൽ.പി.			യു.പി.			എച്ച്. എസ്സ്.		
	ആകെ	SC/ST	%	ആകെ	SC/ST	%	ആകെ	SC/ST	%
1711	1282	208	12.15	1970	142	7.2	971	87	8.95
					ആകെ	9.43%			

വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെക്കുറിച്ചുള്ള അറിവില്ലായ്മയും സാമ്പത്തിക പരാധീനതയും കുട്ടികളെ കൊഴിഞ്ഞുപോകാൻ പ്രേരിപ്പിക്കുന്നു. കൊഴിഞ്ഞുപോയവരുടെ വിവരം പട്ടിക-4 ൽ കൊടുത്തിരിക്കുന്നു.

SC/ST			മറ്റുള്ളവർ		
ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
13	3	16	83	48	131
				ആകെ	147

സർക്കാർ മേഖലയിലുള്ള അധ്യാപകർ മൊത്തം അധ്യാപകരിൽ 63.64%ഉം വിദ്യാർത്ഥികൾ 60.59% ഉം ആകുന്നു. ഇതിൽനിന്നും ഈ പ്രദേശത്തിലെ കൂടുതൽ ആളുകളും തങ്ങളുടെ കുട്ടികളെ സർക്കാർ വിദ്യാലയങ്ങളിൽ ചേർത്തു പഠിപ്പിക്കുവാൻ സന്നദ്ധരാണെന്ന് കാണുന്നു. സർക്കാർ സ്കൂളുകളിൽ കുട്ടികളുടെ എണ്ണത്തിൽ കാര്യമായ കുറവുകൾ കാണുന്നില്ല. എന്നാൽ ജി.എൽ.പി.എസ്സ്കളിയമ്പാറയിലും ജി.എച്ച്.എസ്സ് കോഴിപ്പാറയിലും കുട്ടികളുടെ എണ്ണത്തിൽ കുറവു കണ്ടു തുടങ്ങിയിട്ടുണ്ട്.

പൊതു വിദ്യാലയങ്ങളിലല്ലാതെ ഈ പഞ്ചായത്തിനു പുറത്തുള്ള ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിലേക്ക് പോകുന്ന ഏതാണ്ട് നൂറോളം കുട്ടികളുണ്ട്. ഇടത്തരക്കാരായ ആളുകൾക്ക് ഗവൺമെന്റ് സ്കൂളുകളേയും മലയാളം, തമിഴ് മീഡിയങ്ങളേയും പറ്റിയുള്ള തെറ്റായ ധാരണയും ഇംഗ്ലീഷ് വിദ്യാഭ്യാസത്തോടുള്ള അമിതമായ വാഞ്ചയുടേയും ഭാഗമാണിത്.

നാലു നേഴ്സറി സ്ഥാപനങ്ങൾ ഇവിടെ പ്രവർത്തിക്കുന്നു. ഇതിൽ മൂന്നും ഇംഗ്ലീഷ് മീഡിയമാണ്. ഒന്നു മാത്രം മലയാളം/തമിഴ് മീഡിയവും. ഏതാണ്ട് 125ഓളം കുട്ടികൾ ഈ സ്കൂളുകളിലായി പഠിക്കുന്നുണ്ട്. 23834 ജന സംഖ്യയുള്ള ഈ പഞ്ചായത്തിൽ 22 അംഗൻ വാടികൾ ഒരു വിധം നന്നായി പ്രവർത്തിക്കുന്നു. പുതിയതായി നാലെണ്ണം കൂടി നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. അംഗൻ വാടികളിൽ 9 എണ്ണം സ്വന്തമായി കെട്ടിടം ഉള്ളവയും 13 എണ്ണം സ്വന്തം കെട്ടിടം ഇല്ലാത്തവയും, ആണ്. ഈ പഞ്ചായത്തിൽ സാങ്കേതിക വിദ്യാഭ്യസ സ്ഥാപനങ്ങളോ ഉപരി പഠനത്തിനുള്ള കോളേജുകളോ ഒന്നും തന്നെ ഇല്ല. ഉപരി പഠനത്തിനും സാങ്കേതിക പഠനത്തിനും വേണ്ടി ചിറ്റൂർ,പാലക്കാട് എന്നീ സ്ഥലങ്ങളേയും കൂടാതെ തൊട്ടടുത്ത തമിഴ്നാടിനേയും ആണ് ആശ്രയിക്കുന്നത്. പരിശക്കല്ലിൽ തമിഴ്നാടു സിലബസ്സിൽ പ്ലസ്സ് വൺ,പ്ലസ്സ്ടു പഠിപ്പിക്കുന്ന ഒരു സ്വകാര്യ സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. ഇവിടെ ഏതാണ്ട് എൻപതോളം കുട്ടികൾ പഠിക്കുന്നു. എലിപ്പാറയിൽ ബിഷപ്പ് അംബ്രോസ് ആർട്സ് കോളേജ് എന്ന പേരിൽ ഒരു പാരലൽ കോളേജും പ്രവർത്തിക്കുന്നുണ്ട്. പൊളിപ്പാറയിൽ ഐ.ടി.ഐ തുടങ്ങുന്നതിനുവേണ്ടി കെട്ടിടം പണി പൂർത്തിയായി വരുന്നു.

പഞ്ചായത്തിൽ ജി.എച്ച്.എസ്സ്. കോഴിപ്പാറ, St. F. X. H. S പരിശക്കൽ എന്നീ രണ്ടു ഹൈസ്കൂളുകളാണ് ഉള്ളത്. ഒരോ വർഷവും ഏതാണ്ട് 110 കുട്ടികൾ വീതം പത്താമ ക്ലാസിൽ നിന്നും വിജയിക്കുന്നു. എന്നാൽ പൊതുവേ മാർക്ക് കുറവായതിനാൽ പലരും കൊഴിഞ്ഞാമ്പാറയിലെ വിവിധ പാരലൽ കോളേജുകളെ ശരണം പ്രാപിക്കുന്നു. ഈ പാരലൽ കോളേജുകളിലൊന്നിലും ബിരുദ,ബിരുദാനന്തര കോഴ്സുകളില്ല എന്നത് ശ്രദ്ധേയമാണ്.

പട്ടിക - 5

ഗവൺമെന്റ് സ്കൂളുകളിലെ അധ്യാപകരുടേയും വിദ്യാർത്ഥികളുടേയും കണക്ക്

ആകെ അധ്യാപകർ	ഗവ: അധ്യാപകർ	ഗവ: അധ്യാപകരുടെ %	ആകെ വിദ്യാർത്ഥികൾ	ഗവഃ സ്കൂളിലെ വിദ്യാർത്ഥികൾ	ഗവഃ വിദ്യാർത്ഥികളുടെ %
132	84	63.64	4223	2559	60.59

ജനസംഖ്യയിൽ 12% SC /ST യിൽ പെടുന്നു. പട്ടിക - 6. അവരുടെ വിദ്യാഭ്യാസ നിലവാരം വളരെ താഴ്ന്നതാണ്. ഇതിനു കാരണം ജീവിത നിലവാര ക്കുറവും കുട്ടികൾക്ക് താമസിച്ചു പഠിക്കാൻ ഒരു സ്ഥാപനമില്ലാത്തതുമാണ്.

ഈ പഞ്ചായത്തിലെ 43.6% ആളുകൾ നിരക്ഷരരാണ് എന്ന വസ്തുത ആരെയും ചിന്തിപ്പിക്കുന്നതാണ്. സാക്ഷരതാ പ്രവർത്തനം ഈ പ്രദേശത്തിൽ വേണ്ടവിധം ഗുണം ചെയ്തില്ല എന്നു മനസ്സിലാക്കാം. മലയാളം സാക്ഷരതാ പ്രവർത്തകരെ പ്പോലെ തമിഴ് സാക്ഷരതാ പ്രവർത്തകരെ വേണ്ടവിധത്തിൽ അംഗീകരിച്ചിട്ടില്ലാ എന്ന് ഗ്രാമ സഭാ റിപ്പോർട്ടിൽ പറയുന്നു. പട്ടിക - 7

വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ ചില ഒറ്റപ്പെട്ട പ്രവർത്തനങ്ങളും ഉണ്ടായിട്ടുണ്ട്. 1996 ഏപ്രിൽ-മെയ് മാസങ്ങളിൽ ഗവ:യു.പി. സ്കൂൾ മേനോൻപാറയിൽ അക്ഷരം അറിയാത്ത കുട്ടികളെ കണ്ടു പിടിച്ച് അവിടത്തെ അധ്യാപകരും സമീപത്തുള്ള വിദ്യാഭ്യാസ തൽപരരും ചേർന്ന് അക്ഷരം പഠിപ്പിക്കുകയുണ്ടായി. ഈ പ്രവർത്തനം വളരെ പ്രയോജനം ചെയ്തതായി അറിയാൻ കഴിഞ്ഞു. ജി,എച്ച്.എസ്. കോഴിപ്പാറയുടെ കീഴിൽ കോംപ്ലെക്സ് രൂപീകരിക്കുകയുണ്ടായെങ്കിലും ജനകീയ പങ്കാളിത്തമോ വ്യക്തമായ ധാരണയോ ഇല്ലാത്തതിനാൽ ഫലപ്രദമായില്ല

11 വാരഡുകളിലെ ഗ്രാമസഭാ റിപ്പോർട്ടുകളിൽ നിന്നും പ്രാഥമിക ദ്വിതീയ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. അക്കാദമിക നിലവാരം , ഭൗതീക സാഹചര്യങ്ങളുടെ കുറവ്, ലാബ്, ലൈബ്രറി എന്നിവയുടെ ശരിയായ പ്രവർത്തനമില്ലായ്മ , കുട്ടികളുടെ, അക്ഷര, അക്ക ബോധമില്ലായ്മ , അധ്യപകരുടെ ആത്മാർത്ഥതയില്ലായ്മ, പുതിയ ബോധന രീതി സ്വീകരിക്കാത്തത് , ബോധനോപകരണങ്ങൾ ഉപയോഗിക്കാത്തത് പാഠ പുസ്തകങ്ങളുടെ കാല താമസം , സർക്കാർ സ്കൂളുകളിലെ അധ്യാപകരെ നിയമിക്കുന്നതിലെ കാലതാമസം, അക്കാദമിക വർഷത്തിനിടക്കുള്ള അധ്യാപകരുടെ സ്ഥല മാറ്റം , വിദ്യാർത്ഥികളുടെ അച്ചടക്കമില്ലായ്മ, അധ്യാപക വിദ്യാർത്ഥി അനുപാത കൂടുതൽ, അധ്യാപക രക്ഷാകർത്തൃ സമിതിയുടെ ശരിയായ പ്രവർത്തനമില്ലായ്മ, ഉച്ചകഞ്ഞി വതരണം, പുതിയ സ്കൂളുകളുടെ ആവശ്യകത , തമിഴ് മാത്രമുള്ള വിദ്യാലയങ്ങളിൽ മലയാളം മീഡിയം കൂടി തുടങ്ങൽ , +2,ഐ.ടി.ഐ. എന്നീ സ്ഥാപനങ്ങളില്ലായ്മ , അധ്യാപകരുടെ പുനഃ പരിശീലനം പാഠ്യേതര പ്രവർത്തനങ്ങൾ എന്നിങ്ങനെ വിവിധ പ്രശനങ്ങളെ പറ്റി ചർച്ച നടന്നു.

പട്ടിക 6

	SC				ST			
ആകെ ജനസംഖ്യ	പുരുഷൻ	സ്ത്രീ	ആകെ	%	പുരുഷൻ	സ്ത്രീ	ആകെ	%
23834	1087	1112	2199	9.22	335	327	662	2.77

പട്ടിക 7

നം:	വില്ലേജുകൾ	വീടുകൾ	ജനസംഖ്യ	പുരുഷൻ	സ്ത്രീ	സാക്ഷരർ	
						പുരുഷൻ	സ്ത്രീ
1	വടകരപ്പതി	2042	10369	5115	5254	3476	2780
2	എരവെട്ടപ്പതി	993	4693	2487	2206	1679	1175
3.	തേനാംപതി	713	3356	1668	1688	1178	953
4.	ഒഴലപ്പതി	885	4078	2057	2021	1203	769
5.	ആട്ടേമ്പതി	296	1338	687	661	422	293
	ആകെ	4929	23834	12014	11820	7958	5970

(1991 സെൻസസ്)

അക്കാദമിക സൗകര്യങ്ങളുടെ പരിമിതി വെളിപ്പെടുത്തുന്ന വസ്തുതാ പട്ടിക - 8 ൽ കൊടുത്തിരിക്കുന്നു.

പട്ടിക - 8

	ഗ്രന്ഥശാല	ശാസ്ത്രപരീക്ഷണശാല	ഗണിതശാസ്ത്രപരീക്ഷണശാല	പ്രവൃത്തിപരിചയപരീക്ഷണശാല	കമ്പ്യൂട്ടർ	ടി.വി.	സിനിമാപ്രദർശനസൗകര്യം	കുടിവെള്ളസൗകര്യം	സ്വന്തമായ കെട്ടിടം	ടോയ്‌ലറ്റ് സൗകര്യം	എ.ടി.പി. സ്കൂൾ?
ഉള്ളത്	5	1	5	1	5	3	7	0	0	1	20	3	1
ഇല്ലാത്തത്	3	-	3	-	3	5	1	8	8	7	-	5	7

ലൈബ്രറി, ലാബറട്ടറി , സയൻസ് കിറ്റ് എന്നിവ വേണ്ട വിധത്തിൽ ഉപയോഗിക്കപ്പെടുന്നില്ല. അധ്യാപകർക്ക് ഇതിനെപറ്റിയുള്ള ധാരണക്കുറവും, ജനകീയ ഇടപെടലുകളുടെ കുറവുമാണ് കാരണം. പി.ടി.എ ശരിക്കു നടക്കുന്നിടത്ത് ഇവ ഒരുവിധം ഉപയോഗിക്കപ്പെടുന്നു.

ക്ലാസ്സ് മുറികൾ ആവശ്യത്തിനില്ലാത്ത വിദ്യാലയവും (ജി.എച്ച്.എസ്. കോഴിപ്പാറ) ഈ പഞ്ചായത്തിലുണ്ട്. ഓല ഷെഡിലും അധ്യയനം നടത്തുന്ന രണ്ടു വിദ്യാലയങ്ങളും (ജി.എച്ച്.എസ്. കോഴിപ്പാറ , ജി.യു.പി..എസ്. മേനോൻപാറ) ഉണ്ട്. ഇവ വിദ്യാഭ്യാസ പുരോഗതിക്ക് തടസ്സം നിൽക്കുന്ന ഘടകങ്ങൾ ആണ്.

പഞ്ചായത്തിലെ വിദ്യാലയങ്ങളുടെ ഭൗതീക സൗകര്യങ്ങൾ പട്ടിക - 9ൽ കൊടുക്കുന്നു.

പട്ടിക - 9 ഭൗതീക സാഹചര്യങ്ങൾ

	വിദ്യാലയത്തിന്റെ പേര്	ആകെ വിദ്യാർത്ഥികൾ	ആകെ അധ്യാപകർ	മൂത്രപ്പുര	കക്കൂസ്	കുടിവെള്ളം	വൈദ്യുതി
1.	CLVALPS ഒഴലപ്പതി	194	6	ഇല്ല	ഇല്ല	ഇല്ല	ഇല്ല
2	ALPSആട്ടേമ്പതി	72	4	ഇല്ല	ഇല്ല	ഇല്ല	ഇല്ല
3	CKALPSചുള്ളാമ്പുകൽത്തോട്	218	5	2	2	പൈപ്പ്	ഉണ്ട്
4	GLPS കോഴിപ്പാറ	360	11	1	2	ഇല്ല	ഉണ്ട്
5	GLPS കള്ളിയമ്പാറ	145	8	1	ഇല്ല	പൈപ്പ്	ഇല്ല
6	GUPS മേനോൻപ്പാറ	543	16	2	1	പൈപ്പ്	ഉണ്ട്
7	GHS കോഴിപ്പാറ	1511	49	2	2	പൈപ്പ്	ഉണ്ട്
8	St. F.X.H.Sപരിശക്കൽ	1180	33	2	5	കിണർ ,പൈപ്പ്	ഉണ്ട്

മൂത്രപ്പുര ഇല്ലാത്ത രണ്ടും, കക്കൂസില്ലാത്ത മൂന്നും, കുടിവെള്ളമില്ലാത്ത നാലും വൈദ്യുതി ഇല്ലാത്ത മൂന്നും വിദ്യാലയങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ട്. ശരാശരി 432 കുട്ടികൾക്ക് ഒരു മൂത്രപ്പുരയും 360 കുട്ടികൾക്ക് ഒരു കക്കൂസുമാണ് ഉപയോഗിക്കുന്നത്.

പല രംഗങ്ങളിലും പിന്നോക്കം നിൽക്കുന്ന ഈ പഞ്ചായത്ത് വിദ്യാഭ്യാസ നിലവാരത്തിലും വളരെ പിന്നിലാണ്. എസ്.എസ്.എൽ.സി വിജയ ശതമാനം അത് ചൂണ്ടിക്കാണിക്കുന്നു.

പട്ടിക - 10

വിദ്യാലയത്തിന്റെ പേര്	91-92	92-93	93-94	94-95	95-96
1 .G.H.S കോഴിപ്പാറ	26	27	28	31	26
2. St. F.X.H.S പരിശക്കൽ	87	97	96	93	80

10ാം തരത്തിൽ പാദ വർഷ പരീക്ഷയിൽ 60% ന് മേൽ മാർക്കു വാങ്ങുന്നവർ വെറും 3.5% ശതമാനം മാത്രം.

പട്ടിക - 11

ക്ലാസ്സുകൾ	30% താഴെ	30% - 40%	40% - 50%	50% - 60%	60% മുകളിൽ
3	87	93	102	56	75
4	94	95	85	58	72
5	192	118	96	38	82
6	233	136	82	42	32
7	253	134	78	42	32
8	191	65	51	38	24
9	196	63	40	23	23
10	131	57	34	26	9

ഈ പഞ്ചായത്തിലെ രണ്ട് എച്ച്.എസ് കളിലും സംഘടനാ അടിസ്ഥാനത്തിലല്ല സ്ക്കൂൾ പാർലമെന്റു തെരെഞ്ഞടുപ്പു് നടക്കുന്നത്. പാഠ പുസ്തകങ്ങളൊഴികെ മറ്റു പുസ്തകങ്ങൾ വായിക്കുന്നതിൽ കുട്ടികൾ വളരെ വിമുഖത കാണിക്കുന്നു. എന്നാലും ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ മാസികയായ യുറീക്ക 30 കോപ്പീകൾ പ്രതിമാസം വിറ്റഴിക്കപ്പെടുന്നു. മാലയാളത്തിൽ മാത്രമുള്ള ഈ മാസിക തൽപരരായ തമിഴ് മീഡിയം അധ്യാപകർ കുട്ടികൾക്ക് പരിചയപ്പെടുത്തി കൊടുക്കാറുള്ളത് ഇവിടെ എടുത്തു കാട്ടുന്നതിൽ സന്തോഷമുണ്ട്. കൂടാതെ വിജ്ഞാനോത്സവത്തിൽ ഒന്നു രണ്ടു വിദ്യാലയങ്ങളൊഴികെ മറ്റെല്ലാ വിദ്യാലയങ്ങളും വളരെ ആവേശം കാണിക്കുന്നുണ്ട്. എന്തായാലും ഈ പഞ്ചായത്തിൽ വിദ്യാഭ്യാസപരമായ ഒരു പുത്തനുണർവു കണ്ടു വരുന്നത് ആശാവഹമാണ്.

ഗ്രാമസഭാ റിപ്പോട്ടിന്റെ അടിസ്ഥാനത്തിൽ അടുത്ത അഞ്ചു വർഷത്തേക്ക് വേണ്ട വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

1.1 7-ാം വാർഡിലും (മഞ്ചക്കുന്ന്) 8-ാം വാർഡിൽ (കുപ്പാണ്ടകൗണ്ടന്നൂർ)ലും ഓരോ എൽ.പി സ്ക്കൂളുകൾ തുടങ്ങുക.

മഞ്ചക്കുന്നിൽ സ്ക്കൂൾ തുടങ്ങിയാൽ കരിയൻചെട്ടികളം, എളയാട്ടുകളം, മഞ്ചക്കുന്ന്, കൊരാമ്പാറ, ലാലാക്കാട് എന്നിവിങ്ങളിലെ കുട്ടികൾക്ക് സൗകര്യമാവും.

കുപ്പാണ്ടകൗണ്ടന്നൂരിൽ സ്ക്കൂൾ തുടങ്ങിയാൽ:- കുപ്പാണ്ടകൗണ്ടന്നൂർ, അനപ്പൂർ, മല്ലംപതി, കിരിയം പള്ളം.

7-ാം വാർഡിൽ (ചെട്ടിയാർകളം പിരിവ്):- ഒരു എച്ച.എസ് തുടങ്ങുക. ഈ പഞ്ചായത്തിൽ ഒരു കോളേജ് തുടങ്ങുക.

1.2. ഒഴലപ്പതി കാമരാജ് നഗറിൽ:- ഒരു എസ്.സി/ എസ്.ടി റസിഡൻഷ്യൽ സ്ക്കൂൾ തുടങ്ങുക.

1.3 ഈ പഞ്ചായത്തിൽ 331 എസ്.സി കുടുംബങ്ങളും, 141എസ്.ടി വീടുകളുമാണുള്ളത്.

1.4 എൽ.പി. സ്ക്കൂളുകളോടനുബന്ധിച്ച് ശാസ്ത്രീയമായ രീതിയിൽ പ്രീ പ്രൈമറി തുടങ്ങുക.

1.5. സ്വന്തമായി കെട്ടിടമില്ലാത്ത താഴെപ്പറയുന്ന അംഗൻവാടികൾക്ക് സ്വന്തം കെട്ടിടം പണിയുക.

1. മേനോൻപാറ പുഴപ്പാലം.(വാ.4)
2. ദേവരായൻ കോട്ട (വാ..4)
3. എലിപ്പാറ ലക്ഷം വീട് (വാ..10)
4. കോഴിപ്പാറ കിഴക്ക് (വാ..2)
5. കോഴിപ്പാറ പടിഞ്ഞാറ് (വാ..10)
6. ചിണ്ണാമ്പുകൽത്തോട് (വാ..6)
7. നല്ലൂർ(വാ.2)
8. ആട്ടേമ്പതി (വാ..6)
9. ഒഴലപ്പതി (വാ..9)
10. ശാന്തലിംഗ നഗർ (വാ..11)
11. രാമാണ്ടിച്ചള്ള (വാ..5)
12. കെരാമ്പാറ (വാ..7)
13. മുൻസിഫ്ചള്ള(വാ.11).

പുതുതായി അംഗൻവാടികൾക്ക് നിർദ്ദേശം.

1. കാട്ടുപുള്ളത്താൻചള്ള (വാ..4)
2. കരിയൻചെട്ടികളം (വാ..7)
3. അനുപ്പൂർപകുതി (വാ..8)
4. കോപ്മേനോൻചള്ള (വാ..3)
5. എരുമക്കാരന്നൂർ(വാ..10)
6. വെള്ളച്ചിക്കുളം(വാ..2).

ഒഴലപ്പതി എൽ.പി. സ്ക്കൂൾ യു.പി. ആക്കുക. പരിശക്കൽ ഹൈസ്ക്കൂളിൽ മലയാളം മീഡിയവും തുടങ്ങുക. എല്ലാ എൽ.പി.സ്ക്കൂളിലും മലയാളം മീഡിയംകൂടി തുടങ്ങുക. തമിഴ് മീഡിയം എൽ.പി. തലത്തിൽ എല്ലാ കുട്ടികൾക്കും മലയാളം നിർബന്ധമാക്കുക.

2.1 ജി.യു.പി.എസ്മേനോൻപാറയുടെ ഓലഷെഡ്ഡു മാറ്റി ഓടാക്കുക. എൽ.പി. ഹാളിനെ നല്ല സ്ക്രീൻ കൊണ്ട് ക്ലാസ്മുറിയായിതിരിക്കുക. മൂത്രപ്പുര, കക്കൂസ്, കളിസ്ഥലം, ചുറ്റു മതിൽ എന്നിവ പൂർത്തിയാക്കുകയും ചെയ്യുക.

2.2 ജി.എച്ച്.എസ്സ് കോഴിപ്പാറയുടെ ഓലഷെഡ്ഡ് മാറ്റുക, ആവശ്യമായ ക്ലാസ്സ് മുറികൾ , ബഞ്ച്,ഡസ്ക് ചുറ്റുമതിൽ, ഗ്രൗണ്ട്, മൂത്രപ്പുര,കക്കൂസ്, കുടിവെള്ളം എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

2.3 കോഴിപ്പാറ ജി.എൽ..പി.എസ്സിൽ -ചുറ്റുമതിൽ, മൂത്രപ്പുര,കക്കൂസ്, കുടിവെള്ളം ,ക്ലാസ്സ് മുറികളുടെ നിലം എന്നിവ നന്നാക്കണം.

2.4കള്ളിയമ്പാറ ജി.എൽ..പി.എസ്സിൽ-ചുറ്റുമതിൽ, കുടിനീർ, വൈദ്യുതി, മൂത്രപ്പുര,കക്കൂസ്,കളിസ്ഥലം

2.5 ഒഴലപ്പതി എ.എൽ..പി.എസ്സിന് ചുറ്റുമതിൽ കെട്ടുക. പൊതുജനങ്ങളുടെ സഹായത്തോടെ മൂത്രപ്പുര,പൈപ്പുവെള്ളം സംഭരിച്ചു വെക്കാൻ ഒരു തൊട്ടി എന്നിവ ഉണ്ടാക്കുക.

3.1 പൊളിപ്പാറയിൽ ഒരു ഐ.ടിഐ തുടങ്ങാൻ പോകുന്നു ഇവക്ക് അംഗീകാരം കിട്ടുവാൻ വേണ്ട നടപടികൾ എടുക്കണം. ഈ സ്ഥാപനങ്ങളിൽ പ്രവേശനം യോഗ്യതാടിസ്ഥാനത്തിലും യാതൊരു സംഭാവനയും കൂടാതെ ഈ പഞ്ചായത്തിലെ കുട്ടികൾക്ക് മുൻഗണന നൽകുക.

3.2 കോഴിപ്പാറ ജി.എച്ച്.എസ്സ് +2 തുടങ്ങുക. സഹകരണ സംഘം രൂപീകരിച്ച് Binding ന്റെ സാദ്ധ്യത മനസ്സിലാക്കി അതിനുള്ള പരിശീലനം നൽകുകയും കുട്ടികൾക്ക് ആവശ്യമായ പുസ്തകം നിർമ്മിച്ച് വിതരണം ചെയ്യുകയും വേണം.

4. സ്കൂൾ കോംപ്ലക്സ് പഞ്ചായത്തുതലത്തിൽ ജി.എച്ച്.എസ്സ് കോഴിപ്പാറ കേന്ദ്രമായി തുടങ്ങുക. പഠനോപകരണങ്ങൾ നിർമ്മിക്കുക, പുതിയ ബോധന രീതികൾ പരിചയപ്പെടുത്തുക, അധ്യാപകർക്കുള്ള റിഫ്രഷർ കോഴ്സ് തുടങ്ങുക, കായിക കലാ മത്സരങ്ങൾ പഞ്ചായത്തു തലത്തിൽ നടത്തുക, എല്ലാ വിദ്യാലയങ്ങളും നിർബന്ധമായും പങ്കെടുപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക., പ്രീ ടെസ്റ്റ് നടത്തി എല്ലാ വിദ്യാലയങ്ങളിലേയും അക്ഷരമറിയാത്ത കുട്ടികളെ കണ്ടെത്തി പരിഹാര ബോധനം നടത്തുക. S.S.L.C വിജയ ശതമാനം ഉയർത്താനുള്ള തീവ്ര യത്ന പരിപാടികൾ ആവിഷ്കരിക്കുക.

5. PTA, MPTA, CPTA എന്നിവ ശക്തിപ്പെടുത്തുക. ജനപ്രതിനിധികൾ യോഗത്തിൽ പങ്കെടുക്കുക.

6. ഉച്ചകഞ്ഞി വിതരണത്തിന്റെ ചുമതല പഞ്ചായത്തു സമിതി ഏറ്റെടുക്കുക.

7. ജൂണിൽ തന്നെ ടെസ്റ്റു ബുക്കുകൾ സ്കൂളിൽ എത്തിക്കുക, അധ്യാപകരുടെ നിയമനം മുഴുവനും സ്കൂളാരംഭത്തിൽ നടത്തുക, അധ്യയന വർഷത്തിനിടയ്ക്ക് സ്ഥലംമാറ്റം കൊടുക്കാതിരിക്കുക. ലീവ് ഒഴിവിൽ അധ്യാപകരെ നിയമിക്കുക.

8. 1 തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനുള്ള സാധ്യത കണ്ടെത്തി , എല്ലാ വിദ്യാലയങ്ങളിലും തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നടപ്പിലാക്കുക.

8.2 ക്രാഫ്റ്റ്,തുന്നൽ,സംഗീതം, ഡ്രോയിംഗ് ഫിസിക്കൽ ട്രെയിനിംഗ് എന്നിവയ്ക്കുള്ള അധ്യാപകരെ സ്കൂളിൽ പോസ്റ്റ് ചെയ്യുക.

9. സ്കൂൾ കുട്ടികളുടെ ആരോഗ്യ പരിശോധനയ്ക്ക് സ്കൂൾ ഹെൽത്ത് പ്രോഗ്രാം സജീവമാക്കുക.

10. സാക്ഷരതയിൽ വളരെ പിന്നിലുള്ള ഈ പഞ്ചായത്തിൽ നിർബന്ധമായും തുടർ സാക്ഷരതാ പരിപാടികൾ , വാർഡു മെമ്പർ ചെയർമാൻ ആയ സാക്ഷരതാ സമിതി രൂപീകരിച്ച് ക്ലബ്ബ്, സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹായത്തോടെ നടത്തണം.

വിദ്യാഭ്യാസ രംഗത്തെ ടി.വി പോലുള്ള ഇലക്ട്രോണിക് ഉപകരണങ്ങൾ ഉപയോഗിക്കുകയും, അവയുടെ പ്രയോജനം എല്ലാ സ്കൂളിനും ഉറപ്പു വരുത്തുകയും സ്കൂൾ പാർലിമെന്റുകൾ , Mass drill, , യൂണിഫോം, കൈയെഴുത്തു മാസികകൾ, Cultural Meeting കൾ , പൂന്തോട്ട പച്ചക്കറിത്തോട്ട നിർമ്മാണം , കായിക പരിശീലന പരിപാടികൾ , ദിനാചരണങ്ങൾ പഠന യാത്രകൾ പാഠ പുസ്തകത്തിന് ഉപരിയുള്ള പുസ്തകങ്ങളുടെ വായന, തൊഴിൽ പരിശീലന മത്സരങ്ങളിൽ സജ്ജരാക്കണം എന്നിവയിലൂടെ മുരടിച്ച വിദ്യാലയ അന്തരീക്ഷത്തിന് മാറ്റം വരുത്താവുന്നതാണ്.

ശക്തമായ പി.ടി.എ. പ്രവർത്തനവും ആത്മാർത്ഥമായ അധ്യാപനവും രസകരമായ പഠനരീതിയും, മാസാന്ത പരിക്ഷകളും നമ്മുടെ ശോചനീയമായ വിദ്യാഭ്യാസ രംഗത്തെ കൈപിടിച്ചുയർത്തുമെന്ന് പ്രതീക്ഷിക്കാം.

5.5 കുടിവെള്ളം, പൊതുജനാരോഗ്യം

5.5.1 കുടിവെള്ളം

കഴിഞ്ഞ അര നൂറ്റാണ്ടു കാലമായിത്തന്നെ കുടിവെള്ളത്തിന് വേണ്ടി ഏറ്റവും കൂടുതൽ യാതനകളും ബുദ്ധിമുട്ടുകളും അനുഭവിക്കുന്ന ജനവിഭാഗമാണ് വരൾച്ച ബാധിത പ്രദേശമായ കിഴക്കൻ മേഖലയിലുള്ള ഈ നമ്മുടെ വടകരപ്പതി പഞ്ചായത്ത്. ഒരു കാലത്ത് വെള്ളം കൂടുതൽ ഉള്ളതു കാരണം ഭൂമിയിൽ അടുപ്പുപോലും കത്തിക്കാൻ വിഷമിച്ച് പാറയുടെ മുകളിൽ താമസിച്ചവരാണ് ഇവിടത്തെ ജനങ്ങൾ. അങ്ങനെ സമൃദ്ധിയായിരുന്ന ഈ പ്രദേശം ഇന്ന് കുടിവെള്ളത്തിനുവേണ്ടി വേഴാമ്പലിനെ പോലെ കാത്തിരിക്കുന്നു. ഒരു പക്ഷേ, സ്ത്രീകൾ സംഘബോധം ആദ്യമായി കുടിവെള്ളത്തിനു വേണ്ടി ഉപയോഗിച്ചവരാണ്. കാലിക്കുടങ്ങളുമായി സർക്കാർ ഓഫീസുകളിലും മറ്റും നിരന്തര പോരാട്ടങ്ങൾ കുടിവെള്ളത്തിനു വേണ്ടി നടത്തിയിട്ടുള്ളവരാണ്.

കുടിവെള്ളത്തിനു വേണ്ടി കിലോമീറ്ററുകളോളം കുടങ്ങൾ ചുമന്ന് അമ്മമാർ നടന്നതും ഇപ്പോഴും നടക്കുന്നതും ഈ പ്രദേശത്ത് ഒരു സ്ഥിരം കാഴ്ചയാണ്. കുടിവെള്ളത്തിനുവേണ്ടി കൃഷിയുടമകളുടെ വീടുകളെ ആശ്രയിക്കുന്ന ധാരാളം കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ഇത് ചൂഷണം ചെയ്യുന്ന ഒരു വിഭാഗം ഭൂവുടമകളും ഉണ്ട്. ഇതിനെ ഭയന്ന് കൂലി വർദ്ധനവു പോലുള്ള ന്യായമായ അവകാശങ്ങൾ പോലും കുടിവെള്ളം നിഷേധിക്കപ്പെടും എന്ന പേരിൽ ആവശ്യപ്പെടാൻ ധൈര്യം കാണിക്കാത്ത ജനങ്ങൾ ഇന്നും ധാരാളമാണ്. കുടിവെള്ളത്തിനുവേണ്ടി സ്വന്തമായ ഒരു കിണർ കുഴിക്കാനുള്ള സ്ഥലമോ സാമ്പത്തിക ശേഷിയോ ഭൂരിപക്ഷം ജനങ്ങൾക്കും ഇല്ല. കിണർ കുഴിച്ചാലും വെള്ളം ലഭിക്കാത്ത പ്രദേശമാണ് കൂടുതലും. കുടുവെള്ളത്തിന് ഭൂരിഭാഗം ജനങ്ങളും ആശ്രയിക്കുന്നത് (1) പൊതു കിണർ (2) സ്വകാര്യ കിണർ (3) ഹാൻഡ് പമ്പ് (4) ബോർ വെൽ ഇവയാണ്. രൂക്ഷമായ വേനൽക്കാലത്ത് ടാങ്കർ ലോറി വഴി കുടിവെള്ളമെത്തിക്കുന്ന പാലക്കാട് ജില്ലയിൽ ചുരുക്കം ചില പ്രദേശങ്ങളിൽ വടകരപ്പതി പഞ്ചായത്ത് എടുത്തു പറയേണ്ടതാണ്. ഒരു ദിവസത്തിൽ 12 ട്രിപ്പു വീതം ഏകദേശം മൂന്നു മാസത്തോളം ഇവിടെ വെള്ളം ടാങ്കർ ലോറി വഴി വിതരണം ചെയ്യാറുണ്ട്. ടാങ്കർ ലോറി വെള്ളം എത്രത്തോളം ശുദ്ധമായതാണെന്ന് പറയേണ്ടതില്ലല്ലോ. ഇതിനു വേണ്ടി സർക്കാർ വർഷ തോറും ചിലവഴിക്കുന്ന തുക ക്രിയാത്മകമായി വിനിയോഗിക്കുകയാണെങ്കിൽ ചില പ്രദേശങ്ങളിലെങ്കിലും കുടിവെള്ള പ്രശനത്തിന് ശാശ്വത പരിഹാരമാകും.

വടകരപ്പതി പഞ്ചായത്തിലെ കുടിവെള്ള സ്രോതസ്സുകളെക്കുറിച്ചുള്ള വിവരം താഴെ പട്ടികയിൽ ചേർക്കുന്നു.

ഓരോ വാർഡിലും ഉള്ള പൊതു കിണറുകൾ മിക്കതും ഉപയോഗ ശൂന്യമാണ്. വൃത്തിയുള്ള വെള്ളം ഇതിൽ നിന്നും ലഭിക്കുന്നില്ല. എങ്കിലും ടാപ്പ് വഴി വെള്ളമെത്താത്ത പ്രദേശങ്ങളിലെ ജനങ്ങൾ പൊതു കിണറുകളെ ആശ്രയിക്കുന്നു. ടാപ്പുകളുടേയും സ്ഥിതി ഇതു തന്നെ. വെള്ളമെത്താത്ത ടാപ്പുകൾ പല

വാർഡ്	കിണറുകളുടെ എണ്ണം	ആശ്രയിക്കുന്നവരുടെ എണ്ണം	ടാപ്പുകളുടെ എണ്ണം	ആശ്രയിക്കുന്നവരുടെ എണ്ണം	ഹാൻഡ് പമ്പുകളുടെ എണ്ണം	ആശ്രയിക്കുന്നവരുടെ എണ്ണം
1	7	500	15	1200	1	600
2	2	80	19	700	6	300
3	7	500	42	1500	6	200
4	5	400	14	600	3	600
5	3	300	14	700	6	400
6	4	800	16	1400	8	800
7	---	----	---	---	7	1200
8	2	150	5	150	4	150
9	4	40	40	800	4	150
10	4	500	30	1000	---	----
11	2	300	---	---	2	300

വാർഡുകളിലുംഉണ്ട്. ടാപ്പുകളിലൂടെയുള്ള വെള്ള വിതരണം എല്ലാ സമയത്തും ലഭിക്കാറില്ല. കൃത്യ സമയത്ത് വെള്ള വിതരണം നടത്തുന്നുമില്ല. കോഴിപ്പാറയിലുള്ള ജലസംഭരണിയിലൂടെ പൈപ്പ് ലൈൻ വഴി 1972 ൽ ആണ് കുടിവെള്ള വിതരണം നമ്മുടെ പഞ്ചായത്തിൽ തുടങ്ങിയത്.

<u>നമ്മുടെ പഞ്ചായത്തിലെ കുടിവെള്ള പ്രശ്ന പ്രദേശങ്ങളും പരിഹാര നിർദ്ദേശങ്ങളും:-</u>

വാർഡ് -I

(a) ഈ വാർഡിൽ കുടിവെള്ള പ്രശനമുള്ള പ്രദേശം പാലിയം തുറയാണ്. ഇവിടെയുള്ള Hand pumpൽ വെള്ളം സുലഭമല്ല. ചൊരപ്പാറയിൽ നിന്നുള്ള ജല വിതരണത്തിനുള്ള പൈപ്പ് ലൈൻ ഈ ഭാഗത്തേക്ക് നീട്ടാവുന്നതാണ്. അടുത്തുള്ള പുഴയിൽ cross bar നിർമ്മിച്ച് ഒരു bore ഇട്ട് മിനി ടാങ്ക് കെട്ടിയാൽ ഇവിടേക്ക് വെള്ളം എത്തിക്കാം.

(b) <u>ശങ്കൂതി പ്പള്ളം</u> ഇവിടെ 30 കുടുംബങ്ങൾക്ക് കുടിവെള്ള സൗകര്യമില്ല. നിലവിലുള്ള പൈപ്പ് ലൈൻ ഗുരുവായൂരപ്പൻ റൈസ് മില്ലിനടുത്താണ്. ഇവിടെനിന്നും 600 മീറ്റർ വടക്കോട്ട് നീട്ടിയാൽ ഈ പ്രദേശത്തെ കുടിവെള്ള പ്രശ്നം പരിഹരിക്കപ്പെടും.

വാർഡ്- II

(a) <u>കോഴിപ്പാറ 4 cent കോളനി</u> : ഇവിടം കുടി വെള്ള പ്രശ്ന പ്രദേശമാണ്. ഇതിന് പരിഹാരമെന്ന നിലയ്ക്ക് കോപ്പുമേനോൻ ചള്ള bore well ൽ നിന്നുള്ള പൈപ്പ് ലൈൻ ഇങ്ങോട്ടു നീട്ടാവുന്നതാണ്.

(b)<u>വെള്ളച്ചി കുളം വടക്കു ഭാഗം</u> : ഈ പ്രദേശത്ത് കുടിവെള്ള പ്രശ്നം പരിഹരിക്കുവാൻ ഇവിടെ bore well കുഴിച്ച് pipe line വഴി വെള്ളം വിതരണം ചെയ്യാം.

(c)<u>നല്ലൂർ തെക്കു ഭാഗം</u> : ഇവിടുത്തെ കുടിവെള്ള പ്രശ്നം പരിഹരിക്കുവാൻ നല്ലൂർ കൃഷിഭവൻ ഭാഗത്തുള്ള pipe line നീട്ടാവുന്നതാണ്.

(d)<u>എലുക്കലാം പാറ</u> : കോപ്പു മേനോൻ ചള്ളയിലുള്ള pipe line ഇങ്ങോട്ടു നീട്ടാവുന്നതാണ്. ഇത് ഇവിടത്തെ കുടിവെള്ള പ്രശ്നം പരിഹരിക്കും.

(e)<u>വെള്ളച്ചി കുളം</u> : അയ്യാകവുണ്ടൻ ചള്ളയിൽ നിന്നും pipe line 750 മീറ്റർ നീട്ടണം.

(f)V.G.തിയറ്റർ pipe lineൽ നിന്നും 250 മീറ്റർ നീട്ടിയാൽ കവറ കോളനിക്ക് വെള്ളം കിട്ടും.

വാർഡ്-III

(a)<u>നല്ല വീട്ടു ചള്ള റോഡിന്റെ വടക്ക് ഉൾഭാഗം</u> : നല്ല വീട്ടു ചള്ളയിൽനിന്നും ഈ ഭാഗത്തേക്ക് pipe line കണക്ഷൻ നീട്ടിയാൽ പ്രശ്നം പരിഹരിക്കപ്പെടും.

(b)<u>നൂൽക്കാരൻ ചള്ള</u> : ഇവിടെ bore well കുഴിച്ച് pipe line വഴി ഈ പ്രദേശത്ത് വെള്ളം വിതരണം ചെയ്താൽ പ്രശ്നം പരിഹരിക്കാം.

(c)<u>പരിശക്കൽ സ്ക്കൂളിനു പിൻവശം</u> : മണിയക്കാരൻ ചള്ള pipe line ൽ നിന്നുള്ള കണക്ഷൻ ഇങ്ങോട്ടു നീട്ടണം.

(d)എരുമം കുളം : ഈ പ്രദേശത്ത് കുടിവെള്ള പ്രശ്നം പരിഹരിക്കാൻ എലിപ്പാറ bore well ൽ നിന്നും pipe line നീട്ടണം.

വാർഡ് IV

(a)കൂപ്പാണ്ടി ചള്ള : ഈ ഭാഗത്തുള്ള Sugar Factory യിൽ നിന്നുള്ള മൊളാസ്സസ് കലർന്ന വെള്ളമാണ് bore well ൽ നിന്നും ഇപ്പോൾ ലഭിക്കുന്നത്. ഈ ഭാഗത്ത് ഭൂരിഭാഗം bore well കുഴിച്ചാലും സ്ഥിതി ഇതു തന്നെ. അത് കൊണ്ട് എലിപ്പാറയിലുള്ള bore well ൽ നിന്നും pipe line ഇങ്ങോട്ട് നീട്ടണം.

(b)കൂരാൻ കാട് കിഴക്കു ഭാഗം : ഇവിടെ bore well കുഴിച്ച് pipe line വഴി വെള്ളം വിതരണം ചെയ്യണം

(c)വട്ടറാം കളം : bore well കുഴച്ച് pipe line വഴി വെള്ളം വിതരണം ചെയ്യണം.

(d) തേവരായൻ കോട്ട, വാണിവീട്ടുക്കളം,പാറക്കുഴി തുടങ്ങിയ പ്രദേശങ്ങൾ കൂടി വെള്ള പ്രശ്നം ഉള്ളവയാണ്. ഇവിടങ്ങളിലേക്ക് pipe line വഴി വെള്ളം വിതരണം ചെയ്യണം.

വാർഡ് - V

ഈ വാർഡിലെ താഴെ പറയുന്ന പ്രദേശങ്ങളിൽകൂടി വെള്ള ക്ഷാമം അനുഭവപ്പെടുന്നു.

ചന്ദ്ര നഗർ,കിണർ പള്ളം,മഞ്ചലാംപാറ, പൊളിപ്പാറ കളളിയമ്പാറ,പരിശക്കൽ,ഗാന്ധി നഗർ,ഉപ്പുക്കാരൻ കളം,പുങ്കൻതറ,ചെറിയ കളളിയമ്പാറ, സത്രം,രാമാണ്ടിചളള, വേട്ടക്കാരൻ ചളള, താഴത്തെ പ്ലാടം, കോവിൽ പളളത്താൻ കളം, എന്നി പ്രദേശങ്ങളിലേക്ക് pipe line വഴി വെള്ളം വിതരണം ചെയ്യണം.

വാർഡ് - VI

(a)ചുണ്ണാമ്പുക്കൽ തോട് മലയർ കോളനി : വടക്കുഭാഗത്തുള്ള തെരുവിൽ നിന്നും pipe line ഇങ്ങോട്ടു നീട്ടിയാൽ വെള്ള ക്ഷാമം തീരും.

(b) സിനിമാ തിയറ്ററിനു പടിഞ്ഞാറു ഭാഗത്തുള്ള മലയർ കോളനി, ബാവാജി നഗർ ,ഗാന്ധി നഗർ , തുടങ്ങിയ പ്രദേശങ്ങളിൽ കുടിവെള്ള പ്രശനം പരിഹരിക്കാൻ നിലവിലുള്ള പൈപ്പ് ലൈൻ നീട്ടി ആവശ്യമുള്ള ടാപ്പുകൾ സ്ഥാപിച്ചാൽ മതി.

(c)വേലന്താവളം O.L.H കോളനിയിൽ നിന്നും ഒരു ഹാൻഡ് പമ്പ് സ്ഥാപിക്കുക.

(d)ആട്ടയാമ്പതി മലയൻ കോളനിയിൽ കുടിവെള്ള പ്രശ്ന പരിഹാരത്തിന് ആട്ടയാമ്പതി ബോർവെല്ലിൽ നിന്ന് പൈപ്പ് ലൈൻ ഇങ്ങോട്ട് നീട്ടിയാൽ മതിയാകുന്നതാണ്.

(e) വേലന്താവളം ജങ്ഷനിൽ നിന്ന് കോയമ്പത്തൂർ റോഡിലേക്ക് നമ്മുടെ പഞ്ചായത്ത് ബോർഡർ വരെയുള്ള പ്രദേശത്ത് പൈപ്പ് ലൈൻ സ്ഥാപിച്ച് പൊതു ടാപ്പുകൾ നൽകിയാൽ ഈ ഭാഗത്ത് താമസിക്കുന്നവരുടെ കുടിവെള്ള പ്രശ്നം പരിഹരിക്കാം.

(f)തേനംപതി മലയർ കോളനി - ഇവിടെ ഒരു ഹാൻഡ് പമ്പ് സ്ഥാപിക്കണം.

വാർഡ്- VII

ഇവിടെ തെക്കുഭാഗത്തുള്ള വരട്ടയാർ പുഴയിൽ ഒരു ക്രോസ്ബാർ നിർമ്മിച്ച് ഒരു കിണർ അല്ലെങ്കിൽ ബോർ വെൽ കുഴിച്ച് കിട്ടുന്ന വെള്ളം ഈ പ്രദേശത്തെ ഉയരം കൂടിയ കരിയൻ ചെട്ടിയാർ കളത്തിൽ ടാങ്ക് കെട്ടി പൈപ്പ് ലൈൻ വഴി വെള്ളം വിതരണം നടത്തിയാൽ ഈ വാർഡിൽ മുഴുവൻ പ്രദേശങ്ങളും ഈ വാർഡിനോട് ചേർന്നു കിടക്കുന്ന 8ാം വാർഡിന്റെ ഒരു ഭാഗവും കൂടി കുടിവെള്ള പ്രശ്നം പരിഹരിക്കാവുന്നതാണ്. ഈ പദ്ധതിക്ക് പഞ്ചായത്ത് മുൻഗണന നൽകേണ്ടതാണ്.

ഈ വാർഡിലെ ചെട്ടിയാർ കളം ഹരിജൻ കോളനിക്ക് പൈപ്പ് ലൈൻ നീട്ടുകയും ഇളയാട്ടു കളത്തിൽ ഒരു തുറന്ന കിണർ കുഴിക്കുകയും ചെയ്താൽ ഈ പ്രദേശത്തെ കുടിവെള്ള പ്രശ്നത്തിന് മൊത്തം പരിഹാരം ലഭിക്കും. കളളിയം പാറയിൽ നിന്നും കിണർപ്പള്ളം പിരിവിലുള്ള ഹരിജൻ കോളനിവരെ പൈപ്പ് ലൈൻ നീട്ടണം.

വാർഡ് -VIII

എട്ടാം വാർഡിൽ അനുപ്പൂർ,ലാലകാട്,കിരാംപാറ, കിരിയംപളളം,ശാന്തിലിങ്കനഗർ,മല്ലൻപതി,തേൻ പാറക്കളം ലക്ഷം വീടു കോളനി, കുപ്പാണ്ട കൗണ്ടനൂർ തുടങ്ങിയ പ്രദേശത്ത് കുടിവള്ള പ്രശ്നം പരിഹരിക്കാൻ ഒരു പുതിയ പദ്ധതി തന്നെ വാട്ടർ അതോറിട്ടിയുമായി ആലോചിച്ച് ആവിഷ്കരിക്കണം. അത് ഗ്രാമസഭയിൽ നിന്നുവന്ന നിർദ്ദേശമാണ്. അനുപ്പൂരിൽ നിലവിലുള്ള ടാപ്പുകളുടെ എണ്ണം വർദ്ധിപ്പിക്കണം.

വാർഡ് -IX

ഈ വാർഡിലെ ഒഴലപ്പതിയിൽ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ നിലവിലുള്ള സ്കീമിൽ നിന്ന് ഓവർ ടാങ്ക് കെട്ടി പൈപ്പ് ലൈൻ വഴി വിതരണം വിപുലമാക്കണം.

വാർഡ് -X

(a)എലിപ്പാറ ലക്ഷംവീടു കോളനിയിലേക്ക് പൈപ്പ് ലൈൻ നീട്ടണം .

(b)എരുമക്കാരനൂർ വാട്ടർ ടാപ്പുകളുടെ എണ്ണം കൂട്ടണം.

(c)കുഞ്ചുമേനോൻ ചളളയിൽ നിലവിലുള്ള പൈപ്പുകളിൽ വെള്ളം കേറുന്നില്ല. ഇവിടെ ഒരു ബോർ വെൽ കുഴിച്ച് ഒരു മിനി വാട്ടർ ടാങ്ക് കെട്ടി പൈപ്പ് ലൈൻ വഴി വെള്ളം വിതരണം ചെയ്താലെ ഇവിടത്തെ പ്രശ്നം പരിഹരിക്കപ്പെടൂ.

(d)ആലാമരത്ത് കാട് : പ്ലാശംപതിയൽ നിന്നും ആലാമരത്ത്കാട്ടിലേക്ക് 120 മീറ്റർ പൈപ്പ് ലൈൻ നീട്ടാവുന്നതാണ്

വാർഡ് XI

(a) 84 വീട് കോളനി(ഇന്ദിരാ കോളനി) ഇവിടെ ഒരു പൊതു കിണർ വെട്ടിയാൽ ധാരാളം വെള്ളം ലഭ്യമാകും. ബോർ കുഴിച്ച് ഓവർ ടാങ്ക് കെട്ടി പൈപ്പ് ലൈൻ കണക്ഷൻ നൽകിയാൽ 100 കുടുംബത്തിന് കൂടി വെള്ളം ലഭിക്കും.

(b)കിണർപ്പള്ളം,പൊളിപ്പാറ,തൊപ്പി കോളനി പ്രശ്നം അനുഭവിക്കുന്നവയാണ് ഇതിന് പരിഹാരമ എന്ന നിലയിൽ തൊപ്പി കോളനിയിൽ ബോർ വെൽ ഇട്ട് ടാങ്ക് കെട്ടി പൈപ്പ് ലൈൻ വഴി വെള്ളംവിതരണം ചെയ്താൽ ഈ പ്രദേശത്തിനു മുഴുവനും വെള്ളം ലഭിക്കും.

<u>കുടിവെള്ളത്തിനായി പഞ്ചായത്തിന്റെ നിലവിലുള്ള പദ്ധതികൾ</u>

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ താഴെ പറയുന്ന പദ്ധതികൾ നമ്മുടെ പഞ്ചായത്ത് ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. അതിനായി വാട്ടർ അതോറിറ്റിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

1.സൊരപ്പാറ മുതൽ ശങ്കൂതിപ്പള്ളം വരെ 300 മീറ്റർ പൈപ്പ് ലൈൻ നീട്ടണം.

2. സൊരപ്പാറ പള്ളിക്കു സമീപം 50 മീറ്റർ പൈപ്പ് ലൈൻ നീട്ടണം

3.മണിയക്കാരൻ ചളളയില നിന്നും വെള്ളച്ചിക്കുളം വരെ 1½ കി.മീ ദൂരം പൈപ്പ് ലൈൻ സ്ഥാപിച്ച് ആവശ്യത്തിനുള്ള ടാപ്പുകൾ സ്ഥാപിക്കണം.

4.എരുമൻ കുളം പൈപ്പുലൈനിൽ ചോർച്ച തടയുക . ഇവിടെ പുതിയ മൂന്നു ടാപ്പുകൾ കൂടി സ്ഥാപിക്കുക.

5.എരുക്കലാംപാറ പൈപ്പ് ലൈൻ 600 മീറ്റർ ദീർഘിപ്പിച്ച്6 പുതിയ ടാപ്പുകൾ കൂടി സ്ഥാപിക്കുക.

6.എലിപ്പാറ ലക്ഷം വീടു കോളനിക്ക് 150 മീറ്റർ പൈപ്പ് ലൈൻ ദീർഘിപ്പിച്ചിട്ട് ഒരു ടാപ്പ് സ്ഥാപിക്കുക.

7.ബോയർ കളം - 50 മീറ്റർ പൈപ്പ് ലൈൻ ദീർഘിപ്പിച്ചിട്ട് ഒരു ടാപ്പ് സ്ഥാപിക്കുക.

8.പരിശക്കൽ 450 മീറ്റർ ദൂരം ദീർഘിപ്പിച്ച്5 പൊതു ടാപ്പുകൾ കൂടി നൽകുക.

9.കണക്കൻ കളത്തിൽ 300 മീറ്റർ ദൂരം പൈപ്പ് ലൈൻദീർഘിപ്പിച്ചിട്ട് 3 പൊതു ടാപ്പുകൾ സ്ഥാപിക്കുക.

10.മണിയകാരൻ ചളള കുഴൽകിണറിൽ നിന്ന് ചന്ദ്രനഗർ വരെ പൈപ്പ് ലൈൻ ഇട്ട് പൊതു ടാപ്പുകൾ നൽകുക.

11.സൊരപ്പാറ കുഴൽ കിണറിൽ നിന്നും പൈപ്പ് ലൈൻ വഴി പോകുന്ന വെള്ളം വേലന്താവളം ഭാഗത്തേക്ക് കയറുന്നില്ല. ഇതിന് പുതിയ സംവിധാനം ആവശ്യമാണ്.

12.മഞ്ചക്കുന്ന് കുഴൽ കിണറിൽ മോട്ടോർ സ്ഥാപിച്ചത് കേടുപാടുകൾ തീർക്കാൻ കൊണ്ടു പോയത് പുനഃ സ്ഥാപിക്കുക.

ഈ ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ട് നമ്മുടെ പഞ്ചായത്തിൽ നിന്നും ഈ പണികൾ നടത്തുവാൻ വാട്ടർ അതോറിറ്റിയുടെ അനുമതിക്ക് വേണ്ടി 26-2-96 ന് ഒരു പ്രൊപ്പോസൽ അയക്കുകയുണ്ടായി. ഇതുവരെ അതിന് മറുപടിയോ അനുമതിയോ ലഭിച്ചിട്ടില്ല. ഇതേ ആവശ്യം ഉന്നയിച്ച് കൊണ്ട് 1.6.96ന് ജലസേചന വകുപ്പ് മന്ത്രിക്ക് ഒരു നിവേദനം സമർപ്പിക്കുകയുണ്ടായി. നാളിതുവരെ അതിനും നടപടി ഉണ്ടായില്ല.

കൊഴിഞ്ഞാമ്പാറ പഞ്ചായത്തിലെ കുന്നംകാട്ടുപതിയിൽ ചിറ്റൂർ പുഴയിൽ നിർമ്മിച്ചിട്ടുള്ള തടയണയിൽനിന്നും ശേഖരിക്കുന്ന വെള്ളം അവിടെ നിന്നും പമ്പു ചെയ്ത് മൂങ്കിൽ മടയിൽ നിർമ്മിച്ചു കൊണ്ടിരിക്കുന്ന ലോകബാങ്ക് സഹായത്തോടെ 5 MLD കപ്പാസിറ്റിയുള്ള ജല ശുദ്ധീകരണ ശാലയിൽ ശുദ്ധീകരിക്കുന്ന വെള്ളം നമ്മുടെ പഞ്ചായത്തിലുള്ള പൊളിപ്പാറ,എലിപ്പാറ എന്നിവടങ്ങളിൽ ഒരു ഓവർ ഹെഡ് ടാങ്ക് നിർമ്മിച്ച് ഈ പഞ്ചായത്ത് മുഴുവൻ കുടി വെള്ളം എത്തിക്കാനാണ് ഈ പദ്ധതിയുടെ ഉദ്ദേശം.

ഈ പദ്ധതി എത്രയും വേഗം പൂർത്തീകരിച്ചാൽ നമ്മുടെ പഞ്ചായത്തിലെ കുടി വെള്ള പ്രശ്നം മൊത്തം പരിഹരിക്കാൻ കഴിയും മാത്രമല്ല , ആവശ്യമുള്ള എല്ലാ വീടുകൾക്കും ഹൗസ് കണക്ഷൻ നൽകുവാനുള്ള വെള്ളവും ഈ പദ്ധതി മൂലം ലഭിക്കും.



5.5 കുടിവെള്ളം, പൊതുജനാരോഗ്യം

5.5.2പൊതുജനാരോഗ്യം

ഈ അടുത്ത കാലഘട്ടം വരെ ഈ പഞ്ചായത്ത് ജനത ആരോഗ്യത്തിന് വലിയ പ്രധാന്യം നൽകിയിരുന്നില്ല. അസുഖം വരുമ്പോൾ ഏതെങ്കിലും ഒരു വൈദ്യ സഹായം എന്നതിലു മുപരി ആരോഗ്യ രക്ഷാ പ്രവർത്തനങ്ങൾക്ക് മുൻ തൂക്കം നൽകിയത് മാധ്യമങ്ങളും സർക്കാറും കൂടു തൽ ശ്രദ്ധ ചെലുത്താൻ തുടങ്ങിയപ്പോഴാണ്. ആദ്യ കാലങ്ങളിൽ അസുഖങ്ങൾ വരുമ്പോൾ മന്ത്രിച്ചു കൊടുക്കുക, ചരട് ജപിച്ചു കൊടുക്കുക, ക്ഷേത്രങ്ങളിലേക്ക് വഴിപാട് നേരുക. തുടങ്ങിയ അന്ധവിശ്വാസങ്ങളായ സമ്പ്രദായങ്ങൾ നിലവിലുണ്ടായിരുന്നു. എന്നാൽ ഈ സമ്പ്രദായങ്ങൾ ഒരു പരിധി വരെ തുടച്ചു നീക്ക പ്പെട്ടാലും പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ ഇത് ഇപ്പോഴും കാണപ്പെടുന്നു. ആധുനിക ചികിത്സാ രീതി ഈ അടുത്ത കാലത്താണ് ഫലപ്രദമായി തുടങ്ങിയത് ഒരു കാലഘട്ടതിൽ കോഴിപ്പാറ ചന്തപ്പേട്ടയിൽ ഹോമിയോ ചികിത്സ ഒരു പരിധി വരെ ഇവിടത്തെ ജനം ആശ്രയിച്ചിരുന്നു എങ്കിലും ഭൂരിഭാഗം ജനങ്ങളും കൊഴിഞ്ഞാമ്പാറ സർക്കാരാശുപത്രിയെ ആശ്രയിച്ചാണ് ചികിത്സ നേടിയിരുന്നത്. 1962 ൽ ഒഴലപ്പതിയിൽ ഒരു പ്രൈമറി ഹെൽത്ത് സെൻറർ തുടങ്ങുകയുണ്ടായി വേലന്താവളത്ത് തുടങ്ങാനുദ്ദേശിച്ച ഈ ആശുപത്രി സ്ഥലം ലഭ്യമല്ലാത്തതുകൊണ്ട് ഒഴലപ്പതി യിൽ സ്ഥാപിക്കേണ്ടിവന്നു. ഇത് നമ്മുടെ പഞ്ചായത്തിലെ കിഴക്കൻ മേഖലയിലുള്ള ജനതയ്ക്ക് പ്രയോജനകരമായി. എന്നാൽ 1,2,3 വാർഡുകളിലെ ജനങ്ങൾ ഇപ്പോഴും കൊഴിഞ്ഞാമ്പാറ ആശുപത്രിയെ ത്തന്നേയാണ് ആശ്രിയിക്കുന്നത്.

ഒഴലപ്പതിയിൽ പ്രൈമറി ഹെൽത്ത് സെന്റർ വന്നതിനുശേഷം കുറച്ച്കാലം വരെ ആഴ്ചയിൽ ഒരു തവണ കോഴിപ്പാറയ്ക്ക് അവിടെയുള്ള ഡോക്ടർ വന്ന് രോഗികളെ പരിശോധിച്ച് മരുന്നുകൾ നൽകുന്നുണ്ടായിരുന്നു. എന്നാൽ ആ പ്രവർത്തനം പല കാരണങ്ങൾ കൊണ്ടും തുടർന്നില്ല.

ഇപ്പോൾ ഈ പഞ്ചായത്തിലെ ജനങ്ങൾ വൈദ്യ സഹായത്തിനായി കൊഴിഞ്ഞാമ്പാറ, പാലക്കാട്, ചിറ്റൂർ , കോയമ്പത്തൂർ എന്നീ സ്ഥലങ്ങളിലുള്ള സർക്കാരാശുപത്രികളേയും വേലന്താവളം, ശൊരപ്പാറ , എലിപ്പാറ തുടങ്ങിയ പ്രദേശത്തുള്ള സ്വകാര്യ നേഴ്സിംഗ് ഹോമുകളേയാണ് ആശ്രയിക്കുന്നത്. ഇവർ ഒരു പരിധിവരെ ഈ പാവപ്പെട്ട ജനങ്ങളെ ചൂഷണം ചെയ്യുമ്പോൾ, ഒഴലപ്പതി ആശുപത്രിയിൽ സ്ഥിരമായി ഒരു ഡോക്ടർ ഇല്ലാത്തതിനാലും കാര്യക്ഷമമായ പ്രവർത്തന ശൈലി ഇല്ലാത്തതിനാലും നമ്മൾ അർഹിക്കുന്ന സൗജന്യ ചികിത്സ നഷ്ടപ്പെടുകയാണ്.

അവലോകനം

ജനനമരണ നിരക്കുകളുടെ പട്ടിക- 1

പൊതു മരണ നിരക്ക്	ശിശു മരണ നിരക്ക്	മാതൃ മരണ നിരക്ക്	ജനന നിരക്ക്
5%	2%	1%	15.5%

രോഗാതുരത : - നമ്മുടെ പഞ്ചായത്തിൽ സാധാരണയായി കണ്ടു വരുന്ന രോഗങ്ങളും അവയുടെ ചികിത്സക്കായി പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളേയും മറ്റ് സ്വകാര്യ ഡോക്ടർമാർ ,നേഴ്സിംങ്ങ് ഹോമുകൾ തുടങ്ങിയവയും ആശ്രയിച്ചവരുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക - 2

വർഷം	ഇൻ പേഷ്യന്റ് എണ്ണം	ഔട്ട് പേഷ്യന്റ് എണ്ണം	തൃക് രോഗം	വാത രോഗം	പകർച്ച വ്യാധി സാധാരണ	പകർച്ച വ്യാധി മാലിന്യങ്ങൾ	വിഷ ചികിത്സ	മറ്റുള്ളവ
92-93	762	11388	40 (3കുഷ്ഠം)	390	1302	---	321	1434
93-94	684	12444	50 11കുഷ്ഠം	364	862	---	349	936
94-95	757	9855	180 (8കുഷ്ഠം)	418	463	57	284	630
95-96	883	25920	483 11കുഷ്ഠം	102	511	13	371	866

തൃക്ക് രോഗം കൂടുതലും ഈ പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിലാണ് കാണപ്പെടുന്നത്. കൃഷി സ്ഥലങ്ങളും ചെറിയ കുറ്റിക്കാടുകളും ധാരാളമുള്ള പ്രദേശമായതുകൊണ്ട് വിഷ പാമ്പുകടി ഇവിടെ സാധാരണമാണ്. താരതമ്യേന കുഷ്ഠ രോഗികൾ കുറവാണ്. ഹൃദയസ്തംഭനം , വൃക്ക തകരാറ്, അർബുധം തുടങ്ങിയ മാരക രോഗങ്ങൾക്കായി ചികിത്സിക്കുന്നവരുടെ വിശദാംശങ്ങൾ നമുക്ക് ലഭ്യമല്ല. ഇത്തരം രോഗങ്ങൾക്ക് ചികിത്സ നൽകുവാൻ സൗകര്യമുള്ള ആശുപത്രികൾ , സർക്കാർ മേഖലയിലോ, സ്വകാര്യ മേഖലയിലോ ഇല്ലാത്തതാണ് ഇതിനുകാരണം. ഈ വിദഗ്ദ്ധ ചികിത്സക്കായി ഇവിടത്തെ പാവപ്പെട്ട ജനങ്ങൾ കോയമ്പത്തൂർ തുടങ്ങിയ വൻ പട്ടണങ്ങളെയാണ് ആശ്രയിക്കുന്നത്.

നമ്മുടെ പഞ്ചായത്തിലെ കുട്ടികളുടെ ആരോഗ്യനില പൊതുവേ മെച്ചമാണ്. അംഗൻ വാടികളിൽ നിന്നും ലഭിച്ച വിവരമനുസരിച്ച് തൂക്കം കുറഞ്ഞ കുട്ടികൾ ഒരു ശതമാനത്തിലും താഴെയാണ്. വിവിധ പോഷകാഹാര പരിപാടികൾ , രോഗപ്രതിരോധ കുത്തിവെയ്പ്പുകൾ തുടങ്ങിയ വിവിധ ശിശുക്ഷേമ പ്രവർത്തനങ്ങളിൽ ഇവിടത്തെ ശിശുക്കളെ പങ്കെടുപ്പിക്കാറുണ്ട്. എന്നാൽ വിവിധ പോഷകാഹാര പരിപാടികളും ഗുണമേന്മയുള്ള ആഹാര പദാർത്ഥങ്ങൾ യഥാ സമയം ആവശ്യത്തിനനുസരിച്ച് ലഭിക്കാറ് എന്ന പരാതി ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്.

പട്ടിക 3

പഞ്ചായത്തിലെ സ്വകാര്യ ആശുപത്രികളുടേയും അനുബന്ധ സ്ഥാപനങ്ങളുടേയും പട്ടിക

വാർഡ്	സ്ഥലം	സ്ഥാപനത്തിന്റെ പേര്
1.	ശൊരപ്പാറ	ക്രൈസ്റ്റ് ദ കിങ്ങ്സ് ഹോസ്പിറ്റൽ
2.	എലിപ്പാറ	ശാന്തി ഹോസ്പിറ്റൽ
3.	മണിയകാരൻ ചള്ള	സെന്റ് ജെയിംസ് ഹോസ്പിറ്റൽ
6	വേലന്താവളം	റാം ക്ലീനിക്ക്
6	വേലന്താവളം	സവിത ഹോസ്പിറ്റൽ
6.	വേലന്താവളം	കുമാർ ക്ലീനിക്ക്
6	വേലന്താവളം	മണിയെമ്മെ ഹോസ്പിറ്റൽ
6.	വേലന്താവളം	ശ്രീവള്ളി മെഡിക്കൽസ്
6.	വേലന്താവളം	അഭിരാമി മെഡിക്കൽസ്
6.	വേലന്താവളം	ക്ലീനിക്കൽ ലാബോറട്ടറി

പഞ്ചായത്തിലെ സർക്കാർ ആശുപത്രിയുടേയും കുടുംബ ക്ഷേമ കേന്ദ്രങ്ങളുടേയും പട്ടിക - 4

വാർഡ്	സ്ഥലം	സ്ഥാപനത്തിന്റെ പേര്	എണ്ണം
8.	ഒഴലപ്പതി	പ്രാഥമിക ആരോഗ്യ കേന്ദ്രം	1
8.	ഒഴലപ്പതി	ഐ.പി.പി. സബ് സെന്റർ	1
1.	കോഴിപ്പാറ	കുടുംബക്ഷേമ കേന്ദ്രം	1
3.	ദേവരായൻ കോട്ട	വടകരപ്പതി കുടുംബക്ഷേമ കേന്ദ്രം	1
5.	കള്ളിയംപാറ	കുടുംബക്ഷേമ കേന്ദ്രം	1
8.	കപ്പാണ്ടകൗണ്ട നൂർ	കുടുംബക്ഷേമ കേന്ദ്രം	1

പ്രധാന രോഗങ്ങൾ :

പ്രാഥമിക ആരോഗ്യ കേന്ദ്രം , മറ്റ് സ്വകാര്യ ആശുപത്രികളിൽ നിന്നും നമുക്ക് ലഭിച്ച വിവരങ്ങൾ അനുസരിച്ച് നമുടെ പഞ്ചായത്തിൽ സാധാരണ കാണപ്പെടുന്ന രോഗങ്ങൾ താഴെ പറയുന്നവയാണ്. തക്ക് രോഗം, ചൊറി-ചിരങ്ങ് , വിര ശല്യം, വയറിളക്കം,വാതം, ആസ്മാ തുടങ്ങിയവയാണ്. വിഷപാമ്പുകടി ഒരു പ്രധാന ഘടകമാണ്.

ആരോഗ്യ രക്ഷാ പ്രവർത്തനങ്ങൾ : 1995 - 96 ൽ നമ്മുടെ പഞ്ചായത്തിൽ നടന്ന ആരോഗ്യ രക്ഷാ പ്രവർത്തനങ്ങളും വിശദ വിവരങ്ങളും ചുവടെ ചേർക്കുന്നു.

മലേറിയ നിർമ്മാർജ്ജന പരിപാടി:- 1995 ജനുവരി മുതൽ ഡിസംബർ വരെ 479 പേരുടെ രക്തം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായും , 566 പേരുടെ രക്തം ഒഴലപ്പതി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലും മലേറിയ പരിശോധന വിധേയമാക്കി. 1996 ജനുവരി മുതൽ ഒക്ടോബർ വരെ 677 പേരുടെ രക്തം മലേറിയാ പരിശോധനയ്ക്കായി വിധേയമാക്കി. ഇതിൽ ആരും തന്നെ മലേറിയ ബാധിതരായികാണപ്പെട്ടില്ല.

ലാപ്രോസ് കോപ്പിക്ക് ശസ്ത്രക്രിയ : -
1995-1996 ൽ 45 പേരും 1996 നവംബർ വരെ 16 പേരും ലാപ്രോസ് കോപ്പിക്ക് ശസ്ത്രീയക്ക് ഈ പഞ്ചായത്തിൽ നിന്നും വിധേയരായി 65% ദമ്പതിമാർ. ഗർഭ നിരോധന മാർഗ്ഗങ്ങൾ സ്വീകരിച്ചവരാണ്.

താത്കാലിക ഗർഭനിരോധനം :-
1995- 96 ൽ 989 പേരും 1996 ഏപ്രിൽ മുതൽ ഒക്ടോബർ വരെ 529 പേരും ഈ പദ്ധതിയിലൂടെ പ്രയോജന പ്പെട്ടവരാണ്. എന്നാൽ ഇതിൽ താൽക്കാലിക ഗർഭനിരോധനമാർഗ്ഗം എന്നതിലുപരി AIDS തടയാൻ വേണ്ടി ഉറകൾ നൽകിയിട്ടുണ്ട്. ഇത് അർഹതയുള്ള ദമ്പതിമാർക്ക് മാത്രമല്ല, ആവശ്യമുള്ള വർക്കും നൽകുകയുണ്ടായി. ഇതിനായി ഫീൽഡിൽ ഡിപ്പോ ഹോൾഡേഴ്സിനെ ഏർപ്പെടുത്തു കയുണ്ടായി.

സാംക്രമികരോഗങ്ങൾക്കെതിരെയുള്ള നടപടി :
കുഷ്ഠരോഗ നിർമ്മാർജന പരിപാടി ഈ പഞ്ചായത്തിൽ ഫലപ്രദമായി നടന്നുവരുന്നു. എല്ലാ മാസവും 24-ാം തിയ്യതി വിദഗ്ദ്ധ ഡോക്ടറും സംഘവും ഒഴലപ്പതി ആശുപത്രി , കോഴിപ്പാറ സബ്ബ് സെന്റർ തുടങ്ങിയ സ്ഥലങ്ങളിൽ പരിശോധന നടത്തി മരുന്നുകൾ സൗജന്യമായി നൽകാറുണ്ട്.

വിദ്യാലയ ആരോഗ്യ പരിശോധന

ഈ പഞ്ചായത്ത് പരിധിയിൽപ്പെട്ട എല്ലാ സ്കൂളുകളിലും ആരോഗ്യ പരിശോധന നടത്തുകയുണ്ടായി. വിദ്യാർത്ഥികളിൽ സാധാരണയായി കണ്ടുവരുന്നതും പകരാൻ സാദ്ധ്യതയുള്ളതുമായ രോഗങ്ങളെ പരിശോധിക്കുകയും മരുന്ന് കുറിച്ച് കൊടുക്കുകയും ചെയ്തിട്ടുണ്ട്.

മെഡിക്കൽ ക്യാമ്പ്

കഴിഞ്ഞ പദ്ധതിക്കാലത്ത് മെഡിക്കൽ ക്യാമ്പുകൾ ത്വക് രോഗ പരിശോധനക്കായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നടത്തുകയുണ്ടായി.

മഹിളാസ്വസ്ത് സംഘം

ഈ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ കീഴിൽ കോഴിപ്പാറ കുടുംബ ക്ഷേമ കേന്ദ്രത്തിലും വടകരപ്പതി കുടുംബ ക്ഷേമ കേന്ദ്രത്തിലുമായി മഹിളാസ്വസ്ത സംഘ് നടത്തിവരുന്നു. മാസംതോറും മഹിളാസ്വസ്ത സംഘ് അംഗങ്ങൾക്ക് ആരോഗ്യ പ്രതിരോധ നടപടികൾ, കുടുംബ ക്ഷേമം, മാതൃ ശിശു സംരക്ഷണം, പരിസര ശുചീകരണം, പ്രതിരോധ കുത്തിവെയ്പ്പുകൾ, ശിശുപ്രദർശനം, പ്രശ്നോത്തരി തുടങ്ങിയവകളെ കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ നടത്താറുണ്ട്.

സാർവ്വത്രിക പ്രതിരോധ കുത്തിവെയ്പ്

എല്ലാ ബുധനാഴ്ചകളിലും ഒഴലപ്പതി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ സാർവ്വത്രിക പ്രതിരോധ കുത്തിവെയ്പ് നടത്താറുണ്ട്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ആരോഗ്യ വകുപ്പിന്റെ ഉദ്യോഗസ്ഥർ പലദിവസങ്ങളിലായി കുട്ടികൾക്ക് സാർവ്വത്രിക പ്രതിരോധ കുത്തിവെയ്പ് നടത്തിവരുന്നു.

പൾസ് പോളിയോ നിർമ്മാർജ്ജന യജ്ഞം

1995-96 ൽ ദേശീയ പോളിയോ നിർമ്മാർജ്ജന യജ്ഞത്തിൽ 3 വയസ്സിന് താഴെയുള്ള 1475 കുട്ടികൾക്കും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി നൽകുകയുണ്ടായി. 1996-97 വർഷത്തിൽ ഡിസംബർ 7, ജനവരി 18 എന്നീ തിയ്യതികളിൽ 5 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് നമ്മുടെ പഞ്ചായത്തിൽ വിവിധ പ്രദേശങ്ങളിൽ വെച്ച് പോളിയോ തുള്ളി മരുന്ന് നൽകുവാൻ ഉദ്ദേശിച്ചിരിക്കുന്നു. ഇതിനായി പഞ്ചായത്തിൽ 24ഡിപ്പോകൾ ഏർപ്പാടാക്കിയിട്ടുണ്ട്. ഈ പദ്ധതിക്കായി നല്ല രീതിയിലുള്ള പ്രചരണം നൽകിവരുന്നു. ഈ പദ്ധതിയിലൂടെ നമ്മുടെ പഞ്ചായത്തിലെ മുഴുവൻ കുട്ടികൾക്കും പ്രയോജനം ലഭിക്കും.

കോളറ പ്രതിരോധ നടപടികൾ

നമ്മുടെ പഞ്ചായത്തിലെ കോളറ പ്രതിരോധ നടപടിയെന്ന നിലക്ക് ഈ രോഗത്തെ കുറിച്ചും, വരാതെ എങ്ങനെ സൂക്ഷിക്കണം എന്നതിനെക്കുറിച്ചും ബോധവൽക്കരണം എന്ന നിലയ്ക്ക് നോട്ടീസുകൾ വിതരണം ചെയ്തിട്ടുണ്ട്. വിവിധ ഭാഗങ്ങളിലായി കോളറയെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ ആരോഗ്യ വകുപ്പും സന്നദ്ധ സംഘടനകളും ഈ പഞ്ചായത്തിൽ നടത്തിയിട്ടുണ്ട്.പഞ്ചായത്ത് കിണറുകൾ, സ്വകാര്യ കിണറുകൾ തുടങ്ങിയവയിൽ ബ്ലീച്ചിംങ്ങ് പൗഡർ വിതറാറുണ്ട്. വിദ്യാലയങ്ങളിൽ ശുചിത്വത്തെകുറിച്ചുള്ള ചിത്ര പ്രദർശനങ്ങൾ സംഘടിപ്പിച്ചിരുന്നു.

ആരോഗ്യരംഗത്തെ പ്രധാന പ്രശ്നങ്ങൾ

ശുചിത്വമില്ലായ്മ,ആരോഗ്യരംഗത്തെ കുറിച്ചുള്ള അറിവില്ലായ്മ,പോഷകാഹാര കുറവ്, പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനക്ഷമതയില്ലായ്മ,തുടങ്ങിയവയാണ് പ്രധാന പ്രശ്നങ്ങൾ.

ദാരിദ്ര്യരേഖക്ക് താഴെ ജീവിക്കുന്ന ജനങ്ങളാണ് ഈ പഞ്ചായത്തിലെ ഭൂരിഭാഗവും.ഇവർക്ക് സർക്കാർ ആശുപത്രിയും മറ്റ് സർക്കാർ വക ക്ഷേമപ്രവർത്തനങ്ങളും മാത്രമാണ് ആശ്രയം.സ്വകാര്യ ആശുപത്രികളിൽ അമിതമായ ഫീസ് മൂലം ഇവർക്ക് പലരോഗങ്ങളുടെയും ചികിത്സ ലഭ്യമാകാറില്ല. പ്രാഥമിക ആരോഗ്യ കേന്ദ്രം,പഞ്ചായത്തിന്റെ കിഴക്കൻ അതിർത്തിയിൽ ആയതുകൊണ്ട് വിവിധ വാർഡുകളിലുള്ള രോഗികൾക്ക് ഇവിടെ എത്തിപെടാൻ 5കി.മി മുതൽ 9കി.മി വരെ യാത്ര ചെയ്യേണ്ടതുണ്ട്.

ഒഴലപ്പതി പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനം തൃപ്തികരമല്ല എന്ന് ഗ്രാമസഭാ റിപ്പോർട്ടുകളിൽ നിന്നും മനസ്സിലാക്കുന്നു. ഇവിടെ സ്ഥിരമായി ഒരു ഡോക്ടർ വേണമെന്ന ആവശ്യത്തിന് വേണ്ടി മുറവിളികൂട്ടാൻ തുടങ്ങിയിട്ട് കുറെ കാലങ്ങളായി.എന്നാൽ ഒരു സ്ഥിരം ഡോക്ടർ ഇവിടെ ലഭിച്ചിട്ടില്ല. 34 ജീവനക്കാരുള്ള ഈ പ്രാഥമികാരോഗ്യ ആരോഗ്യകേന്ദ്രത്തിന്റെ പ്രവർത്തനം കാര്യക്ഷമമല്ല എന്നാണ് ഗ്രാമസഭകൾ പറയുന്നത്. 30 കിടക്കകൾ ഉള്ളതും ചെറിയ ശസ്ത്രക്രിയകൾ നടത്താൻ സൗകര്യമുള്ളതും ആയ ഈ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഡോക്ടർ ഇല്ല എന്ന ഒറ്റകാരണം കൊണ്ട് ഈ സൗകര്യങ്ങൾ എല്ലാം തന്നെ

പാവപ്പെട്ട ജനതയ്ക്ക് നിഷേധിക്കപ്പെടുകയാണ്. ഇപ്പോൾ ആഴ്ചയിൽ രണ്ടുതവണ മാത്രം ചികിത്സിക്കാൻ വരുന്ന ഡോക്ടർ ഉണ്ടെങ്കിലും സൗജന്യമായി നൽകേണ്ട മരുന്നുകൾ പലതും തന്നെ ഇവിടെ നിന്നും നൽകാറില്ല.ആശുപത്രികളിലെ വാർഡുകളിൽ വൈദ്യുതി ഇല്ല. ക്ലിനിക്കിലെ ലബോറട്ടറിയുടെ അപര്യാപ്തത എക്സ്റേ തുടങ്ങിയ സൗകര്യങ്ങൾ ഒന്നും തന്നെ ഇല്ല.

ചില കുടുബക്ഷേമ കേന്ദ്രങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല. ജല ലഭ്യത ഇല്ലാത്തതുകൊണ്ട് കുടുബക്ഷേമ കേന്ദ്രങ്ങളുടെ പ്രവർത്തനം തടസ്സപ്പെടുന്നു.എല്ലാ വാർഡുകളിലും കുടുംബക്ഷേമ കേന്ദ്രങ്ങൾ ഇല്ലാത്തതിനാൽ അതാത് പ്രദേശങ്ങളിലുള്ളവർക്ക് അതിന്റെ ഗുണം ലഭിക്കുന്നില്ല. രണ്ടുകുടുംബക്ഷേമ കേന്ദ്രങ്ങളിൽ ജീവനക്കാർ താമസിക്കുന്നില്ല.

പരിസര ശുചിത്വം

വ്യവസായവൽകരണം കുറഞ്ഞ പ്രദേശമായതു കൊണ്ട് പരിസരമലീനികരണം ഗുരുതരമല്ല .3,4വാർഡുകളിൽ മേനോൻപാറ ഷുഗർ ഫാക്ടറിയിൽ നിന്നും വരുന്ന കരിപ്പൊടി ദുർഗന്ധം സാരമായ മലിനീകരണം ഉണ്ടാക്കുന്നു. ഈ പ്രദേശത്തെ കുടിവെള്ളം മഞ്ഞനിറം കലർന്നതാണ്.ഒരു യു.പി.സ്ക്കൂൾ ഉള്ളതുകൊണ്ട് ഇത് കുട്ടികളുടെ ആരോഗ്യത്തെ സാരമായി ബാധിക്കുന്നു. തുറന്ന പ്രദേശത്തെ മല മൂത്ര വിസർജ്ജനം ക്കൂടുതലായി ഈ പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിൽ കാണപ്പെടുന്നു. ഇത് പലതരം പകർച്ചവ്യാധികൾക്ക് കാരണമാകുന്നു. പഞ്ചായത്തിലെ പ്രധാന പ്രദേശമായ വേലന്താവളത്ത് അഴുക്ക് ചാൽ അടഞ്ഞു കിടക്കുന്നതു മൂലം ഇതിന്റെ പ്രവർത്തനം തടസപ്പെട്ടിരിക്കുന്നു. റോഡിന്റെ ഇരുവശവുമുള്ള ഹോട്ടലുകൾ, വീടുകൾ മറ്റ് കച്ചവട സ്ഥാപനങ്ങൾ ഇവയിൽനിന്നും ചപ്പു ചവറുകൾ,അഴുക്ക് വെള്ളം ഇവ ഒഴുകേണ്ട ചാൽ അടഞ്ഞു കിടക്കുന്നതിനാൽ റോഡിലേക്ക് കവിഞ്ഞൊഴുകുകയാണ്. ഇത് കൊതുകു ശല്യം ,പകർച്ചവ്യാധികൾ എന്നിവക്ക് കാരണമാകുന്നു.വേലന്താവളത്തും മറ്റു പ്രദേശങ്ങളിലും നടത്തുന്ന തട്ടുകടകൾ ശുചിത്വം ഉള്ളവയല്ല. വാഹനങ്ങൾ കൂടുതലുള്ള പ്രദേശമായതുകൊണ്ട് ആഹാരപദാർത്ഥങ്ങളിൽ പൊടിപടലങ്ങൾ വ്യാപിക്കാൻ ഇടയാക്കുന്നു. വീടുകളിൽനിന്നും വരുന്ന മലിന ജലം,അഴുക്ക് പദാർത്ഥങ്ങൾ ഇവ റോഡിലേക്ക് കളയുന്ന പ്രവണത ഇവിടുത്തെ ജനങ്ങളിൽ കാണുന്നു. നമ്മുടെ പഞ്ചായത്തിൽ വിതരണം ചെയ്യുന്ന പാനീയങ്ങളായ സോഡാ,കളർ,മറ്റു പലതര ശീതള പാനീയങ്ങൾ ഇവകളുടെ ഗുണനിലവാരം മെച്ചമല്ല ഇത് പരിശോധിക്കാൻ ഉള്ള സംവിധാനങ്ങൾ ഒന്നും ഇല്ല. സ്വകാര്യ മാംസവിൽപ്പനക്കാരിൽ നിന്ന് ലഭിക്കുന്ന മാംസത്തിന്റെ ഗുണനിലവാരം പരിശോധിക്കാറില്ല. തൻമൂലം രോഗമുള്ള മാംസം ജനങ്ങൾക്ക് വിൽക്കുവാൻ സാധ്യതയുണ്ട്.ഇത് ആരോഗ്യത്തെയും പരിസര ശുചിത്വത്തേയും ബാധിക്കുന്നു.

പഞ്ചായത്തിന്റെ ആവശ്യമായ തൂപ്പുകാർ ഇല്ലാത്തതുകൊണ്ട് പൊതുസ്ഥലങ്ങളിൽ ഉള്ള മാലിന്യങ്ങളും ചപ്പു ചവറുകളും സ്ഥിരമായി കെട്ടി കിടക്കുന്നു.ഇത് നശിപ്പിക്കാനുള്ളയാതൊരു സംവിധാനവും പഞ്ചായത്തിൽ നിന്ന് ചെയ്യുന്നില്ല. മിക്ക വാർഡുകളിലും പ്രധാന സ്ഥലങ്ങളിലും കുപ്പ തൊട്ടികൾ സ്ഥപിച്ചിട്ടില്ല.

കുടിവെള്ളത്തിന്റെ മലിനീകരണം ഒരു പ്രധാന പ്രശ്നമാണ്. പൊതുകിണറുകളിൽ നിന്ന് ലഭിക്കുന്ന വെള്ളം കാലാകാലങ്ങളിൽ ശുചീകരിക്കാത്തതുകൊണ്ട് രോഗങ്ങൾ പടരാൻ സാദ്ധ്യതയുണ്ട്. പൊട്ടിയ പൈപ്പ് ലൈനുകൾ വഴി ടാപ്പുകളിൽ എത്തുന്ന കുടിവെള്ളം മണ്ണ് മറ്റ് അഴുക്കു പദാർത്ഥങ്ങൾ കലർന്ന് വരുന്നതാണ്.

തൊട്ടടുത്തുള്ള പുതുശ്ശേരി പഞ്ചായത്തിലെ വ്യവസായിക മേഖലയിൽ ഉള്ള പല ഫാക്ടറികളിൽ നിന്നും വരുന്ന പുക ഇവിടെ വായു മലിനീകരണത്തിന് സാദ്ധ്യതയേറുന്നു.

പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ചികിത്സക്കായി വരുന്ന കുട്ടികൾക്കുള്ള രോഗങ്ങൾ പരിശോധിക്കുമ്പോൾ പോഷകാഹാരക്കുറവ് ഒരു കാരണമായി കാണപ്പെടുന്നു. ഗർഭിണികൾക്കും ഈ പോഷകാഹാരക്കുറവ് കാണപ്പെടുന്നു.

ഈ പഞ്ചായത്തിൽ സർക്കാർ ഹോമിയോ ഡിസ്പൻസറിയോ ആയുർവേദ ഡിസ്പൻസറിയോ ഇല്ല എന്നുള്ളത് പൊതുവേയുള്ള ഒരു കുറവാണ്.

കക്കൂസുകൾ

ഈ പഞ്ചായത്തിൽ 95% വീടുകളിലും കക്കൂസുകൾ ഇല്ല എന്നുള്ളതുതന്നെ ശുചിത്വബോധമില്ലായ്മയെ കാണിക്കുന്നു. ചുരുങ്ങിയ ചിലവിൽ കക്കൂസുകൾ നിർമ്മിക്കുവാനുള്ള പദ്ധതികളോ സംവിധാനങ്ങളോ ഇല്ലാത്തതാണ് ഇതിന് പ്രധാന കാരണം. ഗ്രാമങ്ങളിൽ താമസിക്കുന്ന ജനതക്ക് കക്കൂസുകൾ വെക്കാനുള്ള സ്ഥലം ഇല്ലാത്തതും ഒരു കാരണമാണ്.

ഇവിടുത്തെ പലചരക്ക് കടകളിൽ ലഭിക്കുന്ന ഭക്ഷ്യവസ്തുക്കളിൽ മായം കലർന്നവ കാണപ്പെടുന്നു, ഹോട്ടലുകളിൽ പഴകിയ ആഹാര പദാർത്ഥങ്ങൾ വിൽപ്പന നടത്താറുണ്ട്. ഇതിന് ആവശ്യമായ പരിശോധന നടത്താറില്ല.

നിർദ്ദേശങ്ങൾ:-

പ്രാഥമികാരോഗ്യ കേന്ദ്രം

1. ഒഴലപതി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ സ്ഥിരമായി ഡോക്ടർമാരെ നിയമിക്കുക. IPപ്രവർത്തനം ആരംഭിക്കുക.

2. ഇപ്പോഴുള്ള ചികിത്സാരീതി കൂടുതൽ മെച്ചപ്പെടുത്തുക.

3. ക്ലിനിക്കൽ ലബോറട്ടറിയുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

4. വാർഡുകൾ വൈദ്യുതീകരിക്കുക,ജലം ലഭ്യമാക്കുക.

5. മരുന്നുകളുടെ അപര്യാപ്തത ഒഴിവാക്കുകയും ഡോക്ടർ കുറിക്കുന്ന എല്ലാ മരുന്നുകളുംഅവിടെതന്നെ ലഭിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തുക.

6. വിഷചികിത്സക്ക് ഒരു പ്രത്യേക സെൽ രൂപീകരിക്കുക.

7. ഡോക്ടർമാർക്കും മറ്റു ജീവനക്കാർക്കും വെള്ളം, വൈദ്യുതി തുടങ്ങിയ സൗകര്യങ്ങളോടുകൂടി ക്വാർട്ടേഴ്സ് നിർമ്മിച്ചു കൊടുക്കുക. ഇത് ആശുപത്രിയുടെ സുഗമമായ നടത്തിപ്പിന് സഹായിക്കും.

8. വേലന്താവളത്തും മേനോൻപാറയിലും ഈ ആശുപത്രിയുടെ നിയന്ത്രണത്തിൽ ഒരു ഒ.പി. വിഭാഗം തുറന്ന് പ്രവർത്തിക്കുക.

9. ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുടെ ഒഴിവ് നികത്തുക.ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുടെ അനുപാതം 5000 പേർക്ക് 1 ആൾ വീതം ആയാൽ മെച്ചപ്പെട്ട പ്രതിരോധ പ്രവർത്തനങ്ങൾ കാഴ്ചവെക്കാൻ സാധിക്കും.

10. പ്രാഥമികാരോഗ്യകേന്ദ്രത്തിൽ 24 മണിക്കൂറും ചികിത്സ ഉറപ്പു വരുത്തുക.

11. കോഴിപ്പാറയിൽ ഒരു ആയുർവ്വേദ ആശുപത്രി , പരിശക്കല്ലിൽ ഒരു ഹോമിയോ ആശുപത്രി, മേനോൻപാറയിൽ ഒരു പ്രകൃതി ചികിത്സാകേന്ദ്രവും സ്ഥാപിക്കുക.

12. കുപ്പാണ്ട കൗണ്ടനൂർ കുടുംബക്ഷേമകേന്ദ്രം കാര്യക്ഷമമാക്കുക. കള്ളിയംപാറയിലെ ആരോഗ്യകേന്ദ്രം കാര്യക്ഷമമാക്കുക. കോഴിപ്പാറയിലെ കുടുംബക്ഷേമകേന്ദ്രത്തിൽ ഒരാളെക്കൂടി നിയമിക്കുക.

13. മഞ്ചകുന്ന്, കിരാംപാറ തുടങ്ങിയ പ്രദേശത്തു നിന്ന് വൈദ്യത്തിനായി 6 മുതൽ 9 കി.മീ വരെ സഞ്ചരിക്കേണ്ടതുണ്ട്. ഇവിടെ ഒരു പ്രാഥമിക ചികിത്സാകേന്ദ്രം വേണം. കോഴിപ്പാറയിൽ ഒരു സബ്ബ് സെന്റർ വേണം. തന്മൂലം 1, 2, 3 ,10 എന്നീ നാലു വാർഡുകളെ കേന്ദ്രീകരിച്ച് പ്രവർത്തിക്കുവാൻ സാധിക്കും.

14. എല്ലാ വാർഡുകളിലും കുടുംബക്ഷേമ കേന്ദ്രം വേണം.

15. മഹിളാസ്വസ്ത സംഘിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുക. ഈ പരിപാടിക്ക് ക്ലാസ്സെടുക്കുവാൻ വിധഗ്ദ്ധരെ നിയമിക്കുവാൻ നടപടികളെടുക്കുക. എല്ലാ സബ്ബ് സെന്ററുകളിലും മഹിളാസ്വസ്ത സംഘ് തുടങ്ങാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

16. സാർവ്വത്രിക പ്രതിരോധ കുത്തിവെയ്പ് കാര്യക്ഷമമാക്കുക. എല്ലാ കുടുംബക്ഷേമ കേന്ദ്രങ്ങൾക്കും മാസത്തിൽ ഒരു ദിവസം പ്രാഥമികാരോഗ്യകേന്ദ്രത്തിൽ നിന്നുള്ള ഡോക്ടർ സന്ദർശിക്കുക.

17. ലാപ്രോസ്കോപിക് ശസ്ത്രക്രിയ നടത്തുന്നവർക്കുള്ള പാരിതോഷികം വർദ്ധിപ്പിച്ചാൽ കുടുംബാസൂത്രണം വൻ വിജയമാക്കാൻ സാധിക്കും. ഇതു സംബന്ധിച്ച് ബോധവൽക്കരണം നടത്തുക.

18. ന്യൂട്രീഷൻ ക്യാമ്പിനുള്ള അലോട്ട്മെന്റ് ഇക്കൊല്ലം അനുവദിക്കുവാൻ നടപടിയെടുക്കുക. ഇത് ദുർബല വിഭാഗക്കാർക്കും കോളനികളിലും ഈ ക്യാമ്പുകൾ സംഘടിപ്പിക്കുന്നത് ഗുണകരമായിരിക്കും.

19. ആരോഗ്യകരമായ സമകാലീന കാര്യങ്ങൾ അറിയുന്നതിന് ജനങ്ങൾക്കും ആരോഗ്യ വകുപ്പ് ജീവനക്കാർക്കും ഓറിയന്റേഷൻ ക്യാമ്പുകൾ വിദഗ്ദ്ധരെ കൊണ്ട് നടത്തുക.

20 സൗജന്യ മെഡിക്കൽ ക്യാമ്പുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി സന്നദ്ധ സംഘടനകളെ കൊണ്ട് നടത്തിപ്പിക്കുന്നത് പാവങ്ങൾക്ക് ഗുണകരമായിരിക്കും.

21.ഗർഭിണിക്കൾക്ക് പോഷകാഹാരം നൽക്കുക.

പരിസര ശുചിത്വം

1.പരിസര ശുചിത്വത്തെ കുറിച്ചും ആരോഗ്യത്തെ കുറിച്ചും ഉള്ള ബോധവൽക്കരണ സെമിനാറുകൾ ഓരോ വാർഡ് തലത്തിലും ആറു മാസത്തിലൊരിക്കൽ നടത്തുക.

2.തുറസ്സായ പ്രദേശത്തുള്ള മലമൂത്ര വിസർജ്ജനം നിരോധിക്കുക.

3. എല്ലാ പ്രധാന കേന്ദ്രങ്ങളിലും ഉള്ള കുപ്പതൊട്ടികൾ ദിവസവും വൃത്തിയാക്കുവാനുള്ള ഏർപ്പാടുകൾ ചെയ്യുക. കുപ്പതൊട്ടികൾ ഇല്ലാത്ത സത്രം, കള്ളിയംപാറ, ചെറിയ കള്ളിയം പാറ , പരിശകൽ, കിണർപ്പള്ളം, ചെട്ടിയാർ കളം, മഞ്ചക്കുന്ന്, കരിയൻചെട്ടി കളം തുടങ്ങിയ പ്രദേശത്തും മറ്റ് നമ്മുടെ പഞ്ചായത്തിലെ കുപ്പതൊട്ടികൾ ഇല്ലാത്ത എല്ലാ ഭാഗങ്ങളിലും കുപ്പതൊട്ടികൾ സ്ഥാപിക്കുക.

4. പഞ്ചായത്തിലെ മാലിന്യങ്ങൾ നിർമാർജ്ജനം ചെയ്യുവാൻ ഒരു സംവിധാനം കണ്ടെത്തുക. ഇതിനെ ഒരു വ്യവസായമാക്കിമാറ്റുവാൻ കോയമ്പത്തൂരിലുള്ള ബന്ധപ്പെട്ട വ്യവസായികളുമായി ആലോചിച്ച് ഒരു പുതിയ തൊഴിൽ മേഖല കണ്ടെത്താവുന്നതാണ്.

5. വീടുകളിൽ നിന്നുള്ള അഴുക്കു പദാർത്ഥങ്ങൾ ശേഖരിക്കുവാൻ ഓരോ വാർഡിൽ നിന്നും 200 വീടുക്കൾക്ക് ഒരാൾ എന്ന നിലക്ക് നിയമിക്കാം. ഇതിന്റെ കൂലിയായി ഒരു സംഖ്യ നിശ്ചയിച്ചാൽ നമ്മുടെ പഞ്ചായത്തിലെ കുറെ പേർക്ക് ജോലിയും ഈ മാലിന്യങ്ങൾ ഉപയോഗപ്രദമാക്കി മാറ്റുവാനും സാധിക്കും.

6. മൊത്തം വാർഡുകളിൽ നിന്നും ഇപ്രകാരം ശേഖരിക്കുന്ന മാലിന്യങ്ങൾ വേലന്താവളത്ത് എത്തിച്ച് കോയമ്പത്തൂരിലേക്ക് അയക്കുവാനോ ഇവിടെ തന്നെ വ്യവസായമാക്കി മാറ്റുവാനോ സാധിക്കും.

7.കുടിവെള്ളം ശുചീകരിക്കുവാൻ പഞ്ചായത്ത് വക കിണറുകളിൽ ബ്ലീച്ചിംഗ് പൗഡർ, പൊട്ടാസ്യം പെർ മാംഗനേറ്റ് എന്നിവ വിതറുക. പൊട്ടിയ പൈപ്പ് ലൈനുകൾ , ടാപ്പുകളുടെ പരിസരം വൃത്തിയാക്കുക.

8.കുടിവെള്ളത്തിനായി കൂടുതലും തുറന്ന കിണറുകളെ ആശ്രയിക്കുന്നതാവും നല്ലത്.

9. പഞ്ചായത്ത് പരിധിയിൽ വിൽക്കുന്ന ശീതളപാനീയങ്ങുളുടെയും ആഹാര പാദാർത്ഥങ്ങളുടെയും ഗുണ നിലവാരം മെച്ചപ്പെടുത്തുവാനും കടകളിൽ വിൽക്കുന്ന ഭക്ഷ്യവസ്തുക്കൾ മായം ചേർക്കാത്തതാണെന്ന് ഉറപ്പു വരുത്തുവാനും ഫുഡ്ഇൻസ്പെക്ടറുടെ സേവനം ഉറപ്പു വരുത്തുക.

10. പഞ്ചായത്ത് പരിധിയിലുള്ള മാംസ വിൽപ്പനശാലയിലെ മാംസത്തിന്റെ ഗുണ നിലവാരം മൃഗ ഡോക്ടറെ കൊണ്ട് സാക്ഷ്യപ്പെടുത്തിയ ശേഷം പൊതുജനങ്ങൾക്ക് നൽകുക - എല്ലാ സൗകര്യങ്ങളോടുകൂടി അറവുശാല സ്ഥാപിക്കുക.

11. വേലന്താവളത്തെ അഴുക്കുചാലുകൾ ശാസ്ത്രിയമായി പരിഷ്ക്കരിച്ചാൻ ഇപ്പോൾ അടഞ്ഞു കിടക്കുന്ന മാലിന്യങ്ങൾ ഒഴിഞ്ഞു പോകുകയും റോഡുകളുടെ ഇരുവശവും വൃത്തിയാകുകയും ചെയ്യും. ഇത് കൊതുകുശല്യം പരിഹരിക്കുതിന് സഹായിക്കും.

12. ഈ പഞ്ചായത്തിലെ അംഗവൈകല്യം ഉള്ള കുട്ടികൾക്കായി ഒരു വിദ്യാഭ്യാസ സ്ഥാപനം തുടങ്ങുകയും സർക്കാരിൽ നിന്നും ഇവർക്ക് അർഹതപ്പെട്ട ആനുകുല്യങ്ങൾ യഥാസമയത്ത് അനുവദിച്ചു കിട്ടുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക

കക്കൂസ് കോളനികളിൽ താമസിക്കുന്നവർക്ക് കമ്മ്യൂണിറ്റി ലാട്രിനുകൾക്ക് ഉള്ള സൗകര്യങ്ങൾ പ്രദാനം ചെയ്യുക. ഇത് തുറസ്സായ സ്ഥലങ്ങളിലെ മലമൂത്ര വിസർജ്ജനം ഒരു പരിധിവരെ തടയാൻ കഴിയും.

അടുത്തകാലത്തായി നമ്മുടെ പഞ്ചായത്തിലെ എല്ലാ വീടുകൾക്കും കക്കൂസ് നിർമ്മിക്കുവാനായി നെതർലാൻഡ് സർക്കാരിന്റെ സഹായത്തോടുകൂടി ഏകദേശം 6500 കക്കൂസുകൾ നിർമ്മിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതി രൂപവൽക്കരിച്ചിട്ടുണ്ട്. ഇത് ത്വരിതപെടുത്തിയാൽ പഞ്ചായത്തിലെ ഭൂരിഭാഗം വീടുക്കൾക്കും ഇതിന്റെ പ്രയോജനം ലഭിക്കും. തൻമൂലം പരിസര ശുചിത്വം ഒരു പരിധിവരെ കാത്തു സൂക്ഷിക്കുവാൻ കഴിയും.

ആരോഗ്യ വിദ്യാഭ്യാസം

പൊതുജനാരോഗ്യത്തെക്കുറിച്ചും പരിസര ശുചിത്വത്തെക്കുറിച്ചും വിദ്യാലയങ്ങളിലും പൊതുജനങ്ങൾക്കിടയിലും ബോധവൽക്കരണം എന്ന നിലക്ക് ആരോഗ്യ വിദ്യാഭ്യാസം മെച്ചപെടുത്തേണ്ടതാണ്. രോഗങ്ങൾ, പ്രതിരോധ നടപടികൾ തുടങ്ങിയവയെക്കുറിച്ച് വിവിധതരം പ്രചരണങ്ങൾ നടത്തുക. AIDS നെ കുറിച്ചും അതിനെതിരെ വേണ്ട നടപടികൾസ്വീകരിക്കേണ്ടതിനെ ക്കുറിച്ചും വേണ്ട ബോധവൽക്കരണം പൊതുജനങ്ങൾക്ക് നൽകുക.

മേൽ പറഞ്ഞ നിദ്ദേശങ്ങൾ ഫല പ്രദമാകുകയാണെങ്കിൽ നമുടെ പഞ്ചായത്തിന്റെ പൊതുജനാരോഗ്യം മെച്ചപ്പെട്ട രീതിയാക്കാൻ സഹായിക്കും എന്ന കാര്യത്തിൽ സംശയമില്ല.



5.6 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

5.6.1 ഗതാഗതം

49.51 ചതുരശ്ര കി.മീ. വിസ്തീർണ്ണമുള്ള വടകരപ്പതി പഞ്ചായത്തിലെ ഗതാഗത സൗകര്യം വളരെ പരിമിതമാണ്. തമിഴ്നാട് അതിർത്തിയിൽ കിടക്കുന്ന ഈ പഞ്ചായത്തിന്റെ പിന്നോക്കാവസ്ഥക്കുള്ള കാരണങ്ങളിലൊന്ന് ഗതാഗതാസൗകര്യമില്ലായ്മയാണ്.

കാർഷിക പ്രാധാന്യമുള്ള ഈ പഞ്ചായത്തിന്റെ ഉൾപ്രദേശങ്ങളിലേക്ക് റോഡില്ലാത്തത് കാർഷിക പുരോഗതിക്ക് തടസ്സമാകുന്നു. പല ഗ്രാമപ്രദേശങ്ങളിലേക്കും റോഡില്ലാത്തതും ഗതാഗതസൗകര്യമില്ലാത്തതും സാമൂഹ്യജീവിതത്തെ ദുഷ്ക്കരമാക്കുന്നു.

പഞ്ചായത്തിലെ മൊത്തം റോഡുകളുടെ നീളം - 87.505 കി.മീ., ടാറിട്ടത് - 35 കി.മീ., ഒമെറ്റലിട്ടത് - 30.610 കി.മീ., മെറ്റലിടാത്തത് - 21.895 കി.മീ., PWD ഉടമയിലുള്ള റോഡ്. 35 കി.മീ പഞ്ചായത്ത് ഉടമയിലുള്ള റോഡ്. - 52.505 കി.മീ. മെറ്റൽ റോഡുകൾ ദീർഘകാലമായി ടാറിംഗ് നടത്താത്തത് റോഡുകളുടെ നാശത്തിനും ഗതാഗതാതടസ്സത്തിനും ഇടയാക്കുന്നു. മൺറോഡുകൾ മഴക്കാലങ്ങളിൽ കാൽനടയാത്രക്കുപോലും പറ്റാതാകുന്നു.

പ്രശ്നങ്ങൾ

1. ടാർ റോഡുകളുടെ അറ്റകുറ്റപ്പണി ഇല്ലായ്മ.

2. രണ്ട് ടാർ റോഡുകൾക്കിടയിൽ 1.4 കി.മീ. ടാറിങ്ങ് ഇല്ലാത്തത്. വടകരപ്പതി - പുതുശ്ശേരി പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഗതാഗതം ഇല്ലാതാക്കുന്നു. (കോഴിപ്പാറ - വാളയാർപുഴ റോഡ്)

3. വടകരപ്പതി - ഏരുത്തിയാമ്പതി പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന പാലമില്ലാത്തത് വിദ്യാർത്ഥികളുടേയും മറ്റുള്ളവരുടേയും യാത്ര ക്ലേശകരമാക്കുന്നു.

4. PWDറോഡിലെ പഴയ പാലങ്ങളുടെ തകരാറ് തീർക്കുന്നില്ല.

5. മെറ്റൽറോഡുകൾ ടാറിംഗ് നടത്താത്തതിനാൽ മെറ്റലിംഗ് നഷ്ടപ്പെട്ടുപോയി റോഡ് യാത്രയോഗ്യമല്ലാതാവുന്നു.

6. കളിമൺ സ്വഭാവമുള്ളതിനാൽ മഴക്കാലങ്ങളിൽ മൺറോഡുകൾ കാൽനടയാത്രക്കുപോലും പറ്റാതാവുന്നു.

7. ഫാംറോഡുകളുടെ കുറവ് കാർഷീകമേഖലയെ തളർത്തുന്നു.

8. വിശാലമായ വാർഡു പ്രദേശങ്ങളിലേക്ക് റോഡില്ലാത്തത് ജനജീവിതം ദുഃസ്സഹമാക്കുന്നു.

9. നിരവധി ബസ്സുകൾ വന്നുപോകുന്ന വേലന്താവളത്ത് ബസ്സ്സ്റ്റാന്റില്ലാത്തതിനാൽ റോഡ് ഗതാഗതം തടസ്സപ്പെടുന്നു.

10. ഡ്രെയ്നേജുകളില്ലാത്തതിനാൽ റോഡ് എളുപ്പം കേടുവരുന്നു.

നിർദ്ദേശങ്ങൾ

1. PWDറോഡിന്റെ അറ്റകുറ്റപ്പണി പഞ്ചായത്തുകളെ ഏൽപ്പിക്കുക.

2. മെറ്റൽ ചെയ്തിട്ടുള്ള മുഴുവൻ റോഡുകളും ടാറിടുക.

3. വടകരപ്പതി - എരുത്തിയാമ്പതി പഞ്ചായത്തുകളെ ബന്ധിപ്പിക്കാൻ കരിയഞ്ചെട്ടിക്കളത്ത് പാലം പണിത് ബസ്സ്റൂട്ട് ആരംരംഭിക്കുക.

4. PWDറോഡിലെ തകരാറായപാലങ്ങൾ പുതുക്കി പണിയുക.

5. പഞ്ചായത്ത് മൺറോഡുകൾ മെറ്റലിടുക.

6. കാർഷീകാവശ്യത്തിന് ഉൾപ്രദേശങ്ങളിലേക്ക് ഫാംറോഡുകൾ ഉണ്ടാക്കുക.

7. വേലന്താവളത്ത് ബസ്സ് സ്റ്റാന്റും കംഫർട്ട് സ്റ്റേഷനും സ്ഥാപിക്കുക.

8. എല്ലാറോഡുകൾക്കും ഡ്രെയ്നേജ് ആവശ്യമായ ഇടങ്ങളിൽ കൽപർട്ടും ഉണ്ടാക്കുക.

9. ഗ്രാമസഭയുടെ നിർദ്ദേശപ്രകാരം താഴെ പറയുന്ന സ്ഥലങ്ങളിൽ ബസ്സ്സ്റ്റോപ്പ് പണിയുക.

വാ. 1. ചൊരപ്പാറ

വാ.2. നല്ലൂർ (പഞ്ചായത്ത് ഓഫീസ്)

വാ.3. എലിപ്പാറ ചന്ത

വാ.4. പുഴമേട് മേനോൻപ്പാറ പുഴപ്പാലം

വാ.5. രാമാണ്ടിച്ചള്ള, സത്രം, പറിശക്കൽ, കള്ളിയമ്പാറ, പൊളിപ്പാറ.

വാ.6. ചുണ്ണാമ്പുക്കൽത്തോട്

വാ.7. കിണർപ്പള്ളം, ലാലാകാട് പിരിവ്, ചെട്ടിയാർ കളം പിരിവ്

വാ.8. അനുപ്പൂർ പിരിവ്, ഒഴലപ്പതി ആശൂപത്രി, കുപ്പാണ്ടകൗണ്ടന്നൂർ

വാ.9. ഒഴലപ്പതി ചന്തപ്പേട്ട

വാ. 11. ബാവാജിനഗർ.

10. റോഡുകൾ അടിയന്തിരമായും അറ്റകുറ്റപണി നടത്തുവാൻ ഗ്രാമ സഭകളിലെ നിർദ്ദേശം

വാ1.പാലിയന്തര റോഡ്,നീലിപ്പാറ റോഡ്

വാ2.കോഴിപ്പാറ - അയ്യാകൗണ്ടൻ ചള്ള റോഡ് , നല്ലൂർ - പൊന്നുപ്പാസ് മുതലാളി കളം വരെയുള്ള റോഡ്

വാ3. ഭഗവതിപ്പാറ റോഡ്, കണക്കൻ കളം-മണിയക്കാരൻ ചള്ള റോഡ്, കോപ്പുമേനോൻ ചള്ള റോഡ്, അമ്പാട്ടു കളം റോഡ്,കല്ലറ മേട് റോഡ്, പരിശക്കൽ-ചുണ്ണാമ്പുക്കൽ ത്തോട് പി.ഡബ്ലിയു.ഡി. റോഡിൽ പരിശക്കൽ മുതൽ വെള്ളച്ചിക്കുളം വരെ

വാ4. മേനോൻപാറ പുഴപ്പാലം - വട്ടറാംകളം റോഡ് (മഴക്കാലങ്ങളിൽ ഈ റോഡിലൂടെ കാൽനടപോലും സാദ്ധ്യമല്ല.

വാ. 5. സത്രം - കരുവപ്പാറ പി.ഡബ്ലിയു.ഡി. റോഡിലെ സത്രം മുതൽ മണൽക്കാട് പ്ലാസ്റ്റിക് ഫാക്ടറി വരെ

വാ. 6 വേലന്താവളം സെന്ററിലെ പി.ഡബ്ലിയു.ഡി റോഡ്, ഒഴലപ്പതി റോഡ്, ചുണ്ണാമ്പുക്കൽ ത്തോട് ലക്ഷം വീടിനടുത്തുള്ള പി.ഡബ്ലിയു.ഡി റോഡ്

വാ. 7 ലാലാകാട് പിരിവു മുതൽ പുങ്കുന്തറ റോഡ്

വാ. 8 കുപ്പാണ്ട കൗണ്ടനൂർ - വില്ലൂന്നി റോഡ്

വാ. 9ഒഴലപ്പതി - ചിന്നാകൗണ്ടനൂർ,ഒഴലപ്പതി തേനമ്പതി - ചിന്നാകൗണ്ടനൂർ റോഡ്,തേനമ്പതി - ചിന്നാ കൗണ്ടനൂർ(ബോർഡർ റോഡ്)

വാ. 10 കോഴിപ്പാറ ചന്തപ്പേട്ട-എരുമക്കാരനൂര് റോഡ്

വാ. 11 തൊപ്പിക്കോളനി - കിണർപ്പള്ളം കുളം വരെ

11. പുതിയ റോഡ് നിർമ്മിക്കാൻ ഗ്രാമസഭകളിൽ ഉണ്ടായ നിർദ്ദേശം

വാ. 1 ചൊരപ്പാറ സെന്ററിൽ നിന്ന് അംഗൻ വാടി വഴി കനാൽ പാറക്കളം വരെ (ഏകദേശം 1കി.മീ) മാങ്ങാ തോപ്പു മുതൽ വാളയാർ പുഴ വരെ - 600 മീറ്റർ, ചൊരപ്പാറ പള്ളിയിൽ നിന്ന് കോൺവെന്റ് വഴി പാലിയന്ത്വര റോഡ് വരെ 300 മീറ്റർ, ശങ്കൂതി പ്പള്ളം റോഡിൽ നിന്ന് രാജാമുതലാളി കളം വരെ - 500 മീറ്റർ

വാ. 2 അയ്യാ കൗണ്ടൻ ചള്ള മുതൽ കോപ്പുമേനോൻ ചള്ള വരെ - 600 മീറ്റർ, അയ്യാകൗണ്ടൻ ചള്ള മുതൽ വെള്ളച്ചി ക്കുളം മെയിൻ റോഡ് വരെ 1 1/2 കി.മീ നല്ലൂർ പൊന്നുപ്പാമ്പ് മുതലാളി കളം മുതൽ സത്രം റോഡ് വരെ - 1 കി.മീ, കോഴിപ്പാറ മാരിയമ്മൻ കോവിൽ സമീപത്തുകൂടി അയ്യാ കൗണ്ടൻ ചള്ള റോഡിലേക്ക് (പാറക്കളം) 750 മീറ്റർ, കോഴിപ്പാറ PWD റോഡിൽ നിന്ന് അയ്യാ കൗണ്ടൻ ചള്ള വരെ.

വാ.3. പരിശക്കൽ സ്കൂളിന്റെ പിൻഭാഗത്തുകൂടി കണക്കൽ കളം റോഡിൽ ബന്ധിക്കണം 1 3/4 കി.മീ, നല്ല വീട്ട ചള്ളയിൽ നിന്ന് നൂൽക്കാരൻ ചള്ള യിലേക്ക് 1 1/2 കി.മീ , എലിപ്പാറ മെയിൻറോഡിൽ ഖാദിയുടെ സമീപത്ത് നിന്ന് വടക്കോട്ട് കന്തസ്വാമി കൗണ്ടറുടെ കാട് വഴി ദേവരായൻ കോട്ട വരെ 2 കി.മീ, ഷുഗർ ഫാക്ടറിയുടെ മുൻഭാഗത്തു നിന്ന് അമ്പാട്ടുകളത്തിലേക്ക് - 3/4 കി.മീ

വാ. 4 വട്ടറാം കളം മുതൽ മണൽക്കാട് - സത്രം റോഡ് വരെ - 2കി.മീ,വളയക്കാരൻ ചള്ള റോഡിൽ നിന്ന് വട്ടറാംകളത്തുനിന്നും കാട്ടുപള്ളത്താൻ ചള്ള യിലേക്ക് വെട്ടുന്ന റോഡിൽ ബന്ധിപ്പിക്കുക. - 500മീറ്റർ, മേനോൻപാറ സ്കൂളിന് സമീപത്തുനി ന്നും കിഴക്കോട്ട് പാറക്കുഴിയിലേക്ക് - 150.മീ, മേനോൻപാറ -സത്രം PWDറോഡിൽ വലതു വശം കുളമടച്ചള്ളയിലൂടെ കാട്ടുപള്ളത്താൻചള്ള റോഡിൽ ബന്ധിപ്പിക്കുക. - 2കി.മീ, സത്രം-കൊഴി ഞ്ഞാമ്പാറPWD റോഡിൽ പുഴമേടിൽ നിന്ന് പടിഞ്ഞാറോട്ട് കാട്ടുപള്ളത്താൻ ചള്ള റോഡിലേക്ക് 1 1/2കി.മീ , കൊളമടച്ചള്ളക്കും സത്രത്തിനും ഇട യിൽ നിന്നും തേക്കോട്ട് നിലവിലുള്ള വണ്ടിവഴി വികസിപ്പിച്ച് മണൽക്കാട് റോഡിലേ ബന്ധിപ്പിക്കു ക - 1 1/2 കി.മീ

വാ. 5 സത്രം മുതൽ ചെറിയ കള്ളിയമ്പാറ വഴി പുങ്കന്തറ റോഡ് വരെ - 3 കി.മീ,ഗാന്ധി നഗറിൽ നിന്ന് പുങ്കുന്തറ റോഡ് വരെ - 1 1/2കി.മീ , ചെറിയ കള്ളിയമ്പാറയിലേക്ക് (സ്റ്റീറ്റ് റോഡ്) 750 മീറ്റർ, ചെറിയ കള്ളിയമ്പാറ റോഡിൽ നിന്ന് താഴത്തുപാടം റോഡ് - 500 മീറ്റർ , വേട്ടക്കാരൻ ചള്ള (സ്റ്റീറ്റ് റോഡ്) 750 മീറ്റർ, രാമാണ്ടിചള്ള (സ്റ്റീറ്റ് റോഡ്) 750 മീറ്റർ വലിയ കള്ളിയമ്പാറ (സ്റ്റീറ്റ്റോഡ്) - 800 മീറ്റർ, പുങ്കുന്തറ റോഡിൽ നിന്ന് ദ്വരകളം വരെ - 700 മീറ്റര ചന്ദ്ര നഗർ മുതൽ മണികാരൻ ചള്ളള കുളം വരെ - 2കി.മീ. തേനലാമരത്തുക്കാട് റോഡ് - 750 മീ, ചെറിയകള്ളിയമ്പാറയിൽ നിന്ന് ശേഖർകളം വരെ - 750 മീറ്റർ

വാ.6 വേലന്താവളം - ചിന്നകൗണ്ടനൂർ വരെ (ബോർഡർ റോഡ്) 5കി.മീ , ചുള്ളാമ്പു ക്കൽ ത്തോട് PWD റോഡിൽ നിന്ന് വടക്കോട്ട് മലയൻ കോളനി വരെ - 1 1/2 കി.മീചുള്ളാമ്പുക്കൽ ത്തോട് PWD റോഡിൽ നിന്ന് തെക്കോട്ട് അച്ചുതൻ വീട് വഴി തിരിച്ച് മാരിയമ്മൻ കോവിലിന്റെ പടിഞ്ഞാറ് ഭാഗത്ത് PWD റോഡിൽ ബന്ധിപ്പിക്കുക.- 1300 മീറ്റർ, ടാർ റോഡിൽ നിന്ന് വേലന്താവളം ശ്മശാനത്തിലേക്ക് 11/2 കി.മീ , ആണ്ടവൻ കോവിൽ വീതി - തേനമ്പതി - SC/ST കോളനിവരെ

വാ.7 കിണർപ്പള്ളം മെയിൻ റോഡിൽ നിന്ന്SC കോളനിയിലേക്ക് - 500 മീറ്റർ, കൊരാമ്പാറ പഞ്ചായത്ത് റോഡിൽ നിന്ന് എളയാട്ട കളം വഴി കങ്കാണി കളം (കിണർപ്പള്ളം മെയിൻ റോഡ്) - 3കി.മീ

വാ. 8 കെരാമ്പാറ - തെക്ക് കിരിയമ്പള്ളം,അനുപ്പൂർ - വടക്ക് കിരിയമ്പള്ളം

വാ.9 ഒഴലപ്പതി -തേനമ്പതി റോഡ്,തേനമ്പതി - ആട്ട യാമ്പതി റോഡ്, ഒഴലപ്പതി- ചിന്നാ കൗണ്ടനൂർ റോഡ്,ഒഴലപ്പതിയിൽ നിന്ന് പടിഞ്ഞാറ് പതിയിലേക്ക് 250 മീറ്റർ, കാമരാജ് ST കോളനിയിൽ നിന്ന് ചന്തപ്പേട്ട ST കോളനിയിലേക്ക് 200 മീറ്റർ, ചന്തപ്പേട്ടയിൽ നിന്ന് ചിന്നാ കൗണ്ടനൂറിലേ 300 മീറ്റർ, തേനമ്പതിയിൽ നിന്ന് (തമിഴ്നാട് അതിർത്തി) ചിന്നാകൗണ്ടർനൂർ റോഡിന് കണക്ഷൻ റോഡ് - 1 1/2 കി.മീ.

വാ.10 എരുമക്കാരനൂർ - മലമേട്ട്ക്കാട്, എരുമക്കാരനൂരിൽ നിന്ന് കുഞ്ചുമേനോൻ ചള്ള, ആലാമരത്തുക്കാട് വഴി പ്ലാശമ്പതി - സുമാർ 1 1/2 കി.മി കോഴിപ്പാറ സ്കൂളിന് താഴത്തു നിന്ന് പടിഞ്ഞാറോട്ട് പമ്പ് ഹൗസിന് സമീപത്തോടുകൂടി എരുമക്കാരനൂരിലേക്ക്- 1 കിമി. കോഴിപ്പാറ ചാൽ വഴി(കൊക്കുവാൽ) ഫാം റോഡ് മലമേട്ട്കാട്ടിലേക്ക് 200 മീറ്റർ

വാ. 11 മുൻസീഫ് ചള്ളയിൽനിന്ന് തെക്കോട്ട് തൊപ്പിക്കോളനി വഴി 1 കി.മി., നേർ പടിഞ്ഞാറ് മണിയകാരൻ ചള്ള ചുണ്ണാമ്പുക്കൽ ത്തോടിൽ 40 അടി റോഡിൽ - 2 കി.മീ, കിണർപ്പള്ളം കുളത്തിനു സമീപത്തു നിന്നും തൊപ്പി ക്കോളനി വഴി 40 അടി റോഡിൽ വന്നു ചേരും - 2 1/2 കി.മീ.

12 ഗ്രാമ സഭയുടെ നിർദ്ദേശ പ്രകാരമുള്ള പുതിയ ബസ്സ് റൂട്ടുകൾ

മേനോൻപാറ സത്രം വഴി

കോഴിപ്പാറ-വാളയാർ പുഴ റോഡ് ടാറിംഗ് നടത്തി ബസ്സ് റൂട്ട് ആരംഭിക്കുക.

13 SC/ST കോളനികളിലേക്ക് റോഡ് ഉണ്ടാക്കുക.

<u>സാധ്യത</u>

1.റോഡ് ഉണ്ടാക്കാൻ ആവശ്യമായ കരിങ്കല്ല് ഇവിടെ സുലഭമാണ്.

2.റോഡ് പണിക്കുള്ള ജനകീയ പങ്കാളിത്തം

സമഗ്രമായ ആസൂത്രണം ഗതാഗത മേഖലയിൽ നടപ്പിലാക്കിയാൽ കാർഷിക നേട്ടത്തിലൂടെ പഞ്ചായത്തിന്റെ പുരോഗതി കൈവരിക്കാം.

പഞ്ചായത്തിൽ നിലവിലുള്ള റോഡുകൾ

ക്രമ നം.	റോഡ്	നീളം കി.മീ
	<u>ടാർ റോഡ്</u>	
1	മേനോൻപാറ - വേലന്താവളം	8.5
2	വേലന്താവളം - ഒഴലപ്പതി	6
3	ഒഴലപ്പതി- കുപ്പാണ്ട കൗണ്ടനൂർ	2
4	പുഴമേട്- ഒഴലപ്പതി	9
5	മേനോൻപാറ - സത്രം	3.5
6	പരിശക്കൽ - ചുണ്ണാമ്പുക്കൽ ത്തോട്	3
7	വീരപ്പ കൗണ്ടനൂർ പിരിവ് - ചിന്നാ കൗണ്ടനൂർ	2
8	മേനോൻപാറ - കഞ്ചിക്കോട് റോഡ്	1

ക്രമ നം	റോഡ്	നീളം
	<u>മെറ്റൽ റോഡ്</u>	
1	വളയക്കാരൻ ചള്ള റോഡ്	1
2	എലിപ്പാറ - മണിയകാരൻ ചള്ള	2.7
3	പുങ്കന്തറ - വരട്ടയാർ പുഴ	2.2
4	ഒഴലപ്പതി - അനുപ്പൂർ	2.5
5	കോഴിപ്പാറ - എരുമക്കാരനൂർ	1
6	ലാലാക്കാട് - കരിയഞ്ചെട്ടികളം	3.2
7	കരിയഞ്ചെട്ടികളം - പുങ്കന്തറ	4
8	കോഴിപ്പാറ - വാളയാർ പ്പുഴ	1.4
9	ഒഴലപ്പതി - ചിന്നാ കൗണ്ടനൂർ	0.8
10	അനുപ്പൂർ - കുപ്പാണ്ട കൗണ്ടനൂർ	0.8
11	ബാവാജി നഗർ - മുൻസീഫ് ചള്ള	1.2
12	കിണർപള്ളം പിരിവ് - ആട്ടയാമ്പതി	2
13	കിണർ പ്പള്ളം പിരിവ് - കിണർപ്പള്ളം	1
14	കോഴിപ്പാറ-കോവിൽമണിയം റോഡ്	0.2
15	കോഴിപ്പാറ തെക്കേ തെരുവ്	0.2
16	നീലിപ്പാറ വടക്കേ തെരുവ്	0.4
17	നല്ലൂർ റോഡ്	0.2
18	മല്ലമ്പതി റോഡ്	0.75
19	കള്ളിയമ്പാറ തെരുവ്	0.16
20	ചൊരപ്പാറ - പാലിയന്തര	0.6
21	കോഴിപ്പാറ - അയ്യാ കൗണ്ടൻ ചള്ള	1.5
22	ഒഴലപ്പതി കിഴക്കു ഊര് ലൈൻ	0.35
23	ഒഴലപ്പതി സ്കൂൾ ലൈൻ	0.3

ക്ര ന.	റോഡ്	നീളം കി.മീ
24	എരുമം കുളം റോഡ്	0.4
25	എരുമക്കാരനൂർ -കോങ്ങമ്പാറ	0.5
26	കുപ്പാണ്ട കൗണ്ടനൂർ - ഒഴലപ്പതി ലിങ്ക് റോഡ്	1
27	ആട്ടയാമ്പതി ശ്മശാന റോഡ്	0.5
28	ആട്ടയാമ്പതി KC തെരുവ്	0.25
	മൺ റോഡുകൾ	
1	പാലിയന്ത്വര - കോങ്ങാമ്പാറ	1.3
2	ഒഴലപ്പതി ശ്മശാനം റോഡ്	1.4
3	മേലേ വീട്ടു കളം - കോപ്പു മേനോൻ ചളള	0.5
4	നല്ലൂർ വെള്ളച്ചി ക്കുളം	2.4
5	കെരമ്പാറ - കിരിയംമ്പളം	0.8
6	ആട്ടയാമ്പതി പളളി റോഡ്	0.8
7	എരവടപ്പാറ - ചോഴിയങ്കളം	0.4
8	കോഴിപ്പാറ വടക്കേ തെരുവ്	0.15
9	ചൊരപ്പാറ മിൽ റോഡ്	0.5
10	എരുമക്കാരനൂർ - കുഞ്ചു മേനോൻ ചളള	0.6
11	എരുമക്കാരനൂർ - മലമേട്ടുക്കാട്	0 52
12	കോഴിപ്പാറ 4 സെന്റ് കോളനി	2
13	മത്തിക്കാരൻചളള വടക്കേ തെരുവ്	0.2
14	മത്തിക്കാരൻ ചളള സെന്റർ സ്ട്രീറ്റ്	0.2
15	കുപ്പാണ്ട കൗണ്ടനൂർ പടിഞ്ഞാറെ ലൈൻ	0.4
16	കുപ്പാണ്ട കൗണ്ടനൂർ കിഴക്കേ ലൈൻ	0. 3

ക്ര ന.	റോഡ്	നീളം കി.മീ
17	തേനമ്പതി റോഡ്	0.8
18	വേലന്താവളം - ചിന്നാകൗണ്ടനൂർ (ബോർഡർ റോഡ്)	5
19	വെള്ളച്ചികുളം റോഡ്	0.5
20	ആട്ടയാംമ്പതി ശ്മശാനം റോഡ്	0.5
21	ആട്ടയാംമ്പതി കോവിൽ തെരുവ്	0. 25
22	ആട്ടയാമ്പതി ആണ്ടവർ കോവിൽ സ്ട്രീറ്റ്	0. 65
23	കുപ്പാണ്ട കൗണ്ടനൂർ ശ്മശാനം റോഡ്	0.3
24	പുഴപ്പാലം - വട്ടറാം കളം	1.5

അവലംബം : പഞ്ചായത്ത് റോഡ് രജിസ്റ്റർ

5.6 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

5.6.2 ഊർജ്ജം

വടകരപ്പതി പഞ്ചായത്തിൽ ഗാർഹികം, കാർഷികം, വാണിജ്യം, വ്യവസായം എന്നീ മേഖലകളിൽ ഉപയോഗിക്കുന്ന വൈദ്യുതി, മണ്ണെണ്ണ, ഡീസൽ, പെട്രോൾ, പെട്രാളിയം ഗ്യാസ് എന്നീ വാണിജ്യ ഇന്ധനങ്ങളെ അപേക്ഷിച്ച് വിറക്,തെങ്ങ് - പന ഉല്പന്നങ്ങൾ ,ബയോഗ്യാസ് എന്നിവയാണ് വ്യാപകമായി ഉപയോഗിക്കുന്നഊർജ്ജസ്രോത്രസ്സുകൾ.

ഗാർഹിക മേഖലയിൽ മുഖ്യമായും ഊർജ്ജം ഉപയോഗിക്കുന്നത് പാചകം ചെയ്യുന്നതിനാണ്. ഇതിന്, വിറക്,തെങ്ങ് - പന ഉല്പന്നങ്ങൾ, മണ്ണെണ്ണ, പെട്രാളിയം ഗ്യാസ്, ബയോഗ്യാസ് എന്നിവ ഉപയോഗിക്കുന്നു. വെളിച്ചത്തിനും മറ്റു ആവശ്യങ്ങൾക്കുമായും മണ്ണെണ്ണയും വൈദ്യുതിയും ഉപയോഗിക്കുന്നുണ്ട്.

പാചക ഇന്ധനം തരംതിരിച്ച്

പഞ്ചായത്തിൽ ആകെ വീട്	-	6467
വിറക് ഉപയോഗിക്കുന്ന വീട്	-	6192
മണ്ണെണ്ണ ,, ,,	-	165
പെട്രോളിയം ഗ്യാസ് ,, ,,	-	30
ബയോഗ്യാസ് ,, ,,	-	60

വീടുകളിൽ വെളിച്ചത്തിന് അധിക കുടുംബങ്ങളും ഉപയോഗിക്കുന്നത് മണ്ണെണ്ണയാണ്

ആകെ വീട്	-	6467
വൈദ്യുതീകരിച്ച വീട്	-	1702
വൈദ്യുതീകരിക്കാത്ത വീട്	-	4769

കാർഷിക മേഖലയിൽ വൈദ്യുതി മണ്ണെണ്ണ,ഡീസൽ, പെട്രോൾ എന്നീ ഊർജ്ജ സ്രോതസ്സുകൾ ഉപയോഗിക്കുന്നു. വൈദ്യുതി പമ്പു സെറ്റുകൾ ഉപയോഗിച്ച് വെള്ളം കൃഷിക്കുപയുക്തമാക്കലാണ് പ്രധാനം. വെള്ളം പമ്പു ചെയ്യാൻ മണ്ണെണ്ണ എഞ്ചിൻ ഉപയോഗിക്കുന്നവരുടെ എണ്ണം തീരെ കുറഞ്ഞിരിക്കുന്നു. ട്രാക്ടർ, ടില്ലർ , പവർ സ്പ്രേ എന്നിവക്ക് ഡീസൽ , പെട്രോൾ എന്നിവ ഉപയോഗിക്കുന്നു.

ഹോട്ടൽ, വ്യപാര സ്ഥാപനങ്ങൾ ഇവ ഉൾപ്പെടുന്ന വാണിജ്യ മേഖലയിൽ വിറക് മണ്ണെണ്ണ, പെട്രോളിയം, ഗ്യാസ്, വൈദ്യുതീ എന്നീ ഊർജ്ജങ്ങൾ ഉപയോഗിക്കുന്നു.

ഏതാനും ചെറുകിട പരമ്പരാഗത വ്യവസായങ്ങൾ മാത്രമുള്ള വ്യവസായ മേഖലയിൽ വൈദ്യുതി, ഡിസൽ, വിറക് എന്നിവ ഉപയോഗിക്കുന്നു. ചന്ദന ഫാക്ടറികൾ സ്ഥാപിക്കപ്പെട്ടതോടെ ഈ മേഖലയിൽ വ്യാപകമായ വിറക് ഉപയോഗിക്കുന്നു. മണ്ണെണ്ണ, പെട്രോൾ,ഡീസൽ,പെട്രോളിയം ഗ്യാസ്, വൈദ്യുതി

എന്നീ വാണിജ്യ ഇന്ധനങ്ങളിൽ മണ്ണെണ്ണ പൊതു വിതരണ ഷോപ്പുകളിൽ നിന്നും ഭാഗികമായി കടകളിൽ നിന്നും വാങ്ങുന്നു.

മണ്ണെണ്ണ പെർമിറ്റ് - 165

ഗതാഗതം, വയവസായം എന്നീ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന പെട്രോൾ,ഡീസൽ എന്നിവയുടെ വിപണന ക്രേന്ദം പഞ്ചായത്തിലില്ല.

എളുപ്പത്തിൽ ലഭ്യമാകലും ഉപയോഗ സൗകര്യവും പെട്രോളിയം ഗ്യാസിന്റെ ഉപഭോക്താക്കളിൽ നേരിയ തോതിൽ വർദ്ധനവുണ്ടാക്കിയിട്ടുണ്ട്.

എല്ലാ മേഖലകളിലും ഉപയോഗിക്കുന്ന വളരെ പ്രധാനപ്പെട്ട ഊർജ്ജമാണ് വൈദ്യുതി. പശ്ചിമ ഘട്ടത്തിന്റെ നിഴൽപാതയിൽ ഉറങ്ങിക്കിടന്നിരുന്ന വടകരപ്പതി പഞ്ചായത്തിനെ തട്ടി ഉണർത്തിക്കൊണ്ട് 1955-56 ൽ ആദ്യത്തെ വൈദ്യുത ലൈൻ വന്നു. കൊച്ചിൻ കെമിക്കൽസിൽ വൈദ്യുതി എത്തിയിട്ട് നാല് പതിറ്റാണ്ട് പിന്നിട്ടെങ്കിലും എല്ലാ സ്ഥലങ്ങളിലും ഇന്നും വൈദ്യുതി എത്തിയിട്ടില്ല. ഒരു പ്രദേശത്തിന്റെ കാർഷികവും വ്യാവസായികവുമായ വികാസത്തിനുള്ള പ്രധാന ഘടകങ്ങളിലൊന്നാണ് വൈദ്യുതി. എന്നാൽ വടകരപ്പതി പഞ്ചായത്തിലെ വൈദ്യുതിക്ക് നാൽപ്പത്തികഞ്ഞിട്ടും പ്രായത്തിനൊത്ത വളർച്ച കാർഷിക വ്യവസായ രംഗത്ത് ഉണ്ടായിട്ടില്ല.

<u>വൈദ്യുതി എത്താത്ത പ്രദേശങ്ങൾ</u>

ഗ്രാമസഭകളിൽ നിന്ന്

വാർഡ്		പ്രദേശം
1	1	നീലിപ്പാറ പടിഞ്ഞാറ് ഭാഗം
	2	പഞ്ചായത്ത് കിണർ വഴി പാലിയന്ത്വര റോഡ്
	3	ശങ്കുതിപ്പള്ളം
	4	ചൊരപ്പാറ അംഗൻവാടി തെരുവ്
	5	ചോളിയങ്കളം

വാർഡ്		പ്രദേശം
2	1	കോഴിപ്പാറ വി.ജി.തിയറ്റർ പ്രദേശം
	2	കവറ കോളനി
	3	കോഴിപ്പാറ മാരിയമ്മൻ കോവിലിന്റെ കിഴക്ക് ഭാഗം
	4	4 സെന്റ് കോളനി
	5	നല്ലൂർ കൃഷി ഭവൻ പ്രദേശം
	6	നല്ലൂർ തെക്കെ തെരുവ്
	7	വെള്ളച്ചിക്കുളം വടക്കു ഭാഗം
	8	നല്ലൂർ മിച്ച ഭൂമിക്കാട്
	9	കോപ്പ് മേനോൻ ചള്ളയുടെ വടക്കു ഭാഗം
3	1	മണികാരൻചള്ള തെക്കേ തെരുവ്
	2	പരിശക്കൽ സ്കൂൾ പരിസരം
	3	എറ്ക്കലാമ്പാറ
	4	നല്ലുവീട്ടു ചള്ളയുടെ പടിഞ്ഞാറ് ഭാഗം
	5	നൂൽക്കാരൻ ചള്ള
	6	എരുമം കുളത്തിന്റെ വടക്കു ഭാഗം
	7	കണക്കൻ കളം
	8	കോപ്പുമേനോൻ ചള്ള
	9	അമ്പാട്ടുകളം
	10	കല്ലറമേട്
4	1	പാറക്കുഴി (മേനോൻപാറ)
	2	പുഴപ്പാലം ലക്ഷം വീടു കോളനി
	3	കാട്ടുപള്ളത്താൻ ചള്ള
	4	മണൽക്കാട്
	5	വാനിവീട്ടുകളം
	6	പുഴമേട്
	7	കുളമടച്ചള്ള
	8	വട്ടറാം കളം
5	1	ചന്ദ്രനഗർ
	2	പൂങ്കന്ത പടിഞ്ഞാറ് ഭാഗം
	3	കള്ളിയമ്പാറക്ക് കിഴക്കുഭാഗം
	4	മഞ്ചലാമ്പാറ
6	1	ആട്ടയാമ്പതി
	2	ചുണ്ണാമ്പുക്കൽ തോട് വടക്ക് ഭാഗം മലയൻ കോളനി
7	1	കെരാമ്പാറ ശ്മശാനം റോഡ്
8	1	അനുപ്പൂർ
	2	കുപ്പാണ്ട കൗണ്ടനൂർ

വാർഡ്	പ്രദേശം
9	1 ചിന്നാ കൗണ്ടനൂർ കിഴക്ക് എസ്.ടി. കോളനി 2 ചിന്നാ കൗണ്ടനൂർ പടിഞ്ഞാറ് എസ്.ടി. കോളനി 3 ഒഴലപ്പതി സ്കൂളിന് പിൻഭാഗം 4 കാമരാജ നഗർ എസ്.ടി കോളനി 5 ചന്തപ്പേട്ട എസ്.ടി കോളനി
10	1 എരുമക്കാരനൂർ പള്ളിക്ക് പിൻഭാഗം 2 കുഞ്ചു മേനോൻ ചള്ള 3 ആലാമരത്തുക്കാട് 4 കോഴിപ്പാറ തെക്ക് ഭാഗം
11	1 തൊപ്പിക്കോളനി 2 പൊളിപ്പാറ 3 ആട്ടയാമ്പതി കോളനി

വടകരപ്പതി പഞ്ചായത്തു മുഴുവനും, എരുത്തിയാമ്പതി, എലപ്പുള്ളി പഞ്ചായത്തുകളുടെ ഏതാനും ഭാഗവും ചേർന്നുള്ള ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് കോഴിപ്പാറയിൽ പ്രവർത്തിക്കുന്നു. ഈ സെക്ഷനിലെ 8600 ഉപഭോക്താക്കളിൽ 4617 പേർ വടകരപ്പതി പഞ്ചായത്തിലേതാണ്.

വടകരപ്പതി പഞ്ചായത്തിലെ വൈദ്യുതി ഉപഭോക്താക്കളുടെ തരം തിരിച്ച കണക്ക്.

ഗാർഹികം	-	1702
കാർഷികം	-	1414
വാണിജ്യം	-	237
വ്യവസായം	-	60

പഞ്ചായത്തിലെ ആകെ വൈദ്യുത ലൈനിന്റെ നീളം - 150 കി.മീ, 22 കെ.വി - 34 കി.മീ, 11 കെ.വി. - 15 കി.മീ

ആകെയുള്ള ട്രാൻസ്ഫോർമർ, കപ്പാസിറ്റി സഹിതം

ന:	സ്ഥലം	കപ്പാസിറ്റി (കെ.വി.എ)
1	രാമാണ്ടി ചള്ള	250
2	വളയക്കാരൻ ചള്ള	250
3	മേനോൻപാറ	50
4	എലിപ്പാറ(ബോർ വെൽ)	50
5	കണക്കൻ കളം	100
6	കോപ്പുമേനോൻചള്ള	63
7	വെള്ളച്ചിക്കുളം- 1	50
8	വെള്ളച്ചിക്കുളം - 2	160
9	കോഴിപ്പാറ - 1	150
10	കോഴിപ്പാറ - 2	250
11	എരുമക്കാരനൂർ	150
12	കോഹിനൂർ ഓയിൽസ് പാലിയമ്മൻ തുറൈ	100
13	എരവട്ടപാറ	200
14	വീജീസ് പ്ലാസ്റ്റിക്, വേലന്താവളം	100
15	വേലന്താവളം - 1	250
16	വേലന്താവളം - 2	100
17	ചുണ്ണാമ്പുക്കൽതോട്	100
18	ബാവാജി നഗർ	100
19	മുൻസീഫ്ചള്ള	100
20	കിണർപ്പള്ളം - 2	100
21	ആട്ടയാമ്പതി - 1	250
22	ആട്ടയാമ്പതി - 2	100
23	ചെട്ടിയാർ കളം	100
24	ഒഴലപ്പതി - 1	250
25	ഒഴലപ്പതി - 2	100
26	കുപ്പാണ്ട കൗണ്ടനൂർ - 1	160
27	കുപ്പാണ്ട കൗണ്ടനൂർ - 2	100
28	ചിറ്റൂർ പെർഫ്യൂംസ് ഒഴലപ്പതി	100
29	അനുപ്പൂർ - 1	250
30	അനുപ്പൂർ - 2	100
31	തേനമ്പതി	100
32	കീരിപ്പാറക്കളം	100
33	ലാലാപുതൂർ	250
34	കൺകാണികളം	160
35	യുണൈറ്റഡ് ഓയിൽസ് ചെട്ടിയാർ കളം	160
36	കളളിയമ്പാറ	160
37	പരിശക്കൽ - 1	250
38	പരിശക്കൽ - 2	250
39	സത്രം	160
40	പുങ്കന്തറ	160
41	മണിയാകാരൻചള്ള	250
42	നെടുങ്ങാട്ട് ചള്ള	250
43	മഞ്ചക്കുന്ന്	250
44	കിരിയമ്പള്ളം	100
45	സുബ്ബയ്യരായർ, റൈസ് മിൽ	100
46	കരിയഞ്ചെട്ടികളം	100

അവലംബം കെ.എസ്.ഇ.ബി റജിസ്റ്റർ

പഞ്ചായത്തിൽ 569 തെരുവു വിളക്കുകളുണ്ടെങ്കിലും പകുതിയലധികവും കത്തുന്നില്ല. തെരുവു വിളക്കിന് വൈദ്യുതി ചാർജ്ജ് പ്രതിവർഷം 1,25,602 രൂപ പഞ്ചായത്ത് വൈദ്യുതി ബോർഡിന് നൽകുന്നു. ഈ സംഖ്യ പഞ്ചായത്തിന്റെ മൊത്തം വരുമാനത്തിന്റെ 11% മാത്രമാണ്.

തെരുവു വിളക്കുകൾ

വാർഡ് നമ്പർ	ഫ്ലൂറന്റ്	ബൾബ്	ആകെ
1	10	55	65
2	-2	25	27
3	5	65	70
4	5	30	35
5	---	46	46
6	11	79	90
7	-21	52	52+2
8	---	51	51
9	---	53	53
10	14	48	62
11	---	20	20
ആകെ	49	524	573

അവലംബം പഞ്ചായത്ത് രജിസ്റ്റർ

പ്രശ്നങ്ങൾ :

1. വൈദ്യുതിയുടെ ഉപയോഗം അനുദിനം കൂടി വരുന്ന സാമൂഹിക ചുറ്റുപാടിൽ പുതിയ ഊർജ്ജ സ്രോതസ്സുകൾ കണ്ടെത്താൻ കഴിയാതെ ഊർജ്ജ പ്രതിസന്ധി ഉണ്ടായികൊണ്ടിരിക്കുന്നു. ഈ അവസ്ഥയിലും ഉപയോഗിക്കുന്ന പകുതിയിലധികവും പാഴായിപ്പോകുന്നു. 96% കുടുംബങ്ങളും പാചകത്തിന് ഉപയോഗിക്കുന്ന വിറകിന്റെ 75% ഊർജ്ജവും നഷ്ടപ്പെടുന്നു. ഇതിലൂടെ രാജ്യത്തിന്റെ മൊത്തം ഭീമമായ ഊർജ്ജ നഷ്ടം സംഭവിക്കുന്നു. നിലവിൽ ഉപയോഗിച്ചു കൊണ്ടിരിക്കുന്ന അടുപ്പുകളുടെ പോരായ്മയാണിതിനു കാരണം.

2. സ്ട്രീറ്റ് ലൈറ്റുകൾ അധികവും കത്തുന്നില്ല. കൃത്യമായ മെയിന്റനൻസ് ഇല്ല.

3. പട്ടിക ജാതി പട്ടിക വർഗ്ഗ കോളനികൾ ഭൂരിപക്ഷവും വൈദ്യുതീകരിച്ചിട്ടില്ല
.(Ref :SC പട്ടിക - 1 ST പട്ടിക - 2)

4. ലൈൻ ടച്ചുകളും ലൂസ് കണക്ഷൻകളും കുറഞ്ഞ വോൾട്ടേജിനും, കൂടിയ വോൾട്ടേജിനും ഇടയാകുന്നു. ഇത് വൈദ്യുതോപകരണങ്ങളുടെ നാശത്തിന് ഇടയാകുന്നു.

5. വീട് വൈദ്യുതീകരിക്കാൻ കെ.എസ്.ഇ.ബി ഈടാക്കുന്ന കൂടിയ നിരക്കു കാരണം സാധാണക്കാരുടെ വീടുകൾ വൈദ്യുതീകരിക്കാൻ കഴിയുന്നില്ല. 1-10-91 ന് ശേഷം സീനിയോറിറ്റി കണക്ഷൻ നൽകിയിട്ടില്ല.

6. വൈദ്യുതി ലൈനിന്റെ മെയിന്റനൻസ് നടക്കുന്നില്ല.

7. ബോർഡിന്റെ കാര്യശേഷിക്കുറവ് കൂടുതൽ ഊർജ്ജ നഷ്ടത്തിന് ഇടയാകുന്നു. (ആറു മാസത്തിലൊരിക്കൽ റീഡിംഗ്).

8. കോഴിപ്പാറ ഇലക്ട്രിക്കൽ സെകഷനിലെ വർദ്ധിച്ച ഉപഭോക്താക്കളുടെ എണ്ണം ഉപഭോക്താക്കൾക്ക് അസൗകര്യമുണ്ടാവുന്നു.

9. വിദ്യാലയം, ആശുപത്രി പോലുള്ള സർക്കാർ സ്ഥാപനങ്ങൾ വൈദ്യുതി ലഭിക്കാതെ സീനിയോറിറ്റിൽ വിശ്രമിക്കുന്നത് സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു.

നിർദ്ദേശങ്ങൾ :

1. ജനകീയ പങ്കാളിത്തത്തോടെ സമഗ്ര ഊർജ്ജ സർവ്വേയും ഊർജ്ജ ബോധവൽക്കരണവും നടത്തുക.

2. ദക്ഷത കൂടിയ അടു്, കമ്പിപ്പെട്ടി പ്രഷർ കുക്കർ, നൂതൻ സ്റ്റൗ എന്നിവയെപറ്റി പ്രചരിപ്പിക്കുകയും സംയോജിത ഗ്രാമീണ ഊർജ്ജാസൂത്രണ പദ്ധതി (ഐ.ആർ.ഇ.പി)യിലൂടെ സബ്സിഡിയോടുകൂടി ഇവ സാർവ്വത്രീകമായി ലഭ്യമാകുക. ഇവയുടെ നിർമ്മാണം അനർട്ട് മുഖേന യുവാക്കളെ പരിശീലിപ്പിക്കുക.

3 ബയോഗ്യാസ് കമ്മ്യൂണിറ്റി പ്ലാന്റുകൾ ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കുക.

4. അനർട്ട്, എനർജി മാനേജ്മെന്റ് സെന്റർ മുതലായ സ്ഥാപനങ്ങളെ പങ്കാളികളാക്കി കൊണ്ട് സി.എഫ്.എൽ ആകർഷണീയത വർദ്ധിപ്പിക്കാനുള്ള പദ്ധതികൾക്ക് രൂപം നൽകുക.

5. അനർട്ട് സബ്സിഡിയോട്കൂടി ഫ്രിക്ഷൻ ലെസ് ഫുട്ട് വാൽവ് ലഭ്യമാക്കുക.

6 .സൗരോർജ്ജ മോഡൽ പ്ലാന്റ് സ്ഥാപിക്കുക.

7. പട്ടിക ജാതി പട്ടിക വർഗ്ഗ കോളനികൾ കാല താമസം കൂടാതെ വൈദ്യുതീകരിക്കുക.

8. വൈദ്യുതി ലൈൻ മൈന്റനൻസ് കൃത്യ സമയത്ത് നടത്തി വോൾട്ടേജ് കുറവ് പരിഹരിക്കുക.

9. വൈദ്യുതി കണക്ഷൻ കിട്ടാനുള്ള കാലതാമസം ഒഴിവാക്കുക.

10. കോഴിപ്പാറ ഇലക്ട്രിക്ക് സബ് സെക്ഷൻ മേജർ സെക്ഷനായി ഉയർത്തുക. ഒഴലപ്പതി സബ് സെക്ഷൻ സ്ഥാപിക്കുക.

11. സ്ലാബ് സമ്പ്രദായം അവസാനിപ്പിച്ച് ഉപയോഗിക്കുന്ന വൈദ്യുതി ചാർജ്ജ് ഈടാക്കുക.

12. വൈദ്യുതി വിതരണം പഞ്ചായത്തു മുഖേന നടത്തുക.

13. ആവിശ്യമായ പരിശോധനകളോടെ ജനങ്ങളിൽ നിന്ന് തേക്കിൻ കാൽ സ്വീകരിച്ച് വൈദ്യുതി ലൈൻ നൽകാനുള്ള മെറ്റിരിയൽ ക്ഷാമവും കാല താമസവും ഒഴിവാക്കുക.

14. വിദ്യാലയം, ആശുപത്രി എന്നിവ പോലുള്ള സർക്കാർ സ്ഥാപനങ്ങൾക്ക് വൈദ്യുതി കണക്ഷൻ മുൻഗണന പുനഃ സ്ഥാപിക്കുക.

15.ഗ്രാമസഭകളിലെ നിർദ്ദേശ പ്രകാരം താഴെ കാണുന്ന സ്ഥലങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

സ്ഥലം	കാപ്പാസിറ്റി (കെ.വി.എ)
മഞ്ചക്കുന്ന്	100
കിണർപ്പള്ളം	200
മണിയകാരൻചള്ള	100
കെരാമ്പാറ	100
കുപ്പാണ്ട കൗണ്ടനൂർ ഒന്നാം ട്രാൻസ്ഫോർമറിന് പടിഞ്ഞാറ്	100
കുപ്പാണ്ട കൗണ്ടനൂർ- 2 ട്രാൻസ്ഫോർമറിന് തെക്ക്	150
ലാലാപുതൂർ ട്രാൻസ്ഫോർമറിന് തെക്ക്	100
വട്ടറാംകളം(മേനോൻപാറ)	200

16. ഗ്രാമസഭകളിൽ നിർദ്ദേശിക്കപ്പെട്ട പ്രദേശങ്ങളിലേക്ക് മുൻഗണനാ ക്രമത്തിൽ സ്ട്രീറ്റ് ലൈറ്റ് അനുവദിക്കുക

പുതിയ സ്ട്രീറ്റ് ലൈറ്റുകൾ

ഗ്രാമ സഭയിൽ നിന്ന്

വാർഡ്	നം	പ്രദേശം
1	1	നീലിപ്പാറ പടിഞ്ഞാറെ തെരുവ്
	2	വടക്കെ തെരുവ്
	3	സ്വരപ്പാറ അംഗൻവാടി തെരുവ്
	4	പഞ്ചായത്ത് കിണർ തെരുവ്
	5	ശങ്കുതിപള്ളം റോഡ്
	6	പാലിയംതുറ
	7	എരവട്ടപ്പാറ
2	1	കോഴിപ്പാറ വിനായകൻ കോവിൽ മുതൽ നാലു സെന്റ് കോളനി വരെ
	2	കോഴിപ്പാറ വീജീ തിയറ്റർ മുതൽ കവറ കോളനി വരെ
	3	കോഴിപ്പാറ മാരിയമ്മൻ കോവിൽ മുതൽ അയ്യാ കൗണ്ടൻചള്ള വരെ
	4	നല്ലൂർ ബസ്സ് സ്റ്റോപ്പ് മുതൽ നല്ലൂർ തെക്കേ തെരുവ് അറ്റം വരെ
	5	വെള്ളച്ചിക്കുളം വടക്കു ഭാഗം
	6	വെള്ളച്ചിക്കുളം ബസ്സ് സ്റ്റോപ്പ് മുതൽ മാരിയമ്മൻ കോവിൽ വരെ
	7	കോപ്പുമേനോൻ ചള്ള മുത്തുസ്വാമി കൗണ്ടർ കളം മുതൽ വടക്ക് അയ്യാ കൗണ്ടൻ ചള്ള വരെ
3	1	മണിയകാരൻചള്ള പള്ളി മുതൽ വടക്കേ തെരുവ് അറ്റം വരെ
	2	മണിയകാരൻചള്ളപള്ളി തെരുവ്
	3	കണക്കൻ കളം തെക്കേ തെരുവ്
	4	എരുമം കുളം വടക്കു ഭാഗം
	5	അമ്പാട്ട് കളം
	6	നല്ലുവീട്ടുകളം
	7	പരിശക്കൽ സ്കൂളിൻ പിൻഭാഗം
	8	എരിക്കലാംപാറ
	9	എലിപ്പാറ മെയിൻ റോഡു മുതൽ എരിക്കലാം പാറ വരെ
	10	മേനോൻ പാറ സത്രം റോഡിൽ ദേവരായൻ കോട്ട മുതൽ പരിശക്കല വരെ

വാർഡ്	നം	പ്രദേശം
4	1	പാറക്കുഴി(മേനോൻപാറ)
	2	പുഴപ്പാലം ലക്ഷം വീട്
	3	പുഴപ്പാലം മുതൽ കൂരാൻ കാട് വരെ
	4	കൂരാൻ കാടു മുതൽ വട്ടറാം കളം വരെ
	5	വളയക്കാരൻ ചള്ള
	6	വാണിവീട്ടുകളം
	7	കാട്ടുപള്ളത്താൻ ചള്ള
	8	കൊളമടച്ചള്ള
	9	ദേവരായൻ കോട്ട
	10	മണൽക്കാട്
5	1	ചന്ദ്ര നഗർ
	2	കള്ളിയമ്പാറ കിഴക്കു ഭാഗം
	3	പരിശക്കൽ
	4	ചക്കിലിയൻ പാറ
	5	ചെറിയകള്ളിയമ്പാറ
	6	മഞ്ചലാമ്പാറ
	7	വേട്ടക്കാരൻ ചള്ള
	8	രാമാണ്ടി ചള്ള
	9	പുങ്കൻ തറ
6	1	ആട്ടയാം പതി SC കോളനി
	2	ചുണ്ണാമ്പുക്കൽ തോട് ST കോളനി
	3	തേനാമ്പതി SC കോളനി
	4	ബാവാജി നഗർ മുതൽ വേലന്താവളം OLH Colony വരെ
7	1	ലാലാക്കാട് പിരിവ് മുതൽ ചെട്ടിയാർ കളം പിരിവ്
	2	ലാലാക്കാട് പിരിവിൽ നിന്നും കരിയൻചട്ടി കളം വരെ
	3	കിണർപള്ളം SC കോളനി
	4	ചെട്ടിയാർ കളം പിരിവ് SC കോളനി
	5	എള്ളയാട്ടുകളം
	6	കീരിപ്പാറകളം

വാർഡ്	നം	പ്രദേശം
8	1	കുപ്പാണ്ട കൗണ്ടനൂർ SC കോളനി
	2	മല്ലമ്പതി ST കോളനി
	3	അനുപ്പൂർ കോളനി
	4	ലാലാക്കാട്
	5	ലാലാപുതൂർ കോളനി
	6	ശാന്തലിങ്കം നഗർ ലക്ഷം വീട്
	7	അനുപ്പൂർ
	8	കുപ്പാണ്ട കൗണ്ടനൂർ
	9	ഒഴലപ്പതി വിനായകൻ കോവിലിന് തെക്കും കിഴക്കും ഭാഗം
	10	ഒഴലപ്പതി പി.എച്ച്.സിയുടെ കിഴക്കു ഭാഗം
9	1	ഒഴലപ്പതി ജംഗ്ഷനിൽ നിന്നും ചന്തപ്പേട്ട ST കോളനി വരെ
	2	ചന്ത പ്പേട്ട ST കോളനിയുടെ വടക്കു ഭാഗം മുതൽ ഗോപാൽ കൗണ്ടറുടെ വീടു വരെ.
	3	ചന്തപേട്ട ജംഗഷനിൽ നിന്ന് സുബ്രഹ്മണ്യന്റേയും രാമസ്വാമി കൗണ്ടരുടേയും വീടു വരെ
10	1	എരുമക്കാരനൂർ
	2	കുഞ്ചുമേനോൻ ചള്ള
	3	എലിപ്പാറ ലക്ഷം കോളനി
	4	കോഴിപ്പാറ വാസു മാസ്റ്റർ സ്ട്രീറ്റ്
	5	ആലാമരക്കാട്
11	1	പൊളിപ്പാറ
	2	ആട്ടയാമ്പതി
	3	മുൻസീഫ് ചള്ള
	4	തൊപ്പി കോളനി
	5	ബാവാജി നഗർ

17.ട്രാൻസ്ഫോർമറുകൾക്ക് ചുറ്റും വേലി സ്ഥാപിക്കുക.

18.ഗാർഹിക കാർഷിക വൈദ്യുത ഉപകരണങ്ങളുടെ കാര്യക്ഷമത പരിശോധിക്കുക.

19.പുറംമ്പോക്ക് സ്ഥലങ്ങൾ കനാൽ ബണ്ടുകൾ എന്നിവിടങ്ങളിൽ വനവൽക്കരണം നടത്തുക.

20 കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുക

21ഗവർൺമെന്റ് ഗ്യാസ് പഞ്ചായത്തിൽ താമസിപ്പിക്കുന്നവർക്കും ലഭ്യമാക്കുക.

22.3 ഫേയ്സ്, 1 ഫേയ്സ് ലൈനിന്റെ നീളം കൂട്ടുക.

23. ദുർബല വിഭാഗങ്ങളുടെ വീടുകളിൽ കുടിൽ ജ്യോതി പദ്ധതി നടപ്പിലാക്കുക.

24.വടകരപതി പഞ്ചായത്തിലെ ചുണ്ണാമ്പുക്കൽ തോട് 66 കെ.വി. സബ്ബ് സ്റ്റേഷൻ സ്ഥാപിക്കുക.

സർവ്വതോന്മുഖമായ വികസനത്തിന്റെ അനിവാര്യ ഘടകമായ വൈദ്യുതിയുടെ ഫലപ്രദമായ ആസൂത്രണം നടത്തുകയും വടകരപ്പതി ഗ്രാമ പഞ്ചായത്തിന്റെ വ്യാവസായിക കാർഷിക മേഖലയുടെ വളർച്ചക്ക് വഴിയൊരുക്കുകയും ചെയ്യുക.

5.6.3 മാർക്കറ്റ്

എലിപ്പാറിയിലെ വളരെ പഴക്കമുള്ള കന്നുകാലി, പച്ചകറി ആഴ്ച ചന്ത ഇന്നും നടന്നു വരുന്നു. തമിഴ്നാട്ടിൽ നിന്നുൾപ്പെടെ കന്നുകാലികളെത്തുന്നതും സമീപ പ്രദേശങ്ങൾക്കെല്ലാം ആശ്രയമായ എലിപ്പാറയിലെ ചന്തക്ക് വളരെ പ്രധാനമുണ്ട്. കൃഷിപ്പണിക്കാവിശ്യമായ കന്നുകാലികളെ വാങ്ങുകയെന്ന പഴയ ആവശ്യത്തിൽ നിന്നും ഒരു വ്യാപാരകേന്ദ്രമായി മാറിയിരിക്കുന്നു. കോഴിപ്പാറ , ഒഴലപ്പതി എന്നിവിടങ്ങളിലെ ആഴ്ച ചന്തകൾ ഇല്ലാതായെങ്കിലും ഇന്നും ഈ സ്ഥലങ്ങൾ ചന്തപ്പേട്ട എന്ന പേരിൽ അറിയപ്പെടുന്നു.

ഇവിടെ കാർഷികമേഖലയിൽ ധാരാളമായി ഉല്പാദിക്കപ്പെടുന്ന വിഭവങ്ങൾക്ക് വിപണന കേന്ദ്രം ഇല്ലാത്തതിനാൽ കൃഷിക്കാർ കടുത്ത ചൂഷണത്തിന് വിധേയരാകുന്നു. ഉല്പന്നങ്ങൾക്ക് നിശ്ചിതവും ന്യായവുമായ വില ലഭിക്കാത്തത് കാർഷിക മേഖലയുടെ മുരടിപ്പിനിടയാകുന്നു. ഇപ്പോൾ കൃഷിക്കാർ ആശ്രയിക്കുന്നത് തമിഴ് നാട് അതിർത്തിക്കുള്ളിലുള്ള കമ്മീഷൻ മാർക്കറ്റിനെയാണ്. ഈ പഞ്ചായത്തിൽ ഉണ്ടാക്കപ്പെടുന്ന പച്ചക്കറികൾ, നാളികേരം തുടങ്ങിയവ ദിനംപ്രതി ഈ ചന്തയിൽ ലക്ഷങ്ങളുടെ വിപണനം നടക്കുന്നു.

പ്രശ്നങ്ങൾ

1. കാർഷികോൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നില്ല.
2. വിപണന കേന്ദ്രമില്ല
3. കാർഷികോൽപന്നങ്ങൾ കൊണ്ടു പോകുന്നതിനുള്ള ഗതാഗത സൗകര്യമില്ല.
4. ഉൽപ്പന്നങ്ങളെ സൂക്ഷിച്ച് വെക്കാനുള്ള സൗകര്യമില്ല.

നിർദ്ദേശങ്ങൾ

1. കാർഷികോൽപ്പന്നങ്ങൾ ശേഖരിക്കുന്നസഹകരണ സംഘം ആരംഭിക്കുക.
2. ഇങ്ങനെ സംഭരിക്കുന്ന പച്ചക്കറികൾ സിവിൽ സപ്ലൈസിന് കൈമാറ്റുക.
3. പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ പച്ചക്കറി വില്പനശാല ആരംഭിക്കുക.
4. കൃഷിക്കാവിശ്യമായ , വിത്ത്, വളം, കീടനാശിനി, കാർഷികോൽപ്പന്ന സംഭരണ സഹകരണ സംഘം മുഖേന വിതരണം ചെയ്യുക.
5. എലിപ്പാറയിലെ കന്നുകാലി ചന്തയെ വിപുലീകരിക്കുക.
6. എലിപ്പാറ ചന്തക്ക് സമീപം ബസ്സ് സ്റ്റോപ്പണിയുക.
7. വടകരപ്പതി,കൊഴിഞ്ഞാമ്പാറ,എരുത്തേമ്പതി പഞ്ചായത്തുകളെ കേന്ദ്രീകരിച്ച് മാർക്കറ്റിംഗ് സൊസൈറ്റി തുടങ്ങുക.
8. ധാരാളം പച്ചമരുന്നുകൾ ഇവിടെ ലഭ്യമായതിനാൽ ഇതിന്റെ സംഭരണം സഹകരണാടിസ്ഥാത്തിൽ വേണം.

കാർഷിക വൃത്തിയിലൂടെ ഉപജീവനം നടത്തുന്ന നിരവധി കുടുംബങ്ങളുടേയും കാർഷിക മേഖലയുടേയും അഭിവൃദ്ധിക്ക് ഫലപ്രദമായ മാർക്കറ്റിങ്ങ് സമ്പ്രദായം അത്യാവശ്യമാണ്.

5.7 പാർപ്പിടം, സാമൂഹ്യക്ഷേമം


5-7.1പാർപ്പിടം

വിദ്യാഭ്യാസപരമായി വളരെ പിന്നോക്കം നിൽക്കുന്ന ഈ പഞ്ചായത്തിൽ ഭൂരിപക്ഷം പേരും നാമമാത്ര കർഷകർ, ചെറുകിട കർഷകർ, കർഷക തൊഴിലാളികൾ എന്നീ വിഭാഗങ്ങളിൽ പെടുന്നു. തമിഴ്നാടിനോട് ചേർന്നു കിടക്കുന്ന പഞ്ചായത്ത് ആയതുകൊണ്ട് തമിഴ് സംസ്കാരം വീടുകളിലും കാണാം.

കർഷകരുടെ വീടുകളെല്ലാം അവരുടെ ആവശ്യങ്ങൾക്കനുസരിച്ച് നിർമ്മിക്കപ്പെട്ടവയാണ്. ചുറ്റുപാടുനിന്നും കിട്ടുന്ന സാമഗ്രികൾ കൊണ്ടാണ് അവ നിർമ്മിച്ചിരിക്കുന്നത്. നീർവാർച്ചയുള്ള ഭൂമിയായതുകൊണ്ടും പാറക്കെട്ടുകൾ അവിടവിടെ കാണുന്നതു കൊണ്ടും മിക്ക കർഷകരും അവരുടെ കൃഷിസ്ഥാനങ്ങളിൽ ഉയർന്ന ഭാഗത്ത് വീടുവെച്ച് താമസിക്കുന്നു.


പഞ്ചായത്തിൽ മൊത്തമുള്ള 6467 വീടുകളിൽ 3905 വീടുകളും ഓടിട്ടവയാണ്. അവയിൽ മിക്ക വീടുകളും യാതൊരു സൗകര്യങ്ങളും ഇല്ലാത്തവയാണ്. ചുവരുകൾ മണ്ണുകൊണ്ട് നിർമ്മിച്ചിരിക്കുന്നു. കരിമ്പനയുടെ ഒന്നാം തരം കോലുകൾ കയറ്റി അയക്കപ്പെടുന്നുനതുകൊണ്ട് വിടുകൾക്കുപയോഗിച്ചിരിക്കുന്നത് രണ്ടും മൂന്നും തരം കോലുകളാണ്. ഭൂരിഭാഗം വീടുകളും അഴിച്ചു പണിയേണ്ട അവസ്ഥയിലാണ് പാവപ്പെട്ടവരുടേയും വീടുകളിൽ കൂടുതലും ഓല കുടിലുകളാണ്. കരിമ്പനയുടെ ഓലയാണ് ഉപയോഗിച്ചിരിക്കുന്നത്. വർഷാവർഷം പുര കെട്ടി മേയണം.

നാമമാത്ര/ചെറുകിട കർഷകന്റെ വീട്ടിന്റെ മാതൃക



1 കിടപ്പറ
2 ധാന്യങ്ങൾ സൂക്ഷിക്കുന്ന അറ
3 അടുക്കള
4 മുറ്റം
5 തൊഴുത്ത്
6 വളക്കുഴി
7 വൈക്കോൽ കൂന
8 തെങ്ങ്
9 മാവ് തെങ്ങ്
10

ഒരു തൊഴിലാളിയുടെ വീട്



കൃഷി സ്ഥലത്തെ വീടാണെങ്കിൽ മിക്കവാറും ചുറ്റു മതിലോ വേലിക്കെട്ടോ ഉണ്ടായിരിക്കില്ല. ഊരിലാണെങ്കിൽ വേലി ക്കെട്ടുണ്ടാവും.

തൊഴിലാളികളുടെ വീടുകളിൽ അടുക്കള ഉണ്ടായിരിക്കില്ല. മുറ്റത്താണ് അടുപ്പ് സ്ഥാപിച്ചിരിക്കുന്നത് . മഴക്കാലത്ത് അത് തിണ്ണയിലേക്ക് മാറ്റും. ഗൾഫ് പണത്തിന്റെ അഭാവം കാരണം വലിയ ടറസ്സു വീടുകൾ കാണാനേയില്ല.

വീടുകളുടെ പട്ടിക വാർഡു തലത്തിൽ

വാർഡ്	ഓല	ഓട്	ടെറസ്	ആകെ
1	172	372	25	570
2	132	472	19	623
3	365	481	41	887
4	209	337	24	570
5	266	325	3	594
6	222	537	44	803
7	240	262	5	507
8	255	308	8	571
9	166	370	5	541
10	146	275	10	431
11	201	166	3	370
ആകെ	2375	3905	187	6467

കൃഷിപ്പാടങ്ങൾ നികത്തി വീടുവയ്ക്കുന്ന പ്രവണത ഇവിടെയില്ല. മെയിൻ റോഡിന്റെ ഇരു വശങ്ങളിലും പുതിയ പുതിയ വീടുകൾ നിർമ്മിച്ചു വരുന്നു. ഇരുനില കെട്ടിടങ്ങൾ വളരെ കുറവാണ്.

കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ കെട്ടിടങ്ങളുടെ വർദ്ധനവ്

91-92	6130
92-93	6173(43)
93-94	6213(60)
94-95	6276(63)
95-96	6376(100)

വീടു നിർമ്മിക്കുവാൻ വേണ്ട സാധനങ്ങൾ ഇവിടെതന്നെ കിട്ടുന്നുണ്ട്. കരിങ്കല്ല്,കാറികളിൽ നിന്നും , ചെങ്കൽ ചൂളകളിൽ നിന്നും ചെങ്കല്ലും ലഭിക്കുന്നു. ചെങ്കല്ലുകൾ ഉറപ്പു കുറവാണ്. ചെളി കൊണ്ട് കെട്ടി മുകൾ ഭാഗം സിമന്റു കൊണ്ട് പൂശുന്നു. മേൽ കൂരകൾ ,ജനലുകൾ , കട്ടിള, കതകുകൾ ഇവ പണിയുവാൻ വേപ്പ് കരിമ്പന, തേക്ക് ,വേങ്ങ,മരുത് എന്നിവയുടെ തടികൾ ഉപയോഗിക്കുന്നു. ആവശ്യത്തിന് കെട്ടിടനിർമ്മാണ തൊഴിലാളികൾ പഞ്ചായത്തു തന്നെയുണ്ട്. വീട്ടുകാരും കെട്ടിട നിർമ്മാണത്തിൽ സഹായിക്കുന്നു.മലബാർ എ.സി.സി സിമന്റുകളാണ് കൂടുതലായും ഉപയോഗിക്കുന്നത്.ഹാലോ ബ്ലോക്കുകൾ കൂടുതൽ പ്രചരണംനേടിയിട്ടില്ല. മതിലുകൾ കെട്ടുവാൻ അങ്ങിങ്ങായി ഹാലോ ബ്ലോക്കുകൾ ഉപയോഗിക്കുന്നുണ്ട്.

പാവപ്പെട്ടവർക്ക് വിവിധ ഏജൻസികൾ വീടു നിർമ്മിക്കാൻ പണം നൽകുന്നുണ്ട്. പണി ഓരോ ഘട്ടം തീരുമ്പോൾ തവണകളായി പണം നൽകുന്നതുകൊണ്ട് ദുർവിനിയോഗം നടക്കുന്നില്ല. പക്ഷേ അവസാന സ്റ്റേജ് പണം വാങ്ങിയ ശേഷം ആ ഘട്ടം പണി പൂർത്തിയാകാത്ത പല വീടുകളും കാണുന്നു.

ഇതല്ലാതെ പഞ്ചായത്തിൽ ലക്ഷം വീട് കോളനികൾ നാലെണ്ണവും SC/ST കോളനികൾ 6 എണ്ണവുമുണ്ട്. ലക്ഷം വീട് കോളനികളിലെ വീടുകൾക്ക് അറ്റകുറ്റപണികൾ നടത്തപ്പെടേണ്ടത് അത്യാവശ്യമായിരിക്കുന്നു.

വാർഡ്	1	2	3	4	5	6	7	8	9	10	11	ആകെ
വിവിധ പദ്ധതികളിൽ പണിപൂർത്തിയാക്കിയ വീടുകൾ	15	16	9	20	23	18	21	21	23	2	2	170

പ്രശ്നങ്ങൾ

ഓല വീടുകളിൽ സൗകര്യങ്ങൾ കുറവാണ്.

പുര മേയുവാൻ ഓല ലഭ്യത കുറവാണ്.

പനമ്പട്ടകളുടെ വില കൂടുതലാണ്.

തടികളുടെ വില വളരെ കൂടുതലാണ്.

കർഷക തൊഴിലാളികളുടേയുംനാമമാത്ര കർഷകരുടേയും ചെറുകിട കർഷകരുടേയും വരുമാനം കുറവാണ്.

വീടുകൾക്ക് കക്കൂസ്, കുളിമുറി മുതലായ പ്രാഥമീക ആവശ്യങ്ങൾ ഇല്ല.

ജല നിരപ്പ് വളരെ താഴെയായതുകൊണ്ട് കുടിവെള്ള കിണറുകൾ കുറവാണ്. ഉള്ള കിണറുകളിലും മഴക്കാലത്തുമാത്രമേ വെള്ളം ലഭിക്കുന്നുള്ളൂ.

ചെലവു കുറഞ്ഞ നിർമ്മാണ സാമഗ്രികൾ ലഭിക്കുന്നില്ല.

ഭവന നിർമ്മാണ സൊസൈറ്റി ഇല്ല.

നിർദ്ദേശങ്ങൾ

ഓല വീടുകൾ ഓട്ട് വീടുകൾ ആവണം.

പുര കെട്ടി മേയാൻ സഹായധന പദ്ധതി വേണം.

തടികളുടെ ബലം കൂടുവാൻ ശാസ്ത്രീയമായി അറിവുകൾ പ്രയോജനപ്പെടുത്തണം.

കർഷക തൊഴിലാളികൾക്കും, നാമമാത്ര കർഷകർക്കും ചെറുകിട കർഷകർക്കും പ്രത്യേകം പ്രത്യേകം വീടു നിർമ്മാണ പദ്ധതികൾ വേണം.

വീടു നിർമ്മിക്കുമ്പോൾ തന്നെ കക്കൂസ് നിർമ്മാണത്തിനുള്ള തുകയും ഉൾപ്പെടുത്തണം.

വീടുകൾ പുതുക്കിപ്പണിയുവാനുള്ള പദ്ധതി തയ്യാറാക്കണം

ഭവന നിർമ്മാണ സൊസൈറ്റി പഞ്ചായത്തു തലത്തിൽ തുടങ്ങണം.

ദുർബല വിഭാഗങ്ങൾക്കും SC/ST ക്കാർക്കും സൊസൈറ്റി നേരിട്ട് ഭവനങ്ങൾ നിർമ്മിച്ച് കൊടുക്കണം.

സൊസൈറ്റികളിൽ മേസൻമാർ, ആശാരിമാർ, കെട്ടിട നിർമ്മാണ തൊഴിലാളികൾ എന്നിവരുടെ യൂണിറ്റ് ആരംഭിക്കണം. വിദഗ്ദ്ധ തൊഴിലാളികളെ പരിശീലിപ്പിക്കുന്ന ഒരു യൂണിറ്റും തുടങ്ങണം.

വീടു വെയ്ക്കാൻ സ്ഥലമില്ലാത്തവർക്കും സ്ഥലം വാങ്ങിക്കുവാൻ പദ്ധതി ഉണ്ടാക്കണം.

വീടു നിർമ്മിക്കുന്നവർക്ക് ഭവന വായ്പാ പദ്ധതി വേണം. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത് ഗ്രാമ പഞ്ചായത്തു സമിതികളാവണം.

ഭവന വായ്പാ പലിശ നിരക്ക് കുറയ്ക്കണം.

വീടുകൾ വൈദ്യുതീകരിക്കുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കണം.

കെട്ടിട നിർമ്മാണ സാമഗ്രികളുടെ നിർമ്മാണത്തിന് സഹായധനം അനുവദിക്കുക.

ഭവന നിർമ്മാണ സാമ്പത്തിക വായ്പകൾക്കുള്ള നിബന്ധനകൾ ലളിതമാക്കണം.

സ്റ്റേറ്റ് സർട്ടിഫിക്കറ്റ് നൽകാനുള്ള അധികാരം ഗ്രാമ പഞ്ചായത്തംഗങ്ങൾക്ക് നൽകുക.
വായ്പ തുക വർദ്ധിപ്പിക്കുക

കോളനിയിലെ പാർപ്പിട പ്രശ്നങ്ങൾ പരിഹരിക്കണം

കോളനികൾക്ക് തൊട്ടടുത്ത് കളിസ്ഥലവും വിനോദത്തിനുള്ള സൗകര്യങ്ങളും ഉണ്ടാക്കി കൊടുക്കണം.

5 വർഷങ്ങൾ കഴിയുമ്പോഴേക്കും ഈ പഞ്ചായത്തിലെ എല്ലാ വീടുകളും ഓടിട്ടവയായിരിക്കണം. ഓടിട്ട പഴയ വീടുകൾ പുതുക്കിപണിതിരിക്കണം. പ്രാഥമിക സൗകര്യങ്ങൾ എല്ലാ വീടുകളിലും ഉണ്ടായിരിക്കണം., എല്ലാ വീടുകളും വൈദ്യുതീകരിക്കണം. ഇതിനുവേണ്ടി നമുക്ക് ഒന്നിച്ചു ശ്രമിക്കാം.



5.7.2 സാമൂഹ്യ ക്ഷേമം

സാമൂഹ്യ ക്ഷേമ രംഗത്ത് പല ഏജൻസികളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാന കേന്ദ്ര പദ്ധതികളോടൊപ്പം തന്നെ , ക്രിസ്ത്യൻ മിഷനറിയുടെ പ്രവർത്തനങ്ങളും ഇവിടെയുണ്ട്.

ദാരിദ്ര നിർമ്മാർജ്ജന പദ്ധതികൾ മുഖേന (ഐ.ആർ.ഡി.പി) ഈ പഞ്ചായത്തിൽ ദരിദ്ര വിഭാഗങ്ങൾക്ക് പ്രയോജനങ്ങൾ കിട്ടിയിട്ടുണ്ട്.

ഐ.ആർ.ഡി.പി മൂലം സഹായം ലഭിച്ചവരുടെ കണക്ക്

നഃ	വർഷം	SC	ST	OC	സ്ത്രീകൾ	വികലാംഗർ	ധനസഹായം	വായ്പ
1	1992-93	10	6	11	13	1	60303	68167
2	1993-94	4	1	6	6	-	22015	34829
3	1994-95	8	5	8	16	-	69750	159500
4	1995-96	6	2	6	3	4	73533	129920
		28	18	31	38	5	225601	342416

ഐ.ആർ.ഡി.പി സർവ്വേ പ്രകാരം ദാരിദ്ര്യ രേഖക്ക് താഴെയുള്ള 258SC/ST കുടുംബങ്ങളും 1386 മറ്റുള്ളവരുടെ കുടുംബങ്ങളുമുണ്ട്. ഇവരിൽ തന്നെ വളരെ ചെറിയ വിഭാഗത്തിന്റെ കുടുംബങ്ങൾക്കു മാത്രമേ സഹായ ധനം ലഭിച്ചിട്ടുള്ളൂ എന്ന് പട്ടികയിൽ നിന്നും മനസ്സിലാക്കാം. കൂടുതൽ കുടുംബങ്ങൾക്ക് ഇനിയും വായ്പയും സഹായധനവും കൊടുക്കേണ്ടതാണ്.

ട്രൈസം തൊഴിൽ പരിശീലനം ലഭിച്ചവരുടെ എണ്ണം

Tailoring	Food Processing	Driving	Weaving	Electrician	Plumbing	Coir Unit	Electronic Chock making
1	16	1	1	1	1	12	2

നഃ	തൊഴിൽ സംരംഭത്തിന്റേ ഇനം	ആരംഭിച്ച വർഷം	പ്രയോജനം ലഭിച്ച അംഗങ്ങളുടെ എണ്ണം	പ്രവർത്തനക്ഷമത
1	ബീഡി നിർമ്മാണം	85-86	12	ഇല്ല
2	ആടു വളർത്തൽ	89-90	30	ഇല്ല
3	ഭക്ഷ്യ സംസ്കരണം	86-87	15	ഇല്ല
4	ഭക്ഷ്യ സംസ്കരണം	93-94	11	ഇല്ല
5	ഡയറി യൂണീറ്റ്	89-90	15	പ്രവർത്തിക്കുന്നു.
6	ഡയറി യൂണിറ്റ്	92-93	12	പ്രവർത്തിക്കുന്നു.
7	കയർ യൂണിറ്റ്	94-95	10	പ്രവർത്തിക്കുന്നു.
8	മിൽക്ക് അനിമൽസ്	96-97	9	പ്രവർത്തിക്കുന്നു.

ഗ്രാമീണ കൈതൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി.

വാർഡ്	1	2	3	4	5	6	7	8	9	10	11	ആകെ
കൈതൊഴിലുകാരുടെ എണ്ണം	8	7	3	4	3	3	4	13	17	9	2	73
സഹായം ലഭിച്ചവരുടെ എണ്ണം	2	1	3	1	1	--	2	4	2	3	1	20

വാർഡ്	1	2	3	4	5	6	7	8	9	10	11	ആകെ
കിണറുകൾ	10	13	17	8	20	44	13	27	28	3	17	20
പമ്പു സെറ്റുകൾ	9	13	14	8	17	25	13	13	8	3	4	127

സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നമനത്തിനു വേണ്ടി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് ഡി.ഡബ്ല്യു.സി.ആർ.എ

18 മുതൽ 35 വരെ വയസ്സുള്ള യുവതീ യുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്നതാണ് ഐടെസം

ഒന്നാം വാർഡിൽ തുടങ്ങിയ ബീഡി നിർമ്മാണവും, ആടു വളർത്തലും കാര്യക്ഷമമല്ലാത്തതു മൂലം ഇപ്പോൾ പ്രവർത്തിക്കുന്നില്ല. 4ാം വാർഡിൽ തുടങ്ങിയ ഭക്ഷ്യ സംസ്കരണ യൂണിറ്റും 5ാം വാർഡിൽ തുടങ്ങിയ ഡയറി യൂണിറ്റും ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട്.

സ്ത്രീകളുടെ തൊഴിൽ സംരംഭം വിജയിക്കണമെങ്കിൽ ബോധവൽക്കരണവും, ഇടക്കിടക്കുള്ള പരിശീലനവും ആവശ്യമാണ്.

ഇലക്ട്രോണിക്സ്, റെഡിമെയ്ഡ് ഗാർമെന്റ്സ് അലങ്കാര സാധനങ്ങളുടെ നിർമ്മാണം, ഡയറി യൂണിറ്റുകൾ മുതലായ തൊഴിൽ സംരംഭങ്ങളിൽ കൂടുതൽ സ്ത്രീകളെ ഉൾപ്പെടുത്തുവാൻ കഴിയും. ഹാലോ ബ്ലോക്കു നിർമ്മാണ യൂണിറ്റുകൂടി പരീക്ഷിക്കാവുന്നതാണ്.

സ്വയം തൊഴിൽ പരിശീലന പരിപാടിയിൽ കൂടുതൽ പേരെ ഉൾപ്പെടുത്തി പുതിയ പുതിയ തൊഴിലുകളുടെ പരിശീലനങ്ങൾ യുവതി യുവാക്കൾക്ക് നൽകി അവരുടെ തൊഴിൽ സാദ്യത വർദ്ധിപ്പിക്കേണ്ടതാണ്.

വിവിധ തരം പെൻഷനുകൾ

വിധവാ പെൻഷൻ : ഈ പഞ്ചായത്തിൽ 66 പേർക്ക് വിധവാ പെൻഷൻ ലഭിക്കുന്നു. പ്രായ പൂർത്തിയായ ആൺ മക്കൾ ഉണ്ടെങ്കിൽ ഈ പെൻഷൻ ലഭിക്കുന്നില്ല. വരുമാനം മാത്രം ആസ്ഥാനമാക്കി ഈ പെൻഷൻ അനുവദിക്കണം. പെൻഷൻ തുക വർദ്ധിപ്പിക്കേണ്ടതാണ്.

വികലാംഗ പെൻഷൻ : ജില്ലാ ആശുപത്രിയിൽ നിന്നും സർട്ടിഫിക്കറ്റ് വേണം എന്ന നിബന്ധന മാറ്റി സർക്കാർ ആശുപത്രിയിലെ വിദഗ്ദ്ധ ഡോക്ടറുടെ സർട്ടിഫിക്കറ്റ് മതി എന്നാക്കണം. 60% ഡെഫിഷ്യൻസിക്കു പകരം 40% ഡെഫിഷ്യൻസി ഉള്ളവർക്കു കൂടി ഈ പെൻഷൻ ലഭ്യമാക്കണം.

ഈ പഞ്ചായത്തിൽ 53 പേർക്ക് വികലാംഗ പെൻഷൻ ലഭിക്കുന്നുണ്ട്. വികലാംഗർക്കുള്ള യാത്രോപകരണങ്ങൾ സൗജന്യമായി ലഭ്യമാക്കണം. സൗജന്യ യാത്ര അനുവദിക്കണം.

കർഷക തൊഴിലാളി പെൻഷൻ

ഈ വർഷത്തിൽ കഴിഞ്ഞ 5 വർഷങ്ങളിൽ ലഭിച്ച കർഷക തൊഴിലാളി പെൻഷൻ

വർഷം	വടകരപ്പതി	ഒഴലപ്പതി	ആകെ
91-92	227	174	401
92-93	218	173	391
93-94	205	152	357
94-95	201	159	360
95-96	181	169	350

അർഹരായ മുഴുവൻ പേർക്കും കർഷക തൊഴിലാളി പെൻഷൻ ലഭിക്കുന്നില്ല പക്ഷെ അനർഹരായ പലർക്കും കിട്ടുന്നുമുണ്ട്. പെൻഷൻ അനുവദിക്കുന്ന അധികാരം ഗ്രാമ പഞ്ചായത്തുകൾക്ക് കൊടുക്കണം. തെരഞ്ഞെടുത്തവരുടെ ലിസ്റ്റ് പൊതു സ്ഥാപനങ്ങളുടെ നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തണം. പെൻഷൻ തുക വർദ്ധിപ്പിക്കണം.

തൊഴിലില്ലായ്മാ വേതനം :അർഹരായ എല്ലാവർക്കും ഈ പെൻഷൻ ലഭിക്കുന്നില്ല. അല്ലാത്തവർ ഈ പെൻഷൻ കൈപ്പറ്റുന്നുണ്ട്. വരുമാന പരിധി നിശ്ചയിക്കുകയും പഞ്ചായത്തു ഭരണ സമിതിക്ക് അനുവദിക്കാനുള്ള അധികാരം കൊടുക്കുകയും ചെയ്താൽ അനർഹരായവരെ ഒഴിവാക്കാൻ കഴിയും.

അംഗൻ വാടികൾ : ബഹു ഭൂരിപക്ഷം കുടുംബങ്ങളും ദാരിദ്ര്യരേഖക്കു താഴെ കിടക്കുന്നു. ഈ പഞ്ചായത്തിലെ പാവപ്പെട്ട ജനങ്ങൾക്ക് വളരെയധികം പ്രയോജനപ്പെടുന്നവയാണ് അങ്കൻ വാടികൾ. പൊതുവേ വിദ്യാഭ്യാസം കൊടുക്കുന്നതിൽ വിമുഖത കാണിക്കുന്ന ഇവരുടെ കുട്ടികളെ വിദ്യാഭ്യാസത്തിനു തയ്യാറാക്കുന്നതിൽ ചെറുതല്ലാത്ത പങ്ക് അങ്കൻ വാടികൾ വഹിക്കുന്നുണ്ട്. ഈ അംഗൻ വാടികളിൽ കുട്ടികളെ എത്തിക്കാത്ത അച്ചനമ്മാരെ ബോധവൽക്കരണം നടത്തിയേ പറ്റൂ. സെമിനാറുകളും സംഘടിപ്പിക്കാവുന്നതാണ്.

അംഗൻവാടികളുടെ വിവരം

വാർഡ്	സ്ഥലം	കെട്ടിടം ഉണ്ട്/ഇല്ല	സ്വന്തമായ സ്ഥലം ഉണ്ട്/ഇല്ല	ആകെ കുട്ടികൾ
1.	സൊരപ്പാറ	ഉണ്ട്	ഉണ്ട്	80
	നിളിപ്പാറ	ഉണ്ട്	ഉണ്ട്	113
2.	നല്ലൂർ	ഇല്ല	ഇല്ല	108
	കോഴിപ്പാറ ഈസ്റ്റ്	ഇല്ല	ഇല്ല	53
3.	മണിയകാരൻ ചള്ള	ഉണ്ട്	ഉണ്ട്	141
	കണക്കൻ കളം	ഉണ്ട്	ഉണ്ട്	88
4.	ദേവരായൻ കോട്ട	ഇല്ല	ഇല്ല	146
	മേനോൻ പാറ	ഇല്ല	ഇല്ല	58
5	കള്ളിയമ്പാറ	ഉണ്ട്	ഉണ്ട്	151
	രാമാണ്ടി ചള്ള	ഇല്ല	ഇല്ല	107
6.	വേലാന്താവളം പുണ്ണാമ്പുകൽ	ഉണ്ട്	ഉണ്ട്	80
	തോട് ലക്ഷം വീട്	ഇല്ല	ഉണ്ട്	40
7	കെരാമ്പാറ	ഇല്ല	ഇല്ല	85
	കിണർപ്പള്ളം	ഉണ്ട്	ഉണ്ട്	45
8.	ചിന്നാക്കവുണ്ടനൂർ	ഉണ്ട്	ഉണ്ട്	51
	കുപ്പാണ്ട കവുണ്ടനൂർ	ഉണ്ട്	ഉണ്ട്	74
9.	അനുപ്പൂർ (ഒഴലപ്പതി)	ഇല്ല	ഉണ്ട്	50
	ഒഴലപ്പതി	ഇല്ല	ഉണ്ട്	79
10.	കോഴിപ്പാറ വെസ്റ്റ്	ഇല്ല	ഇല്ല	45
	എലിപ്പാറ ലക്ഷം വീട്	ഇല്ല	ഉണ്ട്	121
11.	ആട്ടയാം പതി	ഇല്ല	ഇല്ല	64
	മുൻസീഫ് ചള്ള	ഇല്ല	ഇല്ല	36

ഈ പഞ്ചായത്തിലുള്ള അംഗൻ വാടികളിൽ കളിപാട്ടങ്ങൾ ഇല്ല. പ്രാഥമിക സൗകര്യങ്ങൾ കുറവാണ്. പല അംഗൻ വാടികളിലും കളിക്കാൻ സ്ഥലമില്ല. സമയ നിഷ്ഠ പാലിക്കുന്നില്ല. പോരായ്മകളുണ്ടെങ്കിലും ഒരു പുതിയ തലമുറയെ വാർത്തെടുക്കുന്നതിൽ അംഗൻ വാടികളുടെ പങ്ക് വളരെ വലുതാണ്. അംഗൻ വാടികളിൽ പ്രവർത്തിക്കുന്ന ജീവനക്കാരുടെ വേതനം തുച്ഛമാണ്. ഇവരുടെ വേതനം വർദ്ധിപ്പിക്കുകയും സർക്കാർ ജീവനക്കാരായി അംഗീകരിക്കുകയും ചെയ്യണം.

നിർദ്ദേശങ്ങൾ :

1.സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻ വാടികൾക്ക് കെട്ടിടം നിർമ്മിക്കണം

2. സ്ഥലമില്ലാത്തവ ക്ക് സ്ഥലം വാങ്ങി കെട്ടിടം ഉണ്ടാക്കി കൊടുക്കണം . ജന പങ്കാളിത്തത്തോടെ ഇതു നേടാം.

3.കളിപ്പാട്ടങ്ങൾ വാങ്ങി കൊടുക്കണം.4.കരിയൻ ചെട്ടികളം, കോപ്പുമേനാൻ ചളള , പൊളിപ്പാറ , വെളളച്ചിക്കുളം , എരുമക്കാരനൂർ, തേനാംപതി എന്നീ സ്ഥലങ്ങളിൽ പുതിയ അംഗൻ വാടികൾ തുടരണം.

5.പോഷകാഹാരത്തിനുള്ള സംഖ്യ വർദ്ധിപ്പിക്കണം.

6. അംഗൻ വാടികളിൽ പ്രാഥമിക ആവശ്യങ്ങൾക്ക് സൗകര്യമുണ്ടാക്കണം.

7.അംഗൻ വാടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കണം. അവരെ സ്ഥിരപ്പെടുത്തണം.

8.ഗൃഹ സന്ദർശനവും വീട്ടമ്മമാരുടെ ബോധവൽക്കരണവും നിർബന്ധമാക്കണം

9.പ്രവർത്തന ക്ഷമതയുളള അടുപ്പുകൾ അംഗൻവാടികളിൽ സ്ഥാപിക്കണം.

പൊതു വിതരണം

പഞ്ചായത്തിലുളള 8 റേഷൻ കടകളിലുംചേർന്ന് 4133 കുടുംബങ്ങൾക്ക് റേഷൻ കാർഡുകൾ നൽകിയിട്ടുണ്ട്. 6467 വീടുകളിലായി 7000തോളം കുടുംബങ്ങൾ ഉണ്ട്. റേഷൻ കാർഡ് ലഭിക്കാത്ത കുടുംബങ്ങൾ 3000തോളം ഉണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 91 സെൻസസ്സ് പ്രകാരം ജനസംഖ്യ 23834 ആണ്. റേഷൻ കാർഡിൽ ഉൾപ്പെട്ടവരുടെ എണ്ണം 19598 ആകുന്നു. റേഷൻ കാർഡിൽ ചേർക്കാത്തവരുടെ എണ്ണം 4236 ആണ്. കുടുംബങ്ങളുടെ കാർഡ് വേർതിരിച്ച് കൊടുക്കുന്നതിനും വിട്ടുപോയവരുടെ പേർ ചേർക്കുന്നതിനുമുളള അധികാരം ഗ്രാമ സമിതികൾക്ക് കൊടുക്കേണ്ടതാണ്.

പല റേഷൻ കടകളിലും അരി വിഹിതത്തിന്റെ അതേ അളവ് ഗോതമ്പും വിതരണം ചെയ്തതായി കാണുന്നു. പല റേഷൻ കടകളിലും സ്റ്റോക്ക് എത്തിചേരുന്നത് വാരാന്ത്യത്തിലാണ്.



5.8 സംസ്കാരം

മനുഷ്യനെ പൂർണ്ണനാക്കുന്നത് സംസ്കാരമാകുന്നു. അത് അവനെ ജാതി,മതം,ഭാഷ,ദേശം എന്നിവക്കതീതമായി മാറ്റുന്നു.

ഈ പഞ്ചായത്തിൽ തമിഴും മലയാളവും കലർന്ന ഒരു പ്രത്യേക സംസ്കാരമാണ്. ഇവിടുത്തെ ജനത രണ്ടു ഭാഷയും ഒരുപോലെ കൈകാര്യം ചെയ്യുന്നു. ആഘോഷങ്ങളിലും ഈ ഒരുമ എടുത്തു പറയേണ്ടതാണ്.

ലൈബ്രറി,വായന ശാല,ക്ലബ്ബുകൾ എന്നിവ ഒരു കാലത്ത് നല്ല നിലയിൽ പ്രവർത്തിച്ചിരുന്നു. എന്നാൽ പലതും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. കിട്ടിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കോഴിപ്പാറ , ചന്തപ്പേട്ടയിൽ ഒരു ഗ്രാമീണ വായന ശാല നന്നായി പ്രവർത്തിച്ചിരുന്നു. ഇപ്പോൾ നിർജ്ജീവമാണ്. ക്ലബ്ബുകളിൽ പലതും ഇപ്പോൾ രജി സേട്രഷനിൽ മാത്രം ഒതുങ്ങുന്നു. അവയെല്ലാം സജീവവും ലക്ഷ്യാധിഷ്ഠിതവുമായിരുന്നു.

1990 ൽ തുടങ്ങിയ ക്രിയേറ്റേഴ്സ് ആർട്ട്സ് ആന്റ് സേപാർട്ട്സ് ക്ലബ്ബ് കോഴിപ്പാറ,ജില്ലാ കബഡി അസോസിയേഷനിൽ രജിസ്റ്റർ ചെയ്തിരുന്നു. കബഡി,ഫുട്ബോൾ എന്നിവയുടെ മത്സരങ്ങൾ സംഘടിപ്പിച്ചു വരുന്നു. കബഡിയിൽ ജില്ലാ സംസ്ഥാന ദേശീയ തലങ്ങളിൽ അംഗീകാരം നേടി ഈ പഞ്ചായത്തിന് പേരും പെരുമയും നേടിത്തന്നു. ഭൂകമ്പ ബാധിത പ്രദേശമായ ലത്തൂരിലേക്ക് മലയാള മനോരമയിലൂടെ സാമ്പത്തിക സഹായം ചെയ്തത് അഭിനന്ദനീയമാണ്. കൂടാതെ ഈ പഞ്ചായത്തിൽ SSLC ക്ക് എറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന കുട്ടിക്ക് സമ്മാനം നൽകി പ്രോത്സാഹിപ്പിച്ചിരുന്നു.

മേനോൻപാറ കാമരാജ് മെമ്മോറിയൽ ആർട്ട്സ് ആന്റ് സേപാർട്ട്സ് ക്ലബ്ബ് കായിക കലാ മത്സരങ്ങളും വാർഷികാഘോഷങ്ങളും നടത്താറുണ്ട്. ചെസ്സ് വോളീബോൾ ടൂർണമെന്റ് നടത്തിയിരുന്നു. വോളീബോളിൽ ഈ പഞ്ചായത്തിലെ നല്ല ടീമും ഇവർ തന്നെ.

വേലന്താവളത്തിലെ കൊച്ചിൻ ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബും ആട്ടയാമ്പതി അമ്മൻ ആർട്ട്സ് ആർട്ട്സ് ആന്റ് സപോർട്ട്സ് ക്ലബ്ബും സംയുക്തമായി കബഡി മത്സരം സംഘടിപ്പിച്ചിരുന്നു. എലിപ്പാറയിലെ ബ്രദേഴ്സ് ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബ് കബഡി ടൂർണമെന്റ് നടത്തിയിരുന്നു. ഈ അടുത്ത കാലത്ത് ശാസ്ത സാഹിത്യ പരിഷത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ കോളറാ ബോധവൽക്കരണ സ്ലൈഡ് പ്രദർശന പരിപാടിയിൽ ഈ ക്ലബ്ബ് സജീവമായി പങ്കെടുത്തു.

1988 ൽ തുടങ്ങിയ 'ഫ്രൻഡ്സ് സാങ്ച്വറി' ആർട്ട്സ് ആന്റ് സേപാർട്ട്സ് ക്ലബ്ബ് കിണർപ്പള്ളം പിരിവ് കേരളോത്സവത്തിൽ പങ്കെടുക്കാറുണ്ട്. 1988ലും 1990ലും 'ഗീതാഞ്ജലി' എന്ന നാടകം കിണർപ്പളം,മണിയകാരൻച്ചള്ള എന്നീ സ്ഥലങ്ങളിൽ അവതരിപ്പിച്ച് നാടക കലക്ക് പുതിയ മാനങ്ങൾ നൽകി. തുടങ്ങിയ 'ദേവതൈ കലൈ മൻഡ്രം 'കെട്ടിമേളം' എന്ന നാടകം അവതരിപ്പിച്ചു. കൂടാതെ 'പട്ടി മൻഡ്രം'വും നടത്തിയിരുന്നു.

1996 ൽ തുടങ്ങിയ 'സംഗമം ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബ് ' ,പുഴപ്പാലം , ഓണാഘോഷ പരിപാടികൾ വളരെ നല്ല രീതിയിൽ നടത്തി. ജ്യോതി ആർട്ട്സ് ആന്റ സേപാർട്ട്സ് ക്ലബ്ബ വർഷാവർഷം 'കാളവണ്ടിയോട്ട മൽസരം' നടത്തിവരുന്നു.

സാംസ്കാരിക രംഗവുമായി വളരെ ബന്ധപ്പെട്ടുകിടക്കുന്നവയാണ് പത്രം,മാസികകൾ , ടി.വി,റേഡിയോ എന്നിവ. ഈ പഞ്ചായത്ത് ഏതാണ്ട് 556 വീടുകളിൽ പത്രം വരുത്തുന്നു. ആഴ്ചപ്പതിപ്പുകൾ 405(മാതൃഭൂമി,കലാകൗമുദി, ചിന്ത, ദേശാഭിമാനി,മംഗളം,മലയാള മനോരമാ വിറ്റഴിക്കപ്പെടുന്നു. ടി.വിയുള്ള ഏതാണ്ട് 500 ഓളം വീടുകൾ ഉണ്ട്. കോഴിപ്പാറ,വേലന്താവളം എന്നിവടങ്ങളിൽ Cable TV സ്ഥാപിച്ച് ഏകദേശം 125 പേർക്ക് Cable Connection കൊടുത്തിരിക്കുന്നു.

പ്രശ്നങ്ങൾ :

1.ക്ലബ്ബുകൾ, ലൈബ്രറി,വായന ശാല എന്നിവക്ക് സ്വന്തം കെട്ടിടമില്ല.

2. സാമ്പത്തിക പരാധീനത മൂലം ക്ലബ്ബുകൾക്ക് പ്രവർത്തിക്കാൻ കഴിയാതെ വരുന്നു.

3.ക്ലബ്ബുകൾ പഞ്ചായത്തു മേളയെ മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുന്നു.

4.ക്ലബ്ബുകൾ ഉദ്ദേശിക്കുന്ന ചില നല്ല കാര്യങ്ങൾ പോലും സമൂഹത്തിൽ കൊണ്ടുവരാൻ കഴിയാതെ പോകുന്നു.

5.ഇലക്ട്രോണീക്സ് മാധ്യമങ്ങളുടെ കടന്നു കയറ്റം നാടൻ കലകളെ വേരോടെ പിഴുതെറിഞ്ഞു..

6.പിന്നോക്ക സമൂഹത്തിന്റെ കലാരൂപങ്ങളെ വേണ്ട വിധത്തിൽ പ്രോത്സാഹിപ്പിക്കുന്നില്ല.

7.സാമൂഹിക പരിഷ്കരണത്തിന് ഉതകുന്ന നാടകം,വാദപ്രതിവാദങ്ങൾ,ഉപന്യാസങ്ങൾ , പ്രഭാഷണം എന്നിവ ഈ പഞ്ചായത്തിൽ ഇപ്പോൾ നടത്താറില്ല.

8.വിദ്യാലയങ്ങളിൽ വേണ്ടവിധത്തിൽ കലാ കായിക പരിശീലനം നടത്തുന്നില്ല.

9.പഞ്ചായത്തിൽ 556 വീടുകളിൽ മാത്രമേ പത്രം വരുത്തുന്നുള്ളൂ.

10.വായനാശീലം പൊതുവേ കുറവാണ്.

11.എല്ലാ വാർഡിലുള്ളവരും പഞ്ചായത്തു മേളകളിൽ പങ്കാളികളാവാറില്ല.

<u>പരിഹാര നിർദ്ദേശങ്ങൾ</u>

1.വിദ്യാലയങ്ങളിൽ പ്രാഥമിക തലം മുതൽ കായിക കലാ പരിശീലനം നൽകുക.

2.വിദ്യാലയങ്ങളിൽ ലൈബ്രറി പ്രവർത്തനം പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടത്തുക.

3.Mass drill ദിനാചരണങ്ങൾ,,സാഹിത്യ സമാജം, കൈയെഴുത്തു മാസിക,വാർഷികങ്ങൾ എന്നിവ വിദ്യാലയങ്ങളിൽ നടത്തുക.

4.പഞ്ചായത്തിൽ പൊതു കളിസ്ഥലം, ആഡിറ്റോറിയം, ലൈബ്രറി എന്നിവ ഉണ്ടാക്കുക.

5.പഞ്ചായത്തിൽ ഓഡിറ്റോറിയത്തിൽ പ്രതിമാസം നാടകം പാസ്സ്സു മൂലം നടത്തുക. പഞ്ചായത്തിന് സാമ്പത്തിക വരുമാനവുമാവും.

6.ഓരോ വാർഡിലും ഓരോ ലൈബ്രറിയും വായന ശാലകളും തുടങ്ങുക.

7.നാടൻ കലാകാരന്മാർക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുക,നാടൻ കലാരൂപങ്ങൾ പഞ്ചായത്തു തലത്തിൽ നടത്തുക.

8.പഞ്ചായത്തു തലത്തിൽ സാഹിത്യ മൽസരങ്ങൾ നടത്തുക.

9.മഹിളാ സംഘങ്ങൾ രൂപീകരിച്ച് പെൺകുട്ടികൾക്ക് കലാ,കായിക പരിശീലനം നടത്തുക.

10.പഞ്ചായത്തടിസ്ഥാനത്തിൽ കളരി,കരാട്ടേ, ജീംനേഷ്യം എന്നിവക്കുള്ള സ്ഥാപനങ്ങൾ തുടങ്ങുക.

5.9 വനിത

വനിതാ വിമോചന പ്രസ്ഥാനങ്ങൾ നാടെങ്ങും സജീവമായി മുന്നേറുന്ന ഈ കാലഘട്ടത്തിൽ സ്ത്രീകൾ ഇതൊന്നുമറിയാതെ ഗ്രാമങ്ങളിൽ ഒതുങ്ങിക്കുടുകയാണ്. വടകരപ്പതിയിലും ഈ പ്രവണത നിലനിൽക്കുന്നു.

സാമൂഹ്യ പ്രവർത്തന മേഖലകളിലും പൊതുപരിപാടികളിലും പഴയകാലത്ത് സ്ത്രീകൾ വളരെ പിന്നിലായിരുന്നു. സ്ക്കൂൾ വിദ്യാഭ്യാസം തന്നെ സ്ത്രീകൾക്ക് അപ്രാപ്യമായിരുന്നു. 1947കളിൽ പ്രാഥമിക വിദ്യാഭ്യാസ സൗകര്യം പെൺകുട്ടികൾക്ക് ലഭിച്ചിരുന്നെങ്കിലും ഉന്നതവിദ്യാഭ്യാസത്തിനു സൗകര്യം ലഭിച്ചിരുന്നില്ല. അതുകൊണ്ട് സ്ത്രീകൾ അടുക്കളയിൽ ഒതുങ്ങിക്കൂടി.

1991 ലെ സെൻസസ് പ്രകാരം വടകരപ്പതി പഞ്ചായത്തിലെ സ്ത്രീകളുടെ സംഖ്യ 11820 ആണ്. ഇത് പുരുഷൻമാരുടെ ജനസംഖ്യയേക്കാൾ 194 എണ്ണം കുറവ്. കുടുംബഭരണം നടത്തുന്ന സ്ത്രീകൾ 30% വരുന്നു. സാക്ഷരതാ നിരക്കിൽ ഈ പഞ്ചായത്ത് വളരെ പിന്നോക്കമാണ് അതിൽതന്നെ സ്ത്രീകളുടെ നിരക്ക് 50.5%. ഉയർന്ന ജോലികളിൽ സ്ത്രീ പങ്കാളിത്തം വളരെ കുറവാണെങ്കിലും അധ്യാപക രംഗത്ത് പുരുഷൻമാരേക്കാൾ സ്ത്രീകൾ മുൻപന്തിയിലാണ്. ഈ പഞ്ചായത്തിലെ ആകെ അധ്യാപകരിൽ (132) 96 എണ്ണവും വനിതകളാണ്.

ഈ പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ 52% ആൺകുട്ടികളും 48% പെൺകുട്ടികളും പഠിക്കുന്നു. പെൺകുട്ടികളെ ഉപരിപഠനത്തിനയക്കാൻ മടിക്കുന്നതു കാരണം പെൺകുട്ടികൾ കൂടുതലായി പഠിക്കേണ്ടതില്ലെന്ന ഒരു ധാരണ രക്ഷകർത്താക്കൾക്കിടയിൽ ഉണ്ട്. കൂടാതെ കോളേജ് 20 കി.മീ അകലെയാണ് സ്ഥിതി ചെയ്യുന്നത് യാത്രാ ക്ലേശം ഈ പഞ്ചായത്തിൽ ഒരു ഗവ. കോളേജ് ആവശ്യമാണ്.

ഈ പഞ്ചായത്തിൽ പെൻഷൻ വാങ്ങുന്ന 20 അനാഥസ്ത്രീകളും, 66 വിധവകളും, 53 വികലാംഗരും, 80 വൃദ്ധകളുമുണ്ട്.

സ്ത്രീകൾ പൊതുരംഗത്ത് വരാൻ തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ സാമൂഹ്യ വ്യവസ്ഥ, കുടംബ രീതി , പുരുഷ മേധവിത്വം, വിദ്യാഭ്യാസ കുറവ്, എന്നിവയാണ്.

സ്ത്രീധന പീഡനം, ലൈംഗീകാക്രമണം, മാധ്യമങ്ങളിലെ അശ്ലീലം, സ്ത്രീ വിരുദ്ധ ആവിഷ്കാരം, പുരുഷന്മാർക്കിടയിലെ മദ്യപാനം , മയക്കുമരുന്ന് എന്നിവയെല്ലാം സ്ത്രീകളെ വളരെ കഷ്ടപ്പെടുത്തുന്നുണ്ട്. സമ്പൂർണ്ണ മദ്യ നിരോധനം ആവശ്യമാണ്. മദ്യപാനം സ്ത്രീ പീഡനത്തിനു കാരണമാകുന്നു. കൂടാതെ നിയമ നിരക്ഷരതയും സ്ത്രീ പീഡനം എന്നത് ശാരീരികമായ പീഡനത്തിൽ ഒതുങ്ങി നിൽക്കുന്നില്ല. തൊഴിലവസരങ്ങളുടെ നിഷേധവും , വിവേചനവും, മാനസിക പീഡനങ്ങളും ഇതിൽ പ്പെടുന്നു. ഇതിനൊരറുതി വരുത്തണമെങ്കിൽ നിയമാവബോധത്തിന്റെ പ്രാധാന്യം അവർ മനസിലാക്കണം. ഇതുവരെ ട്രേഡ് യൂണിയൻ നേതൃത്വ നിരയിൽ സ്ത്രീകൾ സജീവമായിരുന്നില്ല. എന്നാൽ ഈ പഞ്ചായത്തിലെ ചില അധ്യാപക സംഘടനയിലെ നേതൃ നിരയിലുള്ളവരിൽ 50% ഉം സ്ത്രീകളാണ്. കൂടാതെ ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ മേനോൻ പാറ യൂണിറ്റ് പ്രവർത്തകരിൽ പലരും സ്ത്രീകളാണ്.

ഈ പഞ്ചായത്തിൽ 8 മഹിളാ സംഘടനകൾ പ്രവർത്തിക്കുന്നു എന്നതും സതുത്യർഹമായ സംഗതിയാണ്.

രാഷ്ട്രീയ രംഗത്തെ ഈ പഞ്ചായത്തിന്റെ സ്ത്രീകൾ വളരെ പിൻ പന്തിയിലായിരുന്നു. എന്നാൽ പഞ്ചായത്തുരാജ് നഗര പാലികാ ബില്ലിന്റെ അടിസ്ഥാനത്തിൽ 33% സ്ത്രീ സംവരണം ഇവരെ കർമ്മ രംഗത്തു വരുത്താൻ സഹായിച്ചു. എന്നാലും സ്ത്രികളുടെ പ്രവർത്തനം ഈ പഞ്ചായത്തിൽ വേണ്ടത്ര നിലവാരത്തിലേക്കുയർന്നിട്ടില്ല. ഇതിനെ ഗ്രാമങ്ങളിൽ വനിതാ സംഘടനകൾ രൂപീകരിച്ച് വനിതാ കമ്മീഷനിൽ രജിസ്റ്റർ ചെയ്തു കൊണ്ടുള്ള പ്രവർത്തനം ഉണ്ടാവണം. സ്ത്രീ പീഡനങ്ങളെ നിയമപരമായി നേരിടാൻ ബ്ലോക്കുതലത്തിൽ Legal Cell രൂപീകരിക്കുകയും പഞ്ചായത്തു തലത്തിൽ അംഗൻ വാടികൾ കേന്ദ്രീകരിച്ച് ബോധവൽക്കരണവും നടത്തേണ്ടതാണ്.

സ്കൂൾ പി.ടി.എ. മാതൃ സംഘം, ക്ലാസ് പി.ടി.എ. എന്നിവ നന്നായി നടത്തുന്ന ചില സ്കൂളുകളിൽ അമ്മമാരുടെ പങ്കാളിത്തം ഓരോ വർഷം ചെല്ലുന്തോറും കൂടി വരുന്നതും തങ്ങളുടെ കുട്ടികളുടെ പഠനത്തിൽ വ്യക്തമായ കാഴ്ചപ്പാടോടു കൂടി അഭിപ്രായങ്ങൾ പറയുന്നതും ശ്രദ്ധേയമാണ്. എല്ലാ വിദ്യാലയങ്ങളിലും മാതൃ സംഘം വിളിച്ച് അമ്മമാർക്ക് ബോധവൽക്കരണം നടത്താവുന്നതാണ്.

സ്ത്രീകൾ കൂടുതലും കാർഷിക മേഖലയിൽ ജോലി ചെയ്യുന്നവരാണ്. വിദ്യാഭ്യാസത്തിന്റെ കുറവു കാരണം മറ്റു തൊഴിൽ കിട്ടാനുള്ള സാധ്യതയും കുറവാണ്. വ്യവസായം , മൃഗ സംരക്ഷണം, വ്യപാരം, കെട്ടിട നിർമ്മാണം എന്നീ മേഖലകളിൽ സ്ത്രി പങ്കാളിത്തം വളരെ കുറവാണ്. രൂക്ഷമായ തൊഴിലില്ലായ്മ സ്ത്രികൾക്കിടയിൽ പ്രധാന പ്രശ്നമാണ്. ഉള്ള തൊഴിൽ മേഖലയിൽ തന്നെ കൂലി നിരക്കു വിവേചനം നിലനിൽക്കുന്നു. കാർഷികതൊഴിലാളികൾക്കു 25 രൂപ മുതൽ 30 രൂപ വരെയും നിർമ്മാണ തൊഴിലാളികൾക്ക് 30 രൂപ മുതൽ 35 രൂപ വരെയുമാണ് കൂലി നിരക്ക്. കൂലിപ്പണി കൂടുതലും പട്ടണ പ്രദേശങ്ങളുമായി ബന്ധപ്പെട്ടു നടക്കുന്നതിനാൽ ഈ പഞ്ചായത്തിൽ നിന്നും തൊഴിൽ ചെയ്യാൻ പോകുന്ന വനിതകളുടെ എണ്ണം വളരെ ഉയർന്നിട്ടുണ്ട് പച്ചക്കറി കൃഷി, ഔഷധ സസ്യ കൃഷി, ഉദ്യാന കൃഷി തുടങ്ങിയ നിരവധി കാർഷിക പദ്ധതിക്കുള്ള സാധ്യത ഉള്ളതു കൊണ്ട് സ്ത്രീകളെ കാർഷിക മേഖലയിലേക്ക് തിരിച്ചു വിടുന്നത് സ്ത്രീകൾക്ക് ചൈപ്പെട്ട തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതോടൊപ്പം കാർഷിക മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുവാനും കഴിയും. കന്നുകാലി സംരക്ഷണവും, ക്ഷീര വികസനവും സ്ത്രികൾക്കു ഫലപ്രദമായിപ്രവർത്തിക്കാവുന്ന മേഖലകളാണെങ്കിലും സ്ത്രീ പങ്കാളിത്തം ഇവിടെയും കുറവാണ്. പശു,ആട്,എന്നിവ വളർത്തുന്നതു കൊണ്ട് സ്ത്രീകൾക്ക് തൊഴിൽ കിട്ടാനും പഞ്ചായത്തിന്റെ മൊത്തം പാലുൽപ്പാദനവും വിതരണവും സ്ത്രീകൾക്കിടയിൽ നടപ്പിലാക്കാൻ കഴിയുന്ന ഒരു പദ്ധതിയാണ്.

സ്ത്രീകൾക്ക് കൂടുതൽ തൊഴിൽ ലഭിക്കാൻ ചെറുകിട വ്യവസായങ്ങളും കുടിൽ വ്യവസായങ്ങളും തുടങ്ങാവുന്നതാണ് കൂടെ നെയ്ത്ത് ,റെഡിമെയ്ഡ് ഗാർമെൻസ്, തക്കാളി ജാം നിർമ്മിക്കൽ, പവർ ലൂം,മെഴുകുതിരി ഉണ്ടാക്കൽ, ചന്ദനത്തിരി നിർമ്മിക്കൽ, കളിമൺ പാത്ര നിർമ്മാണം എന്നീ തൊഴിലുകൾ തുടങ്ങുവാൻ സാധ്യതകൾ ഏറെ ഉള്ളതുകൊണ്ട് അതിനു വേണ്ടിയുള്ള പരിശീലനം നൽകണം. IRDP, DWCRA വനിതാ വികസന കോർപ്പറേഷൻ, വനിതാ സഹകരണ സംഘങ്ങൾ, ജില്ലാ വ്യവസായ കേന്ദ്രം എന്നിങ്ങനെയുള്ള ഏജൻസികൾ വഴി മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പിലാക്കാം. സ്ത്രീകളുടെ വ്യവസായ ഉൽപ്പന്നങ്ങൾക്ക് തദ്ദേശികമായി ഒരു മാർക്കെറ്റിംഗ് ഗ്രൂപ്പ് സംഘടിപ്പിക്കാം. ജില്ലാതലത്തിൽ ഒരു മാർക്കറ്റിംഗ് സൊസൈറ്റിയും ഉണ്ടാകണം. ഈ പഞ്ചായത്തിൽ വനിതാ തൊഴിൽശാലകൾ ഒന്നും തന്നെയില്ല. എലിപ്പാറയിൽ പൂട്ടിക്കിടക്കുന്ന KVIC സ്ഥാപനം പുനസ്ഥാപിക്കണം.

സ്ത്രീകളുടെയും കുട്ടികളുടേയും ആരോഗ്യ സംരക്ഷണത്തിൽ പ്രൈമറി ഹെൽത്തു സെന്ററുകൾക്ക് പ്രധാന പങ്കു വഹിക്കാനുണ്ട്. അതുകൊണ്ട് എല്ലാ ഹെൽത്തു സെന്ററുകളുടേയും സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. PHCൽ ഒരു സ്ത്രീ രോഗ വിദഗ്ദ്ധ ഉണ്ടായിരിക്കണം. കൂടാതെ ശാസ്ത്രീയ മല്ലാത്ത അടുപ്പുകൾ ശ്വാസ കോശ രോഗങ്ങൾക്കു കാരണമാകുന്നതിനാൽ ശാസ്ത്രിയമായി തയ്യാറാക്കിയ പുകയില്ലാത്ത അടുപ്പുകൾ സബ്സിഡി നിരക്കിൽ വീടുകളിൽ സ്ഥാപിക്കേണ്ടതാണ്.

അംഗൻ വാടികളുടെ പ്രവർത്തനം നല്ല നിലയിൽ ആക്കണം. വേതന നിരക്കുകളും , അംഗൻ വാടി സൗകര്യങ്ങളും വർദ്ധിപ്പിക്കണം. സ്ത്രീകളുടെ സംവരണം ഉറപ്പു വരുത്തണം. സ്ത്രീകളുടെ വിദ്യാഭ്യാസ സൗകര്യം, സാക്ഷരതാ പ്രവർത്തനം, സ്ത്രീ പീഡനങ്ങൾ , വിധവാ പെൻഷൻ , കർഷക തൊഴിലാളി പെൻഷൻ, വാർദ്ധക്യ കാല പെൻഷൻ എന്നീ കാര്യങ്ങൾ ഒരുമിച്ചിരുന്നു ചർച്ച ചെയ്യാനുള്ള ഒരു വേദിയായി അംഗൻ വാടികൾ മാറണം. പഞ്ചായത്തിന്റെ പ്രധാന കേന്ദ്രങ്ങളിൽ 'ക്രഷ്' തുടങ്ങണം.

ഈ പഞ്ചായത്തിന്റെ സാംസ്കാരികമായ ഉന്നമനത്തിന് പ്രധാനമായും വായനശാലകൾ ആവശ്യമാണ്. പഞ്ചായത്തിൽ സ്ത്രീകൾക്കു മാത്രമായി വായന ശാല തുടങ്ങുകയും അംഗൻ വാടികളിലെല്ലാം മാതൃ സംഗമം ചേരുമ്പോൾ അമ്മ മാർക്ക് പുസ്തകം വിതരണം ചെയ്യാനുള്ള ഏർപ്പാടുണ്ടാക്കുകയും ചെയ്യണം. സഞ്ചരിക്കുന്ന വായനശാല, സാംസ്കാരിക സംഘടനകൾ തുടങ്ങിയ സംരംഭങ്ങൾ മഹിളാ പ്രസ്താനങ്ങൾ , മഹിളാ സമാജങ്ങൾ , വനിതാ സഹകരണ സംഘങ്ങൾ എന്നിവ തുടങ്ങുകയും അവയുടെ ശരിയായ പ്രവർത്തനത്തിലൂടെ വനിതകളെ പ്രാപ്തരാക്കാം.



5.10 പട്ടിക ജാതി പട്ടിക വർഗ്ഗം

5.10.1 പട്ടിക ജാതി

അദ്ധ്വാനിക്കുന്നവരും സമൂഹത്തിൽ പിന്നോക്കം നിൽക്കുന്നവരുമാണ് പട്ടികജാതിക്കാർ. അംഗീകരിച്ച 4 കോളനികളിലും മറ്റിടങ്ങളിലുമായി 335 വീടുകളിൽ 2199 പേർ താമസിക്കുന്നു. ഇനി 26 പുതിയ വീടുകൾ കൂടി ആവശ്യമാണ്. പട്ടികജാതി ക്ഷേമ വകുപ്പിന്റെ പദ്ധതികൾ പ്രകാരം വീടുകൾ നിർമ്മിച്ചുകൊടുത്തിട്ടുണ്ട്. എന്നാൽ പ്രാഥമിക സൗകര്യങ്ങൾ കുറവാണ്. വിദ്യാഭ്യാസ പരമായി പിന്നിലായതിനാൽ ഇവർക്കായുള്ള പല പദ്ധതികളെക്കുറിച്ചും അജ്ഞരാണ്. അനുവദിക്കുന്ന പദ്ധതികളുടെ പ്രയോജനം വേണ്ട വിധത്തിൽ ഉപയോഗിക്കാൻ ഇവർക്ക് യാതൊരു പരിശീലനവുമില്ല.

നിലവിലുള്ള വീടുകൾ, ആവശ്യമായവ പട്ടിക 1 ൽ കൊടുത്തിരിക്കുന്നു,

വിദ്യാഭ്യാസം : ഇവർ വിദ്യാഭ്യാസ പരമായ വളരെ പിന്നിലാണ്. പ്രൈമറി തലത്തിൽ വെച്ചു കൊഴിഞ്ഞുപോകുന്നവരുണ്ട്. ഇരുപതുപേർ എസ്സ്.എസ്സ്.എൽ.സി വിജയിച്ചവരും 15 പേർ 10ാം തരം വരെ പഠിച്ചവരും ഉണ്ട്. സർക്കാർ ജോലി ലഭിച്ച 5 പേരുണ്ട്. സാക്ഷരതാ പ്രവർത്തനം നടന്നുവെങ്കിലും വേണ്ടത്ര ഫലപ്രദമായില്ല.

പാർപ്പിടം : പട്ടിക ജാതി വികസന വകുപ്പിന്റേയും, മറ്റുപല ഏജൻസികൾ മുഖേനയും ഇവർക്കായി 335 വീടുകൾ പണിതു കൊടുത്തിട്ടുണ്ട്. അവയിൽ 276 ഓടു വീടുകളും 57 ഓല വീടുകളും 2 കേൺഷ്രീറ്റു വീടുകളുമാണുള്ളത്. ഇതിൽ 158 വീടുകളിൽ കുടിവെള്ളം ലഭ്യമല്ല.

10 നാടൻ കലകൾക്ക് പ്രോത്സാഹനം നൽകുന്നില്ല.

പട്ടികജാതിക്കാരെ സഹായിക്കാനുള്ള പദ്ധതികൾ

(1). House IAY,JRY
(2).Latrine CRST
(3) C.D.Scheme IRDP,വീട്,വൈദ്യുതി, കക്കൂസ്
(4) TRYSEM- തൊഴിൽ പദ്ധതികൾ ,
(5) Millions well Scheme(Well,SC/ST only)

പ്രശ്നങ്ങൾ :

1 സ്ഥിരം ജോലിയില്ല
2 വിദ്യാഭ്യാസപരമായി പിന്നിലാണ്. പ്രൈമറി തലത്തിൽ കൊഴിഞ്ഞു പോകുന്നവരുണ്ട്.

3 ഇവരുടെ അജ്ഞത മുന്നേറ്റത്തെ തടയുന്നു.

4. വീടുകൾ ഇല്ലാത്തവർ ഉണ്ട്. വയറിംഗ് ചെയ്ത 31 വീടുകൾക്ക് കണക്ഷൻ കിട്ടിയിട്ടില്ല. ഓല വീടുള്ളവരും പ്രാഥമിക സൗകര്യമില്ലാത്തവരും ഉണ്ട്.

5 ക്ഷേമ വകുപ്പിന്റെ പദ്ധതികൾ ഫല പ്രദമായിട്ടില്ല.

6. റസിഡൻഷ്യൽ സ്കൂളില്ല.

7. സ്പെഷൽ കോച്ചിംഗ് ഇപ്പോൾ നടത്തുന്നില്ല.

8. ഇവർക്കായി നൽകപ്പെട്ട ടി.വി.,റേഡിയോ ഇവ പ്രവർത്തിക്കുന്നല്ല.

9.വ്യവസായ ശാലകൾ ഇല്ലാത്തതിനാൽ കൃഷിപ്പണി മാത്രം ചെയ്യാൻ നിർബന്ധിതരാകുന്നു. സ്വയം തൊഴിൽ കണ്ടെത്താനുള്ള സാധ്യത കുറയുന്നു.

പട്ടികജാതിക്കാരുടെ വിദ്യാഭ്യാസ യോഗ്യതയും ജോലിയുള്ളവരുടെ വിവരവും

വാർഡ്	സ്ഥലങ്ങൾ	S.S.L.C. ജയിച്ചവർ പു-സ്ത്രീ	S.S.L.C. തോറ്റവർ പു-സ്ത്രീ	+2,PDC ജയിച്ചവർ പു-സ്ത്രീ	+2, PDC തോറ്റവർ പു-സ്ത്രീ	ITI പു-സ്ത്രീ	ഉദ്യോഗത്തിൽ ഉള്ളവർ പു-സ്ത്രീ
1	CSM - കോളനി - കോഴിപ്പാറ	1+2	2+2	3+2	-----	-----	5+0
2	കോഴിപ്പാറ	----	-----	1+0	-----	-----	-----
3	കുളമടച്ചള്ള	2+1	----	----	----	-----	-----
4	കൂരാങ്കാട്	1+0	0+3	1 +1	----	1+0	1+0
5	കള്ളിയമ്പാറ	2+0	1+0	----	-----	-----	1+0
6	വേലന്താവളം തേനാമ്പതി	5+2	1+0	----	------	1+0	-----
7	ചെട്ടിയാർ കളം പിരിവ്	-----	1+1	-----	-----	-----	-----
8	കുപ്പാണ്ട കവുണ്ടനൂർ	0+1	1+0	----	-----	-----	-----
9	ഒഴലപ്പതി	1+1	1+1	----	-----	-----	-----
10	ലക്ഷം വീട്(എലിപ്പാറ)	----	1+1	----	1+1	-----	1+0
11	മുൻസീഫ് ചള്ള	1+1	-----	-----	-----	-----	-----
	ആകെ	13+8	8+8	5+3	1+1	2+0	8+3

നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ 57 ഓല വീടുകൾ ഓടാക്കണം, എല്ലാ വീടുകൾക്കും കക്കൂസുണ്ടായിരിക്കണം, വീടുകൾ വൈദ്യുതികരിക്കണം. വയറിംഗ് ചെയ്ത 31 വീടുകൾക്ക് മുൻഗണന നൽകണം. 158 വീടുകൾക്ക് കൂടി വെള്ളമെത്തിക്കണം. ഗതാഗത സൗകര്യമില്ലാത്ത ആറു പ്രദേശങ്ങളിലായികിടക്കുന്ന 137 വീടുകൾക്ക് ഗതാഗത സൗകര്യം ചെയ്തു കൊടുക്കണം. 27 പുതിയ വീടുകൾ കൂടി ആവശ്യമുണ്ട്. കോളനികളിൽ ഡ്രൈനേജ് സൗകര്യം ഏർപ്പെടുത്തണം.

2.പഞ്ചായത്തിൽ പട്ടിക ജാതിയിൽ പ്പെട്ടവർക്ക് ഒരു റസിഡൻഷ്യൽ സ്കൂൾ തുടങ്ങണം. കുട്ടികൾക്ക് നൽകി വരുന്ന സ്പെഷൽ കോച്ചിംഗ് നടത്തണം.

3.എസ്സ്.എസ്സ്.എൽ.സി ക്ക് 50% മാർക്ക് വാങ്ങുന്നവർക്ക് ക്യാഷ് അവാർഡ് കൊടുക്കണം.

4. തുടർ വിദ്യാഭ്യാസ പരിപാടി തുടങ്ങണം.

5. സഹകരണസംഘം രൂപീകരിച്ച് തക്കാളി ശേഖരിക്കുകയും പാക്കിംഗ് ചെയ്ത് വിൽപ്പനയും നടത്താവുന്നതാണ്.

വാ നഃ	കോളനിയുടെ പേര്	വീടു കളുടെ എണ്ണം	ഓട്	ഓല	കോൺക്രീറ്റ്	ആവശ്യമുള്ള വീടുകൾ	കക്കൂസ് ഉള്ളവ	കക്കൂസ് ഇല്ലാത്തവ	കുടിവെള്ളം ഉള്ളവ	കുടിവെള്ളം ഇല്ലാത്തവ	വൈദ്യുതി ഉള്ളവ	വൈദ്യുതി ഇല്ലാത്തവ	വയറിംഗ് ചെയ്തവ	റോഡ് (പൊതുവഴി)
1	അംഗീകരിച്ചവ സി.എസ്.എം കോളനി ഐ.എച്ച് ഡി.പി. കോഴിപ്പാറ	33	28	3	2	5	-	33	20	13	25	8	-	ഉണ്ട്
6	ഐ.എച്ച് ഡി.പി കോളനി വേലന്താവളം	18	18	-	-	3	-	18	18	-	18	-	-	ഉണ്ട്
8	ഐ.എച്ച് ഡി.പി കോളനി കുപ്പാണ്ട കൗണ്ടനൂർ	34	30	4	-	2	-	34	20	14	34	-	-	ഉണ്ട്
9	ഐ.എച്ച് ഡി.പി കോളനി ചിന്നാകൗണ്ടനൂർ	50	50	-	-	-	-	50	35	15	-	50	15	ഉണ്ട്
5	അംഗീകരിക്കപ്പെടാത്തവ ചന്ദ്രനഗർ	17	17	-	-	-	-	17	17	-	-	17	-	ഉണ്ട്
8	അനുപ്പൂർ	17	13	4	-	2	-	17	-	17	-	17	-	ഉണ്ട്
9	ഒഴലപ്പതി	13	13	-	-	2	-	13	13	-	-	13	-	ഉണ്ട്
1	ഒറ്റപ്പെട്ട വീടുകൾ എരവട്ടപ്പാറ	3	-	3	-	2	-	3	-	3	-	3	-	ഇല്ല
2	വാർഡിൽ ഒറ്റപ്പെട്ടവ	18	9	9	-	4	-	18	-	18	-	18	-	ഇല്ല
3	വാർഡിൽ ഒറ്റപ്പെട്ടവ	26	16	10	-	2	-	26	16	10	-	26	-	ഇല്ല
4	വാർഡിൽ ഒറ്റപ്പെട്ടവ	25	15	10	-	-	-	25	15	10	-	25	-	ഇല്ല
5	കളളിയമ്പാറ	20	20	-	-	-	-	20	10	10	4	16	16	ഇല്ല
5	ഒറ്റപ്പെട്ടവ	14	14	-	-	-	-	14	-	14	-	14	-	ഇല്ല
6	ആട്ടയാംപതി	7	7	-	-	-	-	7	7	-	-	7	-	ഉണ്ട്
7	ചെട്ടിയാർ കളം പിരിവ്	6	6	-	-	-	-	6	-	6	-	6	-	ഉണ്ട്
7	കിണർപള്ളം	11	7	4	-	1	-	11	-	11	-	11	-	ഉണ്ട്
7	മഞ്ചക്കുന്ന്	3	-	3	-	3	-	3	-	3	-	3	-	ഉണ്ട്
7	ലാലാക്കാട്	3	2	1	-	-	-	3	-	3	-	3	-	ഉണ്ട്
10	എലിപ്പാറ ലക്ഷംവീട്	6	6	-	-	-	-	6	6	-	6	-	-	ഉണ്ട്
11	ഒറ്റപ്പെട്ട വീടുകൾ	11	5	6	-	-	-	11	-	11	-	11	-	ഇല്ല
		335	276	57	2	26	-	335	177	158	87	248	31	

6. ഈ പഞ്ചായത്തിൽ ധാരാളം പന, തെങ്ങ് ഇവയുള്ളതിനാൽ പായ,തടുക്ക് കുട്ട ,കൂട,വിശറി എന്നിവക്കുള്ള യൂണിറ്റുകൾ തുടങ്ങാവുന്നതാണ്

7.പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ സഹായത്തോടെ ഇവരുടെ കുട്ടികൾക്ക് വാക്സിനേഷൻ നടത്തുക, രോഗങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുക.

8. ഇവർക്കായിസ്ഥാപിച്ചിരിക്കുന്നതും ഉപയോഗ ശൂന്യമായി കിടക്കുന്ന കുഴൽ കിണറുകൾ, പൊതു കിണറുകൾ എന്നിവ ഉപയോഗ യോഗ്യമാക്കുക.

9. വിധവാ പെൻഷൻ , നിർദ്ധന പെൺ കുട്ടികളുടെ വിവാഹത്തിന് സാമ്പത്തിക സഹായം എന്നിവ നൽകുക.

10. നാടൻ കലകൾ പഞ്ചായത്തു തലത്തിൽ അവതരിപ്പിക്കുക. നാടൻ കലാകാരന്മാർക്ക് സാമ്പത്തിക സഹായം നൽകുക.

I. പട്ടികജാതി വികസനത്തിനായ സർക്കാർ അനുവദിച്ചിരിക്കുന്ന ആനുകൂല്യം :

1.വീടു വെയ്ക്കാൻ (JRY)

2. കക്കൂസ് (CRSP)

3. സ്കൂൾ കുട്ടികൾക്ക് ലംസം ഗ്രാന്റ്

4. പട്ടിക ജാതിക്കാർക്കുള്ള ഹോസ്റ്റൽ

5. സ്പെഷൽ കോച്ചിങ്ങ് ക്ലാസ്സ്

6. എസ്സ്.എസ്സ്.എൽ.സി തോറ്റവർക്ക് തുടർ വിദ്യാഭ്യാസത്തിനുള്ള ആനുകൂല്യം.

7.എസ്സ്.എസ്സ്.എൽ.സി ക്കു കൂടുതൽ മാർക്കു നേടിയവർക്കുള്ള സ്പെഷൽ ഇൻസെന്റീവ്.

8.എസ്സ്.എസ്സ്.എൽ.സി ക്കു ശേഷമുള്ള പഠനത്തിന് സ്റ്റൈപ്പന്റ്

9. എഞ്ചിനീയറിംഗ് , എം.ബി.ബി.എസ്സ്., കമ്പ്യൂട്ടർ സൗജന്യ കോച്ചിംങ്ങ് ക്ലാസ്സ്

10. സ്വയം തൊഴിൽ കണ്ടെത്താനുള്ള പദ്ധതി (TRYSEM)

11. പട്ടിക ജാതിക്കാർക്കുള്ള ITC

12. പുര മേയാൻ ഓല വാങ്ങാനുള്ള സാമ്പത്തിക സഹായം

13. കൃഷിക്കാർക്ക് വിത്ത് ,ഞാറ്,തെങ്ങിൻ തൈ എന്നിവ കൃഷി ഭവൻ മുഖേനയുള്ള നൽകൽ.

14.എസ്സ്.എസ്സ്.എൽ.സി ക്കു ശേഷമുള്ള പഠന വിദ്യാർത്ഥികൾക്ക് മേശ, കസേര എന്നിവ സൗജന്യമായി നൽകൽ.

15. വീട് വൈദ്യുതീകരിക്കുന്നതിനുള്ള സഹായം

16. മിശ്ര വിവാഹം പ്രോത്സാഹന സഹായം

17. വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധന സഹായം

18.കാർഷികോപകരണങ്ങൾ വാങ്ങാനും , കിണർ കുഴിക്കാനും, ആടു വളർത്താനും സബ്സിഡിയോടു കൂടിയ സാമ്പത്തിക സഹായം

19.പട്ടിക ജാതിക്കാർക്ക് മാത്രമുള്ള സഹകരണ സംഘങ്ങൾ മുഖേന തൊഴിൽ ലഭ്യമാക്കൽ

20. കലാ സാംസ്കാരിക രംഗങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹായം

5.10 പട്ടിക ജാതി പട്ടിക വർഗ്ഗം

5.10.2 പട്ടിക വർഗ്ഗം

ചീറിയടിക്കുന്ന ചുരക്കാറ്റിലും തലയെടുപ്പോടെ നിൽക്കുന്ന കരിമ്പനപോലെ പ്രതികൂല ജീവിത സാഹചര്യങ്ങളെ അതിജീവിച്ച് വിയർപ്പു മുത്തുകളെ വിത്തുകളാക്കി കൃഷിക്ക് നെടുംതൂണായി മറ്റുള്ളവരെ ഊട്ടി, തന്റെ ഒട്ടിയ വയറിന്റെ വിശപ്പടക്കി നിലകൊണ്ടവരാണ് പട്ടിക വർഗ്ഗം.

നമ്മുടെ പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശങ്ങളിലാണ് ഇവരിൽ ഭൂരിഭാഗവും വസിക്കുന്നത്. കാലങ്ങളായി സാമൂഹികവും സാമ്പത്തികവും ആയ അസമത്വങ്ങൾക്ക് ഇവർ വിധേയരായിരുന്നു. അതിന്റെ അലയൊലികൾ ഇന്നും നിലനിൽക്കുന്നു. സർക്കാരിന്റെ പല പദ്ധതികളും ഫലപ്രദമായി ഇവരിൽ എത്തുന്നില്ല. കൂടാതെ കിട്ടുന്ന കാര്യങ്ങൾ വേണ്ട വിധത്തിൽ പ്രയോജന പ്പെടുത്തുന്നു മില്ല.

ഈ പഞ്ചായത്തിൽ അംഗീകരിക്കപ്പെട്ട രണ്ടു കോളനികളിലും (മല്ലംപതി, കാമരാജ് നഗർ)അംഗീകരിക്കാത്ത 5 കോളനികളിലും ഒറ്റപ്പെട്ട വീടുകളുമായി 142 വീടുകളിൽ 662 പേർ താമസിക്കുന്നു. (അവലംബം സെൻസസ്സ് 1991). വീട്,കക്കൂസ് എന്നിവയുടെ വിവരങ്ങൾ പട്ടിക ഒന്നിൽ കാണിക്കുന്നു.

പാർപ്പിടം

പഞ്ചായത്തിലെ 142 വീടുകളിൽ 101 ഓട് വീടുകളും 41 ഓല വീടുകളുമാണ് ഉള്ളത്. ഈ വീടുകളിൽ കക്കൂസ് ഉള്ള പത്ത് വീടുകൾ ഉണ്ട്. വെള്ളത്തിന്റെ കുറവു മൂലം ഇവ ഉപയോഗിക്കുന്നില്ല എന്ന പരിതാപകരമായ സത്യം മനസ്സിലാക്കാൻ കഴിഞ്ഞു. 43 പുതിയ വീടുകൾ കൂടി നിർദ്ദേശിക്കപെട്ടിട്ടുണ്ട്. പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ പദ്ധതി പ്രകാരം ഇവർക്ക് വീടുകൾ വച്ച് കൊടുത്തിട്ടുണ്ടെങ്കിലും അവക്ക് വേണ്ട പ്രാഥമിക സൗകര്യങ്ങൾ വളരെ കുറവാണ്. വയറിംഗ് ചെയ്ത മല്ലമ്പതിയിലെ 5 വീടുകൾക്കും കാമരാജ് നഗരിലെ 10 വീടുകൾക്കും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല.

വെള്ളത്തിന് ദൗർലഭ്യം അനുഭവപ്പെടുന്ന ഈ പ്രദേശത്ത് മല്ലമ്പതിയിൽ ധാരാളം വെള്ളമുള്ള രണ്ടു കുഴൽ കിണറുകൾ ഉണ്ടായിട്ടും കുടിവെള്ളം ലഭ്യമാക്കാനുള്ള നടപടികൾ എടുത്തിട്ടില്ല. ഒരു കുഴൽ കിണറിൽ മോട്ടോർ സ്ഥാപിച്ച് ഈ കോളനിക്ക് ആവശ്യമായ ജലം വിതരണം ചെയ്യുന്നതിനു പുറമേ കുപ്പാണ്ടകൗണ്ടനൂരിലേക്കും വെള്ളം കൊണ്ടു പോയിരുന്നു. നാലു വർഷം മുമ്പ് മേട്ടോർ അഴിച്ചെടുത്തതോടെ ഇവിടത്തെ ജല വിതരണം നിലച്ചു. മറ്റു ചില കോളനികളിലും കുടിവെള്ള സൗകര്യം ഏർപ്പെടുത്തിയിരുന്നത് ഇപ്പോൾ ഇല്ല.

ഇവർക്ക് ഗതാഗത സൗകര്യം പല സ്ഥലങ്ങളിലും പരിമിതമാണ്. ഒഴലപ്പതി സ്കൂളിന്റെ പിൻവശത്തുള്ള ഏഴു കുടുംബക്കാർ വഴിയായി ഉപയോഗിക്കുന്നത് സ്വകാര്യ വ്യക്തിയുടെ സ്ഥലമാണ്. കൂടാതെ മല്ലമ്പതി കോളനിയിലേക്കുള്ള റോഡ് ഗതാഗത യോഗ്യമല്ലാതെ കിടക്കുന്നു.

തേനംപതികളം ചുണ്ണാമ്പുക്കൽ തോട്, പൊളിപ്പാറ, കോഴിപ്പാറ നാലുസെന്റ കോളനി, എരവട്ട പ്പാറ മുൻസീഫ് ചള്ള , തൊപ്പി കോളനി എന്നിവിടങ്ങളിലേക്ക് ഗതാഗത സൗകര്യം ഇല്ല.

പട്ടിക 1

വാർഡ്	സ്ഥലത്തിന്റെ പേര്	വീടുകളുടെ എണ്ണം	സ്വഭാവം		ആവശ്യമുള്ള വീടുകൾ	കക്കൂസ്	
			ഓട്	ഓല		ഉള്ളവ	ഇല്ലാത്തവ
	അംഗീകരിച്ചവ						
8	മല്ലംപതി കോളനി	25	16	9	6	10	15
9	കാമരാജ് നഗർ	20	18	2	1	-	15
	അംഗീകരിക്കേണ്ടവ						
1	എരവട്ടപ്പാറ	6	4	2	1	-	6
2	നാലുസെന്റ് കോളനി	3	3	-	1	-	3
2	നല്ലൂർ	2	2	-	1	-	3
5	കള്ളിയമ്പാറ	2	2	-	1	-	2
5	പൊളിപ്പാറ	3	1	2	2	-	3
6	ചുണ്ണാമ്പുകൽത്തോട്	4	4	-	1	-	4
6	വേലന്താവളം ചന്തപ്പേട്ട	4	3	1	2	-	4
6	തേനാംപതി കളം	17	10	7	3	-	17
6	ആട്ടേമ്പതി കളം	6	6	-	3	-	6
7	ചെട്ടിയാർ കളം പിരിവ്	3	3	-	2	-	3
7	കിണർപള്ളം പട്ടി കോളനി	1	-	1	1	-	1
9	ചന്തപ്പേട്ട(ഒഴലപ്പതി)	6	4	2	2	-	6
9	ചിന്ന കൗണ്ടനൂർ	1	-	1	-	-	1
11	കിണർപള്ളം വിരിവ്	23	14	9	6	-	23
11	ഇന്ദിരാനഗർ	5	5	-	15	-	5
11	മുൻസീഫ് ചള്ള	4	4	-	-	-	4
11	തൊപ്പി കോളനി	4	1	3	5	-	4
11	കിണർപ്പള്ളം പടിഞ്ഞാറ്	3	1	2	-	-	3
	ആകെ	142	101	41	43	10	132

വിദ്യാഭ്യാസം

വിദ്യാഭ്യാസം, സാമൂഹികം, സാംസ്കാരികം എന്നീ രംഗങ്ങളിൽ കേരളം വളരെ മുൻപന്തിയിലാണെങ്കിലും പട്ടിക വർഗ്ഗക്കാർ ഇക്കാര്യങ്ങളിൽ വളരെ പിന്നിലാണ്. ഇവരുടെ കുട്ടികളിൽ 50% മാത്രമേ സ്കൂളുകളിലെത്തുന്നുള്ളൂ. അവരിൽ തന്നെ ഇടയ്ക്ക് വെച്ച് കൊഴിഞ്ഞു പോവുന്നവരുടെ എണ്ണം വളരെ കൂടുതൽ ആണ്. തുടർന്ന് പഠിച്ച് SSLC വരെ എത്തുന്നവരും പാസാകുന്നവരും വളരെ കുറവാണ്. പ്രീഡിഗ്രിക്കുമേൽ പഠിക്കുന്നവർ ആരും ഇല്ല. ITI പാസായ ഒരാൾ ഉണ്ട്. മല്ലമ്പതി, കാമരാജ് നഗർ എന്നവിടങ്ങളിൽ നിന്നും ചുരുക്കം ചിലർക്ക് സർക്കാർ ജോലി ലഭിച്ചിട്ടുണ്ട്.(പട്ടിക- 3)

പ്രശ്നങ്ങൾ

1.പ്രൈമറി തലം കഴിഞ്ഞ് പഠനം നിർത്തുന്ന കുട്ടികൾ ഉണ്ട്. ജീവിതം സൗകര്യകുറവാണ് പ്രധാന കാര്യം കുട്ടികൾക്ക് താമസിച്ചു പഠിക്കാൻ ഒരു റസിഡൻഷ്യൽ സ്കൂളില്ലാത്തതും കൂടാതെ മാതാപിതാക്കൾ വിദ്യാഭ്യാസമില്ലാത്തവരായതിനാൽ കുട്ടികൾക്ക് വിദ്യാഭ്യാസം കൊടുക്കുന്നതിന്റെ ആവശ്യകത മനസ്സിലാക്കുന്നില്ല. (പട്ടിക - 3)

പട്ടിക -2

വാർഡ് നമ്പർ	സ്ഥലത്തിന്റെ പേര്	എണ്ണം	വെള്ളം		വൈദ്യുതി		ഗതാഗതം		വയറിംഗ്
			ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	
1	എരവട്ടപ്പാറ	6	-	6	-	6	-	6	-
2	നാലു സെന്റു കോളനി	3	-	3	-	3	-	3	-
2	നല്ലൂർ	2	2	-	1	1	2	-	-
5	കള്ളിയമ്പാറ	2	2	-	-	2	2	-	-
5	പൊളിപ്പാറ	3	-	3	-	3	-	3	-
6	ചുണ്ണാമ്പുകൽ തോട്	4	-	4	-	4	-	4	-
6	വേലന്താവളം ചന്തപ്പേട്ട	4	4	-	-	4	4	-	-
6	തേനാംപതി കളം	17	-	17	-	17	7	10	-
6	ആട്ടേമ്പതി കളം	6	-	6	-	6	6	-	-
7	ചെട്ടിയാർ കളം പിരിവ്	3	-	3	-	3	3	-	-
7	കിണർ പള്ളം പ്പട്ടി കോളനി	1	-	1	-	1	-	1	-
8	മല്ലംപതി കോളനി	25	-	25	-	25	-	25	15
9	കാമരാജ് നഗർ	20	-	20	-	20	20	-	10
9	ചന്തപ്പേട്ട(ഒഴലപ്പതി)	6	-	6	-	6	6	-	-
9	ചിന്നകൗണ്ടനൂർ	1	1	-	-	1	1	-	-
11	കിണർപള്ളം പിരിവ്	23	-	23	-	23	23	-	-
11	ഇന്ദിരാ നഗർ	5	-	5	-	5	5	-	-
11	മുൻസീഫ് ചള്ള	4	-	4	-	4	-	4	-
11	തൊപ്പി കോളനി	4	-	4	-	4	-	4	-
11	കിണർ പള്ളം പടിഞ്ഞാറ്	3	-	3	-	3	3	-	-
	ആകെ	142	9	133	1	141	86	56	25

	എസ്.എസ്.എൽ.സി				പി.ഡി.സി		ഐ.ടി.ഐ		ജോലിയുള്ളവർ
	തോറ്റവർ		ജയിച്ചവർ		തോറ്റവർ		പാസായവർ		
	പു	സ്ത്രീ	പു	സ്ത്രീ	പു	സ്ത്രീ	പു	സ്ത്രീ	
മല്ലമ്പതി വാ: 8	-	-	2		2				Selected for CRP 1 പോലീസ്)
കാമരാജ് നഗർ വാ:9	3		2		-	-			പോലീസ് പോസ്റ്റൽ ഡിപ്പാ:
തേനംപതി വാഃ 9	1	1	1				1		
കിണർപള്ളം പിരിവ് വാ: 5	-	-	1	1	-	-	-	-	
ആകെ	4	1	6	1	2		1		3

തൊഴിൽ

ഈ പഞ്ചായത്തിലെ പട്ടിക വർഗ്ഗക്കാരുടെ പ്രധാന തൊഴിൽ കാർഷിക വൃത്തിയാണ്. ഈ തൊഴിലിനെ മാത്രം ആശ്രയിക്കുന്നതു കൊണ്ട് വർഷം മുഴുവനും തൊഴിൽ കിട്ടാനുള്ള സാഹചര്യം ഈ പ്രദേശത്തിലില്ല. മഴ കുറവും കൃഷിയിറക്കാനുള്ള വെള്ളത്തിന്റെ അഭാവവും തൊഴിൽ ദിനങ്ങൾ കുറയ്ക്കുന്നതിലൂടെ ഇവരുടെ ജീവിതം വളരെ ദുസ്സഹമാക്കി തീർക്കുന്നു. എന്നാൽ ചുരുക്കം ചിലർ നായാട്ടിലും മീൻ പിടിത്തത്തിലും ഏർപ്പെടുന്നുണ്ട്. സ്ഥിരം തൊഴിലില്ലാത്തതും മറ്റുള്ളവരെ ആശ്രയിച്ച് ജീവിക്കുന്നതും തൊഴിൽപരമായി കടുത്ത ചൂഷണത്തിന് വിധേയരാവുന്നതും ഇവരെ സാമ്പത്തികവും സാമൂഹികവുമായ പിന്നോക്ക അവസ്ഥയിലേക്ക് എത്തിക്കുന്നു. ഇവരുടെ വിദ്യാഭ്യാസ കുറവിനും സാമൂഹിക സമത്വത്തിനും ഇത് കാരണമാകുന്നു.

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ 142 വീടുകളിൽ 41 ഓല വീടുകളും കക്കൂസില്ലാത്ത 132 വീടുകളും വൈദ്യുതി ഇല്ലാത്ത 142 വീടുകളും കുടിവെള്ളമില്ലാത്ത 133 വീടുകളും ഗതാഗത സൗകര്യമില്ലാത്ത 56 വീടുകളും ഉണ്ട്. വീടില്ലാത്ത 43 കുടുംബങ്ങൾ മറ്റു വീടുകളിൽ താമസിക്കുന്നു.

2. 50% കുട്ടികൾ സ്കൂളിൽ പോകുന്നില്ല. പോകുന്നവരിൽ മിക്കവരും ഇടയ്ക്ക് വെച്ച് കൊഴിഞ്ഞുപോകുന്നു. താമസിച്ച് പഠിക്കാൻ ഒരു ''റസിഡൻഷ്യൽ സ്കൂൾ'' ഇല്ല. മാതാപിതാക്കൾക്ക് വിദ്യാഭ്യാസം ഇല്ലാത്തത് കുട്ടികളുടെ വിദ്യാഭ്യാസത്തെ തടസ്സപ്പെടുത്തുന്നു.

3. പ്രധാന തൊഴിൽ കൃഷിപ്പണിയാണ് ; എന്നാൽ ഈ തൊഴിൽ വർഷം മുഴുവനും കിട്ടുന്നില്ല. വ്യവസായ സ്ഥാപനങ്ങളില്ലാത്തതിനാൽ തൊഴിലിനുവേണ്ടി ചില വ്യക്തികളെ ആശ്രയിക്കാൻ നിർബന്ധിതരാവുന്നു. സ്വന്തമായി കൃഷി സ്ഥലമുള്ളവർ സാമ്പത്തിക പരാധീനത മൂലം കൃഷിയിറക്കുന്നില്ല.

4.പട്ടിക വർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ വേണ്ടവിധത്തിൽ ഇവർക്ക് പ്രയോജനം ലഭിക്കുന്നില്ല. പല പദ്ധതികളെക്കുറിച്ചും ഇവർ അറിയുന്നില്ല.

5.ചികിത്സാ രംഗത്ത് അന്ധവിശ്വാസം ഭാഗികമായി ഇവരുടെ ഇടയിൽ നിലനിൽക്കുന്നു.

6. പല തുറകളിലും സാമൂഹിക സമത്വം ഇവർക്കു ലഭിക്കുന്നില്ല.

നിർദ്ദേശം

1.വീടില്ലാത്ത എല്ലാവർക്കും വീടുണ്ടാക്കി കൊടുക്കുക, ഓല വീടുകൾ ഓടാക്കുക, വൈദ്യുതീകരിക്കുക, കക്കൂസുകൾ പണിതു കൊടുക്കുക. കുടിവെള്ളം ലഭ്യമാക്കുക, ഗതാഗത സൗകര്യം ഉണ്ടാക്കുക, നിർധനരായ പെൺകുട്ടികൾക്ക് വിവാഹത്തിനുള്ള സാമ്പത്തിക സഹായം കൊടുക്കുക, ഓരോ പദ്ധതികൾ നടപ്പിലാക്കുമ്പോഴും അതിന്റെ ഗുണം ഇവർക്ക് ലഭ്യമാകുന്നുണ്ടോ എന്ന് ഉറപ്പു വരുത്തുക.

2. ഈ പഞ്ചായത്തിൽ പട്ടിക വർഗ്ഗക്കാർക്ക് ഒരു 'റസിഡൻഷ്യൽ സകൂൾ' തുടങ്ങുക. വിദ്യാലയങ്ങളിൽ പട്ടിക വർഗ്ഗക്കാർക്ക് സ്പെഷൽ കോച്ചിംഗ് കൊടുക്കുക. ഇപ്പോൾ കൊടുക്കുന്ന ലംപ്സം ഗ്രാൻഡ് പഠനാവശ്യങ്ങൾക്ക് മതിയാകുന്നുണ്ടോ എന്ന് പരിശോധിച്ച് ഭേദഗതി വരുത്തുക.

3. തുടർ സാക്ഷരതാ പ്രവർത്തനം നടത്തുക., കോളനികൾ കേന്ദ്രീകരിച്ച് വായന ശാലകൾ തുടങ്ങുക, ടി.വി.,റേഡിയോ എന്നിവയുടെ പ്രയോജനം ലഭ്യമാക്കുക.

4. ഇവരെ ഉൾപ്പെടുത്തിയുള്ള സഹകരണ സംഘങ്ങൾ തുടങ്ങുകയും തൊഴിൽ പരിശീലനം നടത്തി കുടിൽ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുകയും വേണം ഇവിടെ ധാരാളം പനകളും തെങ്ങുകളും ലഭ്യമായതുകൊണ്ട് പായ, വിശറി,തടുക്ക് കുട്ട,കുട,ബ്രഷ്, കയർ, ചവുട്ടി സോപ്പ് എന്നിവയുടെ ഉൽപ്പാദനവും വിപണനവും സഹകരണ സംഘങ്ങൾ വഴി നടത്തണം. പഞ്ചായത്തിലെ വിവിധ വിദ്യാലയങ്ങൾക്കാവിശ്യമായ നോട്ടു പുസ്തകങ്ങൾ നിർമ്മിച്ച് വിതരണം ചെയ്യുക. ചന്ദനതിരി , മെഴുകുതിരി എന്നിവയുടെ നിർമ്മാണം ആരംഭിക്കുക. .

5.സ്ത്രീകൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് മഹിളാ സഹകരണ സംഘങ്ങൾ രൂപീകരിച്ച് തുന്നൽ പരിശീലനം നൽകി റെഡിമെയ്ഡ് വസ്ത്ര നിർമ്മാണവും വിപണനവും നടത്തുക.

6.കന്നുകാലി വളർത്തൽ,പന്നി വളർത്തൽ, കോഴി വളർത്തൽ ,തേനീച്ച വളർത്തൽ എന്നിവ തുടങ്ങുക.

7.കാലങ്ങളായി അടിച്ചമർത്തിയ വിഭാഗത്തിന്റെ ഉയർച്ചക്കായി അവരെ സമൂഹത്തിന്റെ എല്ലാ മേഖലകളിലും കൊണ്ടു വരുക. അവരുടെ കലാ രൂപങ്ങൾ പഞ്ചായത്തു തലത്തിൽ അവതരിപ്പിക്കുവാൻ അവസരം നൽകുക.

അതിലൂടെ അവർക്ക് അംഗീകാരം കൊടുക്കുകയും അവരുടെ ചടങ്ങുകളിൽ മറ്റു വിഭാഗങ്ങൾ കടന്നു ചെല്ലുകയും മറ്റുള്ളവരുടെ ചടങ്ങുകളിൽ അവരെ പങ്കെടുപ്പിക്കുകയും ചെയ്ത് സാമൂഹിക സമത്വം ഉറപ്പു വരുത്തുക. പട്ടിക വർഗ്ഗ ക്കാരെ സമൂഹ ത്തിൽ ഉയർത്തിക്കൊണ്ടു വരാൻ മാതൃകാപരമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് പുരോഗമന, സാംസ്കാരിക , സന്നദ്ധ സംഘടന കൾക്ക് പഞ്ചായത്ത് പ്രചോദനം നൽകുക.

5.11 വിഭവ സമാഹരണം

വ്യവസായപരമായ മുരടിപ്പാണ് നമ്മുടെ പഞ്ചായത്തിന്റെ വരുമാനമാർഗ്ഗങ്ങളിൽ കുറവ് ഉണ്ടാക്കാൻ പ്രധാന കാരണം . 90% ജനങ്ങളും കൃഷിക്കാരും കൃഷിപ്പണിക്കാരുമായതുകൊണ്ട് അവരിൽ നിന്നും പഞ്ചായത്തിലേക്ക് കൂടുതൽ വരുമാനം പ്രതീക്ഷിക്കാൻ സാദ്ധ്യമല്ലലോ ! കൃഷിയിൽനിന്നോ കൃഷിപ്പണിക്കാരിൽ നിന്നോ നികുതിയിനത്തിൽ ഒന്നും തന്നെ പഞ്ചായത്തിലേക്ക് ലഭിക്കുന്നില്ല. തന്മൂലം പഞ്ചായത്തിന് വികസന പ്രവർത്തനങ്ങളിലേക്ക് ആവശ്യമായ തുക കുറവായാണ് കാണുന്നത്. പഞ്ചായത്തിൽ നിന്നും ലഭിച്ച കണക്കനുസരിച്ച് പഞ്ചായത്തിന്റെ പ്രധാന വരുമാനം തൊഴിൽ നികുതിയൽ നിന്നും മറ്റും വിനോദ നികുതിയിൽ നിന്നുമാണ്. ഇതിന്റെ അടിസ്ഥാന ത്തിൽ വികസന പ്രവർത്തനങ്ങൾ പഞ്ചായത്തിൽ വരുത്താനുള്ള പരിമിതകൾ ഏറേയാണ് . മാത്രമല്ല സർക്കാർ ഗ്രാന്റുകളെ ആശ്രയിക്കുന്ന കിഴ്വഴക്കവും തൻമൂലമുള്ള സമയ പരിധിയും ഇവിടെ വികസന പ്രവർത്തനങ്ങളെ താമസപ്പെടുത്തുന്നു. വിഭവ സമാഹരണങ്ങൾ കുറവുള്ള ഈ പഞ്ചായത്തിന് വികസന പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടത്തുക അത്ര എളുപ്പമല്ലല്ലോ !

പഞ്ചായത്തിന്റെ ആവശ്യങ്ങൾ മുഴുവനായി നിറവേറ്റുവാൻ ഭരണസമിതിക്ക് കഴിയാത്തതിന്റെ കാരണമായി ഗ്രാമസഭയിൽ ഉയർന്നു വന്ന അഭിപ്രായങ്ങൾ ഇപ്രകാരമാണ്.

1. പഞ്ചായത്തിന്റെ കൈവശമുള്ള ഫണ്ടിന്റെ കുറവ്.

2.ഫണ്ടിന്റെ വിനിയോഗത്തിൽ ഉണ്ടാകുന്ന അപാകത.

3.മുൻഗണന നിഞ്ചയിക്കുന്നതിൽ പറ്റുന്ന പാളിച്ചകൾ.

4. പഞ്ചായത്ത് ഭരണസമിതിയുടെ താല്പര്യക്കുറവ്.

5. ജനങ്ങളുടെ സഹകരണക്കുറവ്.

6. വികസന കാര്യങ്ങളിൽ ജനങ്ങളുടെ അറിവില്ലായ്മ

7. വികസന പ്രവർത്തനങ്ങളിൽ അപ്രതീക്ഷമായി ഉണ്ടാക്കുന്ന തടസ്സങ്ങൾ.

ഭാവിയിൽ പഞ്ചായത്തിന്റെ ആവശ്യങ്ങൾ നിറവേറ്റാനുള്ള പണം ലഭിക്കും എന്ന വിശ്വാസ മുള്ളവരാണ് ഗ്രാമസഭയിൽ പങ്കെടുത്ത കൂടുതൽ ജനങ്ങളും. പഞ്ചായത്തിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയും ഭരണസമിതിയുടെ പ്രവർത്തനരീതിയും ഈ നിലയിൽ തുടരുന്ന പക്ഷം മുഴുവൻ ആവശ്യങ്ങളും നിറവേറ്റുവാൻ കഴിയാതെ വരുമെന്ന് ഗ്രാമസഭകൾ സൂചന നൽകുന്നു. സർക്കാരിന്റെ സാമ്പത്തിക സഹായങ്ങൾക്ക് പുറമെ പഞ്ചായത്തിന്റെ തനതായ വരുമാന മാർഗങ്ങൾ കണ്ടെത്തിയാൽ വികസന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നടത്താൻ കഴിയും.

പഞ്ചായത്തിന്റെ 1995 - 96 വർഷത്തെ പ്രധാന വരുമാന പട്ടിക ചുവടെ ചേർക്കുന്നു.

ഇനങ്ങൾ	വരുമാനം
കെട്ടിട നികുതി	1,18,155
വിനോദ നികുതി	2,28,000
തൊഴിൽ നികുതി	87,780
സ്റ്റാമ്പ് നികുതി	1,15,420
ലൈസൻസ് നികുതി	9,930
ലേല നികുതി	11,652
ചന്തയിൽ നിന്നുള്ള നികുതി	18,000
ഗ്രാമീണ റോഡിന്റെ അറ്റകുറ്റ പണിക്ക് കിട്ടിയ സഹായം	10,900
വാഹന നികുതിയുടെ വിഹിതം	1,06,834
മറ്റുള്ളവ	10,066
യുണൈറ്റഡ് ഫണ്ട്	3,48,000
മറ്റുചില ഇനങ്ങളും ചേർത്ത്	13,34,885

പഞ്ചായത്തിന്റെ വിഭവ സമാഹരണം മെച്ചപ്പെട്ട രീതിയിൽ നടത്തുവാനുള്ള നിർദ്ദേശങ്ങൾ താഴേ കൊടുക്കുന്നു.

നിലവിലുള്ള പല തര നികുതികളും യഥാ സമയം അറിയിക്കുക, നികുതിയുടെ പരിതിയിൽ പെടുന്നവരും പക്ഷെ നികുതി നൽക്കാത്തവരുമായ വിഭാഗകാരെ കണ്ടെത്തുക, പഞ്ചായത്തിന് നികുതി നൽകേണ്ട ആവശ്യകതയെക്കുറിച്ചും അതുമൂലം പഞ്ചായത്തിനും പൊതുജനങ്ങൾക്കും ഉണ്ടാകുന്ന ഗുണങ്ങളെക്കുറിച്ചും ഒരു ബോധവൽക്കരണം നടത്തുക (നോട്ടീസ് അടിച്ച് വിതരണം ചെയ്യുക, പോസ്റ്റർ അടിക്കുക, സ്ലൈഡുകൾ പ്രദർശിപ്പിക്കുക) ഇത് കൂടുതൽ ജനങ്ങൾ നികുതി കൊടുക്കാൻ പ്രേരിപ്പിക്കും. അതുവഴി പഞ്ചായത്തിന്റെ വരുമാനം കൂടുകയും ചെയ്യും.

2. പ്രകൃതി വിഭവങ്ങൾ

നമ്മുടെ പഞ്ചായത്തിൽ പുഴയോര പുറമ്പോക്കിലായി കുറെ സ്ഥലമുണ്ട്. അത് അളന്ന് തിട്ടപ്പെടുത്തി ലേലത്തിന് കൊടുക്കാവുന്നതാണ്. അതിൽ നിന്നും സ്ഥത്തിന്റെ അളവ് അനുസരിച്ച് ഒരു സംഖ്യ തിട്ടപ്പെടുത്തിയാൽ നല്ലൊരു വരാമാനം ലഭിക്കും. ഇപ്പോൾ തന്നെ പുഴയോരങ്ങളിൽ കയ്യേറ്റം നടത്തിയിട്ടുള്ള കൃഷിക്കാരിൽ നിന്ന് കൃഷി യിനത്തിന്റെ വരുമാനതത്തിനനുസരിച്ച് ഒരു വിഹിതം വസൂലാക്കാവുന്നതുണ്ട്. തെങ്ങ്, വാഴ തുടങ്ങിയ കൃഷികളും ഇവിടെ ചെയ്യുന്നുണ്ട്. ഇതിന് ലേലലനിരക്ക് നിഞ്ചയിക്കാവുന്നതാണ്.

മിച്ചഭൂമി, പുറംപോക്ക് ഭൂമിയിൽ ധാരാളം നശിക്കാറായ മരങ്ങൾ ഉണ്ട്. ഇവ ആരും ശ്രദ്ധിക്കാതെ, ഉപയോഗിക്കാതെ നശിച്ചു പോകുന്നവയാണ്. നല്ലയിനം മരങ്ങളും ധാരാളമുണ്ട്. നമ്മുടെ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഈ മാതിരി മരങ്ങൾ ഉണ്ട്. ഇത്തരം മരങ്ങളെ കണ്ടെത്തി ഒരു വില നിശ്ചയിച്ച് നൽകുവാൻ ഒരു സമിതി ഏൽപ്പിച്ചാൽ ലക്ഷങ്ങൾ ലഭിക്കുവാൻ സാദ്ധ്യത ഉണ്ട്. പഞ്ചായത്തിലെ പാറക്കൾ ക്വാറിയാക്കി മാറ്റിയാൽ അതിൽനിന്നും ഒരു വരുമാനം ലഭിക്കും.

നികുതിയിനങ്ങൾ

1. കെട്ടിട നികുതി : കെട്ടിട നികുതി ഈടാക്കുന്ന വിധം തന്നെ ശാസ്ത്രീയമായി പരഷ്കരിക്കണം. കെട്ടിട നികുതയിൽ നിന്നും നമ്മുടെ പഞ്ചായത്തിലേക്ക് നല്ലൊരു സംഖ്യ വരുമാനം ഉള്ളതുകൊണ്ട്, ഈ നികുതി നിശ്ചയിക്കുന്ന രീതി മൂലമുള്ള ചോർച്ച തടയാനുള്ള പദ്ധതികൾ ആവിഷ്കരിക്കണം. വീട്, വച്ചിട്ടുള്ള സ്ഥലത്തിന്റെ അളവ് മാത്രമല്ല, കെട്ടിടം കെട്ടാൻ ഉപയോഗിച്ചിട്ടുള്ള വിലമതിപ്പുള്ള കെട്ടിട സാമഗ്രികളുടെ മതിപ്പുകൂടി കണക്കാക്കിയിട്ട് വേണം നികുതി നിശ്ചയിക്കാൻ. 1995-96 വർഷത്തിൽ കെട്ടിട നികുതയിനത്തിൽ നമ്മുടെ പഞ്ചായത്തിലേക്ക് ലഭിച്ച വരുമാനം 1,18,555 രൂപയാണ്. ഇത് മൊത്ത വരുമാനത്തിന്റെ 11% ആണ്. ഈ നികുതിലെ അപാകതയ്ക്ക് പരിഹാരം എന്ന നിലയ്ക്ക്, ഈ കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ പുതിതായി നിർമ്മിച്ച വീടുകളും കെട്ടിടങ്ങളും വീണ്ടും പരിശോധിക്കാൻ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കേണ്ടതാണ്. ഇപ്പോൾ അവർ നൽക്കുന്ന നികുതി ആനുപാതികമാണോ എന്ന് പരിശോധിച്ച ശേഷം കൂടുതൽ നികുതി ചുമത്താവുന്നതാണ്. തന്മൂലം 15- 20% വരെ കെട്ടിട നികുതിയിനത്തിൽ വർദ്ധന ഉണ്ടാവാൻ സാധ്യതയുണ്ട്.

വിനോദ നികുതി : മൊത്തം വരുമാനത്തിന്റെ 17.5% വരുമാനമാണ് ഈ ഇനത്തിൽ നിന്നു മാത്രം നമ്മുടെ പഞ്ചായത്തിലേക്ക് ലഭിക്കുന്നത്. കഴിഞ്ഞ 1995-96 സാമ്പത്തിക വർഷത്തിൽ 2,28,000 ആണ് നമുക്ക് വിനോദ നികുതിയിനത്തിൽ ലഭിച്ചത്.

നവംബർ 8 മുതൽ ടിക്കറ്റ് നിരക്ക് വർദ്ധിപ്പിച്ചതു മൂലം 96-97 വർഷത്തിലേക്ക് 24000 രൂപകൂടി കൂടുതൽ വരുമാനം ലഭിക്കും. പക്ഷേ സിനിമാ തിയറ്ററുകളിൽ ടിക്കറ്റു വിനിയോഗത്തിൽ നടക്കുന്ന പാകപ്പിഴകൾ മൂലം പഞ്ചായത്തിലേക്ക് ലഭിക്കുന്ന നികുതിയിനത്തിൽ നല്ലൊരു ശതമാനം ചോർച്ച സംഭവിക്കുന്നുണ്ട്. ഇത് ഏകദേശം 20 ശതമാനത്തോളം വരും എന്നാണ് പടന റിപ്പോർട്ട് തെളിയിക്കുന്നത്. ഇത് തടയാൻ ഇപ്പോൾ ഉള്ള സംവിധാനം ഒന്നുകൂടി കാര്യക്ഷമമാക്കണം. ടിക്കറ്റ് വിതരണ സമയത്ത് മിന്നൽ പരിശോധന നടത്തുക, പഞ്ചായത്തിന്റെ കണക്കിൽ പെട്ട ടിക്കറ്റ് തന്നെയാണോ വിനിയോഗിക്കുന്നത് എന്ന് പരിശോധിക്കുക തുടങ്ങിയവ ചോർച്ച തടയാൻ സഹായിക്കും. ഇത് വിനോദ നികകുതിയിനത്തിൽ വർദ്ധന ഉണ്ടാവാൻ സഹായിക്കും. ഇപ്പോൾ സിനിമാ തിയറ്ററുകളിൽ നിന്നും ഒരു ഷോയ്ക്ക് 2 രൂപ അമ്പതു പൈസ എന്ന നിരക്കിലാണ് പ്രദർശന നികുതി ഈടാക്കുന്നത്. ഇത് വർദ്ധിപ്പിക്കാവുന്നതാണ്.

തൊഴിൽ നികുതി :

തൊഴിൽ നികുതിയിനത്തിൽ കുറവാണ് നമ്മുടെ പഞ്ചായത്തിനെ മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് വരുമാനത്തിന്റെ കാര്യത്തിൽ പിന്നോട്ടു തള്ളുന്നത് . ഈ പഞ്ചായത്തിന്റെ പരിധിയിൽ ജോലി ചെയ്യുന്ന സർക്കാർ അർദ്ധ സർക്കാർ ബാങ്കുകൾ തുടങ്ങിയവയിൽ നിന്നും ലഭിക്കുന്ന തൊഴിൽ നികുതിയാണ് ഭൂരിഭാഗവും. ഈ ഇനത്തിൽ 1995-96 വർഷത്തിൽ നമുക്കു ലഭിച്ചത് 87,780 രൂപയാണ്. വ്യവസായ സ്ഥാപനങ്ങൾ ഇല്ലാത്തതാണ് തൊഴിൽ നികുതി ഇത്രയും കുറയാൻ കാരണം. വ്യവസായ സംരംഭങ്ങൾ കൂടുതൽ ഉണ്ടായാലെ ഇത് പരിഹരിക്കാൻ കഴിയൂ. ചെത്തു തൊഴിലാളികളുടെ ഉടമസ്ഥരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാവുന്നതാണ്. ഷോപ്പ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന്റെ പരിധിയിൽ വരുന്ന സ്ഥിരം തൊഴിലാളികളുടെ ഉടമസ്ഥരിൽനിന്നും തൊഴിൽ നികുതി ഈടാക്കാവുന്നതാണ്. നമ്മുടെ പഞ്ചായത്തിൽ മൊത്തം 14 കള്ളു കടകൾ ഉണ്ട്. ഇതിൽ നിന്ന് തൊഴിൽ നികുതി ഒന്നും തന്നെ ലഭിക്കുന്നില്ല. ഒരു നല്ല സംഖ്യ തൊഴിൽ നികുതിയായി ഇവരിൽ നിന്നും പിരിച്ചെടുക്കാം. ഇപ്പോൾ ട്യൂട്ടോറിയൽ കോളേജുകളിൽ നിന്നും തൊഴിൽ നികുതി പിരിക്കാൻ നിയമമുണ്ട്. നമ്മുടെ പഞ്ചായത്തിൽ ട്യൂട്ടോറിയൽ കോളേജുകളിൽ ജോലി ചെയ്യുന്നവരിൽ നിന്നും നികുതി പിരിക്കണം.

മനുഷ്യാദ്ധ്വാനം :

നല്ല അദ്ധ്വാന ശേഷിയുള്ള ജനങ്ങളുടെ പഞ്ചായത്താണ് നമ്മുടേത്. ഈ മണ്ണിനെ പൊന്നാക്കി മാറ്റുന്ന ജനതയുടെ അദ്ധ്വാന സമ്പത്ത് നമ്മുക്ക് ഒരു മുതൽ കൂട്ടാണ്. വികസന പ്രവർത്തനങ്ങളിൽ ഈ അദ്ധ്വാനം ഒരു വിഭവ സമാഹരണമായിതന്നെ കണക്കാക്കാം . ഇവരുടെ ശ്രമദാനം മൂലം കൂലിയിനത്തിൽ വൻ സംഖ്യ ലാഭിക്കാം. ഉദാഹരണത്തിന് നവംബർ ഒന്നിന്റെ പുനരർപ്പണ ദിനത്തിൽ 5ാം വാർഡിൽ സത്രം മുതൽ ചെറിയ കള്ളിയംപാറവരെ നടന്ന പുതിയ റോഡു നിർമ്മാണ പ്രവർത്തനം ഈ അദ്ധ്വാനം മൂലം 15000 രൂപ വരെ നമുക്ക് ലാഭിക്കാൻ സാധിച്ചു. ഇതു പോലെ വികസന പ്രവർത്തനങ്ങളിൽ താൽപര്യമുള്ള സ്വകാര്യ വ്യക്തികൾ , സന്നദ്ധ സംഘടനകൾ തുടങ്ങിയവരുടെ സംഭാവനകൾ കൊണ്ടും നമ്മുക്ക് വിഭവം സമാഹരിക്കാം .

വിഭവ സമാഹരണത്തിന് പുതിയ നിർദ്ദേശങ്ങൾ:

1.വ്യവസായ സ്ഥാപനങ്ങളുടെ കുറവാണ് നമ്മുടെ പഞ്ചായത്തിന്റെ വളർച്ചക്ക് വിലങ്ങു തടിയായി നിൽക്കുന്നത്. ഈ പഞ്ചായത്തിലെ ജന സമ്പത്ത് പ്രകൃതി സമ്പത്തും നമ്മുക്ക് മുതൽ കൂട്ടാണ്. പക്ഷേ ഇതിനെ വേണ്ട വിധത്തിൽ ഉപയോഗിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല.

കുറഞ്ഞ വിലയ്ക്ക് സ്ഥല ലഭ്യത , മറ്റു സ്ഥലങ്ങളെ അപേക്ഷിച്ച് കൂലി കുറവ്, ഗതാഗത സൗകര്യങ്ങൾ , വ്യവസായ മേഖല ആയ കഞ്ചിക്കോടും വ്യവസായ നഗരമായ കോയമ്പത്തൂരും തൊട്ടടുത്തു കിടക്കുന്ന പ്രദേശങ്ങൾ എന്ന നിലക്ക് ഇവിടെ വ്യവസായ സംരംഭങ്ങൾ ധാരാളം വരാൻ സാധ്യതയുള്ളതാണ്. വ്യവസായ നഗരമായ കോയമ്പത്തൂരിലേക്ക് ഇവിടെ നിന്ന് 25 കി.മീ ദൂരമേ ഉള്ളൂ. അതുകൊണ്ട് വ്യവസായങ്ങൾക്കു വേണ്ട അസംസ്കൃത വസ്തുക്കൾ വാങ്ങിക്കുവാനും വിപണനം നടത്തുവാനും ധാരാളം സൗകര്യങ്ങൾ ഉണ്ട്. കോയമ്പത്തൂരിലെ വ്യവസായികളെ സംമ്മേളിപ്പിച്ച് നമ്മുടെ സാധ്യതകളെ ബോധ്യപ്പെടുത്തുകയും

അവരെ ഇവിടെ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് പ്രേരിപ്പിക്കുകയും ചെയ്യാം ഇത് വ്യവസായ വളർച്ചക്കും തൊഴിൽ സാധ്യതക്കും വരുമാന മാർഗത്തിനും വൻ പ്രതീക്ഷകൾ നൽകും ഇതിന് പഞ്ചായത്ത് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ഇപ്പോൾ നമ്മുടെ പഞ്ചായത്തിന്റെ അതിർത്തിയിൽ തമിഴ്നാടിനോട് കൂടി കിടക്കുന്ന പ്രദേശത്ത് നടക്കുന്ന പച്ചക്കറി ചന്ത നമുക്ക് വൻ പ്രതീക്ഷ നൽകുന്ന ഒരു കാര്യമാണ്. ഇത് നമ്മുടെ പഞ്ചായത്തിലേക്ക് മാറ്റാൻ ശ്രമം നടത്തണം. പഞ്ചായത്തുതന്നെ സ്ഥലം നൽകി പച്ചക്കറി ചന്ത ഉടമകളെ വിളിച്ചു വരുത്തി ചർച്ച നടത്തി ഇങ്ങോട്ടു മാറ്റാൻ അവരെ പ്രേരിപ്പിക്കാവുന്നതാണ്. തന്മൂലം നമുക്ക് ചന്തയിൽ നിന്നുള്ള നികുതിയിനത്തിൽ നിന്നും നല്ലോരു വരുമാനം ലഭിക്കും .

3. ഈ പഞ്ചായത്തിലെ പ്രധാന കച്ചവട കേന്ദ്രമാണ് വേലന്താവളം. കേരളത്തിന്റെയും തമിഴ് നാടിന്റെയും അതിർത്തി പ്രദേശമായതു കൊണ്ട് ഇവിടേക്ക് ആയിരക്കണക്കിന് യാത്രക്കാർ ദിവസവും എത്താറുണ്ട്. 30ഓളം ബസ്സുകൾ വന്നുതിരിയുന്ന സ്ഥലമാണ് വേലന്താവളം. ഇപ്പോൾ ഇവിടെ ഈ ബസ്സുകൾക്ക് നിൽക്കാനോ യാത്രക്കാർക്ക് നിൽക്കാനോ ഒരു ബസ്സ് സ്റ്റാന്റ് ഇല്ല എന്നത് ഒരു വസ്തുതയാണ് ഇവിടെ ഒരു ബസ്സ് സ്റ്റാന്റ് നിർമ്മിക്കണമെന്ന് മുറവിളി തുടങ്ങിയിട്ട് കുറേ വർഷങ്ങളായി പഞ്ചായത്തിന് ഗ്രാമ വികസന ഏജൻസിയിൽ നിന്നും വായ്പയെടുത്ത് ബസ്സ് സ്റ്റാന്റും ഷോപ്പിംഗ് കോപ്ലക്സും നിർമ്മിച്ചാൽ ജനങ്ങൾക്ക് സൗകര്യവും പഞ്ചായത്തിന് വരുമാനവും ലഭിക്കും ഷോപ്പുകൾക്കുള്ള അഡ്വാൻസ് , വാടക, ബസ്സ് സ്റ്റാന്റ് ഫീ മുതലായ ഇനത്തിൽ ഈ പഞ്ചായത്തിന് വരുമാനം ലഭിക്കും.

4. പഞ്ചായത്തു വക ഒരു കല്യാണ മണ്ഡപം നിർമ്മിക്കാവുന്നതാണ്. നമ്മുടെ പഞ്ചായത്തിൽ ഒരു കല്യാണ മണ്ഡപം ഇല്ല. ഇപ്പോൾ സ്വകാര്യ വ്യക്തികളുടേയും മറ്റു പ്രദേശത്തുള്ള കല്യാണ മണ്ഡപങ്ങളേയുമാണ് ഇവിടത്തെ ജനത ആശ്രയിക്കുന്നത്. ഒരു കല്യാണ മണ്ഡപം പഞ്ചായത്ത് നിർമ്മിച്ചാൽ അത് സമ്മേളനം തുടങ്ങിയ ആവിശ്യങ്ങൾക്കും ഉപയോഗിക്കാം കൂടാതെ ഇതുമൂലം പഞ്ചായത്തിന് ഒരു വരുമാനവും ലഭിക്കും.

5. ഈ പഞ്ചായത്തിൽ നിന്ന് ഏകദേശം 12000 ലിറ്റർ കള്ള് ദിനംപ്രതി പുറമേയുള്ള പ്രദേശത്തേക്ക് പോകുന്നുണ്ട്. കള്ളു കച്ചവടക്കാർ വൻ ലാഭം കൊയ്യുമ്പോൾ ഇതിൽ നിന്നും പഞ്ചായത്തിലേക്ക് വരുമാനമൊന്നും ലഭിക്കുന്നില്ല. ഒരു ലിറ്ററിന് ഒരു നിശ്ചിത സംഖ്യ നികുതിയായി ഇവരിൽ നിന്നും ഈടാക്കാവുന്നതാണ്.

6. പഞ്ചായത്തു വക ഒരു ഭാഗ്യക്കുറി നടത്തി അതിൽ നിന്ന് ഒരു വരുമാനം ഉണ്ടാക്കാമെന്ന് ഗ്രാമ സഭ നിർദ്ദേശിച്ചിട്ടുണ്ട്.

7. പഞ്ചായത്തു വക ഒരു സിനിമാ തിയറ്റർ നിർമ്മിക്കണ മെന്ന്നിർദ്ദേശവും ഗ്രാമസഭയിൽ ഉയർന്നു വന്നിട്ടുണ്ട്.

8. ലൈസൻസ് ഫീ പരിഷ്കരിക്കുക.

9. ഉപയോഗിക്കുന്ന വൈദ്യുതിക്ക് (തെരുവു വിളക്കുകൾ) മാത്രം ചാർജ്ജ് നൽകാവാനുള്ള സംവിധാനം ഏർപ്പെടുത്തുക. കള്ളു ചെത്തിനുള്ള ലൈസൻസ് പഞ്ചായത്തിൽ നിന്നും അനുവദിക്കുക. അതുകൊണ്ട് ലൈസൻസ് ഫീ ഇനത്തിൽ ഒരു വരുമാനം ഉണ്ടാവും .

10. വേലന്താവളത്തുള്ള ആർ.ടി.ഒ. ചെക്ക് പോസ്റ്റ് , വിൽപ്പന നികുതി ചെക്ക് പോസ്റ്റ് , കന്നുകാലി ചെക്ക് പോസ്റ്റ് (Rinder Pest) എന്നിവിടങ്ങളിൽ നിന്ന് ലഭിക്കുന്ന വരുമാനത്തിന്റെ ഒരംശം പഞ്ചായത്തിന് നൽകുക.

11. പഞ്ചായത്തിൽ നിന്നും സർക്കാറിന് ലഭിക്കുന്ന വില്പന നികുതിയിനത്തിന്റെ ഒരു വിഹിതം പഞ്ചായത്തിനു നൽകുക.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുകയാണെങ്കിൽ പഞ്ചായത്തിന്റെ വരുമാനം വർദ്ധിക്കുകയും വികസന പ്രവർത്തനങ്ങൾ മെച്ചപ്പെട്ട രീതിയിൽ നടപ്പാക്കുവാനും അതു വഴി പഞ്ചായത്തിന്റെ നീറുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാനും കഴിയും.

5.12 സഹകരണം

"EACH FOR ALL AND ALL FOR EACH".

'ഓരോരുത്തരും എല്ലാവർക്കും വേണ്ടി എല്ലാവരും ഓരോർത്തർക്കും വേണ്ടി' എന്ന തത്വം അടിസ്ഥാനമാക്കിയാണ് സഹകരണ സംഘങ്ങൾ രൂപം കൊണ്ടത്. ഇന്ത്യയിൽ 1904-ൽ ആണ് നിയമ പ്രകാരം സഹകരണ സംഘങ്ങൾ രൂപീകൃതമായത്. കർഷകർക്ക് കുറഞ്ഞ പലിശക്ക് വായ്പ ലഭ്യമാകുകയാണ് ഈ സംഘങ്ങളുടെ ഉദ്ദ്യേശം. ഗ്രാമങ്ങളിൽ പ്രാഥമിക സഹകരണ സംഘങ്ങൾ എന്ന പേരിലും നഗരങ്ങളിൽ അർബൻ സഹകരണ സംഘങ്ങൾ എന്ന പേരിലും ഇവ പ്രവർത്തിച്ചു വരുന്നു.

സഹകരണം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് മുതലാളിത്ത - സോഷ്യലിസ തത്വങ്ങളിൽ നിന്നും സ്വീകരിച്ച നല്ല വശങ്ങൾ ഉൾക്കൊണ്ടുള്ള ഒരു സന്തുലിത സാമ്പത്തിക നയമാണ്. സഹകരണ സംഘങ്ങളിൽ സംസ്ഥാന ഗവൺമെന്റ് പങ്കാളികളായതും നിയന്ത്രണത്തിലായതും 1954 ൽ നിലവിൽ വന്ന All India rural credit survey committe യുടെ ശുപാർശ പ്രകാരമാണ്. ഒന്നാം പഞ്ച വത്സര പദ്ധതി മുതൽ സഹകരണ സംഘങ്ങൾക്ക് പ്രാധാന്യം കൊടുത്തുവരുന്നുണ്ട്

കാർഷിക മേഖല, വ്യവസായ മേഖല, വിദ്യാഭ്യാസ മേഖല , ആരോഗ്യ മേഖലകളിൽ ഇന്ന് സഹകരണസംഘങ്ങൾ പടർന്നു കിടക്കുന്നു. സഹകരണ സംഘങ്ങളെ രണ്ടായി തരം തിരിക്കാം. വായ്പാ സംഘങ്ങളും വായ്പേതര സംഘങ്ങളും (Credit and non credit).

<u>നമ്മുടെ ഗ്രാമ പഞ്ചായത്തിലെ സഹകരണ സംഘങ്ങളുടെ വിവരങ്ങൾ :</u>

<u>വായ്പാ സംഘങ്ങൾ</u>

1.കോഴിപ്പാറ സർവീസ് സഹകരണ ബാങ്ക്
2. വേലന്താവളം സർവീസ് സഹകരണ ബാങ്ക്

<u>വായ്പേതര സംഘങ്ങൾ :</u>

1.ശർക്കര ഉത്പാദന സഹകരണ സംഘം - കള്ളിയമ്പാറ
2.ഒഴലപ്പതി ക്ഷീരോൽപ്പാദന സഹകരണ സംഘം - ഒഴലപ്പതി .
3.പരിശക്കൽ ക്ഷീരോൽപ്പാദന സഹകരണ സംഘം - പരിശക്കൽ
4. കോഴിപ്പാറ ക്ഷീരോൽപ്പാദന സഹകരണ സംഘം - കോഴിപ്പാറ
5.ശാന്തലിംഗനഗർ ക്ഷീരോൽപ്പാദന സഹകരണ സംഘം - ശാന്തലിംഗനഗർ, ഒഴലപ്പതി
6.ചിറ്റൂർ ഷുഗേഴ്സ് കോപ്പറേറ്റീവ് എംപ്ലോയീസ് കൺസ്യൂമർ സ്റ്റോർ - മേനോൻപാറ
7.ഗവഃ ഹൈസ്കൂൾ കോഴിപ്പാറ സ്റ്റുഡൻസ് കോപ്പറേറ്റീവ് സ്റ്റോർ - കോഴിപ്പാറ
8.കോഴിഞ്ഞാമ്പാറ പട്ടുനൂൽ ഉത്പാദന വ്യവസായിക സഹകരണ സംഘം - കള്ളിയമ്പാറ

<u>നമ്മുടെ പഞ്ചായത്തിന്റെ പ്രവർത്തന പരിധിയാക്കികൊണ്ടുള്ള മറ്റു സഹകരണസംഘങ്ങൾ :</u>

1.ചിറ്റൂർ താലൂക്ക് പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക് - ചിറ്റൂർ.
2.ചിറ്റൂർ താലൂക്ക് കാർഷിക വിപണന സഹകരണ സംഘം - കൊഴിഞ്ഞാമ്പാറ .

3.ചിറ്റൂർ താലൂക്ക് ഭവന നിർമ്മാണ സഹകരണ സംഘം - തത്തമംഗലം.
4.ചിറ്റൂർ കോപ്പറേറ്റീവ് ഷുഗേഴ്സ് - മേനോൻപാറ.

വായ്പാ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ ഇന്ത്യയിൽ മുൻപന്തിയിൽ നിൽക്കുന്നത് കേരളമാണ്. നമ്മുടെ ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന രണ്ട് വായ്പ സഹകരണ സംഘങ്ങളുടെവിവരങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്. ഈ രണ്ടു സംഘങ്ങളുടേയും ഉദ്ദേശ്യ ലക്ഷ്യങ്ങൾ താഴെ പറയുന്നു.

1. അംഗങ്ങളിൽ നിന്നും മറ്റുള്ളവരിൽ നിന്നും നിക്ഷേപങ്ങളും മറ്റ് സാമ്പാത്തിക വിഭവങ്ങളും സ്വരൂപിച്ചു കൊണ്ട് അംഗങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ ഹൃസ്വകാല - മദ്ധ്യകാല വായപകൾ കൊടുക്കുന്നത്.

2. കർഷകർക്കാവശ്യമായ വിത്ത്, വളം, കീടനാശിനി, മറ്റ് കാർഷികോപകരണങ്ങൾ എന്നിവ കുറഞ്ഞ വിലയ്ക്ക് വിൽക്കുന്നത്.

3. കൃഷിക്കാവശ്യമായ പദ്ധതികൾ തയ്യാറാക്കുന്നതും ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി സാങ്കേതിക വിജ്ഞാനം പകർന്നു കൊടുക്കുന്നത്.

4. സംഘത്തിന്റെ പ്രവർത്തന പരിധിയിലുള്ള ജനങ്ങളുടെ വ്യാവസായിക - സാമ്പത്തിക വളർച്ച മെച്ചപ്പെടുത്തുന്നത്.

5. ജനങ്ങളിൽ സഹകരണ ബോധം , സഹകരണത്തെക്കുറിച്ചുള്ള അറിവ് , അതിന്റെ മേന്മകൾ എന്നിവയെ ക്കുറിച്ചും ബോധവൽക്കരണം നടത്തുന്നത്.

1.കോഴിപ്പാറ സർവീസ് സഹകരണ ബാങ്ക് : ന: 696,കോഴിപ്പാറ.

ഈ ബാങ്ക് 1947 ൽ വിവിധ ഉദ്ദേശ പരസ്പര സഹായ സഹകരണ സംഘം എന്ന പേരിലാണ് തുടങ്ങിയത് 19-11-61 മുതൽ കോഴിപ്പാറ സർവീസ് സഹകരണ ബാങ്ക് എന്ന പേർ മാറ്റി പ്രവർത്തിച്ചു വരുന്നു. ഇതിന്റെ പുതിയ കെട്ടിടം ഐ.പി.ഡി.പിയുടെ ധന സഹായത്തോടെ നിർമ്മിച്ച്, ഇപ്പോൾ കോഴിപ്പാറയിൽ പ്രവർത്തിച്ചു വരുന്നു. ഇതിന്റെ പ്രവർത്തന പരിധി വടകരപ്പതി , എരവട്ടപാറപ്പതി എന്നീ രണ്ടു റവന്യൂ വിലേജുകളാണ്.

കഴിഞ്ഞ കാലങ്ങളിലുണ്ടായ തുടർച്ചയായ വളർച്ചയുടെ ഫലമായിട്ടും പ്രവർത്തന ക്ഷമതാ കുറവു കൊണ്ടും ബാങ്കിന്റെ വികസനം തടസ്സപ്പെട്ടിരുന്നു. ഇപ്പോൾ കാർഷിക മേഖലയിലുണ്ടായ അഭിവൃദ്ധി മൂലവും നടപ്പിലാക്കിയ ഭരണ പരിഷ്കരണങ്ങളുടെ ഫലമായും ബാങ്കിന്റെ പ്രവർത്തനം മെച്ചപ്പെട്ടു വരുന്നു.ഈ ബാങ്കിൽ നിന്നും കർഷകർക്ക് കാർഷിക ആവശ്യങ്ങൾക്ക് ഹ്രസ്വ കാല- മദ്ധ്യ കാല വായ്പകൾ നൽകി വരുന്നു. ഇതു കൂടാതെ കാർഷികേതര ആവിശ്യങ്ങൾക്ക് സ്വർണ്ണ പണ്ടത്തിൽ മേൽ വായ്പയും ഗവർമെന്റ് നടപ്പിൽ വരുത്തുന്ന ഐ.ആർ.ഡി.പി .പോലുള്ള വായ്പകളും കൊടുത്തു വരുന്നുണ്ട്. മാത്രമല്ല , സിമന്റ് , കീടനാശിനി , രാസവളം എന്നിവയും ന്യായമായ വിലയ്ക്ക് ജനങ്ങൾക്ക് കൊടുക്കുന്നുണ്ട്. ബാങ്കിന്റെ സാമ്പത്തിക വിവരങ്ങളെ കുറിച്ച പട്ടിക-1ൽ കൊടുത്തിട്ടുണ്ട്.

2.വേലന്താവളം സർവീസ് കോപ്പറേറ്റീവ് ബാങ്ക് ന: പി.504 ഒഴലപ്പതി.

ഈ ബാങ്ക് 4-3-1962 ൽ വേലന്താവളത്തുള്ള ഒരു വാടക കെട്ടിടത്തിലാണ് ആദ്യമായി പ്രവർത്തനം ആരംഭിച്ചത്. പിന്നീട്, 1968 മുതൽ ഒഴലപ്പതി ആശുപത്രിക്ക് സമീപം ശ്രീ ശാന്തലിംഗ കൗണ്ടർ അവർകൾ സൗജന്യമായി നൽകിയ സ്ഥലത്ത് പുതിയ കെട്ടിടം കെട്ടി പ്രവർത്തിച്ചു വരുന്നു. ബാങ്കിന്റെ ഒരു വില്പന കേന്ദ്രം 1989 ൽ വേലന്താവളത്ത് തുടങ്ങി. അത് 1995 മുതൽ ഐ.സി.ഡി.പി . ജന സഹായത്തോടെ നിർമ്മിച്ച പുതിയ കെട്ടിടത്തിൽ ഇപ്പോൾ പ്രവർത്തിച്ചു വരുന്നു. നമ്മുടെ ഗ്രാമ പഞ്ചായത്തിലെ ഒഴലപ്പതി ,ആട്ടയാംപതി, തേനാമ്പതി , എന്നീ മൂന്നു റവന്യൂ വില്ലേജുകളാണ് ഇതിന്റെ പ്രവർത്തന പരിധി.

1990 വരെയുള്ള കാലങ്ങളിൽ ഉണ്ടായ തുടർച്ചയായ വരൾച്ച കൊണ്ടും പ്രവർത്തനക്ഷമതാ കുറവു കൊണ്ടും ബാങ്കിന്റെ വികസനം തടസ്സപ്പെട്ടു. അതിനുശേഷം ഉണ്ടായ കാർഷിക അഭിവൃദ്ധിയും നടപ്പിലാക്കിയ ഭരണ പരിഷ്കാരങ്ങളും ബാങ്കിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ സാധിച്ചു. ഇപ്പോൾ നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നുണ്ട്.

ഈ ബാങ്കിൽ നിന്നും കർഷകർക്ക് ഹ്രസ്വ കാല വിള വായ്പയും കിണർ കുഴിക്കുന്നതിനും, കുഴൽ കിണർ നിർമ്മാണത്തിനും മോട്ടോർ പമ്പു സെറ്റ് വാങ്ങുന്നതിനും കറവ പ്പശുക്കളെ വാങ്ങുന്നതിനും ബയോഗ്യാസ് പ്ലാൻഡ്

നിർമ്മിക്കുന്നതിനു വേണ്ടിയുള്ള മദ്ധ്യകാല വായ്പയും കാർഷികേതര വായ്പകളായി സ്വർണ്ണപണ്ട പണയ വായ്പയും ഗവർമെന്റ് നടപ്പിലാക്കുന്ന ഐ.ആർ.ഡി.പ്പി പോലുള്ള വായ്പകളും നൽകി വരുന്നു. കൂടാതെ ബാങ്കിന്റെ ഒഴലപ്പതി , വേലന്താവളം എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന രണ്ടു വില്പന കേന്ദ്രങ്ങൾ വഴി കൃഷിക്കാവിശ്യമായ വിത്ത്, കീടനാശിനി വളം എന്നിവയും സിമന്റും വിൽക്കുന്നുണ്ട്. അങ്ങനെ സ്വകാര്യമേഖലയിലുണ്ടാവുന്ന വിലക്കയറ്റം ഒരു പരിധിവരെ നിയന്ത്രിക്കുന്നതിന് സാധിക്കുന്നു. ബാങ്കിന്റെ സാമ്പത്തിക വിവരങ്ങളെക്കുറിച്ച് പട്ടിക -1 ൽ കൊടുത്തിട്ടുണ്ട്.

വായ്പേതര സംഘങ്ങൾ :

1. കള്ളിയമ്പാറയിലെ ശർക്കര ഉല്പാദന സംഘം , ഒഴലപ്പതിയിലെ ക്ഷീരോൽപ്പാദന സഹകരണ സംഘം , കള്ളിയാമ്പാറയിലെ കൊഴിഞ്ഞാമ്പാറ പട്ടുനൂൽ ഉല്പാദന വ്യവസായിക സഹകരണ സംഘം എന്നിവ പ്രവർത്തന രഹിതമാണ്.

2. ക്ഷീരോൽപ്പാദന സഹകരണ സംഘങ്ങൾ :

നമ്മുടെ ഗ്രാമ പഞ്ചായത്തിൽ മൂന്ന് ആനന്ദ് മാതൃകയിലുള്ള ക്ഷീരോൽപ്പാദന സഹകരണ സംഘങ്ങൾ നല്ലനിലയിൽ പ്രവർത്തിച്ചു വരുന്നു. ഇതിന്റെ വിവരങ്ങൾ പട്ടിക രണ്ടിൽ കൊടുത്തിട്ടുണ്ട് ഇവയുടെ ഉദ്ദേശം ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കുക , ക്ഷീരോൽപ്പാദനത്തെ കുറിച്ച് ശാസ്ത്രാവബോധം വളർത്തുക, കാലിത്തീറ്റന്യായമായ വിലക്ക് വിതരണം നടത്തുക, ഉല്പാദകർക്ക് നല്ല വില കൊടുക്കുക, ഉല്പാദകർക്കും ഉപഭോക്താക്കൾക്കും ഇടയിലുള്ള ഇടത്തട്ടുകാരെ ഒഴിവാക്കുക, പാലിന്റെ ഉപോൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുക എന്നിവയാണ്. കോഴിപ്പാറ ക്ഷീരോത്പാദന സഹകരണ സംഘം സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നതോടൊപ്പം ഉപോൽപ്പന്നമായ 'പാൽഗോവ ' ഉല്പാദിപ്പിച്ച് വിതരണം നടത്തിവരുന്നു.

3.എംപ്ലോയീസ് കോപ്പറേറ്റീവ് സൊസൈറ്റി :

മേനോൻ പാറയിലെ ചിറ്റൂർ ഷുഗേഴ്സ് കോപ്പറേറ്റീവ് എംപ്ലോയീസ് കൺസ്യൂമർ സ്റ്റോർ ഷുഗർ ഫാക്ടറിയുടെ വക കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു. ഇതിലെ അംഗങ്ങൾ ഷുഗർ ഫാക്ടറിയിലെ ജീവനക്കാർ മാത്രമാണ്. സംഘത്തിലെ അംഗങ്ങൾക്ക് നിത്യോപയോഗ സാധനങ്ങൾ , തുണി , മരുന്ന് എന്നിവ വായ്പാടി സ്ഥാനത്തിലും മറ്റുള്ളവർക്ക് ന്യായമായ വിലക്കും വിൽക്കുന്നു. അംഗങ്ങൾക്കായി ഒരു ഗോൾഡ് സ്കീംഉം വീട്ടുപകരണങ്ങൾ വാങ്ങിക്കുന്നതിന് ഒരു ഹയർ പർച്ചേസ് സ്കീം ഉം നടപ്പിലാക്കി വരുന്നു. ഒരു ഇംഗ്ലീഷ് മരുന്നു ഷോപ്പും നടത്തി വരുന്നുണ്ട്.

4.സ്റ്റുഡന്റ്സ് കോർപ്പറേറ്റീവ് സ്റ്റോർ :

ഗവഃ ഹൈസ്കൂൾ കോഴിപ്പാറയിൽ സ്റ്റുഡൻസ് കോ-ഓപ്പറേറ്റീവ് സ്റ്റോർ പ്രവർത്തിച്ചു വരുന്നു. കുട്ടികൾക്ക് ആവിശ്യമായ പാഠ പുസ്തകങ്ങൾ, നോട്ടു ബുക്കുകൾ മറ്റു പഠനോപകരണങ്ങളും , സ്പോർട്ട് സാധനങ്ങളും ലാഭമില്ലാതെ വിതരണം ചെയ്യുന്നു.

ഗ്രാമപഞ്ചായത്ത് പ്രവർത്തന പരിധിയായ മറ്റു സഹകരണസംഘങ്ങൾ:-

1. ചിറ്റൂർ താലൂക്ക് സഹകരണ കാർഷിക ഗ്രാമീണ വികസന ബാങ്ക്

ചിറ്റൂർ കേന്ദ്രമായി സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. ഇതിന്റെ പ്രവർത്തന പരിധിയിൽ നമ്മുടെ ഗ്രാമ പഞ്ചായത്തുൾപ്പെടുന്ന ചിറ്റൂർ താലൂക്ക് മുഴുവൻ ഉൾപ്പെടുന്നു. കൃഷിക്കും , കാർഷികവൃത്തിക്കും, ഗ്രാമങ്ങൾകാവശ്യമായ പച്ചക്കറി നിർമ്മിക്കുന്നതിനും, കർഷകർക്കുള്ള വീടു നിർമ്മാണത്തിനും ആവശ്യമായ ദീഘകാല വായ്പ നൽകി വരുന്നു.

2. ചിറ്റൂർ താലൂക്ക് കാർഷികോൽപ്പന്ന വിപണന സഹകരണ സംഘം:-

കൊഴിഞ്ഞാമ്പാറ കേന്ദ്രമായി സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. പഞ്ചായത്തുൽപ്പെടുന്ന ചിറ്റൂർ താലൂക്ക് മുഴുവനുമാണിതിന്റെ പ്രവർത്തന പരിധി. ഇതിന്റെ പ്രധാന ലക്ഷ്യം കാർഷികോൽപാന്നങ്ങളെ സംഭരണം നടത്തി, അർഹതപ്പെട്ട വില കൃഷിക്കാർക്ക് നേടി കൊടുക്കലും, നല്ലയിനം വിത്തുകൾ, വളങ്ങൾ, എന്നിവ ലഭ്യമാക്കലുമാകുന്നു. ഇപ്പോൾ റേഷൻ സാധനങ്ങൾ ശേഖരിക്കപ്പെടുന്ന ഒരിടമായി വർത്തിക്കുന്നു, കൂടാതെ വളങ്ങൾ വിതരണം ചെയ്യുന്നു.

3. ചിറ്റൂർ താലൂക്ക് ഭവന നിർമ്മാണ സംഘം:-

തത്തമംഗലം സർവ്വീസ് കോപ്പറേറ്റീവ് ബാങ്കിന്റെ കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. പഞ്ചായത്തുൾപ്പെടുന്ന ചിറ്റൂർ ബ്രോക്ക് മുഴുവനും ഇതിന്റെ പ്രവർത്തന പരിധിയിപ്പെടുന്നു.

4. കോ-ഓപ്പറേറ്റീവ് ഷുഗേഴ്സ് ചിറ്റൂർ

ഈ സ്ഥാപനത്തിന്റെ ഫാക്ടറിയും ഓഫീസും മേനോൻപാറയിൽ സ്ഥിതി ചെയ്യുന്നു. ഈ പ്രദേശത്തിലെ ജനങ്ങൾക്ക് തൊഴിൽ നൽകുന്നതിനും കരിമ്പുൽപാദനം വർദ്ധിപ്പിക്കുകയും,

പട്ടിക - 1 30-06-96 ലെ കണക്കുകൾ ലക്ഷം രൂപത്തിൽ

ബാങ്കിന്റെ പേര്	അംഗങ്ങളുടെ എണ്ണം	അംഗീകരിക്കപ്പെട്ട മൂലധനം	പിരിഞ്ഞുകിട്ടിയ മൂലധനം	ഇതിൽ സർക്കാർ മൂലധനം	നിക്ഷേപങ്ങൾ	പ്രവർത്തന മൂലധനം	പ്രവർത്തന വിസ്തീർണ്ണം (എച്ച്.എ.)	പരിധിയുടെ ജനസംഖ്യ	വിതരണം ഹ്രസ്വകാലം	വിതരണം മദ്ധ്യകാലം	ചെയ്ത കാർഷികേതരം	വായ്പകൾ ഐ.ആർ.ഡി.പി.	ആകെ
കോഴിപ്പാറ സർവ്വീസ് സഹകരണ ബാങ്ക്	3100.00	12.50	8.63	1.27	19.29	145.90	2626.00	15062.00	35.98	1.66	72.66	0.44	110.74
വേലന്തവളം സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്	1495.00	7.00	10.00	2.76	77.35	204.00	2325.00	8572.00	67.37	25.12	77.98	0.40	170.87

പട്ടിക - 2

ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ	പ്രവർത്തന പരിധി വാർഡുകൾ	പ്രവർത്തനം ആരംഭിച്ച വർഷം	അംഗ സംഖ്യ	അംഗീകരിക്കപ്പെട്ട മൂലധനം	പിരിഞ്ഞുകിട്ടിയ മൂലധനം	ഒരു ദിവസത്തെ പാൽ സംഭരണം (ലി.)	സംഘത്തിൽ വിൽക്കുന്നത് (ലി.)	പുറത്തയ്ക്കുന്നത് (മിൽമ)
പരിശക്കൽ	III,IV, V	1991	375	10000	3750	1000	40	960
കോഴിപ്പാറ	I,II,X	1992	237	10000	2900	991	35	956
ശാന്തലിംഗ നഗർ	VIII	1995	25	10000	2400	1500	10	1490

കൃഷിക്കാർക്ക് നല്ല വില നൽകുകയുമാണിതിന്റെ ലക്ഷ്യം. വർഷത്തിൽ മൂന്നോനാലോ മാസം മാത്രം പ്രവർത്തിക്കുന്നതിനുള്ള കരിമ്പേ ലഭിക്കാറുള്ളൂ.

സഹകരണപ്രസ്ഥാനം, സഹകരണ സംഘങ്ങളുടെ പ്രവർത്തനം എന്നിവ ഈ പ്രദേശത്തിൽ കാര്യക്ഷമമല്ല.

തടസ്സങ്ങളും പരിഹാരങ്ങളും

1. സംഘഭരണസമിതികളുടെ കാര്യക്ഷമതക്കുറവ്.

തെരെഞ്ഞെടുക്കപ്പെട്ട ഡയറക്ടർ ബോർഡിന്റെ കീഴിലാണ് ഈ സംഘങ്ങളുടെ പ്രവർത്തനം വരുന്നത്. സംഘങ്ങളുടെ ശരിയായ പ്രവർത്തനത്തെപ്പറ്റി ഡയറക്ടർ ബോർഡംഗങ്ങൾക്കുള്ള ധാരണക്കുറവ്. ഇതിനു പരിഹാരമായി കാലകാലങ്ങളിൽ വരുന്ന മാറ്റങ്ങൾക്കും വളർച്ചക്കും ആവശ്യമായ പരിശീലനം നൽകുക.

2. ജനാധിപത്യത്തിന്റെ കുറവും സംഘ പ്രവർത്തനങ്ങളിൽ രാഷ്ട്രീയത്തിന്റെ അതിപ്രസരവും.

സഹകരണസംഘ നിയമ പ്രകാരം തെരെഞ്ഞെടുപ്പ് രാഷ്ട്രീയാടിസ്ഥാനത്തിൽ ആകരുതെന്നതാണ്. എന്നാൽ തെരഞ്ഞെടുപ്പുകൾ ഇപ്പോൾ രാഷ്ട്രീയടിസ്ഥാനത്തിലേ നടക്കാറുള്ളൂ. ജനാധിപത്യ വിരുദ്ധ സമ്മർദ്ദങ്ങളിൽ നിന്നും സ്ഥാഫിനെ ഒഴിവാക്കുക ഇതിനായി കേന്ദ്ര ഗവൺമേന്റോ ആന്ധ്ര ഗവൺമെന്റോ നടപ്പിലാക്കിയിരിക്കുന്ന സഹകരണ നിയമം പരീക്ഷിക്കാവുന്നതാണ്.

3. തൊഴിലാളികളുടെ പങ്ക്

സംഘങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് തൊഴിലാളികളുടെ പങ്ക് വളരെ വലുതാണ്. ഭരണ സമിതിയും സ്റ്റാഫഗംങ്ങളും തമ്മിലുള്ള ശരിയായ ബന്ധം ഊട്ടി ഉറപ്പിക്കുവാൻ തൊഴിലാളികൾ ശ്രമിക്കേണ്ടതാണ്.ആത്മാർത്ഥമായ സേവനം തൊഴിലാളികൾ ഉറപ്പാക്കേണ്ടതാണ്.

4. അഴിമതിയും സ്വജന പക്ഷപാതവും

ഇടക്കിടക്കുണ്ടാകുന്ന അഴിമതിയും ചില വ്യക്തികളോടുകൂടിയ താൽപര്യവും സംഘത്തിന്റെ സൽപേരിനു കളങ്കം ചാർത്തുന്നു. സമയാസമയങ്ങളിലുള്ള ഓഡിറ്റും കർശനമായ ശിക്ഷയും മൂലം അഴിമതി ഒഴിവാക്കാവുന്നതാണ്.

5. സംഘത്തിന്റെ ലക്ഷ്യങ്ങൾക്കു വിരുദ്ധമായ പ്രവർത്തനത്തെതടയേണ്ടതാണ്.

6. വരുമാനത്തിനുസരിച്ചുള്ള പ്രവർത്തനം നടത്തുക. ഭരണ ചെലവു പരമാവധി കുറക്കുക.

7. സംഘത്തിന്റെ പ്രവർത്തനങ്ങൾ പുതിയ മേഖലകളിലേക്കു വ്യപിപ്പിക്കുകയും അതിന്റെ സാദ്ധ്യതകൾ പരിശോധിക്കുകയും, ഇതിനു വേണ്ട പരിശീലനം സ്റ്റാഫിനും ഭരണ സമിതിയംഗങ്ങൾക്കും നൽകേണ്ടതുമാണ്.

8. ഉൽപാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനു സഹകരണ സംഘങ്ങളിൽ നിന്നും ഇപ്പോൾ കൊടുക്കുന്ന വായപകളുടെ പരിധി ആവശ്യങ്ങൾക്കനുസരിച്ച് ഉയർത്തുക.

9. ആവശ്യമനുസരിച്ച് യഥാസമയം വായ്പകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

10. അർഹതപ്പെട്ടവർക്ക് മുഴുവനും ആവശ്യമായ വായ്പാ സൗകര്യം ഏർപ്പെടുത്തുക.

11. വായ്പ ലഭിക്കുന്നതിനുള്ള നടപടികൾ ലഘൂകരിക്കുകയും, സ്വന്തം ജാമ്യത്തിൽ ലഭ്യമാക്കുക
.

12. ഗ്രാമീണാവശ്യങ്ങൾക്കുള്ള വായ്പ മുഴുവനും ഗ്രാമതലത്തിലുള്ള ബാങ്കുകളിൽ നിന്നും ലഭ്യമാക്കുക.

13. എല്ലാ കർഷർഷർക്കും, തൊഴിലാളിക്കൾക്കും, മറ്റു സംഘങ്ങളിൽ അർഹരായവർക്കും അംഗത്വം ലഭ്യമാക്കുക.

14. അതാതു സഹകരണ ബാങ്കുകളിൽ തന്നെ ആധാരം രജിസ്റ്റർ ചെയ്ത് വായ്പ അനുവദിക്കുക.

15. കാർഷികാവശ്യങ്ങൾക്കുള്ള വിത്ത്, വളം, എന്നിവ യഥാസമയം ലഭ്യമാക്കുക.

16. കാർഷികോൽപാദനം മെച്ചപ്പെടുത്തുവാൻനവീന കാർഷിക രീതികൾ, യന്ത്ര സാമഗ്രികൾ ആവശ്യമായ പദ്ധതികൾ എന്നിവ ഉറപ്പു വരുത്തുക.

17. കാർഷികേതര ആവശ്യങ്ങൾക്കും വായ്പ അനുവദിക്കേണ്ടതാണ്.

18. വായ്പകൾ യഥാസമയം തിരിച്ച് അടക്കുവാനും പണം ഇവിടെത്തന്നെ നിക്ഷേപിക്കുവാനും ബോധവൽക്കരണം നടത്തേണ്ടതാണ്

19. ഒഴലപ്പതി കേന്ദ്രമായി പ്രവർത്തിക്കുന്ന സഹകരണ ബാങ്കിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ വേലന്താവളത്തിൽ ഒരു ശാഖ തുടങ്ങണം

20. ഐ.ആർ.ഡി.പി. സ്കീമിൽ കൂടുതൽ തുക അനുവദിക്കുക.

21. ക്ഷീര സംഘങ്ങൾ വഴി കാലിത്തീറ്റ, പുൽവിത്ത് എന്നിവ നൽകുക.

22. കാലിത്തീറ്റ നിൽമ്മാണ കേന്ദ്രം, ചില്ലിങ് പ്ലാന്റ്, ആയുർവേദ ഔഷധ നിർമ്മാണം, കീടനാശിനി നിർമ്മാണം, ഭക്ഷ്യ സംസ്ക്കരണം എന്നിവ തുടങ്ങുക.

23. ഷുഗർ ഫാക്ടറിയിൽ കരിമ്പ് കർഷകരുടെ പ്രതിനിധി ഉണ്ടാകേണ്ടതാണ്.

24. പച്ചക്കറി ഉൽപാദനകരുടെ സഹകരണ സംഘം തുടങ്ങുക

25. പട്ടിക ജാതി - പട്ടിക വർഗ്ഗ സഹകരണ സംഘം തുടങ്ങുക.

26. കയർ ഫാക്ടറി, വെളിച്ചെണ്ണ മിൽ തുടങ്ങുക.

27. തൊഴിലാളികളുടെ സഹകരണ സംഘം തുടങ്ങുക.

28. സഹകരണ സംഘങ്ങളെക്കുറിച്ചുള്ള പഠനവും പരിശീലിനവും തമിഴിലും നടത്തുക.

29. എല്ലാ വാർഡുകളിലും ആനന്ദ് മാതൃക ക്ഷീര സംഘവും ഭവന നിർമ്മാണ സംഘം പഞ്ചായത്തു തലത്തിലും തുടങ്ങുക.

30. പുഷ്പ കൃഷി, ഔഷധ സസ്യങ്ങൾ, കൂൺ കൃഷി, മത്സ്യ കൃഷി തുടങ്ങിയവ സഹകരണാടിസ്ഥാനത്തിൽ തുടങ്ങുക.

സമഗ്രമായ കാർഷിക വ്യവസായിക മേഖലകളുടെ വളർച്ച സഹകരണ പ്രസ്ഥാനത്തിലൂടെ മാത്രമെ നമ്മുടെ പഞ്ചായത്തിന്റെ പുരോഗതി സാധ്യമാകൂ.

6 ഉപസംഹാരം

പരിമിതമായ സാധ്യതകൾക്കുള്ളിൽ നിന്നു കൊണ്ടാണെങ്കിൽ പോലും പഞ്ചായത്തിന്റെ വിവിധ മേഖലകളിലെ പ്രശ്നങ്ങളെ പഠിക്കാനും വിലയിരുത്താനും അതിന്റെ അടിസ്ഥാനത്തിൽ മെച്ചപ്പെട്ട വികസന പ്രവർത്തനത്തിനുതകുന്ന നിർദ്ദേശങ്ങൾ വെക്കാനും ഈ റിപ്പോർട്ടിൽ ശ്രമിച്ചിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിന്റെ സമഗ്ര വികസനത്തിന് അത്യന്താപേക്ഷിതമായ വിഭവങ്ങളെക്കുറിച്ചറിയാൻ ഫലപ്രദമായ പഠനപര്യടനങ്ങൾ നടത്തിയെങ്കിലും സമയ പരിമിതിമൂലം വിഭവരൂപപടം തയ്യാറാക്കാൻ കഴിഞ്ഞില്ല. ഗ്രാമസഭ റിപ്പോർട്ടുകളിൽ നിന്നും ദ്വിതീയ വിവരശേഖരണത്തിൽ നിന്നും നിർദ്ദേശങ്ങളും സ്ഥിതിവിവര കണക്കുകളും ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും റിപ്പോർട്ട് പൂർണ്ണമാണെന്ന് അവകാശപ്പെടുന്നില്ല.

ജനകീയാസൂത്രണ പദ്ധതിയിലൂടെ കേരളത്തിന്റെ വികസന ചരിത്രത്തിൽ ഐശ്വര്യപൂർണ്ണമായ ഒരു അദ്ധ്യായം എഴുതി ചേർക്കാൻ നമുക്കും പങ്കു ചേരാം.
നാടിന്റെ വിഭവസമ്പത്തും മനുഷ്യ സമ്പത്തും സംയോജിപ്പിച്ച് ഒരു പുതുയുഗപിറവിക്ക് തുടക്കം കുറിക്കാനുതകുന്ന ചർച്ചകളും നിർദ്ദേശങ്ങളും കൊണ്ട് പൂർണ്ണമാക്കാൻ ഈ വികസന റിപ്പോർട്ട് സാദരം സമർപ്പിക്കുന്നു.

& BROS,

BEEDI COMPANY

B. QUEEN

MPANY

With best compliments from :

" SAKTHI SOYAS "

(A Division of Sakthi Sugars Limited)

Sakthi Soyas

4225

THRISSUR-680581 ★ KERALA INSTITUTE OF LOCAL ADMINISTRATION ★ LIBRARY

Head Office :

180. Race Course Road,
Coimbatore - 641 018.
Phone : 211551, 213069

Zonal office :

6/223. Karuvappara,
(opp. Raviraj Theatre)
Kozhinjampara - 678 555.
Phone : 372288